യാക്കോബായ സിറിയൻ ഓർത്തഡോക്സ് സഭയുടെ

# ശ്ഹീമോ പ്രാർത്ഥനാക്രമം

സുറിയാനിയിൽ നിന്നു ഗീതപരിഭാഷ

പരിഭാഷകൻ:

കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്ക്കോപ്പാ

# ܟܬܒܐ ܕܨܠܘܬܐ ܫܚܝܡܬܐ

## യാക്കോബായ സിറിയൻ ഓർത്തഡോക്സ് സഭയുടെ

# ശ്ഹീമോ പ്രാർത്ഥനാക്രമം

സുറിയാനിയിൽ നിന്നു ഗീതപരിഭാഷ


**പരിഭാഷകൻ:**

**കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്ക്കോപ്പാ**


**Note: കാലം ചെയ്ത പുണ്യശ്ലോകനായ മോർ കൂറിലോസ് മർക്കോസ് മെത്രാപ്പോലീത്ത (ഫാ. ആർ.വി. മർക്കോസ്) 1990'ൽ സുറിയാനിയിൽ നിന്നു പരിഭാഷപ്പെടുത്തിയ സ്ലൂസോ, എത്രോ, പ്രുമിയോൻ സെദറാകൾ കൂടി സന്ധ്യ, പ്രാഭതം എന്നീ യാമങ്ങളിലെ പ്രാർത്ഥനകളിൽ ചേർത്തിട്ടുണ്ട്.**


**Online Edition Prepared by** Fr. Jiju Varghese Elias, Manjinikkara
**Published by** Hymonutho (http://hymonutho.org/)
**Date of Publication** 19 October, 2020

Hymonutho
OUR ONE TRUE FAITH

## The Malankara Jacobite Syrian Orthodox Church

(Under the Holy Apostolic see of Antioch & all the East)

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും, സാരാംശ
സംമ്പൂർണ്ണനുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ
(തനിക്കു സ്തുതി)

പൌരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ
**ബസ്സേലിയോസ് പൌലൂസ് ദ്വിതീയൻ**
(മുദ്ര)

നമ്മുടെ വൽത്സലരായ എല്ലാ കശ്ശീശന്മാർക്കും ശെമ്മാശ്ശന്മാർക്കും
കർത്താവിൽ വാഴ്വ്.

പ്രിയരെ,

നമ്മുടെ ആത്മീയ വാത്സല്യവാൻ കണിയാമ്പറമ്പിൽ വന്ദ്യ ദിവ്യ ശ്രീ കുര്യൻ കോർ എപ്പിസ്ക്കോപ്പാ സുറിയാനിയിൽ നിന്നും തർജ്ജമ ചെയ്തു പദ്യമായി രചിച്ചിരിക്കുന്ന **ശ്ഹീമോ നമസ്കാരം** നാം വായിച്ചതിൽ നമുക്കതിയായ സന്തോഷമുണ്ടായി. അദ്ദേഹത്തിന്റെ ഇതര കൃതികളെ പോലെതന്നെ ഇതും ആസ്വാദ്യജനകമാണ്. നമ്മുടെ പരിശുദ്ധ സഭയുടെ ദിവ്യോപദേശങ്ങളും, ദൈവശാസ്ത്രപരമായ സിദ്ധാന്തങ്ങളും ശ്ഹീമോ നമസ്കാര പുസ്തകത്തിൽ ഉള്ളവ വെളിച്ചം കാണുവാൻ ഇപ്രകാരം പ്രയത്നിച്ചതിൽ വന്ദ്യ കോർ എപ്പിസ്ക്കോപ്പയെ നാം പ്രത്യേകം അഭിനന്ദിക്കുന്നു. ഈ പുസ്തകത്തിന്റെ ഓരോ പ്രതി നമ്മുടെ വൈദീകരും നമ്മുടെ ആരാധനാസ്ഥലങ്ങളിലും വാങ്ങിവച്ച് ഉപയോഗിക്കുന്നത് നന്നായിരിക്കും. അദ്ദേഹത്തിന്റെ തൂലിക ഇനിയും ചലിക്കുകയും, പരിശുദ്ധ സഭാമാതാവിന്റെ കണ്ഠത്തെ വിശിഷ്ടങ്ങളായ മറ്റു പല കൃതികളാലും ആഭരണമണിയിക്കുകയും ചെയ്യുവാൻ സർവ്വേശൻ ദീർഘായുസ്സുകൊണ്ടും, ആരോഗ്യംകൊണ്ടും അനുഗ്രഹിക്കുമാറാകട്ടെ.

കാതോലിക്കേറ്റ് അരമന,
മൂവാറ്റുപുഴ, 24-9-‘76. (ഒപ്പ്)

# മുഖവുര

നമ്മുടെ കർത്താവും, വി. ദൈവമാതാവും പ. ശ്ലീഹന്മാരും സംസാരിച്ച അതിപുരാതനമായ സുറിയാനി (അറമൈക്) ഭാഷ, സുറിയാനിസഭയുടെ ആരാധനാക്രമങ്ങളുടെ ഭാഷ, എത്രയും പുരോഗമിക്കണമെന്നാഗ്രഹിക്കുക മാത്രമല്ല അതിന്നായി യഥാശക്തി പണിപ്പെടുകയും ചെയ്ത ഒരു വ്യക്തിയാണു ഞാൻ. എന്നാൽ സുറിയാനി ഭാഷാഭ്യസനത്തിനുള്ള ഔൽസുക്യം പ്രതിദിനം കുറഞ്ഞു- വരുന്നതിനാലും മിക്കവാറും എല്ലാം തന്നെ മലയാളത്തിലേക്കു വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നതിനാലും, വൈദീകർ നിശ്ചയമായും അനുഷ്ഠിക്കേണ്ട പ്രതിദിന പ്രാർത്ഥനകളും അർത്ഥം ഗ്രഹിച്ചു ഭക്തിപൂർവ്വം ഉപയോഗിക്കേണ്ടത് ആവശ്യമാകായാലും 'ഞായറാ- ഴ്ച പ്രാർത്ഥന' മുതലായ ഗീത പ്രാർത്ഥനകൾ മുമ്പു ഞാൻ വിവ- ർത്തനം ചെയ്തു. ശ്രേഷ്ഠ പൌരസ്ത്യ കാതോലിക്കാ ബാവാ തിരുമനസ്സിലെ ശ്രേഷ്ഠാനുമതിയോടുകൂടി ഇതും പ്രസിദ്ധീകരിക്കു- കയാണ്. പദാനുപദം തർജ്ജമ ചെയ്യുവാൻ പരമാവധി സാധിച്ചി- ട്ടുണ്ട് എന്നതിനാൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

മുമ്പു തർജ്ജമ ചെയ്തിട്ടുള്ള ചില ശുബഹോ ഭാഗങ്ങൾക്കു പകരം മെൻഓലം ഭാഗങ്ങളിൽ നിന്നുമാണ് വിവർത്തനം ചെയ്തിരി- ക്കുന്നത്. ശ്രേഷ്ഠാനുവാദ കൽപന ദയാപൂർവ്വം നല്കി അനുഗ്രഹിച്ച ശ്രേഷ്ഠ പൌരസ്ത്യ കാതോലിക്കാ നി. വ. ദി. മ. ശ്രീ. ആബൂൻ മോർ ബസ്സേലിയോസ് പൌലൂസ് ദ്വിതീയൻ ബാവാതിരുമനസ്സിലെ സന്നിധിയിൽ നിഷ്കളങ്കമായ ഭക്ത്യാദരവുകൾ സമർപ്പിച്ചുകൊ- ള്ളുന്നു.

ദൈവനാമ മഹത്ത്വത്തിന്നായി അഭിവന്ദ്യ വൈദീക സഹോദര- ന്മാരുടെ മുമ്പിൽ ഈ പുസ്തകം വിനയാന്വിതം അവതരിപ്പിച്ചുകൊ- ള്ളുന്നു.

പരിഭാഷകൻ:-
കണിയാമ്പറമ്പിൽ
കുര്യൻ കോർ എപ്പിസ്കോപ്പാ

തിരുവല്ലാ,
24-11-76



We are pleased to publish this digital version of the Sh'himo Namaskaram on the fifth dukhrono of the passing of Arch Corepiscopo Most Rev. Dr. Kurien Kaniamparambil (✝ 19-10-2015)

✝✝✝ May his prayers always be with us ✝✝✝

# ശ്ഹീമോ നമസ്കാരം (മലയാളം) - ഒരു ആമുഖം

ഭാഗ്യസ്മരണാർഹനായ മലങ്കര മല്പാൻ കണിയാമ്പറമ്പിൽ കുര്യൻ ആർച്ച് കോർ എപ്പിസ്കോപ്പായുടെ അനുഗ്രഹകരമായ കൃതികളിൽ ഒന്നായ ശ്ഹീമാ നമസ്കാരത്തിന്റെ മലയാളം തർജ്ജമ പുന:പ്രസിദ്ധീകരണത്തിനു തയ്യാറായിരിക്കുന്നു എന്നറിയുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. വൈദീക ശ്രേണിയിലുള്ള ഏവരും നിർബ്ബന്ധമായും നമസ്കരിക്കേണ്ട ഈ പ്രാർത്ഥനാക്രമം ആദ്യ പതിപ്പു പുറത്തു വന്നതിനു ശേഷം ഇതു വരെയും പുന:പ്രസിദ്ധീ-കരണം ചെയ്യപ്പെട്ടിരുന്നില്ല. വന്ദ്യ മൽപാനച്ചന്റെ സഭാ സാഹത്യ രചനകൾ എല്ലാം തന്നെ ഓരോ സന്ദർഭത്തിന്റെ ആവശ്യം അനുസരിച്ചായിരുന്നു. സഭാഭിന്നതയുടെ ആദ്യ കാലങ്ങളിലാണ് ശ്ഹീമാ നമസ്കാരം മൽപാനച്ചൻ തർജ്ജമ ചെയ്യുന്നതു. 1974-ൽ ആണെന്നു തോന്നുന്നു അച്ഛൻ അതിന്റെ കയ്യെഴുത്തു പ്രതിയുമായി സെമിനാരിയിൽ വന്നു, ഭാഗ്യ സ്മരണാർഹനായ പറയകുളത്ത് മോർ തീമോത്തിയോസ് യാക്കൂബ് മെത്രാപ്പോലീത്തായെ കാണിക്കാൻ കൊണ്ടുവന്നതു ഞാൻ കണ്ടിട്ടുണ്ട്. അന്നു അവർ രണ്ടു പേരും കൂടി അതു ചൊല്ലുകയും ഒത്തു നോക്കുകയും ചെയ്തിരുന്നു.

ഇക്കാലത്തു ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം അവശ്യം ആവശ്യമായിരുന്നു. സഭ അത്യന്തം ക്ലേശകരമായ ഒരു കാലഘട്ടത്തെ അഭിമുഖീകരിക്കുമ്പോൾ സഭയുടെ സത്യ വിശ്വാസപരമായ മൂല്യ-ങ്ങൾ ഉൾക്കൊണ്ടിട്ടുള്ള ഈ പ്രാർത്ഥനകൾ വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടതു അത്യാവശ്യമാണു. ഇനിയും വളർന്നു വരുന്ന ഭാവി തലമുറയോടു നാം വിശ്വസിക്കുന്നതെന്തെന്നു വിശദീകരിക്കേണ്ട ബാദ്ധ്യതയും കടമയും പരിശുദ്ധ സഭയ്ക്കും വൈദീക ശ്രേണിക്കും ഉണ്ടു. മുമ്പെന്നത്തേക്കാൾ പ്രസംഗങ്ങളും പ്രസംഗകരും അനേകമടങ്ങു വർദ്ധിച്ചു. വ്യക്തിത്വ വികസനത്തിനോ സമാശ്വാസനത്തിനോ എന്ന പേരിൽ പരിശുദ്ധ സഭയുടെ നോമ്പുകളേയോ വിശേഷ ദിവസങ്ങളെ മാനിക്കാത്തതും പരിശുദ്ധസഭയുടെ സത്യവിശ്വാസത്തെ പ്രകീർത്തിക്കാത്തതുമായ പ്രസംഗങ്ങളാണു ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നതു. ഇതുമൂലം ഭാവി സഭയ്ക്കു സംഭവിച്ചേക്കാവുന്ന പരാജയം സഭയിലെ ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധിക്കുന്നുണ്ടോ എന്നറിയുന്നില്ല. നമ്മുടെ പ്രാർത്ഥനകളുടേയും സുവിശേഷ പ്രസംഗങ്ങളുടെയും കാതലായ ഭാഗം പരിശുദ്ധ സഭയുടെ സത്യവിശ്വാസ സത്യങ്ങളുടെ ഘോഷണമാണ്. വൈദീകർ അതു ദിനേന അഭ്യസിക്കു

കയും അതിൽ ജാഗ്രതയും തീഷ്ണതയും വർദ്ധിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതിനാണ് അവർ ഈ നമസ്കാരങ്ങൾ യാമംതോറും പ്രാർത്ഥിച്ചിരിക്കണം എന്നു നിഷ്കർഷിക്കുന്നതു. എന്റെ ചെറുപ്പകാലങ്ങളിലും വൈദീക പരിശീലനകാലങ്ങളിലും നമ്മുടെ തിരുമേനിമാരുടെയും വൈദീകരുടേയും പ്രസംഗങ്ങളിൽ വിഷയങ്ങളുടെ വിശദീകരണത്തിനു അവർ അവലമ്പിച്ചിരുന്നത് സുറിയാനി പ്രാർത്ഥനാഗീതങ്ങളായിരുന്നു. ഇന്നു അപ്രകാരം വിശദീകരിക്കാൻ കഴിയുന്ന ആരുമില്ലാതായിരിക്കുന്നു.

ഈ പുസ്തകം മലയാള പദ്യപരിഭാഷ പ്രസംഗകരായ നമ്മുടെ വൈദീകർക്കും അൽമായർക്കും വളരെയേറെ പ്രയോജപ്പെടുത്താവുന്നതാണു. പരിശുദ്ധ ദൈവമാതാവു, പരിശുദ്ധന്മാർ, സഭ എന്നിങ്ങനെ വിവിധ വിഷയങ്ങളെ ആധാരമാക്കിയുള്ള ധാരാളം പ്രാർത്ഥനാഗീതങ്ങൾ, 23, 51, 57, 58, 74, 79, 135, 152, 156, എന്നിങ്ങനെയുള്ള അനേകം പേജുകളിൽ നിന്നും ഉദ്ധരിക്കാൻ കഴിയും. ആകയാൽ ഏവരും ഈ പുസ്തകം വാങ്ങുകയും ചൊല്ലി ശീലിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്യുന്നതു ആത്മീയ ഭക്തിവർദ്ധനവിനും സത്യവിശ്വാസ പരിജ്ഞാനത്തിനും മതിയാകുന്നതാണു. ഭാഗ്യസ്മരണാർഹനായ മൽപ്പാനച്ചൻ തന്റെ ഭക്തിയും ജ്ഞാനവും വ്യൂല്പത്തിയും തന്റെ പരിഭാഷകളിലും രചനകളിലും കൂടി നമുക്കു പകർന്നു തന്നു നിത്യ സൌഭാഗ്യങ്ങളിലേക്കു കടന്നു പോകുകയും നമ്മെയും ആ പ്രത്യാശയേക്കുറിച്ചു ബോധവാന്മാരാക്കുകയും ചെയ്തു. നാലു തലമുറകളെ ദൃശ്യമായും അനേക തലമുറകളെ അദൃശ്യമായും ആത്മീയമായി ഉദ്ബുദ്ധരാക്കുവാൻ കഴിഞ്ഞ ആ പിതാവു നമുക്കു വേണ്ടി പ്രാർത്ഥിക്കുന്നു എന്നു ഞാൻ ഉത്തമമായി വിശ്വസിക്കുന്നു. ആ നിത്യ സ്മരണയുടെ മുമ്പിൽ ഈ സ്മരണകൾ അർപ്പിച്ചു കൊള്ളുന്നു. ഈ പുസ്തകം ഏവർക്കും പ്രയോജനകരമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.
ദൈവം അനുഗ്രഹിക്കട്ടെ.

സസ്നേഹം,
പൈറ്റേൽ ജോസു ദാനിയേൽ കാശീശ.
ഫിലാഡൽഫിയാ.
10-10-2020

# ശ്ഹീമോ പ്രാർത്ഥനാക്രമം

## ആരംഭം

**പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ**† സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ, തനിക്കു സ്തുതി. നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേക്കും ഉണ്ടായിരിക്കട്ടെ. **ആമ്മീൻ.**

ആകാശവും ഭൂമിയും തന്റെ സ്തുതികളാൽ നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ† ഉയരങ്ങളിൽ സ്തുതി. ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി†.

## കൌമാ

**ദൈവമേ! നീ പരിശുദ്ധനാകുന്നു.**
ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനെ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കു വേണ്ടി കുരിശിക്കപ്പെട്ടവനേ!† ഞങ്ങളുടെ മേൽ കരുണയുണ്ടാകണമേ. (മൂന്നു പ്രാവശ്യം)

**ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ.** ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

**ദൈവമേ! നിനക്കു സ്തുതി.** സൃഷ്ടാവേ! നിനക്കു സ്തുതി. പാപികളായ നിന്റെ അടിയാരോടു കരുണചെയ്യുന്ന മിശിഹാരാജാവേ! നിനക്കു സ്തുതി. **ബറെക്മോർ.**

## കർത്തൃപ്രാർത്ഥന

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.** നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്കു ആവശ്യമായിരിക്കുന്ന അപ്പം ഇന്ന് ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ ദുഷ്ടനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും, ശക്തിയും, മഹത്ത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. **ആമ്മീൻ.**

## ദൈവമാതാവിനോടുള്ള അപേക്ഷ

**കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം.** ഞങ്ങളുടെ കർത്താവു നിന്നോടുകൂടെ. സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവേശുമിശിഹാ വാഴ്ത്തപ്പെട്ട-വനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യക മൊർത്ത്മറിയമേ! ഇപ്പൊഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചുകൊള്ളണമെ. **ആമ്മീൻ.**

# ഞായർ ഒമ്പതാം മണി നമസ്കാരം

**കൌമാ**

### കോലോകൾ

(അംസൊ-ഹദെ ബ്രീക്കെ)

നിൻ വത്സലരാം സഹദേന്മാർ കാദീശന്മാ-
രോപ്പം സൽസ്മൃതിയേകണമെ,
നിദ്രാഗതരായോർക്കായി-ട്ടവരെ നിന്റെ
വലമതിൽ നിർത്തീട്ടാശ്വാസം ഹാ- നൽകുക നാഥാ!

**ബാറെക്മോർ. ശുബഹോ... മെനഓ...**

മാമൂദീസായാൽ നാഥാ നിന്നെ ധരിച്ചോർ
തീനരകം പൂകരുതെന്നാ-
യർത്ഥി-ക്കുന്നാൾ തിരുസഭതൻ മക്കൾക്കായി
നിന്നാൽ പുനരുത്ഥാനമവർ ഹാ- പ്രാപിക്കണമെ.

**മൊറിയോ...**

### മോർ ബാലായിയുടെ ബോവൂസോ

കരുണ നിറഞ്ഞവനെ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ, പുതുതാക്കീടണമെ

നിന്നിൽ ശരണത്താൽ, നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും, മൃതരിൽ കനിയണമേ.

അവരബ്രാഹത്തി-ന്റെയുമിസാഹാക്കുടെയും
യാക്കോബിന്നുടെയും, മടിയിൽ പാർക്കണമേ.

വന്നവനും വരുവോ-നും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാ-ത്മാക്കൾ പാടണമെ.

**കൌമാ**

# തിങ്കൾ സന്ധ്യാ നമസ്കാരം

**കൌമാ**

**ശുബഹോ...** ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ തന്റെ കരുണയും മനോഗുണവും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

## പ്രാരംഭ പ്രാർഥന

ദൈവമായ കർത്താവേ! ഞങ്ങളുടെ ശരീരങ്ങൾ പകലിലെ അദ്ധ്വാനങ്ങളിൽ നിന്നു വിരമിച്ചുകൊണ്ടും ലൌകീക ചിന്തകളിൽ നിന്നു ഞങ്ങളുടെ ആത്മാക്കൾ വിരമിച്ചുകൊണ്ടും, ഈ സന്ധ്യാസമയത്ത് ശാന്തമായി തിരുമുമ്പിൽ നിന്നുകൊണ്ട് നിനക്കു നിരന്തര സ്തുതികളും അഖണ്ഡസ്തോത്രങ്ങളും സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ ജീവന്റെ സംരക്ഷകനും നടത്തിപ്പുകാരനും ഞങ്ങളുടെ ആത്മാക്കളുടെ രക്ഷകനും ഉത്സാഹിയുമായുള്ളോവേ! നിന്റെ കൃപയെ ഞങ്ങൾ സ്തോത്രം ചെയ്തുകൊണ്ടു മഹത്വം കരേറ്റുന്നു. **ഹോശോ... ആമ്മീൻ.**

## മസ്മൂർ 140, 141, 118, 116

**കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ.** എന്നോട് നീ ഉത്തരമരുളിച്ചെയ്യേണമേ. എന്റെ വചനങ്ങളെ സൂക്ഷിച്ചുകേട്ട് കൈക്കൊള്ളുകയും ചെയ്യണമേ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപം പോലെയും, എന്റെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടു പോലെയും ഇരിക്കുമാറാകണമേ. എന്റെ ഹൃദയം ഒരു ദുഷ്കാര്യത്തിനും ചായാതെയും ഞാൻ അന്യായക്രിയകളെ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കു കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് കാവൽക്കാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതെ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്കു കൊഴുപ്പാകാതിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ വിധികർത്താക്കൾ പാറയിൻ മുനയാൽ തടുക്കപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവ് ഭൂമിയെ പിളർക്കുന്നതുപോലെ ശവക്കുഴിയുടെ വായ്ക്ക-രികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു. കർത്താവേ! ഞാൻ എന്റെ കണ്ണുകളെ നിന്റെ അടുക്കലേയ്ക്കുയർത്തി, നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കണികളെ മറച്ചുവച്ചിട്ടുള്ള പ്രശംസക്കാരുടെ കയ്യിൽ-നിന്നു എന്നെ കാത്തുകൊള്ളേണമേ. ഞാൻ കടന്നു പോകുന്നതുവരെ അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ചുവീഴട്ടെ.

എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ ഞാൻ എന്റെ ശബ്ദത്താൽ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു. അവന്റെ മുമ്പാകെ എന്റെ ഞെരുക്കത്തെ ഞാൻ അറിയിക്കുകയും ചെയ്തു. നീ എന്റെ ഊടുവഴികളെ അറിയുന്നു-വല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കണികളെ മറച്ചുവച്ചു. ഞാൻ വലത്തോട്ടു നോക്കി. എന്നെ അറിയുന്നവൻ ഇല്ലെന്നു ഞാൻ കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി. എന്റെ ദേഹിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല. കർത്താവേ! ഞാൻ നിന്റെ അടുക്കൽ നിലവിളിച്ചു. കർത്താവേ! ജീവിച്ചിരിക്കുന്നവരുടെ ദേശത്തു എന്റെ ആശ്രയവും എന്റെ ഓഹരിയും നീയാകുന്നു എന്നു ഞാൻ പറഞ്ഞു.

ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കകൊണ്ട് എന്റെ അപേക്ഷയെ സൂക്ഷിച്ചു കേൾക്കണമെ. എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ ബലവാന്മാർ ആയതുകൊണ്ട് അവരിൽനിന്ന് എന്നെ വിടുവിക്കേ-ണമേ. ഞാൻ നിന്റെ നാമത്തെ സ്തോത്രം ചെയ്‌വാനായിട്ടു എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുവിക്കേണമേ. നീ എന്നോടുത്തരമരുളിച്ചെയ്യുമ്പോൾ നിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവഴി-കൾക്ക് പ്രകാശവും ആകുന്നു. നിന്റെ നീതിയുള്ള വിധികളെ ആചരി-പ്പാനായിട്ട് ഞാൻ ആണയിട്ട് നിശ്ചയിച്ചു. ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ! നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ. കർത്താവേ! എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെടണമേ. നിന്റെ ന്യായങ്ങളിൽ നിന്ന് എന്നെ പടിപ്പിക്കണമെ.

എന്റെ ദേഹി എല്ലായ്പ്പോഴും നിന്റെ കൈകളിലിരിക്കുന്നു. നിന്റെ വേദപ്രമാണത്തെ ഞാൻ മറന്നില്ല. പാപികൾ എനിക്കായി കണികളെ വച്ചു. എന്നാലും ഞാൻ നിന്റെ കൽപനകളിൽ നിന്നു മാറിപ്പോയില്ല. ഞാൻ നിന്റെ സാക്ഷിയെ എന്നേയ്ക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാൽ അത് എന്റെ ഹൃദയത്തിനു ആനന്ദമാകുന്നു. നിന്റെ കൽപനകളെ എന്നേയ്ക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ടു എന്നേയ്ക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. **ബാറെക്മോർ.**

**ശുബഹോ... മെനഓ...**

## എക്ബോ

(ഹ്തിസ് ബശ്മായോ)

സ്വർഗ്ഗത്തോടും നിന്നോടും പിഴ ചെയ്തടിയാൻ
പുത്രത്വത്തിന്നയോ-ഗ്യൻ ഞാൻ
ഭൃത്യൻപോൽ താവകഭവനെ കൈക്കൊള്ളണമെ
ഇപ്പാപിയെ ദാസ-നുതുല്യം.

**സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ

തന്റെ കൃപയാൽ തന്റെ മാതാവിന്റെയും പരിശുദ്ധന്മാരുടെയും ഓർമ്മ വലിപ്പപ്പെടുത്തുകയും വിശ്വാസികളായ മരിച്ചവരെ പുണ്യപ്പെടുത്തുകയും ചെയ്ത കർത്താവിനു സ്തുതി. **ബ്കുൽഹൂൻ... ആമ്മീൻ...**

## സെദറാ

സൈന്യങ്ങളുടെ നാഥനും ആത്മാക്കളുടെയും സകല ജഡങ്ങളുടെയും ദൈവവുമേ! നിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ മരണം തിരുനയനങ്ങളിൽ വിലയേറിയതാകുന്നു. അവരുടെ ഓർമ്മകളെ നീ കൈക്കൊള്ളുന്നു. നിന്റെ മുമ്പാകെ ഞങ്ങളുടെ കുറവുള്ളതും പാപമുള്ളതുമായ അവസ്ഥ സമർപ്പിക്കുന്ന ഈ ധൂപം മുഖാന്തിരം ഞങ്ങളുടെ ബലഹീനതയെ ഓർക്കേണമെ. ശുദ്ധിമതിയും മഹത്വമുള്ളവളും നിത്യകന്യകയും സൗഭാഗ്യവതിയുമായ മറിയാമിന്റെ അപേക്ഷയാലും പരിശുദ്ധരായ പ്രധാനപിതാക്കന്മാരുടെയും നിബിയന്മാരുടെയും ശ്ലീഹന്മാരു-

ടെയും പ്രസംഗക്കാരുടെയും ഏവൻഗേലിയസ്ഥന്മാരുടെയും സഹദേ-ന്മാരുടേയും മൗദ്യാനന്മാരുടെയും രഹസ്യ ഗുരുക്കന്മാരുടെയും പുണ്യവാന്മാരുടെയും സ്ഥാനപതിയും സ്നാപകനും മുന്നോടിയുമായ മോർ യോഹന്നാന്റെയും ശെമ്മാശന്മാരുടെ തലവനും സഹദേന്മാരുടെ കടിഞ്ഞൂലുമായ മഹത്വമുള്ളവനായ മോർ സ്തേഫാനോസിന്റെയും സത്യവിശ്വാസത്തിനുവേണ്ടി പോരാട്ടം ചെയ്യുകയും പരിശുദ്ധ സഭയെ നിന്റെ ജ്ഞാനത്താൽ പ്രകാശിപ്പിക്കുകയും വേദവിപരീത-ങ്ങളെ പിഴുതുമായിക്കുകയും ചെയ്ത സകല ശ്രേഷ്ഠന്മാരുടെയും അപേക്ഷയാലും ഞങ്ങളുടെ പ്രാർത്ഥനകളെ കൈക്കൊള്ളണമെ. നിന്റെ കൃപയാൽ വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരെ ഓർക്കുകയും അവരുടെ ആത്മശരീരങ്ങളെ ആശ്വസിപ്പിക്കുകയും നിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ നിരകളിൽ അവരെ ക്രമീകരിക്കു-കയും ചെയ്യണമെ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പി-ക്കും. **ഹോശോ... മെൻആലോഹോ... ആമ്മീൻ.**

## കോലോകൾ

(ബ്ഹൂബോ വബ്ഹൈമ്മോനൂസോ)

*പെത്ഗോമോ: സ്നേഹസമേതം വിശ്വാസത്തോടെ*

ജനമദ്ധ്യേനിന്ന് - മൃതി നീക്കിയൊരഹറോൻ ധൂപം
പോലീ-ധൂപത്തെ - ഞങ്ങളിൽ നിന്നും കൈക്കൊൾക.

**ബാറെക്മോർ. ശുബഹോ... മെനഓ...**

വാനം ഭൂമിയിലും - സ്തുതി തിങ്ങിയ നാഥാ സ്തുതി തേ!
വാനോർ - മാനവരും - തിരുനാമസ്തുതി പാടുന്നു.

### ദൈവമാതാവ്

മാലാ-ഖപ്രമുഖൻ - ശ്ലോമ്മോ മറിയാമ്മിന്നേകി
നാഥ-ൻ നിൻ സഹിതം - നിന്നിൽ നിന്നുദയം ചെയ്യും.

മറിയാം പടവായ്, തൻ - മാലുമിയഖിലേശ്വരനെയവൾ
പേറി-ഘോഷിച്ചാ - ളേറ്റം ബഹുമാനിച്ചല്ലോ.

### പരിശുദ്ധന്മാർ

ധന്യ-ർ സ്വർഗ്ഗസുതർ - നിബിയന്മാർ ശ്ലീഹന്മാരെ
പ്രാർത്ഥി-പ്പിൻ ഞങ്ങൾ - പാപക്കടലിൽ താഴായ്വാൻ.

സർവ്വേശാശ്രിതരാം - സഹദേന്മാരെ നിങ്ങൾ തൻ
പ്രാർത്ഥ-ന ഞങ്ങൾക്ക് - കോട്ടയുമഭയവുമാകണമേ.

### അനുതാപം

*പെത്ഗോമൊ: നാഥൻ വചനെ വിശ്വസ്തൻ*

വിളി-ചെയ്‌വിൻ കേൾക്കും - മുട്ടുന്നോർക്ക് തുറക്കും ഞാ-
നെന്നാ-തിരുമൊഴിയാൽ - വാഗ്ദാനം ചെയ്തല്ലോ നീ.

മടികൂടാതനിശം - അവസരമുള്ളപ്പോഴെല്ലാം
നാഥ-ൻ കരുണയ്ക്കായ് - യാചനയർപ്പിച്ചീടുക നാം.

### പരേതർ

മേല്പൂറിശിലേമിൽ - ഭൌമിക സഭയിതിലും നാഥാ!
നല്ലോർമ്മ നൽകണമേ - നിന്നിൽ മൃതിഗതരായോർക്കായ്.

**മൊറിയോ...**

## എത്രോ

പിതാവിനോടും പരിശുദ്ധ റൂഹായോടും കൂടെ സ്തുത്യനും ആരാ-ധ്യനുമായ മശിഹാപുത്രാ നിന്റെ ദാസരുടെ ധൂപത്തെ നിന്റെ കരുണ-യാൽ കൈക്കൊള്ളണമെ. നിന്റെ ആചാര്യന്മാരുടെ ധൂപത്തിൽ നിര-പ്പാകുകയും നിന്റെ ആരാധകരുടെ ശുശ്രൂഷയിൽ പ്രീതിപ്പെടുകയും ചെയ്യണമേ. അതിനാൽ നിന്റെ ജനനിക്കും പരിശുദ്ധന്മാർക്കും നല്ല ഓർമ്മയും വിശ്വാസികളായ സകല പരേതർക്കും ആശ്വാസവും നൽകണമേ. **ഹോശോ...**

## കോലോകൾ

*പെത്ഗോമൊ: മോറാനേശുമ്ശീഹാ*

ഉൾക്കോണ്ടോരീ-നിൻമെയ്യും തിരുരക്തമതും
ശിക്ഷാ പ്രതികാരങ്ങൾക്കായ്
തീരാതെ കുറ്റങ്ങളതാറാനുതകീടണമേ;
നിൻ വലമതിൽ നിൽക്കുന്നതിനും
ഹാ- ധൈര്യസമേതം.

**ബാറെക്മോർ. ശുബഹോ... മെനഓ...**

മ്ശീഹാ - രാജാ! തേ! സ്തുതി നിന്നാരാധകരെ
ദിക്കെങ്ങും മഹിമാമകുടം
ചാർത്തീ - ദാവീദരചനെ നീ കിന്നരമാക്കി
ദയറാകൾ പള്ളികളിന്നും
ഹാ- സ്തുതിയുയരുന്നു.

### ദൈവമാതാവ്

ഭൂവാനങ്ങൾ വഹിപ്പോനാം ശക്തിയെ കന്യാ
സംവാഹം ചെയ്തവനോടായ്
കേണീ-ടുന്നു വിശ്വാസാലവളെ വിളിക്കും

പാപികളിൽ കൃപചെയ്യാനായ്
ഹാ- പ്രാർത്ഥന തുണയാം.

സൃഷ്ടിക്കെല്ലാം രക്ഷകനാം മിശിഹായെത്തൻ
കന്യാത്വത്തിൽ പെറ്റോളാം
ദൈവ-ജനനീ മറിയാമ്മിൻ സ്മരണയതെന്നും
നിലനിൽക്കും; തൽ പ്രാർത്ഥനയോ
ഹാ- തുണയാകട്ടെ.

**പരിശുദ്ധന്മാർ**

ശ്ലീഹന്മാരെ വിളിച്ചേവം കൽപ്പിച്ചീശൻ
ജാതികൾ വഴിയിൽ പോകരുത്
ശമറായ-ഗേഹം പൂകരുത്; പരിശപ്പരുഷ
പഠനം കേൾപ്പാൻ നിൽക്കരുത്
ഹാ- ശപ്തം തന്നെ.

ദ്രാക്ഷാ-പോൽ സഹദേന്മാരെ വിധികർത്താക്കൾ
മർദ്ദിച്ചാരവരുടെ രക്തം
ഭൂമൌ-വീണവർ യാഗവുമായവരെ മഹിമാ
മകുടം ചാർത്തിയൊരീശന്നു
ഹാ- ബലിയായ്ത്തീർന്നു.

**ഏക പരിശുദ്ധൻ**

സൂര്യൻ പകലിൽ ശോഭിപ്പൂ - നിശയിൽ ചന്ദ്രൻ
മോർ (.........) നിൻ സൗന്ദര്യം
അവയി-ലുമേറ്റം മോഹനമായെല്ലായ്പ്പോഴും
ശോഭിതമാ പ്രാർത്ഥനയെന്നും
ഹാ- തുണയാകട്ടെ.

**ഞായറാഴ്ച്ച**

*പെത്ഗോമൊ:* *കർത്താവേറ്റം മഹനീയൻ വിസ്മയനീയൻ*
നാഥൻ കബറീന്നുത്ഥിതനായ് ഞായർ ശ്രേഷ്ഠം
വിശ്വാസത്തോടദ്ദിവസം
പാലി-ക്കുന്നോർക്കായ് ഭാഗ്യം ജാതികളെല്ലാം
പിതൃസുതപരിശുദ്ധാത്മാവിൽ
ഹാ- ഏറ്റു പറഞ്ഞാർ.

**അനുതാപം**

അമ്പ-ത്തൊന്നാം മസ്മൂറിൽ നൃപ, നബി ദാവീദ്
കീർത്തനമോതി പ്രാർത്ഥിച്ചു,

നാഥാ! എൻ കന്മഷമെല്ലാം നന്നായ് കഴുകി
അൻപോടെന്നിൽ കനിയണമേ
ഹാ- ദയചെയ്യണമേ.

നാഥാ! പ്രാർത്ഥന ശുശ്രൂഷകൾ കൈക്കൊള്ളണമെ
കനിവടിയാരിൽ ചെയ്യണമെ;
പോരാ-ട്ടത്തിൽ സഹദേന്മാർക്കോജസ്സേകി
അവരെ നയിച്ചൊരു വൻകൃപയെ
ഹാ- നൽകെങ്ങൾക്കും.

**പരേതർ**

നിൻ വത്സലരാം സഹദേന്മാർ കാദീശന്മാ-
രോപ്പം സൽസ്മൃതിയേകണമെ,
നിദ്രാ-ഗതരായോർക്കായി-ട്ടവരെ നിന്റെ
വലമതിൽ നിർത്തീട്ടാശ്വാസം
ഹാ- നൽകുക നാഥാ!

## കുക്കിലിയോൻ

പാപാകൃത്യം ക്ഷമിക്കപ്പെട്ടോൻ ഹാ-
മറയ്ക്കപ്പെട്ടവനും ധന്യൻ.

മൌനിയതാമെന്നസ്ഥികൾ ജീർണ്ണിച്ചു ഹാ-
ഞരങ്ങിയിരുന്നേൻ ദിനമെല്ലാം

**ബാറെക്മോർ. ശുബഹോ... മെനഓ...**

## എക്ബോ

(ബ്ഹൌബയ് വഹ്തോഹൈ)

എൻകടവും പാപവുമെല്ലാം
സർവ്വേശാ! നിന്തിരുമുമ്പി-
ലേറ്റുപറ-ഞ്ഞർത്ഥിക്കു-ന്നേ-ൻ
നാഥാ! കൃ-പ ചെയ്യണമെന്മേൽ.

**സ്തൌമെൻ... കുറിയേ...**

## കോലോകൾ

(ബ്റംശോക്രൊക്ക്)

ഗിരിമേൽ സന്ധ്യയിലബ്രാ-ഹാം പ്രാ-ർത്ഥിച്ച-പ്പോ-
ളുത്ത-രമരുളി സ്നേഹ-നിധി സന്ധ്യ-യിലെങ്ങളുമർത്ഥിക്കു-
ന്നാഗതനായി കരുണാ-വാരിധി തുണചെയ്ക
ഹാലേലുയ്യാ - ദയചെയ്യണമേ. **ബാറെക്മോർ.**

**ശുബഹോ... മെനഓ...**

ആത്മാ-ഗാത്ര-മിവ ലോ-കെ സ്ഥി-തിചെയ്യു-
മ്പോൾ കനിവ-വയിന്മേലാകാ-നായർത്ഥിച്ചീടുന്നവ പി-രിയും
നേരമസാ-ദ്ധ്യം പാപ-ത്തെപ്രതി കേണീ-ടാൻ
ഹാലേലുയ്യാ - ദയചെയ്യുവമേൽ

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

നാഥാ! നിന്നെ ഞങ്ങൾ വിളിക്കു-ന്നാഗതനായി
തുണയേകണമേ, പ്രാർത്ഥനകേട്ട് ദയചൊരിയണമേ

അന്തിയിലർക്ക പ്രഭ ഭൂവിൽ നി-ന്നകലുന്നേരം
സ്യഷ്ടാ! നിന്നെ സ്തുതിപ്പാനെന്നെ ശോഭിതനാക്ക
എൻപാദം മുൻ നിൻ വചനങ്ങൾ, ദീപം പോലാ-
യെൻ യാത്രയ്ക്കായ് പ്രഭയേകട്ടെ, സൂര്യനുപകരം.

സന്ധ്യാ നേര(അം)യാഗ-ത്തിനു പകരം സ്തോത്രം
പ്രീതിയൊടർത്ഥനയും ബലിപോ-ലർപ്പിപ്പി(ഈ)ൻ
വദനം വചന(അം) നാവു(ഊ)മുള്ള(അ)വരെല്ലാരും
മൂ-കം സൃഷ്ടി-ക്കായും പാടാൻ ബാ-ദ്ധ്യസ്ഥരഹോ

സന്ധ്യയതെന്നെ-രാവിൻ, യാമ-മദ്ധ്യേയാക്കി
നാഥാ നീയെ-ന്നർക്കൻ നിന്നിൽ-ചരിച്ചീടും ഞാൻ.

**മോറാനേശു മ്ശീഹാ!** നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖ-ങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാ-കുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു; ഞങ്ങളോടു കരുണയുണ്ടാക-ണമേ. കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്നു ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു, ഞങ്ങളോടു കരുണയുണ്ടാകണമേ.

**കൌമാ**

# തിങ്കൾ സൂത്താറാ

**കൌമാ**

## കോലോകൾ

(യാമൊദ്റഹമൈക്)

കരുണക്കടലേ! ഞാൻ നോക്കും - ദേവാതനയാ! എൻ പാപം
പെരുകി പിഴകൾ - വർദ്ധിച്ചയ്യയ്യോ
കഴുകണമെന്നെ സോപ്പായാൽ - ഏകണമെൻ ബാഷ്പ്പാൽ വെണ്മ
പിതൃസ്നേഹത്താൽ - യാചിക്കുന്നേൻ ഞാൻ
ഹസിക്കരുതെ എന്നെ വൈരി - തേറും നരരിൽ ദൂതന്മാർ
പ്രീതന്മാരായ് - ചേർന്നിവ ചൊല്ലട്ടെ
അനുതാപികളിൽ തൻ വാതിൽ - രാപകലിങ്ങു തുറന്നീടും
ഹാലേലുയ്യാ - നാഥാ! സ്തുത്യൻ നീ.

**ബാറെക്മോർ. ശുബഹോ... മെനഓ...**

മൂല്യമിതാ തരണം തൈലം - വ്യാപാരിയൊടേവം പറയും
പാപിനി തന്റെ - നാദം ബഹുമധുരം
നൽകുക മേൽത്തരമാം തൈലം - ഞാനതിലെൻ മിഴിനീർ ചേർത്തി-
ട്ടേകാത്മജനെ - അഭിഷേചിക്കട്ടെ
പരിമളതൈലമിതാൽ ഞാനും - പാപവിമോചനമാർന്നിടുമെ-
ന്നെൻ ദൈവത്തിൽ - പ്രത്യാശിക്കുന്നേൻ
അവൾ തൈലം വാങ്ങിച്ചെന്നാൾ - വിശ്വാസം ദർശിച്ചുടയോൻ
ഹാലേലുയ്യാ - പാപക്ഷമ നൽകി.

**മൊറിയോ...**

## മോർ അപ്രേമിന്റെ ബോവൂസോ

കർത്താവേ! ദയ ചെയ്യേണം
പരികർമ്മങ്ങൾ കൈക്കൊൾക
ഭണ്ടാരത്തിൽ നിന്നൻപും
മോചനവുമരുളുക നാഥാ!

പ്രാർത്ഥിപ്പാൻ നിൽക്കുന്നേരം
ഏകാഗ്രമാക്കുക ചിത്തം
നിയന്ത്രിതമാക്കുക മനനങ്ങൾ
ഹൃദയത്തിൽ നിർത്തുക ഭദ്രം.

നിൻവദനം ധൂപപ്പാത്രം
അധരങ്ങൾ പരിമളധൂപം

ദൈവപ്രീതിക്കായ് കർമ്മം
ചെയ്യും പരികർമ്മി നാവും.

പ്രാർത്ഥനകൾ കേൾക്കുന്നോനെ
യാചനകൾ നൽകുന്നവനെ
പ്രാർത്ഥനകേട്ടു നിരപ്പായി
യാചനകൾ നൽകീടണമെ.

**കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ**

## മസ്മൂർ 91

**ബാറെക്മോർ**, അത്യുന്നതന്റെ മറവിലിരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്ത്വപ്പെടുന്നവനുമായ മനുഷ്യാ!

**ബാറെക്മോർ**, നീ കർത്താവിനോട് എന്റെ ശരണവും എന്റെ സങ്കേത സ്ഥലവും ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവവും നീയാകുന്നു എന്നു പറയുക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും.

അവൻ തന്റെ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവന്റെ സത്യം നിന്റെ ചുറ്റിലും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽ നിന്നും പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്തുനിന്ന് ആയിരങ്ങളും, നിന്റെ വലത്തുഭാഗത്ത് നിന്ന് പതിനായിരങ്ങളും വീഴും.

അവർ നിങ്കലേക്ക് അടുക്കുകയില്ല. എന്നാലോ നീ നിന്റെ കണ്ണുകൾ-കൊണ്ടുതന്നെ കാണും. ദുഷ്ടന്മാർക്കുള്ള പ്രതിപകരത്തെ നീ കാണും.

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ എന്റെ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോടടുക്കുകയില്ല, ശിക്ഷ നിന്റെ കൂടാരത്തിനു സമീപിക്കു-കയുമില്ല.

എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടതിനായിട്ടു അവൻ തന്റെ മാലാഖമാരോട് നിന്നെക്കുറിച്ച് കൽപിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ചയുണ്ടാകാതിരിപ്പാനായിട്ട് അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസോ സർപ്പത്തെയും, ഹർമ്മോനോ സർപ്പത്തെയും നീ ചവിട്ടും. സിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് എന്നെ വിളിക്കും.

ഞാൻ അവനോട് ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോട് കൂടെ ഇരിക്കും. അവനെ ഞാൻ ബലപ്പെടുത്തുകയും ബഹുമാനിക്കുകയും ചെയ്യും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും. എന്റെ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.

## മസ്മൂർ 121

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകളെ ഉയർത്തും. എന്റെ സഹായക്കാരൻ എവിടെ നിന്നു വരും.

എന്റെ സഹായം ആകാശവും, ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല, ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവ് തന്റെ വലതുകൈകൊണ്ട് നിനക്കു നിഴലിടും.

പകൽ സൂര്യനെങ്കിലും, രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തു കൊള്ളും. കർത്താവ് നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിന്റെ ഗമനത്തേയും നിന്റെ ആഗമനത്തേയും ഇതുമുതൽ എന്നേക്കും കാത്തുകൊള്ളും. ദൈവമെ! സ്തുതി നിനക്കു യോഗ്യമാകുന്നു. **ബാറെക്മോർ**.

**ശുബ്ഹോ... ഹാലേലുയ്യാ ഉ ഹാലേലുയ്യാ ഉ ഹാലേലുയ്യാ.**
**മെനഓലം വാദാമൊല് ഓലം ഒൽമ്മീനാമ്മീൻ.**

## മോർ സേവേറിയോസിന്റെ അപേക്ഷ

മഹോന്നതന്റെ മറവിലിരിക്കുന്നവനായ കർത്താവെ! നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻകീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോട് കരുണ ചെയ്യണമെ.

സകലവും കേൾക്കുന്നവനെ നിന്റെ കരുണയാൽ നിന്റെ ദാസരുടെ അപേക്ഷ നീ കേൾക്കണമെ.

മഹത്വമുള്ള രാജാവും, ഞങ്ങളുടെ രക്ഷകനുമായ മ്ശിഹാ! നിരപ്പുനിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരണമെ.

ഞങ്ങളുടെ കണ്ണുകൾ നിന്റെ അടുക്കലേക്ക് ഉയർത്തിയിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച് ഇഹവും പരവുമായ രണ്ട് ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമെ.

കർത്താവെ! നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമെ. നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലതുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കേണമെ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോട് അപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ ഉണ്ടാക്കണമെ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും, സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ദൈവമെ! ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോട് കരുണ ചെയ്യണമെ.

## ക്രോബേന്മാരുടെ സ്തുതിയുടെ കൌമാ

**കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്നും എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.**✝

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ.

**കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്നും എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.**✝

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ.

**കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്നും എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.**✝

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു.
നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു.
നീ എന്നേക്കും വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം -
- വാഴ്ത്തപ്പെട്ടതും ആകുന്നു.

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി!
ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി!
ഞങ്ങളുടെ ശരണവുമേ! എന്നേയ്ക്കും നിനക്കു സ്തുതി!

**ബാറെക്മോർ.**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...**

## വിശ്വാസപ്രമാണം

**സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും,** കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സൃഷ്ടാവായ സത്യേക ദൈവത്തിൽ **ഞങ്ങൾ വിശ്വസിക്കുന്നു.**

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പെ പിതാവിൽനിന്ന് ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ ഞങ്ങൾക്കും, ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി ✝ ✝ ✝ പരിശുദ്ധ റൂഹായിൽനിന്നും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽ നിന്നും ശരീരിയായി തീർന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട് കഷ്ടതയനുഭവിച്ച് മരിച്ച്

അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് കരേറി തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരുന്നവനും ജീവനുള്ള-വരെയും, മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമി-ല്ലാത്തവനുമായ യേശുമ്ശിഹായായ ഏക കർത്താവിലും **ഞങ്ങൾ വിശ്വസിക്കുന്നു.**

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതി-ക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരി-ച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോ-ലികവും ശ്ലൈഹീകവുമായ ഏക വിശുദ്ധ സഭയിലും **ഞങ്ങൾ വിശ്വസിക്കുന്നു.**

പാപമോചനത്തിനു മാമ്മൂദീസാ ഒന്നു മാത്രമേയുള്ളു എന്ന് ഞങ്ങൾ ഏറ്റു പറഞ്ഞ് മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. **ആമ്മീൻ.**

## ധൂപപ്രാർത്ഥനകൾ

### ദൈവമാതാവ്

നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ- ഹാ-
നിൻ വലമായ് രാജഭാമിനിയും
നിന്നഴകരചൻ മോഹിപ്പാൻ ഹാ- ഹാ-
നിൻ ജനമോർക്കായ്ക്കു പിതൃഗൃഹവും.

**ബാറെക്മോർ. ശുബഹോ.. മെൻഓലം...**

### എക്ബോ

ഭക്തർ പുകഴ്ചാ! ഭാജനമേ!
നിന്നിലുദിച്ചോരേക സുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം.

**സ്തൌമെൻ... കുറിയേ...**

### കോലോകൾ

മന്നമകൾക്കായി ശ്ലാമ്മോ
വന്നേകി ദൂതവരൻ

നിന്നോടുകൂടെൻ നാഥൻ നി-
ന്നിൽ ത-ന്നുദയമതും.

**ബാറെക്മോർ. ശുബ്ഹോ...**

അഖില ജഗൽപതിയെ നായക-
നായേറ്റി ഘോഷിച്ച-
ങ്ങതി ബഹുമാനിച്ചു മറിയാം
വലുതാം പടവായ് താൻ.

**മൊറിയോ...**

**(അല്ലെങ്കിൽ)**

ദൈവത്തിൻ മാതാ-മറിയാമിന്നും നിബിയ-
ന്മാർക്കും ശ്ലീ-ഹന്മാ-ർക്കും നൽ സഹദേ-ന്മാർക്കും
സഭയിൻ മക്കൾക്കൊ-ക്കെയ്ക്കും കാലം തോറും
എന്നേയ്ക്കും നല്ലോ-രോർമ്മയതുണ്ടാ-കട്ടെ.

**ബാറെക്മോർ. ശുബ്ഹോ...**

തിരുവുള്ളത്താൽ ക-ന്യകയാം മറിയാ-മ്മിന്നുൾ
ജാതനതായ് ജാതി-ക്കാരെ വഴി നേ-രാക്കി
രക്ഷിച്ചവൾ തന്നോ-ർമ്മക്കൗന്നത്യം ചേർത്ത
സുതനായ് സ്തോ-ത്രം പ്രാർത്ഥിക്കട്ടവൾ ഞ-ങ്ങൾക്കായ്.

**മൊറിയോ...**

**(അല്ലെങ്കിൽ)**

മറിയാമിന്നോർമ്മ - വാഴ്വായ് തീരണമേ
അവളുടെ യാചനകൾ - കോട്ടയതാകട്ടെ.

**ബാറെക്മോർ. ശുബഹോ...**

ദൈവസുതൻ ജനനീ – കന്യകമറിയാമി-
ന്നോയാർ മുഴുവനിലും - പരിമളമേകുന്നു.

**മൊറിയോ...**

**(അല്ലെങ്കിൽ)**

സ്വീകരണം നേടി - ദൈവത്തിൻ മാതാവാ-
യിക്ഷിതി ശാപത്തെ - നീക്കിയ കന്യകയേ!
ശാന്തിക്ഷേമങ്ങൾ - സഭയിലുമെങ്ങും വാണീ
ടാനേകാത്മജനോ - ടഭ്യർത്ഥിക്കണമേ.

**ബാറെക്മോർ. ശുബഹോ...**

ക്രോബേസ്രാപ്പികൾതൻ-സവിധം വിട്ടവതരണം
ചെയ്താക്കന്യക ത-ന്നുദരേ വാണോനേ!

ആദാമ്യരെ സാത്താൻ-മൃതിയിവതന്നടിമയിൽ നി-
ന്നേറ്റിടുവാൻ മെയ്യേ-ന്തിയ വീരാ സ്തോത്രം.

**മൊറിയോ**

## ബോവൂസോ

മോറാനേശു! കുരിശും നിൻ
മാതൃജനപ്രാർത്ഥനയിവയാൽ
അടികളെയും നിൻ കോപത്തിൻ
വടികളേയും മായ്ച്ചീടേണം.

**(അല്ലെങ്കിൽ)**

നിർത്തീടരുതേ പരിശുദ്ധേ!
ഞങ്ങൾക്കായുള്ളർത്ഥനയെ
ഞങ്ങളിലാർദ്രത തോന്നീടാൻ
ഏകാത്മജനോടർത്ഥിക്ക.

# പരിശുദ്ധന്മാർ

നീതിമാൻ പനപോലെ തളിർത്തിടുമേ ഹാ-
വളരുമവൻ ലെബനോൻ കാരകിൽ പോൽ
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ – ഹാ-
വർദ്ധിക്കുമവർക്കു തുഷ്ടി-പുഷ്ടികളും.

**ബാറെക്മോർ. ശുബഹോ... മെൻഓലം...**

## എക്ബോ

ഒരുപോലിങ്ങും മോർ (.......)
ഉണ്ടമേലും നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോർക്കായ്

**സ്തൌമെൻ... കുറിയേ...**

## കോലോകൾ

പ്രാർത്ഥനയിൻ സമയമിതല്ലോ മോർ (......)
പതിവിൻപടി നിൻ കൂട്ടത്തലയായ് പ്രാർത്ഥിക്ക
ഇമ്പമെഴും നിൻ പാട്ടിൽ ശ്രദ്ധിച്ചീടും നിൻ
ആടുകളെ മൂശേപ്പോൽ തൃക്കൈ വാഴത്തേണം.

**ബാറെക്മോർ. ശുബ്ഹോ...**

നിന്നെ വരിച്ചൊരു താതന്നും മോർ (.....)
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം

നിന്നെ മുടി ചൂടീടുന്ന റൂഹാ വന്ദ്യൻ
നിൻ പ്രാർത്ഥന കൃപയോടെ ഞങ്ങൾക്കെന്നും.

**മൊറിയോ...**

**(അല്ലെങ്കിൽ)**

ഭാഗ്യം നിബിയർക്കും - ഭാഗ്യം ശ്ലീഹർക്കും
ഭാഗ്യം സഹദേർക്കും - പുനരുത്ഥാനദിനേ.

**ബാറെക്മോർ. ശുബ്ഹോ...**

മ്ശിഹായെക്കാണ്മാൻ-കാംക്ഷിച്ചൊരു സഹദേർ
വാളാൽ ചിറകുകൾ-പൂണ്ടുന്നതപദമേറി.

**മൊറിയോ..**

**(അല്ലെങ്കിൽ)**

പാവന നിബിമാരേ! രാജ്യസുതശ്ലീഹന്മാരേ!
അഭ്യർത്ഥിപ്പിൻ - ഭുവനക്ഷേമാർത്ഥം
സമരം മായട്ടെ - കലഹം ശമമാർന്നീടട്ടെ
സഭയും സുതരും - സ്തുതി പാടീടട്ടെ.

**ബാറെക്മോർ. ശുബ്ഹോ...**

നിർമ്മലനിബി ശ്ലീഹാ - സഹദേന്മാരേ! നിങ്ങളുടെ
മകുടം വാനിൽ - ഭക്തജനം ഭൂവിൽ
മ്ശിഹാ തൻ സഭയിൽ - ശക്തി വളർത്തിയ നിങ്ങളുടെ
സ്മൃതി മാനിച്ചോ - നെഞ്ചും ധന്യൻ താൻ.

**മൊറിയൊ...**

## ബോവൂസോ

പരിശുദ്ധന്മാരേ! നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ

## ഹൂത്തോമോ

**(പട്ടക്കാരൻ കിഴക്കോട്ട് തിരിഞ്ഞു നിന്നുകൊണ്ട് രഹസ്യമായി)**

ഞങ്ങളുടെ കർത്താവും നിത്യദൈവവുമെ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! നിന്റെ കൃപയാലും മഹാകരുണയാലും ഞങ്ങളുടെ പ്രാർത്ഥനകൾ കേൾക്കണമെ. ഞങ്ങളുടെ ശുശ്രൂഷകൾ അംഗീകരിക്കണമെ. ഞങ്ങളുടെ കർത്താവും നിത്യ ദൈവവുമേ! ഞങ്ങളുടെ സഹായത്തിന് വന്നു ഞങ്ങൾക്കും വിശ്വാസികളായ ഞങ്ങളുടെ പരേതർക്കും പാപപരിഹാരം നൽകുകയും ചെയ്യണമെ.

കർത്താവേ! ഞങ്ങളുടെ ശുശ്രൂഷ നിനക്കു തൃപ്തികരവും ഞങ്ങളുടെ പ്രാർത്ഥനകൾ നിനക്കു ഹിതകരവും ഞങ്ങളുടെ അപേക്ഷകൾ നിനക്കു പ്രേരകവും, ഞങ്ങളുടെ യാചനകൾ നിനക്കു ബഹുമാന്യവുമായിരിക്കണമെ. കർത്താവേ! നിന്റെ കരുണയും കൃപയും സഹായങ്ങളും ദയയും നിന്റെ എല്ലാ ദൈവീക നൽവരങ്ങളിലും ഞങ്ങളുടെ ബലഹീനതയിലും ഞങ്ങളുടെ വർഗ്ഗത്തിന്റെ അയോഗ്യതയിലും വന്നു വസിച്ച് വർദ്ധിച്ച് എന്നേക്കും നിലനിൽക്കുമാറാകണമേ.

(പടിഞ്ഞാറോട്ട് തിരിഞ്ഞു നിന്ന് കൈമുത്തിച്ചുകൊണ്ടു ചൊല്ലുന്നു)

മാലാഖമാർക്കു ബഹുമാനമുള്ളതും, പിശാചുക്കൾക്കു ഭയങ്കരവും, സത്യവിശ്വാസികൾക്കു ബലമുള്ള കോട്ടയും ആകുന്ന ദൈവപുത്രന്റെ വന്ദ്യ സ്ലീബാ, രാത്രിയിലും, പകലിലും, സന്ധ്യയിലും, പ്രഭാതത്തിലും, മദ്ധ്യാഹ്നത്തിലും, എല്ലാ നാഴികയിലും, എല്ലാ സമയത്തും നമ്മോടുകൂടെയും നമ്മുടെ ഇടയിലും ഇരുന്ന് നമ്മെ കാത്തുമറച്ചുകൊള്ളുമാറാകട്ടെ. ദുഷ്ട മനുഷ്യരുടെ കഠിനകോപത്തിൽ നിന്നും പിശാചുക്കളുടെയും അവിശ്വാസികളുടെയും അസൂയയിൽ നിന്നും, ഉപദ്രവമുള്ള അധികാരങ്ങളിൽ നിന്നും ദയവില്ലാത്ത യജമാനന്മാരുടെ കൈകളിൽ നിന്നും, രഹസ്യവും പരസ്യവുമായ ശത്രുക്കളിൽ നിന്നും, ബലം ചെയ്യുന്ന കൈയ്യിൽ നിന്നും, അന്യായമായ കാലിൽ നിന്നും, സാത്താന്റെ കെണികളിൽ നിന്നും, ആത്മാവിനെയും ശരീരത്തെയും നശിപ്പിക്കുന്ന ദുർവികാരങ്ങളിൽ നിന്നും, പാപത്തിന്റെ സകല ശക്തിയിൽ നിന്നും നാം ഒഴിഞ്ഞു രക്ഷപ്പെട്ട് വീണ്ടുകൊള്ളപ്പെടുമാറാകട്ടെ. ആയതു കരുണയുള്ള മാതാവും, ജയം ധരിച്ചിരിക്കുന്നവളും, രണ്ടാമത്തെ സ്വർഗ്ഗവും, സത്യക്രിസ്ത്യാനികളുടെ പുകഴ്ചയും ആയിരിക്കുന്ന മാലിന്യമില്ലാത്ത വിശുദ്ധ കന്യകയായി ദൈവമാതാവായ മറിയാമിന്റെ പ്രാർത്ഥനകളാലും അപേക്ഷകളാലും തന്നെ. **ബാറെക്മോർ.**

ജയകരവും, രക്ഷാകരവും, ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ വലിയ ശക്തിയാലും, നിബിയന്മാരുടെയും, ശ്ലീഹന്മാരുടെയും, സഹദേന്മാരുടെയും, മൌദ്യാനന്മാരുടെയും, നീതിമാന്മാരുടെയും, ആചാര്യന്മാരുടെയും, വിശുദ്ധ പിതാക്കന്മാരുടെയും, സത്യ ഇടയന്മാരുടെയും, സ്തുതി ചൊവ്വാക്കപ്പെട്ട മൽപ്പാന്മാരുടെയും പ്രാർത്ഥനകളാലും, വിശുദ്ധ സഭയിലെ മൽപ്പാന്മാരായ മോർ അപ്രേമിന്റെയും, മോർ യാക്കോബിന്റെയും, മോർ ഇസഹാക്കിന്റെയും, മോർ ബാലായിയുടെയും, മോർ ബർസൌമായുടെയും പ്രാർത്ഥനകളാലും, മോർ തോമ്മാശ്ലീഹായുടെയും, ശ്രേഷ്ഠനും ദൈവീക സഹദേന്മാരുടെ കിരീ-

ടവുമായ മോർ ഗീവറുഗീസ് സഹദായുടെയും, മോർ ബഹനാമി-ന്റെയും, അവന്റെ സഹോദരിയായ സാറയുടെയും, അവന്റെ കൂട്ടു-കാരായ നാല്പതു സഹദേന്മാരുടെയും പ്രാർത്ഥനകളാലും, മോർ യോഹന്നാൻ മാംദോനോയുടെയും, മോർ സ്തേഫാനോസ് ശെമ്മാശ-ന്റെയും പ്രാർത്ഥനകളാലും, നമ്മുടെ കർത്താവിനെ സ്നേഹിച്ചു തന്റെ കൽപനകളെ ആചരിച്ചിട്ടുള്ള വിശുദ്ധന്മാരുടെ സംഘം മുഴുവ-ന്റെയും പ്രാർത്ഥനകളാലും, ഞങ്ങളോടു കൂടെ (ഈ പ്രാർത്ഥനയെ) യോഗ്യമാം വിധം നിവർത്തിച്ചിട്ടുള്ള നമ്മുടെ മാതാപിതാക്കന്മാരും, സഹോദരീസഹോദരങ്ങളും, ഗുരുക്കന്മാരുമാ-യുള്ളോരേ! ഇന്ന് ഞങ്ങൾക്കും നിങ്ങൾക്കും അദ്ധ്യക്ഷനായിരിക്കുന്ന മോറാൻ മോർ ഇഗ്നാത്തിയോസ്....ന്റെയും, ആബൂൻ മോർ ബസേലിയോസ്...ന്റെയും, നമ്മുടെ മേൽപ്പട്ടക്കാരൻ ആബൂൻ മോർ .....ന്റെയും, പ്രാർത്ഥനകളാ-ലും നാം എന്നേക്കും കാത്തുകൊള്ളപ്പെടുകയും സംരക്ഷിക്കപ്പെടു-കയും ചെയ്യുമാറാകട്ടെ. **ബാറെക്മോർ.**

**ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ** നിങ്ങൾ എല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ആത്മീയമായ ഈ (ശുശ്രൂഷയിൽ) ഞങ്ങളോടുകൂടെ സംബന്ധിച്ച എല്ലാവരെയും ദൈവം തമ്പുരാൻ വാഴ്ത്തി പുണ്യപ്പെടുത്തുമാറാകട്ടെ. ദൈവമായ കർത്താവ് നിങ്ങ-ൾക്കും വിശ്വാസികളായ നിങ്ങളുടെ മരിച്ചുപോയവർക്കും പാപപ-രിഹാരം നൽകുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധ റൂഹായു-മായുള്ളോവേ! ബലഹീനവും കുറവുള്ളവയുമായ ഞങ്ങളുടെ പ്രാർത്ഥനകൾ ഉന്നതവും ഭയങ്കരവുമായ നിന്റെ സിംഹാസനത്തിന്റെ മുമ്പാകെ കേൾക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയുമാക്കിത്തീർക്ക-ണമേ. ആബോ വബ്റോ വ്റൂഹോ കാദീശോ. **ഹോശോ... ആമ്മീൻ.**

**കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ.** ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ! നിനക്കു സ്തുതി. **ബാറെക്മോർ.**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...**

**കൃപനിറഞ്ഞ മറിയമെ...**

# തിങ്കൾ രാത്രി

**കൌമാ**

## പ്രാരംഭ പ്രാർഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ! നിന്റെ ഉണർവ്വിനെ സ്തുതിപ്പാനായിട്ട് പാപമുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനെ നിന്റെ കരുണയെ വന്ദിപ്പാനായിട്ട് മരണവും ക്ഷയവും ആകുന്ന നിദ്രയിൽ നിന്ന് ഞങ്ങ-ളുടെ മരണത്തെ നീ ജീവിപ്പിക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവെ സ്വർഗ്ഗത്തിലും ഭൂമിയിലും നീ സ്തുതിക്ക-പ്പെട്ടവനും വാഴ്ത്തപ്പെട്ടവനും ആകകൊണ്ട് നിന്നെ സ്തുതിക്കുന്നവ-രായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എല്ലാക്കാലത്തും എന്നേക്കും നിന്നെ സ്തുതിച്ച് പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. **ഹോശോ... ആമ്മീൻ.**

## മസ്മൂർ 133, 118, 116

**ബാറെക്മോർ.** രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിന്റെ സകല ദാസന്മാരുമായുള്ളോരേ! നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ.

**ബാറെക്മോർ.** നിങ്ങൾ ശുദ്ധസ്ഥലത്തേക്ക് നിങ്ങളുടെ കൈകളെ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ.

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽ നിന്നു നിന്നെ അനുഗ്രഹിക്കും.

കർത്താവേ! എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമേ. എന്റെ അപേക്ഷ നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ രക്ഷിക്കണമേ.

എന്റെ നാവു നിന്റെ വചനത്തെ ഉച്ചരിക്കും. എന്തെന്നാൽ നിന്റെ കൽപനകളെല്ലാം നീതിയോടു കൂടിയവയാകുന്നു.

നീ നിന്റെ കൽപനകൾ എന്നെ പഠിപ്പിക്കുമ്പോൾ എന്റെ അധരങ്ങൾ നിന്റെ സ്തുതികൾ ഉച്ചരിക്കും. ഞാൻ നിന്റെ കൽപനകളിൽ ഇഷ്ടപ്പെട്ടതിനാൽ നിന്റെ കൈ എന്നെ സഹായിക്കും.

എന്റെ ആത്മാവു നിന്റെ രക്ഷക്കായിട്ടു കാത്തിരുന്നു. നിന്റെ വേദ-പ്രമാണത്തെ ഞാൻ ധ്യാനിച്ചു.

എന്റെ ആത്മാവു ജീവിച്ച് നിന്നെ സ്തുതിക്കുകയും നിന്റെ ന്യായ-വിധി എന്നെ സഹായിക്കുകയും ചെയ്യും.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിന്റെ ഭൃത്യനെ അന്വേഷിക്കണമെ. എന്തെന്നാൽ ഞാൻ നിന്റെ കൽപനകളെ മറന്നില്ല.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാ-കുന്നു. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു.

**ബാറെക്മോർ. ശുബ്ഹോ... മെനഓ...**

## എനിയോനോ

(ആ ഈദ് വാക്കിമെൻ)

ആല-സ്യ നിദ്രയിൽ നി-ന്നങ്ങേ സ്തോത്രം പാടീടാ-
നെന്നെ-യുണർത്തണമെ - നാഥാ! സർവ്വേശാ-സ്തോത്രം.

ഉറങ്ങാതുണർവ്വുള്ളോ-രൊപ്പം സ്തുതിയർപ്പിപ്പാനാ-
യുത്ഥി-തനായ് ഞാനും - നരരിൽ പ്രിയൻ നീയല്ലോ.

നിശയിൽ നിൻനാമ-മോർത്തേൻ സ്തോത്രമർപ്പിപ്പാ-
നുത്ഥിതനായ് ഞാനും - നരരിൽ പ്രിയൻ നീയല്ലോ.

പ്രാർത്ഥ-ന കേട്ടുടനെ - ഉത്തരമേകും രക്ഷകനെ
നിന്ന-ൻപാലെന്റെ - പാപമശേഷം മോചിക്ക.

അപ്പാ-പിനി പാപ-മുക്തയതായിത്തീർന്നതുപോൽ
നാഥാ-എൻ പാപ-ക്കറകളെയെല്ലാം മായിക്ക.

**ബാറെക്മോർ. ശുബഹോ... മെനഓ...**

ഈറയർ ദർശിപ്പാൻ - സാധ്യതയില്ലാത്തോ-നാദാം
സുതരാ-ൽ ഘോഷിതനായ് നാഥാ! സർവ്വേശാ സ്തോത്രം.

**കുറിയേ... കുറിയേ... കുറിയേ...**

## ഒന്നാം കൌമാ

(ദൈവമാതാവിന്റെ)

## എക്ബോ

(നെക് ഊൻ ഗർമയ്മെൻ കബ്റൊ)

എന്നസ്ഥികൾ കബറീന്നാർക്കും-കന്യാ പുത്രൻ 'ദൈവം' താൻ
സംശയമുളവായാൽ; സത്യ വിരോധി ഞാൻ
ചിത്തത്തിൽ സന്ദേഹിച്ചാൽ - നെസ്തോറൊപ്പം ഞാൻ നരകത്തിൽ.

**കുറിയേ... കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ! ...**
**ബറെക്മോർ. സ്തൌമെൻ... കുറിയേ...**
**പ്രുമിയോൻ - സെദറാ**

## കോലോകൾ

(യൊൽദാസാലോഹോബ്സുൽത്തോ)

ദൈവ-ജനനി കന്യേ നിന്നോർമ്മ വാഴ്വിന്നഹോ
അടുത്തവരകന്നവർക്കെല്ലാം നീ-യുത്തരമരുളേണമെ
രോഗികൾക്കെല്ലാം - സൌഖ്യം നൽകണമെ
മനം തകർന്നവർക്ക് - ധൈര്യം നൽകണമെ
സാത്താനാൽ പീഡിതരിൽ നിന്നകറ്റണമവനെ നീ
നിന്നർത്ഥനായാലെങ്ങൾക്ക് കരുണ ലഭിച്ചീടട്ടെ
ഹാ- നിൻ പ്രാർത്ഥന തുണയാം.

**ബാറെക്മോർ. ശുബഹോ... മെനഓ...**

ദാവീദു ദുഹിതെ! നിന്നെ ഞാനെന്തു വിളിക്കേണ്ടു
ഏതൊരുനാമം നേരേണ്ടു അറിവില്ലെനിക്കേതും
'കന്യക'യെന്നോ? ശിശു പാൽ നുകരുന്നു!
'മാതാവെ'ന്നോ? കന്യാത്വം ഭദ്രം!
അതിനാൽ 'ദൈവപ്രസവിത്രി' എന്നു വിളിക്കുന്നേൻ
നിൻ പ്രസവേ സന്ദേഹിക്കും താർക്കികർ ലജ്ജിക്കും
ഹാ- പരിശോധകർ ശപ്തർ.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

(ബ്സുൽതൊദ്കുദ്ശോ)

ശുദ്ധിമതിയെ നിന്നുടെ പ്രാർത്ഥന ഞങ്ങടെകൂടെ
നിൻപ്രാർത്ഥനയെ നാഥൻ കേട്ടു പുണ്യം നൽകും.

പാവന കന്യാ ചരിതം ചൊല്ലാനെന്നെ വിളിച്ചാൾ
മോഹന ചരിതം കേൾപ്പാൻ കർണ്ണം നിർമ്മലമാക്കാം.
രണ്ടാംഗഗനം, വാനിന്നുടയോ-നവളിൽ പാർത്തു
ലോകത്തിന്നും കൂരിരുൾ നീക്കാനുദയം ചെയ്തു.

എളിയവളായോൾ ദൈവകുമാരനു മാതാവായി
പൊരിയും ലോകം ജീവിപ്പാനായ് വിത്തം നല്കി.
പിതൃ സവിധത്തിന്നേറിയ വിത്തവുമായൊരു നൌക
നമ്മുടെ നിർദ്ധന സ്ഥാനത്തെത്തി, സമ്മാനിച്ചു.

ഒമ്പതുമാസം നിന്നെ വഹിച്ച ജനനിയെയോർത്ത്
ക്രോധദണ്ഡീ ഞങ്ങളിൽ നിന്നും നീക്കുക നാഥാ.

## രണ്ടാം കൌമാ

(പരിശുദ്ധന്മാരുടെ)

**കർത്താവിന്റെ ബഹുമാനം... (പേജ് 14)**

## എക്ബോ

(ആത്തൂൻ ഏനൂൻ)

ഭൂപാലകരെ വിജയിച്ചാർ - ധീരർ ശൂരന്മാർ നിങ്ങൾ
ഘർഷിത വാളാലും - ശസ്ത്രത്താലുമല്ല
ക്രൂശിൻ ശക്തിയതാൽ മാത്രം; പൈശാചികശക്തി ഹനിച്ചാർ.

**കുറിയേ... കുറിയേ... കുറിയേ...**
**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

### പ്രുമിയോൻ - സെദറാ

## കോലോകൾ

(ദ്കിർ മൂശെറിശ്)

പ്രവചന നിർദ്ധരി തലവനതായ് സ്മർത്തവ്യൻ മോശ
ശ്ലീഹർ തലവൻ ശെമഓനും - പൌലൂസോ ശില്പി
റോമാലിഖിതം - മൂലം നിർദ്ദേശം
ബന്ധപ്പെടണം - സിദ്ധർ സ്മരണത്തിൽ
ഉത്തമഹൃത്തൊടെ ദൈവത്തെ സ്നേഹിച്ചോരത്രെ
അവരർത്ഥനയാൽ കാരുണ്യം സംലബ്ധമാതാകും
ഹാ- അവർ പ്രാർത്ഥന തുണയാം.

**ബാറെക്മോർ. ശുബഹോ... മെനഓ...**

സത്യ പ്രഘോഷക യൂഹാനോൻ സ്തേഫാനോസും
ശ്രേഷ്ഠൻ തേവോദോറോസും - ഗീവറുഗീസ് സഹദാ
സർഗീസ്, ബാക്കോസ്; ഉത്തമയോദ്ധാക്കൾ
മോർ കുറിയാക്കോസ്; മാതാ യൂലിത്തി
ഉത്തമ മാതാ ശ്മൂനിയവൾ പുത്രന്മാരേഴും
നാൽപതു സഹദേർ, പരിശുദ്ധൻ മോർ ബഹനാൻ താ-നും
ഹാ- അവർ പ്രാർത്ഥന തുണയാം.

**മൊറിയോ...**

## മോർ അപ്രേമിന്റെ ബോവൂസോ

കർത്താവേ! കൃപ ചെയ്യണമേ - വത്സലർതൻ പ്രാർത്ഥനയാലെ
അവരർത്ഥനയാലെങ്ങൾക്കും - വിഗതർക്കും പുണ്യം നൽക.

റൂഹായാലോതിയ നിബിയർ, വെളിപാടറിയിച്ചാ ശ്ലീഹർ
നിൻ സ്നേഹാൽ മൃതരാം സഹദേർ, പ്രാർത്ഥിക്കും ദയചെയ്യണമേ.

പരിശുദ്ധന്മാരെ നിങ്ങൾ പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ - വടികളെയും മായിച്ചീടാൻ.

കർത്താവേ! കൃപ ചെയ്യണമേ - വത്സലർതൻ പ്രാർത്ഥനയാലെ
അവരർത്ഥനയാലെങ്ങൾക്കും - വിഗതർക്കും പുണ്യം നൽക.

## മൂന്നാം കൌമാ

(അനുതാപം)

**കർത്താവിന്റെ ബഹുമാനം... (പേജ് 14)**

## എക്ബോ

(അൽഹവ്തറഓബാറോയോ)

ശെമഓൻ വാതിൽക്കൽനിന്നു, സങ്കടമൊടു വിലപിച്ചേറ്റം
വാതിൽ തുറക്കേണമേ; താവക ശിഷ്യൻ ഞാൻ
രാജ്യത്താക്കോലിൻ നഷ്ടാൽ, ഭുവനം വിലപിക്കും വാനും.

**കുറിയേ... കുറിയേ... കുറിയേ...**
**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

**പ്രുമിയോൻ - സെദറാ**

## കോലോകൾ

(ബ് ലിലിയോ ന്കും)

രാത്രിയിലുത്ഥിതരായ് നമ്മൾ സ്തോത്രം പാടീടാം
നാഥൻ വന്നീടുന്നെന്ന് നിശയിൽ ധ്വനിയുയരും
വിമലർ സിദ്ധർ; നിബിയർ ശ്ലീഹന്മാർ
സഹദേന്മാരും; വരവേൽക്കാൻ പോകും
മോദം നിറയും മണിയറയിൽ അവനൊത്തവർ പൂകും
ജീവൻ രാജ്യവുമവർനേടും - സ്തുതിഗീതം പാടും
ഹാ- നാഥാ! സ്തോത്രം തേ!

**ബാറെക്മോർ. ശുബഹോ...**

ദൈവത്തിന്നത്ഭുത സൃഷ്ടി - നിയമങ്ങളുമോർത്തു
രാത്രിയിലുത്ഥിതനായ് ദാവീദ് സ്തോത്രം പാടീടാൻ
ഉയരെ കണ്ടാൻ; ദ്യോവിൽ മേവീടും
ഗോളങ്ങളെയും; ഗതി ഭംഗിയുമെല്ലാം
സൃഷ്ടിയിലാകെ നിശബ്ദതയും ശാന്തതയും കണ്ടാൻ
അത്ഭുതസ്തബ്ധനായ് നിന്നു - സ്തുതി ഗീതം പാടി
ഹാ- അത്ഭുത കാഴ്ചകളാൽ.

**മൊറിയോ...**

## മോർ ബാലായിയുടെ ബോവൂസോ

ദുഷ്ടന്മാരിൽ കാരുണ്യം പൂണ്ടോനെ,
കാരുണ്യം ചെയ്തിൻ ന്യായ തീർപ്പിൻ നാൾ.

ദുഃഖം പൂണ്ടോർ നിൻ വാതിൽ മുട്ടുന്നു
കാരുണ്യത്താൽ നൽകേണം യാചനയെ.

സ്വർഗ്ഗസ്ഥൻ താതാ പ്രാർത്ഥിക്കുന്നടിയാർ
കൈക്കൊണ്ടിക്കർമ്മം കാരുണ്യം ചെയ്ക.

വാനോർ തൻ നാഥാ! മണ്മയരാശയുമെ
കൈക്കൊണ്ടിക്കർമ്മം കാരുണ്യം ചെയ്ക.

**ഹാലേ- ഹാലേ- ഹാലേ- ശുബഹോലോക്ക് ആലോഹോ(3 പ്രാവശ്യം)**

**കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ.**

നാം ദൈവത്തിന്റെ മക്കളായി തീരുവാൻ, ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ, കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കട്ടെ.

**മൊറിയോ...**

## മാവുർബോ

മറിയാം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധ നാമം ഉള്ളവനും ആയവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജം കൊണ്ട് ജയം ഉണ്ടാക്കി. തങ്ങളുടെ ഹൃദയ-വിചാരത്തിൽ അഹങ്കാരികളായവരെ ഛിന്നിച്ചു. അവൻ ബലവാ-ന്മാരെ സിംഹാസനങ്ങളിൽനിന്ന് മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സമ്പൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയക്കുകയും ചെയ്തു. അവൻ നമ്മുടെ

പിതാക്കന്മാരോടും അബ്രാഹാമിനോടും അവന്റെ സന്തതിയോടും സംസാരിച്ചപ്രകാരം എന്നേക്കും തന്റെ കരുണയെ ഓർത്തുകൊണ്ട് അവന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു.

**ബാറെക്മോർ. ശുബഹോ... മെനഓ...**

## മാവുർബോ ശീലുകൾ

ദൈവത്തിനു മാതാവായിത്തീരുവാൻ യോഗ്യയായ ദാവീദുപുത്രി-യായ മറിയാമേ! നിനക്കു ഭാഗ്യം. ആദാമിനെയും അവന്റെ മക്കളായ സർവ്വരേയും രക്ഷിക്കുകയും സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്തവൻ നിന്നിൽ നിന്നു ശരീരിയായിത്തീർന്നു.

ദീർഘദർശികളും, ശ്ലീഹന്മാരും, സഹദേന്മാരും, നീതിമാന്മാരും, ആചാര്യന്മാരും സകല വിശുദ്ധന്മാരുമെ, നിങ്ങളുടെ പ്രാർത്ഥനയാൽ ഞങ്ങൾ എല്ലാവരും കരുണ പ്രാപിക്കുവാനായി മ്ശിഹായോടു നിങ്ങൾ അപേക്ഷിക്കുവിൻ.

മഹത്ത്വത്തിന്റെ രാജാവായ മ്ശിഹാ! നിന്റെ തിരുശരീരം ഭക്ഷിക്കു-കയും, തിരുരക്തം പാനം ചെയ്യുകയും നിന്നിൽ ശരണപ്പെട്ട് നിദ്ര-പ്രാപിക്കുകയും ചെയ്തിട്ടുള്ള വിശ്വാസികളായ പരേതർക്ക് നിന്റെ കരുണയാൽ ആശ്വാസവും നല്ല ഓർമ്മയും ഉണ്ടാകുമാറാകണമെ.

**ബാറെക്മോർ. ശുബഹോ... മെനഓ...**

മാലാഖമാരുടെ നാഥനായ ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമെ. നിന്നെ പ്രസവിച്ച മാതാവിന്റെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ഞങ്ങളോടു കരുണയുണ്ടാകണമെ. **ആമ്മീൻ.**

## മസ്മൂർ 132

സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് എത്ര നന്മയും എത്ര സൌന്ദ-ര്യവുമാകുന്നു.

അത് അഹറോന്റെ തലയിലും അവന്റെ അങ്കിയുടെ മേൽ വീണു കിടക്കുന്ന അവന്റെ താടിയിലും ഒഴുകുന്ന അഭിഷേകതൈലം പോലെയും സെഹിയോൻ മലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു.

എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹത്തെയും ജീവനെയും കൽപ്പിച്ചു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. **ബാറെക്മോർ.**

**ശുബഹോ... മെനഓ...**

## എനിയോനൊ

ദൈവമാതാവിനു ഓർമ്മയും അവളുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

നീതിമാന്മാർക്കു ഓർമ്മയും അവരുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടെയും, ശ്ലീഹന്മാരുടെയും, സഹദേന്മാരുടെയും പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.

കർത്താവേ! നിന്റെ സഹദേന്മാരുടെ തുറമുഖത്തിനും നിന്റെ സ്നേഹിതന്മാരുടെ കൂടാരങ്ങൾക്കും ഞങ്ങളെ യോഗ്യരാക്കേണമേ.

ദയാവാനും കരുണ നിറഞ്ഞവനുമേ! നിന്റെ ന്യായവിധിയുടെ ദിവസ-ത്തിൽ ഞങ്ങളോടു കരുണ ചെയ്യേണമേ.

തന്നെ വിളിക്കുന്ന പാപികൾക്കു തന്റെ കരുണയെ വിരോധിക്കാത്ത-വൻ വാഴ്ത്തപ്പെട്ടവനാകുന്നു. **ബാറെക്മോർ. ശുബഹോ...**

കർത്താവേ! വിശ്വസ്ത സഭയുടെ മക്കൾക്കു നല്ല ഓർമ്മയുണ്ടാകുമാ-റാകണമേ. **മെനഓ...**

നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ അവർ നിന്റെ വലതുഭാഗത്ത് നിൽക്കുമാറാകണമേ.

## വേറൊരു എനിയോനോ

കന്യകയായ ദൈവമാതാവേ! എല്ലാക്കാലത്തും എല്ലാനേരത്തും നിന്റെപ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമേ.

കർത്താവേ! എല്ലാ നാഴികയിലും ഞങ്ങൾക്കായി കെണികൾ വയ്ക്കുന്ന ദുഷ്ടനെ നിന്റെ പരിശുദ്ധന്മാരുടെ പ്രാർത്ഥനകളാൽ ഞങ്ങളിൽ നിന്നു മായിച്ചുകളയണമേ.

ഞങ്ങളുടെ കർത്താവായ യേശുമ്ശീഹാ! നിന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയായിരിക്കുകയും അതിനകത്ത് ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമേ.

ദൈവവചനമായ യേശുതമ്പുരാനേ! ജീവനോടിരിക്കുന്നവരെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളുകയും മരിച്ചുപോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമേ.

നാം ജീവനോടിരിക്കുന്ന നാളുകളൊക്കെയും പിതാവിനെയും പുത്രനെയും പരിശുദ്ധ റൂഹായെയും സ്തുതിച്ചു വന്ദിച്ചു മഹത്ത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ! നീ എഴുന്നെള്ളുന്നതായ നിന്റെ വലിയ ദിവസത്തിൽ നിന്റെ വലതുഭാഗത്തു ഞങ്ങളെ നിറുത്തണമെ.

ഈ സമയത്ത് നിനക്കു സ്തുതി പാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട് നിന്റെ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ.

ഞങ്ങളുടെ മരണത്തിന്റെയും ജീവന്റെയും നാഥനായ കർത്താവേ! നിന്റെ കൃപ ഞങ്ങളുടെ മേൽ ഉണ്ടായി ഞങ്ങളുടെയും മരിച്ചുപോയവരുടെയും ആത്മാക്കളിന്മേൽ കരുണ ചെയ്യണമേ.

കർത്താവേ! കൃപ ചെയ്തു സഹായിക്കണമേ.

**ഉറങ്ങിയവരെ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ.**

## മസ്മൂർ 148

ആകാശത്തിൽ നിന്നു കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവന്റെ സകല ദൂതന്മാരുമെ! അവനെ സ്തുതിപ്പിൻ. അവന്റെ സകല സൈന്യങ്ങളുമെ! അവനെ സ്തുതിപ്പിൻ.

ആദിത്യ ചന്ദ്രന്മാരെ! അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ! അവനെ സ്തുതിപ്പിൻ.

ആകാശങ്ങളുടെ ആകാശവും ആകാശങ്ങൾക്ക് മീതെയുള്ള വെള്ളങ്ങളുമായുള്ളോവെ! അവനെ സ്തുതിപ്പിൻ. അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി. അവൻ കൽപ്പിച്ചു, അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി. അവൻ ഒരു നിയമത്തെ നിശ്ചയിച്ചു. അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്നു മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, തൽഗോയും, ഗ്ലീദോയും അവന്റെ വചനപ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും, കൊടുങ്കാറ്റുകളുമെ! കർത്താവിനെ സ്തുതിപ്പിൻ.

പർവതങ്ങളും, സകല കുന്നുകളും, ഫലവൃക്ഷങ്ങളും, സകല കാരികിലുകളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷി-കളും, പറവകളുമെ! കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും, സകല ജാതികളും, ഭൂമിയിലെ പ്രഭുക്ക-ന്മാരും, സകല ന്യായാധിപതിമാരും, ശിശുക്കളും, കന്യകമാരും, വൃദ്ധന്മാരും, യൌവനക്കാരുമായുള്ളോരെ! കർത്താവിനെ സ്തുതി-പ്പിൻ. ഇവർ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവന്റെ നാമം മാത്രം വലിയതാകുന്നു, അവന്റെ മഹത്വം ഭൂമിയിലും ആകാശത്തിലും വ്യാപിച്ചിരിക്കുന്നു. അവൻ തന്റെ ജനത്തിന്റെ കൊമ്പിനെയും തന്റെ സകല നീതിമാന്മാർക്കും തന്റെ സ്വന്ത ജനമായ ഇസ്രയേൽ പുത്രന്മാർക്കും മഹത്വത്തെയും ഉയർത്തുന്നു.

## മസ്മൂർ 149

കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ. ഇസ്രായേൽ തന്റെ സൃഷ്ടാവിൽ സന്തോഷിക്കുകയും സെഹിയോന്റെ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും ചതുരത്തപ്പുകളാലും അവന്റെ നാമത്തെ സ്തുതിക്കുകയും, വീണകളാൽ അവന് പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും, തങ്ങളുടെ കണ്ഠങ്ങൾക്കൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുകയും ചെയ്യും.

പുറജാതികൾക്ക് പ്രതിക്രിയയും ജാതികൾക്ക് ശിക്ഷയും ചെയ്യുവാനും അവരുടെ രാജാക്കന്മാരെ ആലാത്തുകൾകൊണ്ടും, അവരുടെ മാന്യന്മാരെ ഇരുമ്പു ചങ്ങലകൊണ്ടും ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, അവന്റെ സകല നീതിമാന്മാർക്കും മഹത്ത്വമുണ്ടാകുവാനുമായിട്ടു അവാരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

## മസ്മൂർ 150

കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തമ്പുരുകളാലും, വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും, ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും, ആർപ്പുവിളികളാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമെ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമെ! സ്തുതി നിനക്കു യോഗ്യമാകുന്നു. **ബാറെക്മോർ.**

**ശുബഹോ... മെനഓ...**

**ത്രിത്വത്തിനു സ്തുതി**, ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി, സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു. **ബാറെക്മോർ.**

## കുക്കിലിയോൻ

നീതിമാൻ പനപോലെ തളിർത്തിടുമേ ഹാ-
ഒരുപോലിങ്ങും...

## കോലോകൾ

(ലൊക് യെഹ്ബോ ഈത്തോ)

തിരുസഭ ഭാഗ്യം നേരുന്ന സിദ്ധൻ മോർ (......)
നാഥൻ നൽകിയ സൌഭാഗ്യം നിങ്കൽ നിലനിൽക്കും
നശ്വരലോകം വർജ്ജിച്ചോൻ ധന്യൻ
മ്ശീഹാ സ്നേഹം; പ്രാപിച്ചോൻ ധന്യൻ
രാജ്യവുമക്ഷയ ജീവിതവും പ്രാപിക്കുക നീയെ-
ന്നുടയോനരുളും തിരു നിനദം കേൾക്കും നീ ധന്യൻ
ഹാ- നിൻ പ്രാർത്ഥന തുണയാം.

**ബാറെക്മോർ. ശുബഹോ... മെനഓ...**

സൌഗന്ധികമാം വസ്തുക്കളെല്ലാറ്റേക്കാളും
മോർ (......) നിൻ സ്മരണ ദേവേശനു പ്രിയം
വൃതപാലനവും - പ്രാർത്ഥനയുപവാസ-

ചര്യകൾ ഭാരം; നിൻ തനു പേറുന്നു!
വാനവരാഗതരായ് നിന്നെ സാദരമെതിരേൽക്കും
മഹിമാ ദായക മ്ശിഹായിൽ - അവരൊത്താമോദിക്കും
ഹാ- നിൻ പ്രാർത്ഥന തുണയാം.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

നാഥാ! നിന്നെ ഞങ്ങൾ വിളിക്കു-ന്നാഗതനായി
തുണയേകണമേ, പ്രാർത്ഥനകേട്ട് ദയചൊരിയണമേ

ദൈവത്വത്തിന്നത്ഭുതമോർത്ത് സ്തോത്രം പാടാ-
നുത്ഥിത്ഥനായി ദാവീദരചൻ രാമദ്ധ്യത്തിൽ
വിജ്ഞൻ നീയും നിശമദ്ധ്യത്തിലുത്ഥിതനായി
ദാവീദിൻ സങ്കീർത്തനമോതി സ്തുതി പാടിടുക.

സ്നേഹിക്കുന്നോർക്കങ്ങേന്നേക്കും പ്രഭയാണല്ലോ
നിൻ ദയകാണാനെൻ നയനങ്ങൾ ശോഭിപ്പിക്ക
ഇദ്ധര പാതകളപകട നിർഭരമാണെന്നാലും
പ്രഭയാമങ്ങിൽ നിർഭയചാരിക്കപകടമില്ല.

ഉത്തരമരുൾക അരുൾക ദേവാ - കനിയണമെന്മേൽ
അനുതാപത്തിനു - മാനുഷഹൃദയം - തിരിപ്പിക്കണമെ.

## മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാരും, പ്രധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങളും സ്തുതിച്ചു പറയുന്നു.

എല്ലാ കാലത്തും എല്ലാ സമയത്തും ഉയരങ്ങളിൽ ദൈവത്തിന്നു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവുമുണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവായ ദൈവവും, സ്വർഗ്ഗീയ രാജാവും, സൃഷ്ടാവുമായ കർത്താവേ! നിന്നെയും യേശുമശിഹാ ആയ ഏക പുത്രനായിരിക്കുന്ന ദൈവമായ കർത്താവേ! പരിശുദ്ധ റൂഹായോടു-കൂടെ നിന്നെയും നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും, വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായ ദൈവമായ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനും തന്റെ പിതാവിന്റെ വലതുഭാഗത്ത് മഹത്ത്വത്തോടുകൂടി ഇരിക്കുന്നവനുമായുള്ളോവേ! നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊണ്ട് ദയ തോന്നി ഞങ്ങളോട് കരുണ ചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിന് പരിശുദ്ധ റൂഹായോടുകൂടെ യേശുമശിഹായായ നീ മാത്രം കർത്താവാകുന്നു. **ആമ്മീൻ**.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടെയിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും, നിത്യത്വമുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം മഹത്ത്വമുള്ളതും നീ എന്നേക്കും മഹത്ത്വങ്ങളിൽ പ്രാഭാവമുള്ളവനുമാകുന്നു.

സ്തുതി നിനക്കു യോഗ്യമാകുന്നു. മഹത്ത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും, സത്യത്തിന്റെ പിതാവുമായവനെ! നിനക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അതു ഇപ്പോഴും എല്ലാ സമയത്തും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. **ആമ്മീൻ**.

**മോറാനേശുമ്ശിഹാ! ...** **(പേജ് 10)**

**കൌമാ**

✠ ✠ ✠

# തിങ്കൾ പ്രഭാതം

**കൌമാ**

## പ്രാരംഭ പ്രാർഥന

പ്രഭാതത്തിന്റെ സൃഷ്ടാവും അന്ധകാരത്തെ ദൂരീകരിക്കുന്നവനും സൃഷ്ടികളെ പ്രകാശിപ്പിച്ച് ആനന്ദിപ്പിക്കുന്നവനുമായ കർത്താവേ, പരിപാകതയുള്ള നടപടികളെ ഞങ്ങളിൽ നിർമ്മിക്കണമേ. പാപമാകുന്ന അന്ധകാരത്തെ മുഴുവനും ഞങ്ങളിൽനിന്ന് നീക്കിക്കളയണമെ. നിന്റെ കൃപയുടെ സ്തുത്യകിരണങ്ങളാൽ ഞങ്ങളെ നീ പ്രശോഭിപ്പിച്ചു ആനന്ദിപ്പിക്കണമേ. **മോറൻ വാലോഹാൻ... ആമ്മീൻ.**

## മസ്മൂർ 51

ദൈവമെ! നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻപ്രകാരം എന്റെ പാപങ്ങളെ മായിച്ചുകളയണമെ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിതന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കണമെ. ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് നിന്റെ മുഖം തിരിച്ച് എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചുകളയണമെ.

ദൈവമെ! വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. നിന്റെ

തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതെ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയും അരുതെ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്ക് തിരിച്ചുതരേണമെ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമെ! രക്തപാതകത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കർത്താവെ! എന്റെ അധരങ്ങൾ എനിക്ക് തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല. ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമെ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ കാളകൾ ബലിയായി കരേറും. ദൈവമെ! സ്തുതി നിനക്ക് യോഗ്യമാകുന്നു. **ബാറെക്മോർ.**

**ശുബഹോ... മെൻഓലം...**

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ. **മൊറിയോ...**

## മസ്മൂർ 63

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായിട്ടു കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവ് നിന്നെക്കുറിച്ച് ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലവും നിന്റെ ബഹുമാനവും കാണാൻ ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടെയിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തു-കയും നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസും കൊണ്ടെന്ന പോലെ പുഷ്ടി-യാകും. എന്റെ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.

എന്റെ കിടക്കയിന്മേൽ ഞാൻ നിന്നെ ഓർത്തു. രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്കു സഹായക്കാരനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എന്റെ ആത്മാവ് നിന്നെ പിൻതുടർന്നു. നിന്റെ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

എന്റെ ആത്മാവിനെ നശിപ്പിക്കാൻ അന്വേഷിക്കുന്നവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും.

അവർ വാളിനു ഏൽപ്പിക്കപ്പെടുകയും കുറുനരികൾക്ക് ഭക്ഷണമാ-യിത്തീരുകയും ചെയ്യും; രാജാവു ദൈവത്തിൽ സന്തോഷിക്കും.

അവനെക്കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. **ബാറെക്മോർ.**

**ശുബ്ഹോ... മെൻഓലം...**

## എനിയോനോ

(ല് വോസോക് കദ്മേസ്)

സ്വർഗ്ഗ-സ്ഥൻ രാജാ - തിരു സിംഹാസന മുമ്പിൽ ഞാ-
നാരാധിക്കുന്നേൻ - എൻപിഴയെല്ലാം നീ-ക്ക-ണമേ.

അൻപേറുമുത്തമനെ - നിൻ ദയയോടർത്ഥിക്കുന്നേൻ
യാചി-ക്കുന്നടിയാൻ - എൻ പിഴയെല്ലാം നീ-ക്ക-ണമേ

പ്രഭയിൻ സുതപ്രഭയേ - പ്രഭയിൽ വാസം ചെയ്വോനെ
കൂരി-രുളേൽക്കാത്ത - ശോഭയ്ക്കർഹതയേ-ക-ണമേ

ധരനിൻ പ്രഭകണ്ടാൾ - ദുഃഖിതയാമോദിച്ചേറ്റം
ധരണി സുതരോപ്പം - നിത്യ സ്തുതി പാടി-ടു-ന്നു

പാപം ചെയ്തടിയാൻ - പ്രതികാരം നീ ചെയ്തില്ലെൻ
താപം കൈക്കൊണ്ട് - ദയയാലെൻ പിഴ നീ-ക്ക-ണമെ

തിരുതനുരുധിരങ്ങൾ - മൂലമെൻപിഴ മായിച്ചു
ഉത്ഥാനകനെ നീ - ശീയോളിൽ വെടിയ-രുതെ-ന്നെ. **ബാറെക്മോർ**

**ശുബഹോ... മെനഓ...**

ഭൂവിൽ സ്വർഗ്ഗത്തിൽ - നിൻ സ്തുതി! നാഥാ സ്തോത്രം തെ!
വാനോർ ഭൌമികരും - തിരുനാമസ്തുതി പാ-ടു-ന്നു. **ആമ്മീൻ.**

## മസ്മൂർ 113

പ്രകാശത്തിന്റെ സൃഷ്ടാവിനു സ്തുതി! കർത്താവിന്റെ ഭൃത്യന്മാരേ! സ്തുതിപാടുവീൻ. നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

കർത്താവിന്റെ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

സൂര്യന്റെ ഉദയം മുതൽ അതിന്റെ അസ്തമനം വരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ ബഹുമാനം ആകാശത്തിനു മീതെയുമാകുന്നു.

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ ദൈവമായ കർത്താവിനോടു സദൃശ്യൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു?

അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിനു കുപ്പയിൽ നിന്നും ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. **ബാറെക്മോർ.**

**ശുബഹോ... മെനഓ...**

## എക്ബോ

(ല്കോലൊാദ് ശുബഹോ)

പുലരിയിലങ്ങേ സ്തുതി പാടീടാൻ ദൂതർ ശബ്ദാ-
ലെന്നെയുണർത്തേണമേ,
സൃഷ്ടാവങ്ങേ എന്നധരങ്ങൾ സ്തോത്രം പാടി കീർത്തിക്കും
സർവ്വാധീശാ ദയ ചെയ്ക.

**സ്തെൌമെൻ... കുറിയേ...**

## പ്രുമിയോൻ

സ്വർഗ്ഗത്തിലും ഭൂമിയിലും തന്റെ ജനനിയുടെ ഓർമ്മയെ ശ്രേഷ്ഠമാക്കിയ സൌഭാഗ്യപ്രകൃതിയും ഭാഗ്യത്തിന്റെ ഉറവയും തന്നെ വാഞ്ചിച്ച സഹദേന്മാരെ തന്റെ സ്നേഹത്താൽ ജ്വലിപ്പിച്ചവനും പുണ്യവാന്മാരുടെ ആത്മാക്കൾ തന്നെ വാഴ്ത്തുകയും നിബിയന്മാരും, ശ്ലീഹന്മാരും, നീതിമാന്മാരും, പിതാക്കന്മാരും, മല്പാന്മാരും, മൌദ്യാനന്മാരും തന്നെ മഹത്ത്വീകരിക്കുകയും ചെയ്ത തനിക്കു സ്തുതി... **ബ്കുൽഹൂൻ... ആമ്മീൻ.**

## സെദറാ

കന്യകമറിയാമിൽ നിന്നു കാലത്തിന്റെ പൂർണ്ണതയിൽ ജനിച്ച അനാദ്യന്ത പ്രകാശമായ ദൈവമായ കർത്താവേ! നീ സ്വർഗ്ഗത്തിലുള്ളവരെ പ്രകാശിപ്പിക്കുകയും ഭൂമിയിൽ നിന്നെ സ്തുതിക്കുന്നവരെ നീ മഹത്വീകരിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ പിതാക്കന്മാരെ നല്ല ഭക്തിയിലും വെടിപ്പുള്ള സ്നേഹത്തിലും നീ വലുതാക്കി. നിബിയന്മാരെ രഹസ്യ ജ്ഞാനങ്ങളാലും വെളിപാടുകളാലും നീ പ്രശോഭിപ്പിച്ചു. അത്ഭുതങ്ങളാലും പ്രസംഗവൈഭവത്താലും ശ്ലീഹന്മാരെ നീ ഉയർത്തി. വിജയത്തിന്റെ കിരീടങ്ങളാൽ സഹദേന്മാരെ നീ ശ്രേഷ്ഠരാക്കി. മൽപ്പാന്മാരെ ജ്ഞാനികളാക്കി. പുണ്യവാന്മാരെ അദ്ധ്വാനസ്നേഹത്താൽ നീ അലങ്കരിക്കുകയും അവർ നിനക്കു മഹത്വഫലങ്ങളെ സമർപ്പിക്കുകയും ചെയ്തു. നാഥാ! നിന്റെ ആട്ടിൻപറ്റത്തെ അറിവുകൊണ്ടും നിന്റെ പരിശുദ്ധന്മാരുടെ ഉൽകൃഷ്ട സുകൃതനടപടികൾ കൊണ്ടും നീ പ്രകാശിപ്പിച്ചു ജ്ഞാനമുള്ളതാക്കണമേ. അങ്ങനെ അവരുടെ അപേക്ഷകളാൽ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. വിശ്വാസത്തിലും, പ്രത്യാശയിലും, സ്നേഹത്തിലും, സുകൃതത്തിലും ഞങ്ങൾ അവരുടെ അനുകാരികളായി തീരണമേ. അവർക്കു ലഭിച്ച സൌഭാഗ്യ അവസാനത്തിനും ഓഹരിക്കും ഞങ്ങളും ചെന്നുചേരുമാറാകണമെ. ഞങ്ങളും ഞങ്ങളുടെ വിശ്വാസികളായ മരിച്ചുപോയവരും സ്വർഗ്ഗരാജ്യത്തിന് യോഗ്യരായിത്തീരണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും... **ഹോശോ... മെൻ ആലോഹോ... ആമ്മീൻ.**

## കോലോകൾ

(അനിൻ മൊറിയോ വശ്മാ)

*പെത്ഗോമൊ: കർത്താവേ പ്രാർത്ഥന കേട്ടരുൾ ഹാലേലുയ്യാ*

കൈക്കൊള്ളണമഹറോനണച്ചതുപോലെ - ധൂപമിതും

കണ്ടടിയാർ ശുശ്രൂഷയെ നിനുവയരിൻ - യാചനപോൽ
കടലതിൽ യൌനാനെ-ന്ന പോ-ലെ
കനിയുക ദാസന്മാ-രിലെ-ന്നും.

*പെത്ഗോമൊ: കർത്താവേ നിലവിളികേട്ടരുൾ ഹാലേലുയ്യാ*
തീരുക തിരുനാമത്തിനു സുഖകരമാ-യീ-ധൂപം
തൃക്കരളിന്നലിവിന്നനുകൂലമതാം - മൂലവുമായ്
നിരപ്പാകണമേ ദൈ-വമേ-നിൻ
നിരുപമ കൃപയാൽ ഞ-ങ്ങളോ-ട്.

**ബാറെക്മോർ... ശുബഹോ...**

എന്നും സ്തുതി നിൻ കനിവിനു കനിവേറും രക്ഷകനേ
എത്രനിറഞ്ഞിന്നെങ്ങും കാണുന്നു - നിൻദാ-നം
നിനുവയരോടുണ്ടായ കോ-പം
നിലവിളിയാൽ നീ നീ-ക്കിയ-ല്ലോ.

**മെനഓ...**

അഹറോന്റെയുമാ-സ്കറിയാ തന്നുടെയും - ധൂപമതും
മരണത്തെനീക്കിയ ഫിനഹാസിൻ പ്രാ-ർത്ഥനയുംപോൽ
അടിയാരുടെ ധൂപ-ത്തേ-യും
അൻപുടയോനേ കൈ-ക്കൊൾ-ക.

**ദൈവമാതാവ്**

എരിതീനിരവിട്ടീറെ ദൂതനിറങ്ങി-ച്ചെന്നു
ഇതമൊടുമറിയാം-ഗൃഹമതിൽ നസ്രേത്തിൽ ചൊല്ലിയിതു
'നിന്നൊടുകൂടെ കർ-ത്താ-വീ
മന്നിടമഖിലം പാ-ലി-പ്പോൻ'.

മുൾമരമെരിയാതെരിതീതൻ നടുവിൽ കണ്ടതുപോൽ
ചിന്മയനമ്മറിയാമിൽ വസിച്ചു ശരീ-രം പൂ-ണ്ടു
അതിനാൽ ഭംഗവുമ-ക്ക-ന്യാ
വ്രതമുദ്രയ്ക്കുണ്ടാ-യി-ല്ല.

**പരിശുദ്ധന്മാർ**

ലോകം താതസഹോദരർ ജാതിയതും-തറവാടും
ആകെയുപേക്ഷിച്ചേശുവിനായ് മരണം-സ്നേഹിച്ച
സഹദേന്മാരെ സദാ-കാ-ലം
സ്മരണം ചെയ്വതു-ന-ന്നേ-റ്റം.

തൂക്കപ്പെട്ടു മരത്തിൽ വിലാവുതുറ-ന്നാച്ചവളം

രക്തം വെള്ളമൊടൊഴുകും മ്ശീഹായെ-സഹദേന്മാർ
കണ്ടങ്ങോടി മരി-പ്പാ-നായ്
കർത്താവിൻ പേർ-ക്കെല്ലാ-രും.

**അനുതാപം**

വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ-കാണുന്നു
വെളിവീയടിയാരഖിലാധാരമതാം-വെളിവും നീ
കാന്ത്യാ ഞങ്ങളെ നീ-താ-തൻ
കതിരേ ശോഭിപ്പി-ക്കെ-ന്നും.

വെളിവിൻതട്ടിൽ വസിക്കും പുണ്യനിധേ! പരിശുദ്ധാ!
വേണ്ടാ കഷ്ടത വീൺചിന്തയുമടിയാരിന്നൊഴിക്ക
സൽക്രിയകൾക്കുമനോ-ശുദ്ധ്യാ
സംഗതി വരണേ ഞ.-ങ്ങ-ൾക്ക്.

ഹാബേലിൻ കുഞ്ഞാടും നോഹയുടെ കാഴ്ച്ചയതും
അബ്രാഹാം തൻ ബലിയും കൈക്കൊണ്ട കർത്താ-വേ!
നോമ്പും! പ്രാർത്ഥനയും - കൈ-ക്കൊ-
ണ്ടൻപാലടിയാരേ-കാ-ക്ക.

മോചനമതിനായ് പാപികളേ! വരുവിൻ-യാചി-പ്പിൻ
മുട്ടുന്നോർക്കു തുറന്നിടുമേ നാഥൻ-തൻ വാ-തിൽ
യാചിക്കുന്നോൻ പ്രാ-പി-ക്കും
അന്വേഷിപ്പോൻ കൈ-ക്കൊ-ള്ളും.

**പരേതർ**

കർത്താവേ നിൻ രക്തശരീരങ്ങൾ - കൈക്കൊണ്ട്
ഭക്തരതായി മരിച്ചോർക്കരുളണമേ നല്ലോർമ്മ
നിന്റെ മഹത്വമുദി-ക്കും-നാൾ
നിൽക്കണമവർ വലഭാ-ഗ-ത്തിൽ.

**മൊറിയോ...**

## എത്രോ

കർത്താവേ! തിരുമുമ്പാകെ ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം മൂലം തിരുഹിതം പ്രീതിപ്പെടുമാറാകണമെ. ഇതിനാൽ നിന്റെ സേവകരും മാതാവും ബഹുമാനിക്കപ്പെടണമെ. ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളാവേ! നിന്റെ ശരണത്തിന്മേൽ നിദ്രപ്രാപിച്ച വിശ്വാ-സികളായ മരിച്ചുപോയവർ ഇതിനാൽ പുണ്യമാക്കപ്പെടുകയും ചെയ്യണമേ. **മോറാൻവാലോഹാൻ...**

## കോലോകൾ

(ബ്സപ്രൊന്കാദെം ലസ്ലൂസോ )

*പെത്ഗോമൊ: സമ്പന്നരുമഗതികളും ഒരുപോൽ*

അബ്രാഹാം ബലിനൽകിയപോ-ലുഷസ്സിൽ പ്രാർത്ഥിപ്പാൻ നിൽക്കാം
നാഥാ-ഗമനപ്പുലരിയിൽ നാം - മിശിഹാ-യെക്കാണും
ഉത്തമസത്തമഭൃത്യന്മാർ - ശാന്തിയൊടാഗതാരായ് രാജ്യം
ജീവ-ൻ പ്രാപിപ്പിനെന്നു - നാഥ-നുര ചെയ്യും. **ബാറെക്മോർ**

**ശുബഹോ... മെനഓ...**

ന്യായസ്ഥനെ തുണചെയ്യും - ത്രിത്വത്തിനു സ്തുതിയെന്നേക്കും
പാപ-ക്ഷമയടിയാർക്കേകും - ത്രിത്വത്തിനുസ്തോത്രം
നിൻ വിശ്വാസിയിലൊരുനാളും - കൂരിരുൾ വാഴില്ലവനിൽ നിൻ
പ്രഭയെ-ന്നും വാസം ചെയും - നാഥാ - സ്തോത്രം തേ!

### ദൈവമാതാവ്

താതനിൽ നിന്നുടയോനുദയം - മറിയാമീന്നും രക്ഷകനും
ബേത്ലേ-മിൽനിന്നും പൂപം, ജാതി-ക്കുളവായി
സുതനെ അയച്ച പിതാവന്ദ്യൻ, അവനെ പ്രസവിച്ചോൾ ധന്യ
കൈക്കൊ-ണ്ടാസഭ ഭാഗ്യവതി, സ്തോത്രം-പാടുന്നു.

ദൈവകുമാരനു മാതാവായ്, തീർന്നൊരു മറിയാം ഭാഗ്യവതി
എന്നോ-തുന്നു ജാതികളും വംശങ്ങളുമെല്ലാം
അവനവളിൽനിന്നുദയം ചെയ്-തെങ്കിലുമവളുടെ വ്രതമുദ്ര
ഭദ്രം - തൽ സ്മൃതി പുകഴന്നു, വാനി-ൽ ഭൂമിയിലും.

### പരിശുദ്ധന്മാർ

നാനാദിശകളിലേക്കായി, വൈദ്യന്മാർ പന്തിരുപേരെ
നാഥ-നയച്ചന്നവരോടായ് അരുളി-ച്ചെയ്തേവം
ദുർഭൂതങ്ങളെ നീക്കിടുവിൻ - രോഗാർത്തർക്കേകുക സൌഖ്യം
വിലകൂടാതെ ലഭിച്ചതുപോൽ ദാനം - ചെയ്തീടിൻ.

തൻകനിവാലെ ദയചെയ്വാൻ, കർത്തനൊടർത്ഥിക്കുക, ഞങ്ങൾ
പേർക്കാ-യി സഹദേന്മാരെ! ശിക്ഷ-യിൽ നിന്നെങ്ങൾ
അന്ത്യദിനത്തിൽ രക്ഷിതരായ്, ജയമുടി നിങ്ങൾ ചൂടുമ്പോൾ
ഞങ്ങ-ൾ കണ്ടാമോദിപ്പാ-നർഹ-തയേകണമേ.

### ഏക പരിശുദ്ധൻ

മഹിമയെഴും മോർ (........) - ധന്യ പിതാവേ ഭാഗ്യം തേ!
ലോക-മോദത്താലങ്ങ് പങ്കി-ലനായില്ല

കെണികളിൽ നിന്നും കുരികിൽപോൽ, വിജയസ്ഥാനെ രക്ഷിതനായ്!
ഭൂവാ-നങ്ങളിൽ നിൻസ്മരണ ആഘോ-ഷിതമിന്നും.

**അനുതാപം**

ദുരിതപ്പാഴ്ക്കുഴിയിൽ നിന്നും - നാശപ്പാഴ്ച്ചെളിയിൽ നിന്നും
ഭീക-ര കൂരിരുളിൽ നിന്നും രക്ഷി-ക്കുക നാഥാ
ന്യായത്തീർപ്പുണ്ടാകുമ്പോൾ, സഹദേന്മാർ മുടിയണിയുമ്പോൾ
അവരൊ-ത്താമണിയറ പൂകി സ്തുതി പാടട്ടെങ്ങൾ.

'അനുതാപത്തിനു പാപികളെ-യല്ലാതമലരെയാഹ്വാനം
ചെയ്യാനല്ലാഗതനായ് ഞാൻ' ചൊന്നേ-വം നാഥൻ.
'ഉൽഘാടിതമാണാവാതിൽ - തേറുക പാപികളെ ജീവൻ
പ്രാപി-പ്പിൻ നിങ്ങടെ മൃതിയിൽ പ്രീതി-യെനിക്കില്ല'.

**പരേതർ**

'ദൈവസുതർ നാമാകാനാ - യായുഷ്കാലത്തിൽ ചൊല്ലി
ത്തന്നാ-താതരെയോർക്കേണം - ഈ ന-ശ്വരധരയിൽ
അക്ഷയരാജ്യ ദൈവസുതൻ, നയവാന്മാരമലന്മാരൊ-
ത്താശ്വാ-സമവർക്കേകീടും - എന്നെന്നേക്കായി.

## കുക്കിലിയോൻ

(മേലായ് സുസ്മൊറിയോ)

എൻ വാക്കുകൾ കേട്ടെൻധ്യാനം ശ്രദ്ധിക്ക ഹാ(ആ)ലേലുയ്യാ
എൻ ദേവാ, നൃപതേ എൻ സങ്കടനി-നദം കേൾക്ക.

ഉഷസ്സിൽ തിരുമുമ്പിലൊരുങ്ങിവരും ഞാൻ ഹാ(ആ)ലേലുയ്യാ
പിഴയിൽ പ്രീതിയെഴാത്തൊരു ദൈവം നീ.

**ബാറെക്മോർ. ശുബഹോ... മെനഓ...**

## എക്ബൊ

(ബ്നായൊ ദാബോ)

സ്വർഗ്ഗസ്ഥപിതാവിൻ സുതരെ!
ദൈവാജ്ഞകളനുവർത്തിപ്പോ-രെ!
സ്തുതി പാടി സ്തോത്രം ചെയ്വിൻ
സതതം തന്നെ കീർത്തിപ്പിൻ.

**സ്തൌമെൻ... കുറിയേ...**

## കോലോകൾ

ഉഷസ്സിൽ, സിംഹക്കുഴിയീന്നും, ദാനിയേൽ പ്രാർത്ഥിച്ചല്ലോ
ആഴിയടിത്തട്ടിൽ നിന്ന് - യൌനാ-നർത്ഥിച്ചാൻ
ദാനീ-യേലേ കുഴിയീന്നും, യോനയെയാഴിയതിൽ നിന്നും
രക്ഷിച്ചോനെ ദുഷ്ടനിൽ നിന്നേകു-കരക്ഷ, ദയചെയ്ക.

**ബാറെക്മോർ. ശുബഹോ... മെനഓ...**

ആദാമ്യരുടെ വേദനകൾ-ക്കെല്ലാം സൌഖ്യമതേകാനാ-
യാഗതനായൊരു സ്വർഗ്ഗീയ - ഭിഷഗ്വ-രനെ സ്തുതി തേ!.
കുഷ്ഠാരിഷ്ടർ നിർമ്മാലരായ് - കണ്ണുതെളിഞ്ഞന്ധരുടെയും
പാദം കൂപ്പിയ പാപിനിയോ - പാപ-വിമുക്തയുമായ്.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

(പ്താഹ് ലാൻ മോറാൻ)

കർത്താവേ! നിന്നൻപേറുന്നൊരു വാതിൽ തുറന്നി -
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ ദയചെയ്യേണം

പ-കൽ പോലടിയാൻ നിന്നാൽ ശോഭിതനായിത്തീർന്ന്
അത്ഭുതപൂർവ്വം സ്തുതിയർപ്പിപ്പാൻ ദയചെയ്യേണം
ഈശാ തെ സ്തുതിയുഷസ്സിൽ പാടാനെഴുന്നേൽപ്പിക്ക
ദിനമിതുമുഴുവൻ നിൻ കൽപ്പനകൾ ധ്യാനിക്കും ഞാൻ.

(ഹൊത് ഈൻ സപ്രൊ)

ഉഷസ്സുകൾ നി-ങ്ക...ൽ, പരിമളധൂപ-മർപ്പിക്കുന്നു...
അങ്ങേയ്ക്കഴകാം..., സ്തോത്രം ഞങ്ങ-ളുമർപ്പിച്ചീടും...
തിരുകൽപനയാ...ൽ, നിദ്രയതിവരിൽ-നിന്നും നീങ്ങി...
നീക്കുകയിവരെ..., പീഡിപ്പിക്കും - പാപത്തേയും...

പുലരിയിൽ സൃഷ്ടിയെ ശോഭിപ്പിക്കും പ്രഭയാം ദേവാ
നിൻകൃപയെ സ്തുതി ചെയ്‌വാനായ് മന-വെളിവേകേണം.

## പ്രഭാത സ്തുതിപ്പ്

**കർത്താവേ! നിനക്കു സ്തോത്രം ചെയ്യുന്നതും,** ഉന്നതപ്പെട്ട നിന്റെ നാമത്തിനു പാടുന്നതും, പ്രഭാതകാലത്തു നിന്റെ കൃപയെയും, രാത്രികാലങ്ങളിൽ നിന്റെ വിശ്വാസത്തെയും അറിയിക്കുന്നതും എത്രനല്ലാതാകുന്നു. കർത്താവേ! പ്രഭാതസമയത്തു എന്റെ ശബ്ദം നീ കേൾക്കണമെ. പ്രഭാതസമയത്തു ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടു-

മാറാകണമേ. കർത്താവേ! നിന്റെ ജനങ്ങളോട് കരുണചെയ്യണമെ. കർത്താവേ! ഞങ്ങൾ എല്ലാവരുടെയും പാപങ്ങളെ പരിഹരിച്ചു ക്ഷമിക്കണമെ. പരിശുദ്ധനേ! നിന്റെ വലകൈ ഞങ്ങളുടെ മേൽ ആവസിപ്പിച്ചു നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ രോഗത്തിൽ നിന്നു ഞങ്ങളെ സൌഖ്യമാക്കണമേ.

**കൌമാ**

## തിങ്കൾ മൂന്നാം മണി നമസ്കാരം

**കൌമാ**

### കോലോകൾ

(ആബൂൻ ദ്ബശ്മായോ അനീലാൻ)

ഉത്തരമരുളുക സ്വർഗ്ഗപിതാ വിളിചെയ്യുന്നെങ്ങൾ
തുണയേകാൻ കഴിവുള്ളോനായ് താതൻ വേറില്ലാ.
ഇല്ലായ്മയിൽ നിന്നടിയരെയുളവാക്കി
നശിപ്പിക്കരുതേ, ക്രോധത്താലധുനാ,
നിന്നാജ്ഞ്കളുപദേശിക്ക - പാലിക്കും ഞങ്ങൾ
ഉത്തമചര്യകളാൽ നിന്നെ, പ്രീണിപ്പിച്ചീടും
ഹാ- ദയചെയ്യുക കനിവാൽ. **ബാറെക്മോർ**

**ശുബഹോ... മെനഓ...**

പേരിൽ നിന്റേതായ് മേവി വൃത്തികൾ മൂലം ഞാൻ
നിന്നിൽനിന്നകലെപ്പോയി ദുഃഖിക്കുന്നടിയാൻ
അനുതപിക്കാനായ് മോഹമെനിക്കുണ്ട്
മത്സരബുദ്ധി രോധിക്കുന്നെന്നെ
ഉപദേശം നൽകുന്നോൻ ഞാൻ പഠിക്കുന്നില്ലോട്ടും
ദാഹം തീർക്കുന്നുണ്ടടിയാൻ ദാഹിക്കുന്നല്ലോ
തിരുരക്തത്താ-ലെൻ ദാഹം തീർക്ക.

**മൊറിയോ...**

### മോർ യാക്കോബിന്റെ ബോവൂസോ

(ബോഎനോമോർ)

നാഥാ നിന്നെ ഞങ്ങൾ വിളിക്കുന്നാഗതനായി
തുണയേകണമെ യാചന കേട്ട് ദയചെയ്യണമേ.

അങ്ങേബന്ധത്തീന്നിവനന്യനായ് തീരരുതേ
കന്മഷമെന്നെ ദൂരെ സ്നേഹം ചാരെയുമാക്കി.
പാപം നിർദ്ദയമെന്നെ മഥിച്ചു തകർത്താനേറ്റം
വിജ്ഞൻ നീയിന്നെൻ വൃണമെല്ലാം സുഖമാക്കണമെ.

ദുഷ്ടൻ കെണിയിൽ വീഴിച്ചെന്നെ ഞെരുക്കീടുന്നു
കെണിപൊട്ടിച്ചിട്ടവനിൽനിന്നും നീക്കുക നാഥാ
തെറ്റിയജത്തെ തേടിയിറങ്ങുക നല്ലജപാലാ
ജീവനെടുക്കും ദുഷ്ടൻ പക്കൽ വിട്ടീടരുതേ.

ഉത്തരമരുൾക അരുൾക ദേവാ - കനിയണമെന്മേൽ
അനുതാപത്തിനു - മാനുഷഹൃദയം - തിരിപ്പിക്കണമെ.

**കൌമാ**

✠ ✠ ✠

# തിങ്കൾ ആറാം മണി നമസ്കാരം

**കൌമാ**

**കോലോകൾ**

(കൊയ്മോ മറിയാം ബെസ്കെൻശെ)

മറിയാം ദൈവാത്മാജനെ പേറിക്കൊണ്ട്
നിൽക്കുന്നാൾ ജനമദ്ധ്യത്തിൽ സൃഷ്ടി-
യെയെല്ലാമാംഗ്യത്താൽ പോറ്റുന്നോന്
ആദരവാൽ സ്തന്യം നൽകി ഹാ- പ്രാർത്ഥന തുണയാം.

**ബാറെക്മോർ. ശുബഹോ...**

സഹദേർ, പരിശുദ്ധന്മാരോർമ്മയതിങ്കൽ
മോദിക്കും ഭൂവാനങ്ങൾ വാനോർ
മാനവരും പാടും സ്തുതിയെന്നേക്കും
നിങ്ങളിൽവാഴും ബലവാനായ് ഹാ- പ്രാർത്ഥന തുണയാം.

**മെനഓ...**

ബാബേൽ തീച്ചൂളയിലാ ബാലകരുടെമേൽ
വീഴ്ത്തിയ പനിനീരെങ്ങൾതൻ വിഗതർ-
മേലും വീഴ്ത്തിത്തീജ്വാലയിൽ നിന്നും
രക്ഷിച്ചീടണമവരെ നീ ഹാ- ജീവൻ നേടും.

**മൊറിയോ...**

## മോർ ബാലായിയുടെ ബോവൂസോ

മാതാ-കാദീശന്മാർ തൻ പ്രാർത്ഥനയാൽ
അരുളടിയാർക്കും മൃതരായോർക്കും പുണ്യം.

വാഴ്‌വായ് തീരണമേ മറിയാമ്മിന്നോർമ്മ
അവൾ പ്രാർത്ഥനയാത്മാക്കൾക്കായും കോട്ട.

നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാരെ
ഞങ്ങൾക്കായ് കൃപ യാചിപ്പീനെല്ലാരും.

നിൻ ശരണത്താൽ മൃതരാം ഭ്രാതൃപിതൃകൾ
മേലാനന്ദപ്പനിനീർ നീ വീഴ്ത്തേണം.

മാതൃസ്മരണയുണർത്തി സിദ്ധരെയേറ്റി
മൃതരെ വാഴ്ത്തീടുന്നവനായി സ്തോത്രം.

മാതാ കാദീശന്മാർ തൻ പ്രാർത്ഥനയാൽ
അരുളടിയാർക്കും പുണ്യം മൃതരായോർക്കും.

## മോർ സേവേറിയോസ് പാത്രിയർക്കീസിന്റെ മാനീസൊ

**(വി. കുർബാനയിൽ സംബന്ധിക്കാത്ത ദിവസം മാത്രം ഈ മാനീസാ ചൊല്ലണം)**

നിൻ മാതാവു വിശുദ്ധന്മാ-രെന്നിവർ തൻ പ്രാർത്ഥനയാൽ, സ്വർഗ്ഗ-പിതാവിന്നേകസുതാ! വചനമതാം രാജാധീശാ! നിന്നെ വാഴ്ത്തും ഞാൻ, സഹജമതായ് മൃതിരഹിതാ! കാരുണ്യത്താൽ മർത്ത്യന്മാർ തൻ, വർഗ്ഗത്തിനു മുഴുവൻ ജീവനതും രക്ഷയുമേകാനാഗതനായ്, വിമലത ശുചിയെന്നിവയുള്ള, മഹിമാവിയലും, ദൈവജനിത്രി കന്യകയാം മറിയാമീന്നും ഭേദമതെന്യേ മാനവനായി ക്രൂശിതനായ ഞങ്ങൾക്കുടയോനാം മശിഹാ! നിജമൃതിയാലിവർ തൻ മൃതിയെ മെതിച്ചു നിഹനിച്ചോനേ! അപ്പരിപാവന ത്രിത്വൈകാ! സ്വപിതാവോ-ടൊപ്പം ജീവനെഴും റൂഹ്ക്കുദിശാ സഹിതം വന്ദിതനേ! പരികീർത്തി-തനേ! കൃപചെ-യ്യേ-ണം.

**കൌമാ**

വിശ്വാസപ്രമാണം **(പേജ് 15)**

(പേജ് 15)

# തിങ്കൾ ഒമ്പതാം മണി നമസ്കാരം

**കൌമാ**

## കോലോകൾ

(കുൽ ആനീദെ)

സ്നാനംമൂലം-നിന്നെ ധരിച്ചും നിൻതിരുഗാത്രം
ഭ-ക്ഷിച്ചും നി-ൻ ര-ക്തം പാനം ചെയ്തും ശ-രണ-ത്താൽ
നി-ദ്രിതരായോർ-
ക്കേകണമിഹപരലോകത്തിൽ ശാന്തീ-സൽസ്മരണം-നാഥാ!

**ബാറെക്മോർ. ശുബഹോ... മെനഓ...**

ആദാമിൻ സൃഷ്ടാവും സുതനും നാഥ-നുമാ-യോൻ
മൃ-തലോകത്തിൽ ദ-ർശിച്ചവനെ ചൊന്നാ-നേ-വം
വന്നീടും ഞാൻ
പുനരുത്ഥാനം നൽകീടും അവകാശത്തിൽ നീ-പൂ-കും.

**മൊറിയോ...**

## മോർ ബാലായിയുടെ ബോവൂസോ

കരുണ നിറഞ്ഞവനെ, പുനരുത്ഥാനത്തിൽ... **(പേജ്: 2)**

**കൌമാ**

✠ ✠ ✠

# ചൊവ്വാ സന്ധ്യാ നമസ്കാരം

**കൌമാ**

പ്രാരംഭ പ്രാർഥന **(പേജ്: 3)**

**കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ...** **(പേജ്: 3)**

## എക്ബോ

(സ്ലീമൊറിയോ)

അൻപോടെൻ യാചന കേട്ട്
നാഥാ! ഉത്തരമരുളണമെ
പ്രാർത്ഥന ശുശ്രൂഷകളലിവാൽ
അൻപൊടു കൈക്കൊള്ളണമേ നീ.

**സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ

അനാദ്യന്തനും സകല വർഗത്തിന്റെയും സൃഷ്ടാവുമായ കർത്താവിന് സ്തുതി. നിന്റെ സ്വരൂപത്തിൽ നീ മനുഷ്യനെ സൃഷ്ടിച്ചു. അവൻ പാപം ചെയ്ത് വീണപ്പോൾ എഴുന്നേൽക്കുന്നതിനു സകലത്തിന്മേൽ നീ അധികാരിയും നീ സകലത്തേയും പരിശോധിക്കുന്നവനുമാകുന്നു എന്ന് അറിഞ്ഞ് നിന്നിലേക്ക് തിരിയുന്നതിനും അവന്റെ സന്താനങ്ങൾ നഷ്ടപ്പെട്ടുപോകാതെ ഇരിക്കുന്നതിനുമായി നിന്നാൽ അവന് നീ അച്ചാരം നൽകി. ദൈവമേ! നീ ഇപ്പോൾ ഞങ്ങളുടെ അപേക്ഷയുടെ സ്വരത്തെ കേൾക്കണമേ. ഈ സമയത്തും... **ബ്കുല്ഹൂൻ... ആമ്മീൻ.**

## സെദറാ

അത്യുന്നത സുഗന്ധവാസനായ ദൈവമേ! നിനക്ക് സ്തുതി. നിന്റെ കല്പന മുഖാന്തിരം അഗ്നിയാൽ പരിശോധിക്കപ്പെട്ട് നിന്റെ ദൈവത്വത്തിനു ധൂപത്താൽ സമർപ്പിക്കപ്പെടുവാൻ ഭൂമിയിൽനിന്ന് നല്ല മൂല്യങ്ങളെയും സുഗന്ധ വർഗ്ഗങ്ങളെയും നീ സൃഷ്ടിച്ചു. അവ നിനക്ക് ആവശ്യമായിട്ടല്ല, എന്നാലോ ഞങ്ങളുടെ പരിമളധൂപം മുഖാന്തിരം ഞങ്ങൾക്കു പാപപരിഹാരമുണ്ടാകുവാൻ ഞങ്ങളുടെ ആവശ്യത്തിനായിട്ടത്രെ. കർത്താവേ! ഞങ്ങൾക്ക് നിന്റെ കരുണയാലും മനോഗുണത്താലും ഞങ്ങളുടെ സ്തോത്രങ്ങളും പ്രാർത്ഥനകളും നിന്റെ പ്രീതിക്കും ഞങ്ങളുടെ പുണ്യത്തിനും ആയി നീ കൈക്കൊള്ളണമെ. ഞങ്ങളുടെ ധൂപം നിന്റെ പള്ളികൾക്കും ദയറാകൾക്കും പുരോഹിതന്മാർക്കും ബലിപീഠങ്ങൾക്കുവേണ്ടിയും നിന്റെ ബഹുമാനത്തിനു സമർപ്പിക്കപ്പെടുന്നു. വെടിപ്പുള്ളവളും ശുദ്ധിമതിയും രണ്ടാമത്തെ സ്വർഗ്ഗമായിത്തീർന്ന നിന്നെ വഹിച്ച നിന്റെ മാതാവായ കന്യകമറിയാമിന്റെ അപേക്ഷകളാലും, നിബിയന്മാരുടെയും, ശ്ലീഹന്മാരുടെയും, സഹദേന്മാരുടെയും, മൗദ്യാനന്മാരുടെയും, ബ്രഹ്മചാരികളുടെയും, വിനീതരുടെയും, നോമ്പുകാരുടെയും, വിലാപക്കാരുടെയും, ഒനുവോയക്കാരുടെയും പ്രാർത്ഥനകളാലും ഞങ്ങളോടു കരുണ ചെയ്യണമെ. തിരുശരീരരക്തങ്ങളിൽ സംബന്ധിച്ചവരായി നിന്റെ ശരണത്തിന്മേൽ നിദ്രപ്രാപിച്ച വിശ്വാസികളായ മരിച്ചുപോയവർക്ക് നല്ല ആശ്വാസവും മഹത്ത്വതരമായ പുനരുത്ഥാനവും നൽകണമെ. അങ്ങനെ ഞങ്ങളും അവരും നിന്റെ വലത്തുഭാഗത്ത് നിൽക്കുകയും നിന്റെ കരുണ ദർശിക്കുകയം ചെയ്യുമാറാകണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. **ഹോശോ... ആമ്മീൻ.**

## കോലോകൾ

(കാബേലൊയ്മോർ)

*പെത്ഗോമോ: സ്വർഗ്ഗത്തിലുമിങ്ങൂഴിയിലും*
ജനതയിൽനിന്നും-മൃതിനീക്കാ-നഹറോനർപ്പിച്ച ധൂപംപോ-
ലിവർ ധൂപം നീ കൈക്കൊൾക.

**ബാറെക്മോർ. ശുബഹോ... മെനഓ...**

പിതൃവലമതില-മരും പുത്രാ, സ്തോത്രം ഈറേ-ർ ദൂതന്മാർ
കാദീശ് കാദീശ് പാടുന്നു.

**ദൈവമാതാവ്**

ദൈവജനനീ-കന്യകയെ, നിൻ മഹിമാച-രിതം പാടാ-
നെൻവദനത്തിനു കഴിവില്ല.

ദൈവജനനീ-മറിയാമെ, നിർമ്മലകന്യേ ക്രൂബരഥം
നിന്നോടുപമിപ്പാൻ പോരാ.

**പരിശുദ്ധന്മാർ**

നിബിയർ ശ്ലീഹ-ർ സഹദേന്മാരവരോ സ്മരണാർഹർ
അവരർത്ഥന ഞങ്ങൾക്കഭയം.

അഗ്നിപ്പാലം-വഴിയുയരെ പോയോർ സഹദേ-ർ പ്രാർത്ഥിപ്പിൻ
പാപാബ്ധിയിൽ മുഴുകാതെങ്ങൾ.

**അനുതാപം**

ചൊന്നാൻ നാഥ-ൻ പാപികളെ, തേറുകമണവാളാഗമനെ
മണിയറ നിങ്ങൾ പൂകീടും.

കരുണാനിധിനി-ന്നാഗമനെ വിമലരുടൊപ്പം നിൽപ്പാനും
സ്തുതി പാടാനും കൃപനൽക.

**പരേതർ**

ത്രിത്വമതേറ്റു-പറഞ്ഞവരാം മൃതരെ നാഥാ-നിൻവരവിൽ
നിൻവലഭാഗം നിർത്തണമെ.

**മൊറിയോ...**

**എത്രോ (പേജ് 7)**

## കോലോകൾ

(ഹ് വീലോല്നപ്ശ്)

*പെത്ഗോമൊ: എൻ രക്ഷാധിപനാം നാഥാ!*
എന്നാത്മാവിനു പാലകനായ് നീ നിൽക്കേ-ണം നാഥാ!
കെണികളിലൂടെ മോഹങ്ങളിലേക്കോടു-ന്നനിശം ഞാൻ

നരരിൽ പ്രീതാ - കൃപയാലെ പിഴകളിൽ നിന്നും - ദയയോടെ രക്ഷിക്കേ-ണമെ-ന്നെ.

**ബാറെക്മോർ. ശുബഹോ...**

നിൻമഹിമയ്ക്കായ് നിർമ്മിതരാമാ വാനോ-ർ തൻഗണവും
നിൻരൂപത്തിൽ സൃഷ്ടികളാകം മാന-വ സഞ്ചയവും
ഗഗനം ഭുവനം - കീത്തിക്കും, കരയും കടലും, - സൃഷ്ടാവാം.
നിന്നെ എ)-ന്നേക്കും.

**മെനഗാ...**

## ദൈവമാതാവ്

മറിയാം സവിധം ജവമവനെത്തി വാനോ-ൻ ഗബ്രിയേൽ
ശ്ലോമ്മോ നൽകീട്ടവളോടോതി നാഥ-ൻ നിൻകൂടെ
സർവ്വസൃഷ്ടി-രക്ഷകനാം നാഥൻ നിന്നിൽ നന്നുദയം
ചെയ്തീടും-ലോ-കെ.

നിൻതിരുപ്രസവം കന്യേ! മുൻചൊന്നാമോ-സ്സിൻതനയൻ
പൂർവ്വികനാകുന്നമ്മനുവേലെ പെറ്റോ-രു നിർമ്മലയെ
നരനായ്ത്തീർന്നാ-ദൈവത്തെ പ്രസവിച്ചല്ലോ - കന്യകയെ
കന്യാത്വ-ത്തി-ൽ നീ.

## പരിശുദ്ധന്മാർ

തിരുസഭയെത്തൻ കരതലമതിലായ് പണിതോ-ൻ നീ ധന്യൻ
നിബിയർ ശ്ലീഹർ, സഹദേരിവരെയാധാരവുമാക്കി
ജാതിയെയെല്ലാം - കൂട്ടിയതിൽ സ്തുതിപാടുന്നു - അവരിരവും
പകലും തേ-നാ-ഥാ!

രക്ഷകനെ പ്രതി കൊല്ലപ്പെട്ടോർ സഹദേർ-നൽരുധിരം
പരിമളധൂപം പോലവർ ചിന്നി സിംഹാ - സനമുമ്പിൽ
പ്രാർത്ഥിക്കണമെ ലോകത്തി-ലൈക്യം ശാന്തി - സ്ഥാപിപ്പാൻ
കർത്തനൊടായ് നി-ങ്ങൾ.

## ഏക പരിശുദ്ധൻ

ഭണ്ഡാരത്തിൽ നിന്നൈശ്വര്യം വേണ്ടുന്നവരെല്ലാം
ജാഗരണത്താൽ, പ്രാർത്ഥനയാലും നോമ്പാ-ലും നല്ല
മാതൃകയേകി-യ, നിന്നൊടു സാമ്യം പ്രാപിപ്പാൻ മോർ (....)
സംഗതിയാകേണമെ.

## പരിശുദ്ധ സഭ

സുതനുടെ നിനദം കാവലതായൊരു സഭയേ-തേ ഭാഗ്യം
നരക-കവാടം നിന്മേലിനിമേൽ പ്രബല-പ്പെടുകില്ല

തിരുതനുരുധിരം-പുണ്യത്തിനു നിൻ-മക്കൾക്കായ്
നൽകിയവ-ൻ സ്തു-ത്യൻ.

### അനുതാപം

പാപവിമുക്തിക്കായ് നിൻ കരുണാ-വാതിൽ മുട്ടന്നേൻ
ദുഷ്ടൻ ജീവപ്പാതയിലെന്നെച്ചതിയാ-ൽ തടയുന്നു
സ്തുതിയിൽ നിന്നെ-ൻ വദനത്തെ, പള്ളിയിൽ നിന്നെ-ൻ
കാൽകളെയും
തടയു-ന്നൻപേ-ക.

താതൻ കതിരെ, വഞ്ചനനിറയയന്നുലകി-ൽ നിൻകൃപയെ
സ്തോത്രം ചെയ്യാനെൻ നയനങ്ങൾ വെളിവാക്കീടണമെ
പുലരിപോയ്പ്പോ-യ്! കേണില്ലേൻ, പാപം നിൽക്കു-ന്നു
സന്ധ്യയുമായ്
ദയ ചെയ്യു-ക നാഥാ.

### പരേതർ

സ്നാനംമൂലം - നിന്നെ ധരിച്ചും നിൻതിരുഗാ-ത്രം
ഭക്ഷിച്ചും നിൻ രക്തം പാനം ചെയ്തും ശരണത്താൽ -
നിദ്രിതരായോർ-
ക്കേകണമിഹപര ലോകത്തിൽ ശാന്തി സൽ-
സ്മരണം നാഥാ!

## കുക്കിലിയോൻ

(ബറെക് നപ്ശ്)

ഈശനെ വാഴ്ത്തുക എന്നാത്മാവേ ഹാ-
എന്നന്ഥികളവൻ നാമം വാഴ്ത്തട്ടെ.

നിൻ തിന്മയവൻ മായിച്ചീടും ഹാ-
നിൻ രോഗങ്ങൾ സുഖമാക്കും.

**ബാറെക്മോർ. ശുബഹോ... മെനഓ...**

## എക്ബോ

(ഗോഎൻ ബീശെ)

ആ ധനികന്നൊപ്പം ദുഷ്ട-രഗ്നിയിൽനിന്നും-കേഴുന്നു
അംഗുലിയീന്നും ജലബിന്ദു യാചിച്ചിട്ടും-ലഭിച്ചില്ല
ഉത്ത-മനെ സത്തമസൂനു; പിഴക-ളിലേറെ നിൻകരുണ
നിൻപ്രതിരൂപം മേലഗ്നി, വാഴാൻ നൽകരുതെ-നാഥാ.

**സ്തൌമെൻ... കുറിയേ...**

## കോലോകൾ

(ബ്രീക്കുദ് യബ് ലാൻ)

ശാന്തം സന്ധ്യാ, വിശ്രമനിശയും, തന്നോ-ൻ സംപൂജ്യൻ
ക്ഷീണിതരപ്പോൾ വിശ്രമപുർവ്വം സ്തുതികൾ-പാടുന്നു
സദയം-സൃഷ്ടാ താതനും; ക്രൂശാൽ രക്ഷിച്ചാത്മജനും
പാവ-ന റൂഹായ്ക്കും.

**ബാറെക്മോർ. ശുബഹോ... മെനഓ...**

കിന്നരമേന്തി സ്തുതിപാടിടുവിൻ എ-ൻ സോദരരെ
റൂഹാമൂലം ദാവീദരചൻ വീണ-യെ മീട്ടിയപോൾ
ലോക-ത്തെങ്ങും സൽശാന്തി; ഐക്യം സ്ഥാപിപ്പാൻ നാഥൻ
തന്നോ-ടർത്ഥിപ്പിൻ.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

നാഥാ നിന്നെ-ഞങ്ങൾ-വിളിക്കു-ന്നാഗതനായി
പ്രാർത്ഥ-നകേട്ടി-ട്ടാത്മാക്കൾമേൽ-ദയ ചെയ്യേണം

ദൈവ-കുമാരൻ-ശോധനവിധികൾ-ക്കാഗതനാകും
വന്നീ-ടുന്നാ-ന്യായാധിപനോ-ഭീകരനാർക്കും
വിധിതീയാല,വനഗ്നിജ്വാല-ദണ്ഡേന്തീട്ട്
തീയാൽ മാറ്റും-ദുഷ്ട-രിൽനിന്നും-ശിഷ്ടന്മാരെ.

(കൂലെ ൽമോ)

സ്വ-ർണ്ണത്തെപ്പോൽ ലോകത്തെ താൻ ശോധനച്ചെയ്യും
കാണും കറയെ, പാവകനപ്പോൾ ദഹനം-ചെയ്യും
ദൈ-വസുതൻ തൻ വരവിനെയോർത്തു ഭയമാർന്നിടുവിൻ
ശീഘ്രം സർവ്വരു-മനുതാപത്തി-ലഭയം തേടിൻ.

എൻ മാലിന്യം നിൻ മുൻ സ്പഷ്ടം മിശിഹാ രാജാ
വി-ധി ചെയ്യുമ്പോൾ നാഥായെന്മേൽ, ദയചെയ്യേണം.

**മോറാനേശുമ്ശീഹ... (പേജ് 10)**

**കൌമാ**

# ചൊവ്വാ സൂത്താറാ

**കൌമാ**

## കോലോകൾ

(മൊറെദ്റം-ശോകാബേൽ)

സന്ധ്യാനാ-ഥാപ്രാർത്ഥ-ന ശുശ്രൂഷ; ധൂപം പോൽ
കൈക്കൊൾക തിരുമുമ്പിൽ
അർത്ഥനകൾ - കരളലിവാൽ - നൽകണമെ
ശ്രീഭണ്ഡാ - രത്തീന്നും ദയ നൽക.

**ബാറെക്മോർ. ശുബഹോ... മെനഓ...**

ജാഗരണോ-ത്സുകനെന്നും - ധന്യൻ താൻ
ബലമേറു - ന്നഭയമതാ - യ് തീർന്നീടും
ഭീകര വി - ധിനാളിലത് - മുഖ തെളിവാൽ
മിശിഹാസിം - ഹാസന സ - വിധം നിർത്തും.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

(റഹിംഹാത്തോയോ)

നാഥാ! നിന്നെ - ഞങ്ങൾ വിളിക്കു - ന്നാഗതനായി
പ്രാർത്ഥന കേട്ടി - ട്ടാത്മാക്കൾ മേൽ - ദയ ചെയ്യേണം.

ആനനമാകെ - ബാഷ്പം മൂലം - പ്രക്ഷാളി - തമായ്
വദനം വ്യാസനാൽ - ബന്ധിത പാപി - അധിസുഭഗൻതാൻ.
അനുതാപത്താ - ലക്ഷിയിലൊഴുകും - ബാഷ്പകണങ്ങൾ-
ക്കൊപ്പം മോഹ - നമല്ലിഹ നൂനം - രത്നക്കല്ലും.

അനുതാപത്തിൻ - ചിത്ര രചന - ക്കിഛരിപ്പോന്
ബാഷ്പസമാനം - നല്ലൊരുചായം - മറ്റൊന്നില്ല
അനുതാപത്തിൻ - പെരുന്നാളത്രേ - ബാഷ്പകണങ്ങൾ
മിഴിനീരാലെ - മോചനമേറ്റി - ട്ടാനന്ദിക്ക.

ഉത്തരമരുൾക - അരുൾക ദേവാ - കനിയണമെന്മേൽ
അനുതാപത്തിനു - മാനുഷഹൃദയം - തിരിപ്പിക്കണമെ.

**കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ**

**മസ്മൂറോകൾ, വിശ്വാസപ്രമാണം, ധൂപപ്രാർത്ഥന, ഹൂത്തോമോ (പേജ് 12 ...)**

# ചൊവ്വാ രാത്രി

**കൌമാ**

**ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ... (പേജ് 22)**
**രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ.. (പേജ് 22)**

**ബാറെക്മോർ. ശുബ്ഹോ... മെനഗാ...**

## എനിയോനോ

ഉണരുക പാപീ നീ - അവസരമുള്ളപ്പോൾ; അനുതാപാർത്ഥം
വേദന, ബാഷ്പത്താലെ നിൻ - കന്മഷമെല്ലാം മാ-യിക്ക

പാപവിമുക്തിക്കാ-യാഗ്രഹമുണ്ടെങ്കിൽ; വേഗത്തിൽ നീ
ദൈവത്തോടർത്ഥിച്ചീടുക - നിൻ കുറ്റമവൻ പോ-ക്കീടും

പാപത്തിൻ ദാസ്യ-ത്തീന്നും മാനുഷരെ; രക്ഷിച്ചോ-നാം
ശക്തൻ നീയേ സർവ്വേശാ - സ്തുതിയങ്ങേക്കെന്നും-നാഥാ

മണിയറവാതിൽ തുറ-ന്നീടും നേരത്ത് മിശിഹാരാ-ജാ
വിരുന്നിന്നുതകും വസനങ്ങൾ-കനിവാലേകുക സ-ർവ്വേശാ

എന്നിൽ നിഗൂഢകറ-യോർത്തു നടുങ്ങുന്നേൻ; ദയ ചെയ്യ-ണമെ
നരരിൽ പ്രീയൻ നീയല്ലോ - സ്തുതിതേ! നാഥാ! സർവ്വേശാ!

**ബാറെക്മോർ. ശുബാഹോ... മെനഗാ...**

നവമാം സ്തോത്രങ്ങൾ - നിർമ്മല കീർത്തനവു-മർപ്പിക്കുന്നു,
തിരുസവിധത്തിൽ കേഴുന്നു - സ്തുതിതേ! നാഥാ! സർവ്വേശാ!

**കുറിയേ... കുറിയേ... കുറിയേ...**

## ഒന്നാം കൌമാ

**(ദൈവമാതാവിന്റെ)**

## എക്ബോ

വിസ്മിതനായ് ഞാൻ - ചരിതം ചൊല്ലാൻ-കന്യാ ക്ഷണിച്ചാൾ
ദൈവകുമാരാ! അത്ഭുതദാതാ; ദാനത്താലെൻ വീണയുണർത്തൂ;
നിൻ ജനനീത-ന്നത്ഭുതപൂർണ്ണം -രൂപം ചേർപ്പേൻ.

**കുറിയേ... കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ! ...**
**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ സെദറാ

## കോലോകൾ

**(മോപ് എയും ദുക്റോനേക്)**

ഭാഗ്യവതി! നിൻ സ്മൃതിദിവസമതെത്ര മനോജ്ഞം
നിൻ തിരുനാളിൻ സുദിനമഹോ കാമ്യം സർവ്വത്ര
ദയാറാകൾ പള്ളികളും സ്തുതി പാടുന്നു
കരയും കടലും മോദത്തോടാർക്കുന്നു സ്തോത്രം
നിദ്രിതർ ഞ-ങ്ങൾക്കുണർവ്വേകുകയും;
സ്തുതി പാടാനർഹത നൽകുകയും
ചെയ്തോനെല്ലാരിൽ നിന്നും-സ്തോത്രം ഭുവിസ്വർഗ്ഗേ.

**ബാറെക്മോർ. ശുബഹോ...**

മറിയാമെ! നിൻ നാമം പുകഴുന്നെങ്ങും
കർത്തൻമാനിതയാം നിന്നെയാർ മാനിക്കുന്നില്ല!
രാജാധീശൻ വാണോരരമന നീ താൻ
വചനം ദേവേശനെയേറ്റ നവഗ-ഗനം നീ താൻ
തീജ്വാലക്കാലിംഗനമേകി-ഉഗ്രാഗ്നിക്കേകി സ്തന്യം നീ!
നിന്നിൽ നിന്നുൽഭൂതനവൻ സർവ്വേ-ശൻ വന്ദ്യൻ.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

**(മാനീ ഹോദെ ബ്സുൽത്തൊ)**

ശുദ്ധിമതിയെ നിന്നുടെ പ്രാർത്ഥന ഞങ്ങടെകൂടെ
നിൻപ്രാർത്ഥനയെ നാഥൻ കേട്ടു പുണ്യം നൽകും.

തലമുറതോറും പുകഴേറുന്നീക്കന്യകയാര്-
തമസ്സീലോകത്തിന്മേൽ വാഴാനിടനൽകാത്തോൾ?
മറിയാമ്മിന്റെ മുഖപത്മമഹോ ശോഭാപൂർണ്ണം
അവളുരചെയ്കേ-അധരങ്ങളിൽ നി-ന്നർക്കന്നുദയം!

ലോകധ്വാവിൽ ജീവനെയേകിയൊരാശൂശേപ്പാ
നമ്മുടെ പ്രാർത്ഥന ഈശന്നർപ്പിച്ചവൾ യാചിക്കും
നാഥൻ, പുത്രൻ, ദൈവവുമായോനോടർത്ഥിക്കും
അതിനായ് പീഡകളേറ്റൊരുലോകെ ദയ വർഷിക്കാൻ

ഒമ്പതുമാസം നിന്നെ വഹിച്ച ജനനിയെയോർത്ത്
ക്രോധദണ്ഡീ ഞങ്ങളിൽ നിന്നും നീക്കുക നാഥാ.

## രണ്ടാം കൌമാ

**(പരിശുദ്ധന്മാരുടെ)**

**കർത്താവിന്റെ ബഹുമാനം... (പേജ് 14)**

## എക്ബോ

**(ബ്രീക്കു ഹൈലോ)**

സഹദേർക്കെല്ലാം-ബലമേകിയൊരാ ശക്തൻ ധന്യൻ
അവരുടെ മൃതിദിനമാഘോഷിച്ചോൻ;
നാനാദിശയിൽ ബഹുമാനിച്ചോൻ,
അവർ തൻ ചിത്തെ-സ്നേഹത്തികവും-വച്ചോൻ ധന്യൻ.

**കുറിയേ... കുറിയേ... കുറിയേ...**

**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ സെദറാ

## കോലോകൾ

**(ഈൻഹാനോനോ മോറാൻ)**

നീതിഷ്ഠർ പീഡിതരായിത്തീർന്നിട്ടും നീ
എന്തേ മൌനം കാക്കുന്നു, കനിവേറും നാഥാ?
ഏശായാ ഛേദിതനായി, പീഡിത ദാവീദ്!
ദാനിയേലോ കൂപത്തിൽ, യൂഹാനോൻ വധിതൻ!
ദൈവാഗാരത്തിൽ സ്കറിയായും; ന്യായസ്ഥാനെ ശ്മൂനി സുതരും
പീഡിതരെ കരുതുന്നവനെ! കനിവാൽ ദയ ചെയ്ക.

**ബാറെക്മോർ. ശുബഹോ...**

ന്യായാധിപസവിധം സഹദേർ ചെന്നൊരുനേരം
ക്രൂശിതനാലാത്മായുധധാരികളായ് നിലകൊണ്ടാർ
വിശ്വാസത്താൽ ചിത്തം സുസ്ഥിരമാക്കി
ബഹുവിധപീഡകളേറ്റിട്ടും ഇളകാതവർ നിന്നു
ജയമിവിടെ, വാനിൽ ശ്രേഷ്ഠതയും
അവർ ഞങ്ങൾക്കാത്മാവിനു കോട്ട
അവരുടെ മറവിൽ ചേർക്കണമേ കരുണാമയനേശു!

**മൊറിയോ...**

## മോർ അപ്രേമിന്റെ ബോവൂസോ

കർത്താവേ! കൃപ ചെയ്യണമേ... **(പേജ് 25)**

## മൂന്നാം കൌമാ

**(അനുതാപം)**

**കർത്താവിന്റെ ബഹുമാനം... (പേജ് 14)**

## എക്ബോ

**(വോയ് ലീ ദഹവീസ്)**

സിദ്ധർ സഹിതം-പാർത്തിട്ടും ഞാൻ-വ്യർത്ഥനതായി!
അവരുടെ രീതി പഠിച്ചില്ലൊട്ടും!
അവരുടെയറകൾക്കന്യനുമായി!
തൻനിവഹത്തീ-ന്നെൻ പാപങ്ങളെന്നെയകറ്റി!

**കുറിയേ... കുറിയേ... കുറിയേ...**
**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ സെദറാ

## കോലോകൾ

**(ദാവീദ് ഹവ്ബാർഈശായ്)**

ഈശായ് സുതദാവീദ് - കീർത്തനമോതി
സുഖനിദ്രയിൽ നിന്നെന്നെയുണർത്തീട്ടുരചെയ്താനേവം
എന്തേ നീ നിദ്രിതനാകുന്നുത്ഥിതനാക
വിധിയാളൻ രജനിയിലല്ലോ കൈക്കൂലി വാങ്ങുന്നു
ഉത്ഥിതനായ് മോചനമർത്ഥിക്ക; ബാഷ്പത്താൽ സംപ്രീതൻ നാഥൻ
രാപകൽ വാതിൽ തുറക്കുമവൻ-അനുതാപിക്കായി.

**ബാറെക്മോർ. ശുബഹോ...**

എൻചിത്തമുണർത്തുക നിശയിൽ ദൈവകുമാരാ
കൃപനിധിനിന്നെ സ്തുതിചെയ്വാൻ-സ്തോത്രം പാടീടാൻ
പാപത്തിൻ ജലധിയിലെന്നെ താഴ്ത്തി നീചൻ
നിദ്രയിലെന്നെ വീഴ്ത്തുന്നു-നിൻസ്തുതി പാടായ്വാൻ
ഉത്ഥിതനായാരാധിപ്പാനും; നിൻ കനിവിലഭയം തേടാനും
നല്കുക ശക്തി മുഖതെളിവാൽ സ്തോത്രം പാടാനും.

**മൊറിയോ...**

## മോർ ബാലായിയുടെ ബോവൂസോ

ദുഷ്ടന്മാരിൽ കാരുണ്യം പൂണ്ടോനെ... **(പേജ് 27)**

**ഹാലേ... ഹാലേ... ഹാലേ... ദൈവമേ നിനക്കു സ്തുതി (3 പ്രാവശ്യം)**

**കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ... (പേജ് 27)**
**നാം ദൈവത്തിന്റെ മക്കളായി തീരുവാൻ... (പേജ് 27)**
**മറിയാം പറഞ്ഞതെന്തെന്നാൽ... (പേജ് 27)**

## മാവുർബോ ശീലുകൾ

വെടിപ്പുള്ളവളും, മഹത്വമുള്ളവളും സൗന്ദര്യപൂർണ്ണയുമായ പ്രകാശത്തിന്റെ മാതാവേ! ദൈവമാതാവായ കന്യകയായി നിന്നെ മാത്രമേ ഞങ്ങൾ അറിയുന്നുള്ളു. ഞങ്ങൾ എല്ലാവരും നിന്നെ പുകഴ്ത്തുന്നു.

മറിയാം അവളുടെ കൃപ നിമിത്തം രാജാധിരാജന് മാതാവായിത്തീർന്ന മാതാവേ! നിന്റെ പ്രാർത്ഥനകളാൽ ഞങ്ങൾ എല്ലാവർക്കും അനുഗ്രഹം ലഭിക്കുവാനായി മ്ശിഹായോടു നീ അപേക്ഷിച്ചു പ്രാർത്ഥിക്കണമെ.

തന്നോടുള്ള സ്നേഹത്താൽ രാജാധിരാജനു ബലിയായിത്തീർന്ന സഹദേന്മാരേ! നിങ്ങളുടെ പ്രാർത്ഥനകളാൽ ഞങ്ങൾ എല്ലാവർക്കും കരുണ ഉണ്ടാകുവാനായി മ്ശിഹായോടു നിങ്ങൾ അപേക്ഷിച്ചു പ്രാർത്ഥിക്കണമെ.

സകലത്തിന്റെയും നാഥാ! നിന്റെ രാജ്യത്തിന്റെ മേശയിങ്കൽ നീതിമാന്മാരുടേയും പുണ്യവാന്മാരുടേയും സംഘങ്ങളിൽ, നിന്നിൽ ശരണപ്പെട്ട് നിദ്രപ്രാപിച്ച നിന്റെ ദാസരുടെ ആത്മാക്കളെ വസിപ്പിക്കയും ആശ്വസിപ്പിക്കയും ചെയ്യണമെ.

**ബാറെക്മോർ. ശുബ്ഹൊ... മെനഓ...**

പിതൃപുതപരിശുദ്ധാത്മാവായ സത്യേകദൈവമേ, വിശുദ്ധ മൂന്ന് ക്നമാകളായി സാരാംശത്തിൽ സമമായിരിക്കുന്ന ശക്തിയായുള്ളോവേ! നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു.

**സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത്... (പേജ് 28)**
**ഉറങ്ങിയവരെ നിങ്ങൾ... (പേജ് 30)**
**ത്രിത്വത്തിനു സ്തുതി... (പേജ് 32)**

## കുക്കിലിയോൻ

നീതിമാൻ പനപോലെ...
ഒരുപോലിങ്ങും...

## കോലോകൾ

**(ഒസ് യോ അത്ത് ഹാക്കീമോ)**

മോർ (.......) വിശ്രുതവൈദ്യാ രോഗാർത്തർക്കായ്
സൌഖ്യം നൽകാനേകി നിനക്കീശന്നധികാരം
ഞങ്ങൾക്ക് നിൻ തിരുശേഷിപ്പഭയസ്ഥാനം
നിന്നർത്ഥനയാൽ പ്രാർത്ഥനകൾ സാധിതമാകട്ടെ
രോഗാർത്തർ സൌഖ്യം; വിഷമിപ്പോ-

രാശ്വാസമെന്നും നേടട്ടെ
ദൂരസ്ഥർ പ്രത്യാഗമനം, മോചനമെങ്ങൾക്കും.

**ബാറെക്മോർ. ശുബഹോ... മെനഓ...**

നാഥാ! നിൻ വരവുവരേയ്ക്കും സഭയിൽ നിന്നും
മക്കളിൽ നിന്നും മോർ (........) സ്മൃതി മ-ങ്ങീടരുതേ
ദയറാകൾ പള്ളികളിന്നും നാനാദിശിയിൽ
സ്തുതിയുയരട്ടേ നിൻ പേർക്കായ് വർധി-തമായെന്നും
സ്തുതിയുയരേ-ഈറേന്മാർ വൃന്ദം
ഭൂവി, മനുജർ-സ്തോത്രവുമർപ്പിക്കും
ഭക്തർ സ്മൃതി വിസ്തൃതമാക്കും തിരുനാ-മത്തിന്നായ്.

**മൊറിയോ...**

## മോർ അപ്രേമിന്റെ ബോവൂസോ

കർത്താവേ! ദയചെയ്യേണം
പരികർമ്മങ്ങൾ കൈക്കൊൾക
ശ്രീഭണ്ഡാരത്തിന്നൻപും
പാപവിമുക്തിയുമേകേണമെ.

മാനവർ രാവിൽ സ്തുതിപാടും
വാനോരൊപ്പമുണർവ്വോടെ
നിദ്രിതനാകാത്തുത്ഥിതന്
സ്തുതിഗാനങ്ങളർപ്പിക്കും.

വത്സലരെ നിദ്രയിലെപ്പോൽ
പാപത്തിൽ മുഴുകീടാ നാം
വരസഹിതം മണിയറ പൂകാൻ
വാതിൽക്കൽ നിലകൊണ്ടീടാം.

പ്രാർത്ഥനകൾ കേൾക്കുന്നോനെ
യാചനകൾ നൽകുന്നവനെ
പ്രാർത്ഥനയിൽ പ്രീതിപ്പെട്ടു
ദയയാൽ യാചന നൽകേണമേ.

**അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാരും... (പേജ് 33)**
**മോറാനേശുമ്ശിഹാ! ... (പേജ് 10)**

**കൌമാ**

# ചൊവ്വാ പ്രഭാതം

**കൌമാ**

പ്രാരംഭ പ്രാർഥന **(പേജ് 35)**

**ദൈവമേ നിന്റെ കൃപയിൻപ്രകാരം... (പേജ് 35)**
**എന്റെ ദൈവമേ നീ എന്റെ ദൈവമാകുന്നു... (പേജ് 36)**

## എനിയോനോ

**(നുഹറെ ദ്ഒൽമോ)**

ലോകത്തിൻ പ്ര-ഭയാം - ദൈവാത്മ-ജനെ
നിൻ മുൻ വന്ന-ടിയാൻ, കൃപയെ-ന്മേൽ ചെ-യ്ക

ദേവാ മിശിഹായേ - താത-ൻ കിരണ-വുമെ; നിൻ മുൻ...

ഭീകരനേ സ്തുത്യാ - അത്ഭുത കർത്താവേ; നിൻ മുൻ...

പാപംചെയ്ത-ടിയാൻ, നിയമം - ലംഘിച്ചേൻ; നിൻ മുൻ...

പാപി-കളിൽ ദയവാൻ, താപി-കളിൽ പ്രീത-ൻ; നിൻ മുൻ...

വാനോരുടെ നാഥാ, മാന-വരുടെ ശ-രണം; നിൻ മുൻ...

**ബാറെക്മോർ. ശുബഹോ... മെനഓ...**

ത്രിത്വ-ത്തിലേക-മായാരാദ്ധ്യൻ നീ; നിൻ മുൻ...

**പ്രകാശത്തിന്റെ സൃഷ്ടാവിന്നു സ്തുതി.... (പേജ് 38)**

## എക്ബോ

**(അബ്ഹാവ്നുഹറൊ ഗായോ)**

ശോഭിതമുഷസ്സി-ങ്കൽ ദൂത-ന്മാർ, പരികർമ്മിക്കു-ന്നു
പുലരിയിലഖിലാ-ണ്ഡം നിൻ മു-മ്പിൽ, സ്തോത്രം പാടുന്നു.

**സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ

സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളും വിശ്വാസികളുടെ പ്രശംസയും തന്റെ ജനനിയുമായ മാതാവിന്റെയും പുണ്യവാന്മാരുടെ സമൂഹത്തിന്റെയും നിബിയന്മാരുടെ നിരയുടെയും ശ്ലീഹന്മാരുടെ ഗണത്തിന്റെയും സഹദേന്മാരുടെ കൂട്ടത്തിന്റെയും മല്പാന്മാരുടെ ക്രമത്തിന്റെയും ഓർമ്മയെ സ്വർഗ്ഗത്തിലും ഭൂമിയിലും ശ്രേഷ്ഠമാക്കി ബഹുമാനിക്കു-

കയും തന്റെ ശരണത്തിന്മേൽ നിദ്ര പ്രാപിച്ചു മരിച്ചവർക്ക് ജീവൻ വാഗ്ദാനം ചെയ്യുകയും ചെയ്ത തനിക്ക് സ്തുതി... **ബ്കുൽഹൂൻ...**

## സെദറാ

ന്യായപ്രമാണ ശുശ്രൂഷയുടെ ആചാര്യന്മാരായിത്തീർന്ന് നിന്നെ പ്രസാദിപ്പിച്ച പരിശുദ്ധപിതാക്കന്മാരും മഹത്വമുള്ള നിന്റെ വെളിപാടിനെ മുൻകൂട്ടി അറിയിച്ച നിബിയന്മാരും ലോകത്തിൽ ജീവദായകമായ നിന്റെ സുവിശേഷം പ്രസംഗിക്കുകയും നിന്റെ അധികാരത്താൽ മനുഷ്യർക്കു മാമോദീസാ നൽകുകയും ചെയ്ത ശ്ലീഹന്മാരും നിന്റെ ദൈവത്വത്തിൽ ഏറ്റുപറഞ്ഞു സകലത്തിലും നിന്നെ ബഹുമാനിക്കുകയും ചെയ്ത മൗദ്യാനന്മാരും നിന്റെ സത്യത്തെ നിലനിർത്തിയ സ്തുതി ചൊവ്വാക്കപ്പെട്ട മല്പാന്മാരും നിന്റെ സത്യവചനങ്ങളെയും ദിവ്യകല്പനകളെയും പിന്തുടർന്ന യിഹീദായക്കാരും ദയറാക്കാരും തങ്ങളുടെ കുരിശെടുത്തു നിന്റെ പിന്നാലെ വന്നവരും പ്രത്യേകിച്ച് രണ്ടാമത്തെ സ്വർഗ്ഗമായിത്തീർന്ന കീർത്തിയുള്ളവളും ദൈവമാതാവുമായ പരിശുദ്ധ കന്യകമറിയാമിന്റെയും നിന്റെ പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ കോപത്തിന്റെ വടികളെ ഞങ്ങളിൽനിന്ന് കടത്തിക്കളഞ്ഞു ഞങ്ങളുടെ ആയുസ്സിന്റെ നാളുകളിൽ നിന്റെ സമാധാനത്താൽ ഞങ്ങളെ നടത്തണമെ. നിന്റെ കരുണയാൽ രോഗികളെ സന്ദർശിക്കുകയും ഞെരുങ്ങിയിരിക്കുന്നവരെ ആശ്വസിപ്പിക്കുകയും ചെയ്യണമെ. സത്യവിശ്വാസത്തോടുകൂടി നിന്റെ പ്രത്യാശയിൽ നിദ്രപ്രാപിച്ചവർക്ക് ആശ്വാവും നല്ല ഓർമ്മയും പ്രദാനം ചെയ്യണമെ. ഞങ്ങളെയും അവരെയും നിന്റെ വലത്തുഭാഗത്തെ നിൽപ്പിന് അർഹരാക്കണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും... **ഹോശോ...**

## കോലോകൾ

**(ബ് ഏദോനൊ ദ്സപ്രോ)**

*പെത്ഗോമൊ: പുലരിയിലെൻ ശബ്ദം കേൾക്കുകനാഥാ ഹാലേലുയ്യാ*

ഉഷസ്സിങ്കൽ ധൂപം - അർപ്പിക്കുന്നേരം,
വാനിൽ ദൂതന്മാർ - സ്തോത്രം പാടു - ന്നു
നിർമ്മലരാചാര്യർ - പാപികൾ പേർക്കായി
പാപഹരം ധൂപ - മർപ്പിച്ചീടു-ന്നു ഹാ- ഹാ-
നാഥാ നീയവരോടുത്തരമരുളേണം.

**ബാറെക്മോർ. ശുബഹോ... മെനഓ...**

കൂപത്തിൻ കരയിൽ - തോയം യാചിച്ചാ
ശമാറായ സ്ത്രീയെ - യാകർഷിച്ചോൻ ധ - ന്യൻ
നീയർത്ഥിച്ചജലം - അവളേകിയതില്ല
ജീവോഷധിയുറവ നൽകിയവൾക്കീ-ശൻ ഹാ- ഹാ-
സഭയെ, സുതരേയും രക്തത്താൽ വീ-ണ്ടു.

### ദൈവമാതാവു

മാതാ ധന്യവതി, യാചിക്കുന്നടിയാർ
നിന്നിൽനിന്നുദയം ചെയ്തോനോടർത്ഥി-ക്ക
തൻകാരുണ്യത്താൽ, കടമെല്ലാം പോക്കി
അന്ത്യത്തീർപ്പിൽ നിന്നടിയരെ നീക്ക-ട്ടെ ഹാ- ഹാ-
നിൻപ്രാർത്ഥനയഭയം കോട്ടയുമാകട്ടെ.

ധ്യതിയേറും മുകിലെ - മറിയാമെ ചൊൽക
ലോകങ്ങൾക്കധിപനെയെങ്ങനെ നീ പേറി?
ഗബ്രിയേൽ വന്നു - ലോകത്തിൻ ത്രാതാ
നിന്നിൽനിന്നുദയം ചെയ്യുന്നെന്നോതി ഹാ- ഹാ-
അവനത്രെ സത്യം, ലോകപരിത്രാ-താ.

### പരിശുദ്ധന്മാർ

തന്നുള്ളംകൈയ്യിൽ തിരുസഭയെപ്പണിതി-
ട്ടതിലൊരു ബലിപീഠം സ്ഥാപിച്ചോൻ സ്തു - ത്യൻ
നിബിയർ, ശ്ലീഹന്മാർ, അമലർ സഹദരുമാ-
മുത്തമനിക്ഷേപം സഭയിൽ സ്ഥാപി - ച്ചാൻ ഹാ- ഹാ-
സഭയെ സുസ്ഥിരമായ് സ്ഥാപിച്ചോൻ വ-ന്ദ്യൻ.

നിരവധി കഷ്ടതകൾ - എന്തു പ്രതീക്ഷിച്ച്
സഹദേന്മാർ നിങ്ങൾ സാമോദ - മേററു?
കണ്ണാൽ കാണാത്ത - കർണ്ണം കേൾക്കാത്ത
ചിത്തം നിനയാത്ത ഫലമാണാകാംക്ഷ ഹാ- ഹാ-
ഭക്തർക്കായീശൻ നേർന്നൊരു സമ്മാ-നം.

### ഏക പരിശുദ്ധൻ

ക്ലേശിപ്പോർക്കെല്ലാം അഭയം നീയല്ലൊ
സിദ്ധൻ മോർ (.......) ഉത്തരമേകേ - ണമെ.
രോഗികൾ വ്യാധിസ്തർ, സ്വസ്ഥതയേൽക്കണമെ
ദുർഭൂതാവിഷ്ഠർക്കേകുക സ്വാത - ന്ത്ര്യം. ഹാ- ഹാ-
നിൻപ്രാർത്ഥനയഭയം കോട്ടയുമാക-ട്ടെ.

### പ്രഭാതം

ഉഷസ്സിങ്കൽ ദാവീദ് - ദൈവാലയമുള്ളിൽ
പ്രാർത്ഥിച്ചാനേവം - ദേവാ ശ്രദ്ധി-ക്കെൻ
യാചന, ധ്യാനങ്ങൾ, സങ്കടനാദങ്ങൾ
ധരയിൻ രക്ഷകനെ, സ്തോത്രം തെ നാഥാ ഹാ- ഹാ-
പാപവിമുക്തിയതിന്നർഹതയേകേ-ണമെ.

### അനുതാപം

പാപിയിനിപാപം ചെയ്യരുതതികരുതൽ
നിഷ്പാപനുവേണം നീതിയതാ നി - ൽപ്പൂ.
ഓരോ മർത്യന്റെ ചെയ്തികളെഴുതുന്നു
മുഖപക്ഷം തെല്ലുമില്ലവിടെ നൂനം. ഹാ- ഹാ-
ഗുപ്തമതറിവോനെ ദയചെയ്യണമെന്മേൽ.

തിരുമുമ്പിൽവന്നു - വാതിൽക്കൽ മുട്ടു-
ന്നിവരുടെ യാചനകൾ നൽകീടുക നാ-ഥാ
അർത്ഥികൾ പ്രാപിക്കും - അന്വേഷകർ കാണും
വാതിൽ തുറന്നീടും മുട്ടുന്നോർക്കായി ഹാ- ഹാ-
താപിക്കായ് വാതിൽ തുറക്കുന്നോൻ ധ-ന്യൻ.

### പരേതർ

പ്രാർത്ഥനകളിലോർക്കാം - സൽമൃതരായവരെ
വിഗതർ വിസ്മൃതരായ്ത്തീരരുതൊരുനാളും
ബലിപീഠത്തിങ്ക - ലവരെ സ്മരിച്ചീടാം.
സതതമവർക്കതിനാൽ ശാന്തിലഭിച്ചീടും ഹാ- ഹാ-
ഉത്ഥാനകനങ്ങേക്കവർ സ്തോത്രം പാ-ടും.

**മൊറിയോ...**

**എത്രോ** **(പേജ് 41)**

### കോലോകൾ

**(ബ്എദൊൻ സപ്രോദ്മെസ്പതഹിൻ)**

*പെത്ഗോമൊ: ദൈവത്തിൻ തിരുവിഷ്ടം പോൽ*
സ്വർഗ്ഗകവാട - മുഷസ്സിങ്കൽ
പ്രാർത്ഥനനേരം - തുറക്കുന്നു
ശുശ്രൂഷകൾ നീ കൈക്കൊണ്ടു,
കനിവോടുത്ത - രമരുളണമെ
യാചിക്കുന്നോ - ർക്കേകണമെ;
ശരണം സംരക്ഷണവും നീ.

**ബാറെക്മോർ. ശുബഹോ... മെനഓ...**

വലഭാഗസ്ഥി - തനാം പുത്രാ,
ഉഷസ്സിൽ ചേ - വർ ഭൌമികരും
സ്തുതിഘോഷങ്ങൾ പാടുന്ന,
ങ്ങിരുളും മൃതിയും - സാത്താനും
തിരുകൽപ്പനയാൽ നീങ്ങിയിതാ
നിൻ പ്രഭ ഭൂവിൽ വാഴുന്നു.

## ദൈവമാതാവ്

താതൻ ശ്ലോമ്മോ ഗബ്രിയേൽ
മൂലം മേലീന്നാ ധന്യാ
മറിയാമ്മിനു നൽകപ്പെട്ടു
തീ പൂണ്ടോൻ വായിൽ തിങ്ങും
ശ്ലോമ്മോ ചൊന്നാൻ നാഥൻ നിൻ
കൂടെ, തന്നുദയം നിന്നിൽ.

ഗബ്രിയേലിൻ ഗീരുകളിൽ
മറിയാം വിസ്മിതയായ്ത്തീർന്നു
ശക്തിയുടാവാസം വന്നെ-
-ന്നേറ്റം ബോദ്ധ്യ-ത്തൊടു ചൊന്നാൾ
ഞാനോ നാഥൻ തൻ ദാസി:
നിൻ ചൊല്ലെന്നിൽ ഭവിക്കട്ടെ.

## പരിശുദ്ധന്മാർ

ശ്ലോമ്മോ തൻ നിബിയന്മാർക്കും
ശ്ലോമ്മോ തൻ ശ്ലീഹന്മാർക്കും
ശ്ലോമ്മോ ശ്ലോമ്മോ നാഥങ്കൽ
കൂറേറും സ - ഹദേന്മാർക്കും
ശ്ലോമ്മോതൻ മ - ക്കൾ വസിക്കും,
പരിശുദ്ധസഭക്കും ശ്ലോമ്മോ.

സഹദേന്മാരേ - രണഭൂവിൽ
നിന്നതു നിങ്ങൾ - തനിച്ചല്ല
നാഥൻ നിങ്ങളുമൊത്തെത്തി
ചിത്തേ ധീര - തയേകിയവൻ
നിർമ്മലസ്നേഹം - കണ്ടതിനാൽ:
നിങ്ങളുടോർമ്മയെ മാനിച്ചു.

### ഏക പരിശുദ്ധൻ

വേഗതയേറും - പക്ഷങ്ങൾ
ആബൂൻ മോർ (......) നേടി
ചിറകാലുന്നത പദമേറി
പ്രതിഫലമേറ്റം - പ്രാപിച്ചാൻ
നിൻജീവിത മാ - ഹാത്മ്യത്താൽ:
നാഥനെയെതിരേൽപ്പാൻ പോകും.

### അനുതാപം

നിൻരാജ്യം വ - രണം നാഥാ
വാനതിലെപ്പോ - ലുർവിയിലും
നിന്തിരുവിഷ്ടം നിറവേറെ-
-ട്ടെൻ പാപങ്ങൾ - മോചിക്ക
പരിശോധനയി - ൽ പൂകാതെ:
ദുഷ്ടനിൽനിന്നും രക്ഷിക്ക.

ശൌലിൽ നിന്നും - ദാവീദെ
സംരക്ഷിച്ചാ - കൃപ കാക്കും
സഭയേയും തൽസുതരേയും;
വൈദികർ നിലനിന്നീടട്ടെ;
ധന്യർ മഹത്വം പാപികളോ;
പാപവിമുക്തിയുമേൽക്കട്ടെ.

### പരേതർ

ദൈവസുതർ നാമാകാനാ-
-യായുഷ്ക്കാലത്തിൽ ചൊല്ലി
തന്നാത്താതരെയോർക്കേണം,
അക്ഷയരാജ്യെ ദൈവസുതൻ
വിമലർ, ശുദ്ധ - ന്മാരോപ്പം,
വിശ്രമ ശാന്തി നൽകട്ടെ.

## കുക്കിലിയോൻ

**(ലോതെഹസംബ്റാശിഎ)**

ദുഷ്ടരിലരിശം തോന്നേണ്ട ഹാ-
പാപികളിൽ വൈ-രാഗ്യമതും.

ഈശനിലാശ്രയമൊടുനന്മകൾ ചെയ്ക ഹാ-
ഭൂവിൽ വിശ്വാസം തേടിടുക.

**ബാറെക്മോർ. ശുബഹോ... മെനഓ...**

## എക്ബൊ

**(ബ്ഏദൌൻ സപ്രോ)**

ഉഷ:കാലത്തിൽ; സൃഷ്ടിനമിക്കുന്നു - നിന്നെ
സൃഷ്ടികളീന്നിരുളിനെ നീക്കിയ സർവ്വേശാ!
സ്തുതി തേ! സതതം.

**സ്തെഔമെൻ... കുറിയേ...**

## കോലോകൾ

**(ബ്ഏദൌൻ സപ്രോ എശ്തദറാസ്)**

ധന്യൻ നോഹ പ്രഭാത-ത്തിൽ പ്രാവിനെയ-യച്ചാന-ന്നു
പ്രളയജലാധിക്യം മൂലം; പേടകപ്രത്യാഗതനക്കപോതം;
ഐക്യസമാധാനത്തിൻ ചിഹ്നം, ഒലിവിലകൾ പേറിക്കൊണ്ടു.

**ബാറെക്മോർ. ശുബഹോ... മെനഓ...**

ധന്യൻ മോശ പ്രഭാത-ത്തിൽ ഗിരിമേലേ-റി പ്രാർത്ഥി-ച്ചാൻ
ഉടയോനവനുത്തരമരുളി; മെസ്രേൻ ദാസ്യത്തിൽ നിന്നും
ഇസ്രായേലിനെ രക്ഷി-പ്പാൻ വടിയുമധി-കാരവുമേകി.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

നശ്വരമാമിപ്പുലരിയതി(യ്യി)ൽ - നാഥാ ദയചെയ്ക (അ)ടിയാരിൽ;
ശാശ്വതമാമപ്പുലരിയിലോ(മ്മോ) - വലഭാഗം ചേർക്കു(ഉ)ക നാഥാ.

ഉഷസ്സതിലെല്ലാ സൃഷ്ടികളും(മ്മും) - നിൻ വാതിൽക്കൽ മു(ഉ)ട്ടുന്നു;
ശ്രീഭണ്ഡാരത്തിൽ നിന്നും(മ്മും) - ദയയും മോചനവും(ഉം) നൽക.

**(മെൻ സപ്രോ ല്സപ്രോ)**

ഉ-ഷസ്സുമുത - ലുഷസ്സു വരേക്കും
നി-ൻ രക്ഷ - ക്കായ് കാം - ക്ഷിച്ചേൻ;
നി-ൻ വരവി - ൻ മഹതാ - മുഷസ്സിൽ
വ-ല ഭാഗം നിർത്തേണമിവരെ.

ഒലിവിലപേറിയൊരപ്രാവ്
നോഹിൻ സവിധമണഞ്ഞതുപോൽ
കരുണാകനിവുകളേന്തി - ക്കൊ-
-ണ്ടടിയാരർത്ഥനകളെത്തട്ടെ.

**കർത്താവേ! നിന്നെ സ്തുതിക്കുന്നതും...** **(പേജ് 44)**

**കൌമാ**

# ചൊവ്വാ മൂന്നാം മണി നമസ്കാരം

**കൌമാ**

## കോലോകൾ

**(ബ്മസ് ലെ മാലെൽ)**

ദൃഷ്ടാന്തമുപമകൾ വഴിയായി നാഥ-നുപദേശിച്ചന്ന്
സ്വർഗ്ഗരാജ്യം മണവാളന്റെതിരേൽപ്പിന് ദീപമെടുത്ത
കന്യകമാർപോലവരന്ന് നിദ്രയിലാണ്ട് മേവീടു-ന്നേരം
വ-രനുടെവരവായെന്നുള്ളോരുൽഘോ-ഷത്താൽ ധീ-മതികൾ
അ-വനൊ-പ്പംപൂകി; മണിയറതന്നി-ലാമോദം
ദോഷികൾ വാതിൽക്കൽമേവി വിലപിച്ചേറ്റം നെടുവീർപ്പോടുകൂടി.

**ബാറെക്മോർ. ശുബഹോ... മെനഓ...**

അൻ-പുടയോനെ നിൻവാതിൽ-മുട്ടുന്നു-ദാസ-ർ നാദം
ആരാ-ധകരുടെയാവശ്യം നാഥാ-നിരസിക്കരുതേ-നീ
കണ്ണീ-രോടെ വിളിച്ചാളപ്പാപി-നി മോചനമേറ്റ-ല്ലോ
നി-ന്നാചാര്യർ തൻ ബാഷ്പാൽ, തിരു-സഭയൊടു കനിയുക-നാഥാ
പാ-പി-കൾഞങ്ങൾ; തിന്മകൾ വർദ്ധി-ക്കുന്നനിശം
ഉത്തമനെ ദയചെയ്യണമെ, പാപക്കറക-ളെല്ലാം മാ-യി-ക്ക.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

നാഥാ നിന്നെ-ഞങ്ങൾ-വിളിക്കു-ന്നാഗതനായി
പ്രാർത്ഥ-നകേട്ടി-ട്ടാത്മാക്കൾമേൽ-ദയ ചെയ്യേണം.

വേദനയോടെയാത്മാവുര ചെയ്തെൻ പാപത്തിൻ
മുൻപതിനുള്ളൊരു സൌന്ദര്യത്തെ നൽകിയ-താര്?
ദയനിധിയാകും ദൈവത്താൽ ഞാൻ തിരസ്കൃതയാകിൽ
നഷ്ടപ്പെട്ടോരെൻ സൌന്ദര്യമാരേകീടും?

ഭംഗി നശിച്ചോരാനൃപമുദ്രേ, ആത്മാ വരിക
നിൻ സൌന്ദര്യം കർത്തൃനികേതം നിനക്കായ് ഭദ്രം!
ചെന്നാലുടനെ വാഗ്ദാനം പോലവനേകീടും!
വീണ്ടും നല്കാൻ സൂക്ഷ്മതയോടതു സംര-ക്ഷിതമാം.

ഉത്തരമരുൾക - അരുൾക ദേവാ - കനിയണമെന്മേൽ
അനുതാപത്തിനു - മാനുഷഹൃദയം - തിരിപ്പിക്കണമെ.

**കൌമാ**

# ചൊവ്വാ ആറാം മണി നമസ്കാരം

**കൌമാ**

**കോലോകൾ**

**(ഹ്സോസെ - മറിയം)**

ഭീകര മിന്നൽ സമനായി മറിയാം ദൂതനെ ദർശിച്ചാൾ
മൃദുവായ് ചൊന്നാൻ ശ്ലോം മറിയാം! നാഥൻ നിൻ സഹിതം തന്നെ
ഉന്നത ശക്തി നിന്മേലും, റൂഹാ നിന്നിലുമാവാസം.

**ബാറെക്മോർ. ശുബഹോ...**

നിബിയർ, ശ്ലീഹർ, സഹദരുമേ, പൈശാചികസേനയിൽ നിന്നും
അഭയം കോട്ടയുമാകേണം; തിരുശേഷിപ്പുകൾ മാനിച്ചോർ
വാഴ് വേൽക്കേണം പ്രാർത്ഥനയാൽ, സ്വർഗ്ഗമവകാശിക്കേണം.

**മെനഓ...**

ഉണ്ടാകട്ടെ പ്രത്യാശ ഉയിരോർക്കും, വിഗതർക്കോർമ്മ
കരുണാനിധിയാം താതന്ന്; സ്തുതി ബഹുമാനമർപ്പിക്കാം
അവനാണുടയോൻ സർവ്വേശൻ, ഉയിരോർ മൃതരുടെയും ശരണം.

**മൊറിയോ...**

**മോർ ബാലായിയുടെ ബോവൂസോ**

മാതാ കാദീശന്മാർ തൻ പ്രാർത്ഥനയാൽ... **(പേജ് 47)**

**മോർ സേവേറിയോസ് പാത്രിയർക്കീസിന്റെ മാനീസൊ**

നിൻ മാതാവ് വിശുദ്ധന്മാർ **(പേജ് 47)**

**കൌമാ**

വിശ്വാസപ്രമാണം **(പേജ് 15)**

❈ ✝ ❈ ✝ ❈ ✝ ❈

# ചൊവ്വാ ഒമ്പതാം മണി നമസ്കാരം

**കൌമാ**

**കോലോകൾ**

**(ആനീദെ ദ്ബംശീഹോ)**

മ്ശീഹായിൽ മൃതരെ നിങ്ങൾ ദുഖിക്കേണ്ടാ
ആഗതമാം പുനരുത്ഥാനം ഫലമേകും നാളും
അക്ഷയമായ് കബറിൽ നിന്നുത്ഥാനം ചെയ്യും
രാജസുതന്റെതിരേൽപ്പിന്നായ് പോയീടും വേഗം
അണിയും നി-ങ്ങൾ തേജോവസനം

സ്തുതികൾ തൻ സന്നിധിയിൽ പാടും
ആദാം സുതരുത്ഥാനകനെ, കനിവാൽ ദയചെയ്ക.

**ബാറെക്മോർ. ശുബഹോ... മെനഓ...**

തൻ ശുദ്ധശരീരം ഭക്ഷിച്ചും തൻ രക്തം,
പാനം ചെയ്തും മൃതരായോർ തന്നാത്മാക്കൾ മേൽ
അഴിയാലോകെ പാപത്തിന്നിരുൾ വാഴായ്‌വാൻ
പ്രാർത്ഥിച്ചീടുക നാം മിശിഹാ തന്നോടവർ പേർക്കായ്
അവരാത്മാക്കളെ വാങ്ങിയ നാഥാ
അവർ നിന്നെ, ക്കൊണ്ടാടിയതാലെ
നീയവരെ വിളിച്ചുനിറുത്തീടണമെ, വലഭാഗെ.

**മൊറിയോ...**

### മോർ ബാലായിയുടെ ബോവൂസോ

കരുണ നിറഞ്ഞവനെ, പുനരുത്ഥാനത്തിൽ... **(പേജ് 2)**

**കൌമാ**

✠ ✠ ✠

# ബുധൻ സന്ധ്യാ നമസ്കാരം

**കൌമാ**

### പ്രാരംഭ പ്രാർഥന (പേജ് 3)

**കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ...** **(പേജ് 3)**

### എക്ബോ

**(ലെക് നെസ്കാശാപ്പ്)**

ദൈവാം-ബികയേ
യാചിക്കണമേ ഞങ്ങൾക്കായ് ഞങ്ങളൊടൊപ്പം; ഭൂപതിസവിധേ
ഭൂതലമാകെ സമാധാനം ശാന്തിയുമേ-കാ-ൻ
തൻ ദയവാൽ ധരയിന്നും - അഖിലേശൻ
നീക്കട്ടെ - കോപത്തിൻ വടികൾ.

**സ്തൌമെൻ... കുറിയേ...**

### പ്രുമിയോൻ

തന്റെ ജനനിയായ മാതാവിന്റെ ഓർമയെ സ്വർഗത്തിലും ഭൂമിയിലും ഉയർത്തുകയും തന്റെ പരിശുദ്ധന്മാരുടെ പെരുന്നാളിനെ നാനാദേശ-ത്തും ബഹുമാനിക്കുകയും വിശ്വാസികളായ മരിച്ചുപോയവരുടെ അസ്ഥികളിൽ കരുണയുടെ പനിമഞ്ഞ് തളിക്കുകയും ചെയ്ത കർത്താവിനു സ്തുതി. തനിക്ക്... **ബ്കുലഹുൻ... ആമ്മീൻ.**

## സെദറാ

ദൈവമായ കർത്താവേ! നിന്നോട് ഞങ്ങൾ അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. വിശുദ്ധിയോടുകൂടി അവളിൽ നിന്ന് നീ ജനിച്ചു എന്ന കറയില്ലാത്ത ശുദ്ധിമതിയായ കന്യക മറിയാമിന്റെ സ്വീകാര്യമായ പ്രാർത്ഥനകളാൽ ഞങ്ങളോട് കരുണ ചെയ്യണമെ. വീണ്ടും ദൈവമായ കർത്താവേ! നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. നീതിമാന്മാരുടെ അപേക്ഷകളാലും പുണ്യവാന്മാരുടെ യാചനയാലും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും സ്നേഹത്താലും സഹദേന്മാരുടെ വധത്താലും പീഡിതരുടെ ഞെരുക്കത്താലും ദുഃഖിതരുടെ നെടുവീർപ്പാലും കാരുണ്യവാന്മാരുടെ ദാനങ്ങളാലും എല്ലാ പരിശുദ്ധന്മാരുടെയും വെടിപ്പുള്ള നടപടികളാലും, പാപികളും കുറ്റക്കാരുമായ നിന്റെ ദാസരായ ഞങ്ങളുടെ ധൂപത്തേയും പ്രാർത്ഥനകളെയും ആത്മാവിന്റെ അനുതാപത്തേയും കൈക്കൊള്ളണമെ. ഞങ്ങളുടെ വർഗ്ഗത്തോടുള്ള നിന്റെ കരുണയേയും മനോഗുണത്തേയും ഞങ്ങളിലേക്കുള്ള ഉടമ്പടികളെയും വാഗ്ദാനങ്ങളെയും നീ ഓർത്തുകൊണ്ട് ഞങ്ങളിൽനിന്ന് കോപശിക്ഷയെ മായിക്കണമെ. മഹത്തരമായ നിന്റെ വാസസ്ഥലങ്ങളിൽ വിശ്വാസികളായ മരിച്ചവരെ നീ ആശ്വസിപ്പിക്കണമെ. നിന്നെ പ്രസാദിപ്പിച്ചവരോടൊന്നിച്ച് നിന്റെ കരുണയെ ഞങ്ങൾ സ്തുതിക്കുമാറാകണമെ. ഞങ്ങൾ നിനക്കും വന്ദ്യനായ നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും... **ഹോശോ... ആമ്മീൻ.**

## കോലോകൾ

*പെത്ഗോമോ: വാഴ്ത്തുക നാഥനെ സർവ്വജനം*

നിബിയർ ശ്ലീഹന്മാർ - സിദ്ധർ സഹദേർക്കും
പരിമള ധൂപത്തോ - ടോർമ്മ ഭവിക്കട്ടെ.

**ബാറെക്മോർ. ശുബഹോ... മെനഓ...**

വിമലസഭയ്ക്കും തൻ - പ്രജകൾക്കെല്ലാർക്കും
പരിമള ധൂപത്തോ - ടോർമ്മ ഭവിക്കട്ടെ

### ദൈവമാതാവ്

അടിയാരുടെയഭയം - മഹിമയുമായവളെ!
ദൈവത്തിൻ ജനനീ - അമ്മേ ഭാഗ്യവതീ!

ചൊന്നാൾ മറിയാം ഞാ - നല്ലവനെ പേറി
അവനെന്നെ വഹിക്കു - ന്നവനി നയിക്കുന്നു.

### പരിശുദ്ധന്മാർ

നിബിയന്മാർ! ശ്ലീഹർ! സിദ്ധർ സഹദരുമേ!
ഞങ്ങൾക്കായ് കരുണ - യ്ക്കർത്ഥിച്ചീടണമേ.

സഹദേർ ഞങ്ങൾക്കായ് - നിന്നോടർത്ഥിപ്പാൻ
അടിയാരവരോടായ് - നാഥാ കേഴുന്നു.

### അനുതാപം

നീതി നിറഞ്ഞവനേ! - ന്യായാധിപതേ! നീ
കൃപയാൽ ക്ഷമയേകി - ദയചൊരിയുക നാഥാ!

ത്യജിച്ചു പറഞ്ഞോനാം - ശീമോനെന്നതുപോൽ
ശരണാഗതനാമെൻ - മേൽ ദയചെയ്യണമേ.

### പരേതർ

ആതങ്കം തീണ്ടാ - ത്താനന്ദസ്ഥാനേ
പിതൃസോദരരെല്ലാം - വിശ്രമമേൽക്കണമേ.

**മൊറിയോ...**

### എത്രോ (പേജ് 7)

### കോലോകൾ

**(ലോക് മൊറിയോ എന്ന രീതി)**

*പെത്ഗോമൊ: രാജേശ്വരി നിൻ വലഭാഗേ. ഹാലേലുയ്യാ*
ദൈവജനനി ധന്യേ കന്യകമറിയം!
തനുപൂണ്ടൊരു മേഘം നീ താൻ! നീതി-യിൻ സൂര്യൻ
ഉജ്ജ്വലമായ് ശോഭ പരത്തിയൊരംബരവും നീ!
ദൃഷ്ടാന്തമതായ് മോശവരച്ചാദിവ്യാ-വരണം നീ
ഭൂവാനം-സംവാഹിപ്പോനേ
പേറിയ ശാ-രീരിക രഥവും നീ
കർത്തൃഹിതത്താൽ തന്മാതാവായ്ത്തീ-ർന്നൊരു തരുണി.

**ബാറെക്മോർ. ശുബഹോ... മെനഓ...**

ദൈവജനനി കന്യേ നാനാദിശിയിൽ
നിന്നെങ്ങൾ മേലലറുന്നോരലകൾ നീക്കണമേ
സർവ്വേശസവിധം ധൈര്യമുള്ളോരംബേ!
തിരുസുതനരുളും ദയയെങ്ങളിലാകാ-നർത്ഥിക്ക
സൌഖ്യം രോ-ഗാതുരരേൽക്കട്ടെ
വിഷമിപ്പോ-രാശ്വാസത്തെയും
ദൂരസ്ഥർ പ്രത്യാഗമനം മോച-നമെങ്ങൾക്കും.

### പരിശുദ്ധന്മാർ

നിൻ വത്സലർ പന്തിരുശ്ലീഹർ പ്രാർത്ഥന മൂലം
വാഴ്ത്തുക നാഥാ കൃപയാലെ ദ്വാ-ദശ മാസങ്ങൾ
വന്നീടുക കാലാകാലം വേനൽ, വർഷം
നന്മകൾ നാഥൻ നൽകട്ടെ, വിളഭൂ-മികൾ വിളവും
ഫലമൂലാ-ദികൾ വളരാനായി
വാഴ്‌വേറും-വൃഷ്ടിയുമേകണമേ
നിർദ്ധനരവശർ ഭക്ഷിച്ച് നിൻ സ്തു--തി പാടട്ടെ.

സ്തേപ്പാനോസിൻ വധനേരത്തേറ്റൊരു പീഡ
കഷ്ടതകൾ ചിന്തിച്ചേൻ ഞാൻ വിസ്മി-തനായ് പാരം
കല്ലേറുകളേൽക്കുമ്പോഴും പ്രാർത്ഥിച്ചേവം
അറിയാതിവരിതു ചെയ്യുന്നു ക്ഷമ നൽ-കുക നാഥാ
മൃതിനേര-ത്തരികൾക്കായ് പ്രാർത്ഥി-
ച്ചൊരു നാഥ-ന്നനുയോജ്യൻ ദാസൻ
തൽ പ്രാർത്ഥനയിൽ ചേർക്കണമേ കരുണാ-മയനേശു.

### ഏക പരിശുദ്ധൻ

നാഥാ! നിൻ വരവുവരേയ്ക്കും സഭയിൽ നിന്നും
മക്കളിൽ നിന്നും മോർ (........) സ്മൃതി മ-ങ്ങീടരുതേ
ദയറാകൾ പള്ളികളിന്നും നാനാദിശിയിൽ
സ്തുതിയുയരട്ടേ നിൻ പേർക്കായ് വർധി-തമായെന്നും
സ്തുതിയുയരേ-ഈറേന്മാർ വൃന്ദം
ഭൂവി, മനുജർ-സ്തോത്രവുമർപ്പിക്കും
ഭക്തർ സ്മൃതി വിസ്തൃതമാക്കും തിരുനാ-മത്തിന്നായ്.

### അനുതാപം

നാഥാ മുഖപക്ഷം തെല്ലും നിൻ വിധിനേര-
ത്തില്ലാത്തതിനാലിപ്പാപി വേദി-ക്കുന്നേറ്റം
ഭീകരമാം ഗ്രന്ഥത്തിന്നും നിന്നുടെ നീതി
എൻ പിഴ പ്രഖ്യാപിക്കുമ്പോൾ നിൻ കൃ-പദയ ചെയ്ക
നിൻ കൃപ നിൻ-നീതിയൊടർത്ഥിക്കും
എൻ കുറ്റം-മോചനവും നേടും
പാപം ചെയ്തെന്നേല്ക്കുന്നേൻ, ദയ തോ-ന്നണമെന്മേൽ.

കൈക്കൂലിക്കീഷൽ വഴങ്ങാത്തൊരു ന്യായേശാ!
നിൻ പ്രീതിക്കായ് എന്തിവനി-ന്നർപ്പി-പ്പാനുള്ളൂ
ശോധിതമാം സ്വർണ്ണത്തെക്കാൾ, രത്നത്തെക്കാൾ

ബാഷ്പകണങ്ങൾക്കാണല്ലോ തിരുമു-ൻപിൽ പ്രീതി
നാഥായെൻ - കണ്ണീർ കൈക്കൊണ്ടി-
ട്ടെൻ പാപം-കടവും മോചിക്ക
കൃപയാലെൻമ്മേൽ കനിയണമേ ദയചെ-യ്യുക നാഥാ.

പരേതർ

മ്ശീഹായിൽ മൃതരെ നിങ്ങൾ ദുഖിക്കേണ്ടാ
ആഗതമാം പുനരുത്ഥാനം ഫലമേകും നാളും
അക്ഷയമായ് കബറിൽ നിന്നുത്ഥാനം ചെയ്യും
രാജസുതന്റെതിരേൽപ്പിന്നായ് പോയീടും വേഗം
അണിയും നി-ങ്ങൾ തേജോവസനം
സ്തുതികൾ തൻ സന്നിധിയിൽ പാടും
ആദാം സുതരുത്ഥാനകനെ, കനിവാൽ ദയചെയ്ക.

ഞങ്ങൾക്കായവതീർണ്ണനതായ് നരനായ് തീർന്ന്
പീഡകളേറ്റിഹ രക്ഷിച്ച നാഥാ-ദേവേശാ!
ഏദനിലേക്കാദാമിൻ പുനരാഗമനം
നൽകാനായി ശപ്തമതാം ഭൂവി-ൽ നീ മേവി
നിൻ ശരണേ-നിദ്രിതരായ് നിന്റെ-
യുത്ഥാനം-കാംക്ഷിക്കുന്നോരിൽ
കന്മഷമെല്ലാം നീക്കണമേ പ്രഭ-യിൽ ചേർക്കണമേ.

## കുക്കിലിയോൻ

നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ- ഹാ-
നിൻ വലമായ് രാജഭാമിനിയും.

നിന്നഴകരചൻ മോഹിപ്പാൻ ഹാ- ഹാ-
നിൻ ജനമോർക്കായ്ക പിതൃഗൃഹവും.

**ബാറെക്മോർ. ശുബഹോ... മെനഓ...**

## എക്ബോ

**(ദെസ്പ്നീ ബ്റഹ് മാവ്)**

തൻ ദാ-സീവിനയം - സദയം വീക്ഷിച്ച്
ജനനിക്കൌന്നത്യം നൽകി പരിശുദ്ധൻ ദൈവം.

**സ്തൌമെൻ... കുറിയേ...**

## കോലോകൾ

**(ഹായെൽതോൻ)**

നീ ശക്തിയേകുക മൂലം നിന്നെ വഹിച്ചേൻ
ഗുഹയിൽ നിന്നെപ്പെറ്റപ്പോൾ നിൻപ്രഭയും കണ്ടേൻ

ജ്വാലകൾ പുൽത്തൊട്ടിയെ മുറ്റും ചുറ്റീടുന്നു
ഷഡ്പക്ഷിയർ സ്രോപ്പേന്മാർ പറന്നീടുന്നുപരി
ചിറകൽപ്പമുയർത്താനരുളുക നീ
ഞാനൊന്ന് കേറി വണങ്ങട്ടെ
മകനതിപ്രിയം സ്തന്യം ഞാൻ നൽകീടട്ടൽപ്പം.

**ബാറെക്മോർ. ശുബഹോ... മെനഓ...**

അതിധന്യാമാതാ രൂപം നിബിവരമോശ
'നിയമ' ഗ്രന്ഥത്തിൽ കാട്ടി പ്രവചനചുരുൾകളിലും
'നിയമത്തിൻ പേടക' മതുപോൽ 'മന്നാച്ചെപ്പും'
ക്ദൂശ്കുദിശീനിൽ 'തളിരേറ്റോരഹറോൻ തൻ വടിയും'
ഗെദഓന്റെ 'കമ്പിളിയും മഞ്ഞും'
ഏലീശാ തൻ 'നവകുംഭ'മതും
ഏശായാചൊന്നൊരു 'മേഘം' മറിയാമ്മിൻ രൂപം.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

മാതൃവിശുദ്ധ-രുടോർമ്മയിൽ ഞങ്ങളെ ചേർത്തീടേണമേ
തൽപ്രാർത്ഥനയാൽ പുണ്യം ഞങ്ങൾക്കും വിഗതർക്കും.

ധന്യർ നിബിയർ ശ്ലീഹർ സഹദേന്മാരെ നിങ്ങൾ
പ്രാർത്ഥന ഞങ്ങൾക്കഭയം തന്നെ തുണയേകേണമേ
പിതൃവത്സലരേ സുതമർമ്മത്തിന്നാത്മജരെ തൻ
വിത്തം പ്രാപിച്ചാർത്തരെയെല്ലാം സംരക്ഷിപ്പിൻ.

നിർമ്മലമാകും വാനവ ഗാനം കൈക്കൊൾവോനേ!
അടിയാർ സ്തോത്രം കേൾക്കണമൻപാൽ, ദയചെയ്യേണം
മാതൃവിശുദ്ധരുടോർമ്മയെ ഘോഷി-ക്കും ഞങ്ങൾക്കും
വിഗതർക്കും സൽ പുണ്യം നൽക തൽപ്രാർത്ഥനയാൽ.

മേൽസ്വർഗ്ഗത്തിൽ ഭൌമിക സഭയിൽ മാതാവിന്നും
ശുദ്ധന്മാർക്കും വിഗതർക്കും നൽസ്മൃതി വളരട്ടെ.

**മോറാനേശു മ്ശീഹ...** **(പേജ് 10)**

**കൌമാ**

✠ ✠ ✠

# ബുധൻ സൂത്താറാ

**കൌമാ**

## കോലോകൾ

**(മ്റഹമോനൂസേ ദാ-ലോ-ഹോ)**

ദൈവത്തിൻ മഹതാം ക-രുണ
സൃഷ്ടിയിലെല്ലാം സ്ഥി-തി ചെയ്വൂ
ഓരോരു:ത്തർക്കും-വൈദ്യത്തെ നൽകി
മെസ്രേം വേദന തീർത്തീടാൻ യൌസേഫ് പ്രേഷി-തനായ്
ആഹാബിന്നതി മോഹത്തിന്നേലിയാ നി:ബിയും
മഹതാം നിനുവാ നഗരത്തി:ൽ
യോനായും പ്രേഷിതനായി:
അനുതാപനുകത്തേ - ലോകം
മദമേറി നിരസി-ച്ച:തിനാൽ
പ്രേഷിതനാ-യേകസുതൻ, സ്ലീബായാ:ൽ വീണ്ടു.

**ബാറെക്മോർ. ശുബഹോ... മെനഓ...**

പൌലോസ് ലിഖിതമെനി-ക്കേ:ഴുതി
ശ്രദ്ധയൊടതുവായി-ച്ചേ:ൻ ഞാ-
നതു വായി:ച്ചപ്പോൾ, കണ്ണീർവാർത്താനേറ്റം
വ്യഭിചാരിക്കയ്യോ കഷ്ടം! മോഷ്ടാവിനു ല:ജ്ജ
ദൈവദൂഷകരോ വീഴും അണയാത്തൊരു തീയ്യിൽ
അയ്യോ കഷ്ടം ബാല്യം തൊ-
-ട്ടിവയെല്ലാം ചെയ്തേൻ ഞാനും:
പാപിനിയെപ്പോൽ ക-രയു-ന്നേൻ
ചുങ്കക്കാരൻ പോ-ൽ കേ:ഴു
ന്നെൻപാപം, മോചിക്ക, കരുണാനി:ധി നാഥാ.

**മൊറിയോ...**

## മോർ അപ്രേമിന്റെ ബോവൂസോ

**(അർഗെസ്നൊക്ക്)**

നാഥാ ദയ ചെയ്കെങ്ങൾമേൽ
ശുശ്രൂഷ കൈക്കൊള്ളണമെ
ശ്രീഭണ്ഡാരത്തിൽനിന്നു
ദയയും മോചനവും നൽക.

വൃത്തികളാൽ കോപിപ്പിച്ചേൻ
കോപിപ്പാൻ നീയോ: വിമുഖൻ

നീയേറും കരുണാപൂർണ്ണൻ
നിൻശാന്തതയക്ഷോ:ഭ്യം താൻ.

നീ കരുണാവാരിധി തന്നെ
ഒരു തുള്ളിച്ചെളിയെ:ൻ തിന്മ
ഒരു ബിന്ദുവിനൊരു വാരിധിയെ
ക്ഷോഭിപ്പിപ്പാന - സാദ്ധ്യംതാൻ.

പ്രാർത്ഥനകൾ കേൾക്കുന്നോനെ
യാചനകൾ നൽകു:ന്നോനെ
പ്രാർത്ഥനകേട്ടു നിരപ്പായി
കനിവാൽ യാചന നൽകണമേ.

**കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ**
**മസ്മൂറോകൾ, വിശ്വാസപ്രമാണം, ധൂപപ്രാർത്ഥന, ഹൂത്തോമോ**
**(പേജ് 12 മുതൽ)**

# ബുധൻ രാത്രി

**കൌമാ**

**ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ... (പേജ് 22)**
**രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ.. (പേജ് 22)**

**ബാറെക്മോർ. ശുബ്ഹോ... മെനഒ...**

## എനിയോനോ

**(ഈറോദ് ലോദോമേക്)**

അനിശ-മുണർന്നവനെ - അനുതാപത്തിനുണർത്തണമേ.

പരിപാ-വന കന്യാ - നിൻ പ്രാർത്ഥന ഞങ്ങൾ-ക്കഭയം.

നിബിയർ ശ്ലീഹരുമേ - തൽ പ്രാർത്ഥന ഞങ്ങൾ-ക്കഭയം.

ഈഹീദായർ ദയറായർ - തൽ പ്രാർത്ഥന ഞങ്ങൾ-ക്കഭയം.

നാഥാ സൽവിഗതർ - ക്കാശ്വാസം നീയരുളേ-ണമേ.

**ബാറെക്മോർ. ശുബഹോ... മെനഒ...**

ത്രിത്വ-ത്തിന്നെന്നും - സ്തോത്രം കീർത്തനവും പാടും.

**കുറിയേ... കുറിയേ... കുറിയേ...**

## ഒന്നാം കൌമാ

**(ദൈവമാതാവിന്റെ)**

## എക്ബോ

(ആബൊാക് സബ് വൊ)

ലോകം-രക്ഷിപ്പാൻ തനയ-
നാഗതനാകുമ്പോൾ ജനനീ-
യാകാനായ് മറിയാം
കന്യകയിൽ പ്രീതൻ
താത-ൻ, മാലാഖാമൂലം-നസ്രേത്തിനു ലിഖിതംവിട്ടു.

**കുറിയേ... കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ! ...**
**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ സെദറാ

## കോലോകൾ

(ബ്സുൽത്തൊായൊൽദസ് ദൂമോറോ)

കന്യക പ്രസവിച്ചത്ഭുതമാം
പാഴ്ത്തുണിയിൽ ശയനം ചെയ്യും
പൂർവ്വികനായവനെസൂക്ഷ്മം പരിശോധി-ക്കാം
പ്രായംകൂടും പൂർവ്വികനെ കന്യക പ്രസവി-ച്ചു
ശൈലം കയ്യിലെടുപ്പോനെ പേറിയഹോ ത-രുണി
ക്ഷുത്താ-ർത്തർക്കുത്തമഭോജ്യം
നൽകു-ന്നോൻ സ്തന്യം പാനം...!
ആദിവിഹീനൻ പുത്രൻ താൻ
ആദിവിധേയനായ് പ്രീത്യാ
തിരുജനനത്തിന്നാഗതനായ്-ഇല്ലവനവസാനം.

**ബാറെക്മോർ. ശുബഹോ...**

ദാവീദുപുത്രി, മറിയാമാം
കന്യയെയാദിമ സിദ്ധന്മാർ
മോഹനനാമത്താലാഹ്വാനം ചെ-യ്താർ
ബന്ധിത വാതിലെന്നേവം ഹസ്കിയേൽ ശ്ലേമ്മോൻ
രോധിതമുദ്യാനം വീണ്ടും മുദ്രിത നിർഝരിയെ-ന്നും
വിത്തില്ലാതെ മുളച്ചിട്ടാ-
ജാതി-ക്കെല്ലാം സംഭോജ്യ-
മായൊരു മിശിഹായാം സസ്യ-
മായതിൽ മേവിയൊരുത്തമമാം
പത്തനമെന്നിഹ ദാവീദും ഉൽഘോഷിക്കു-ന്നു.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

**(മാനീ ഹോറദെ ബ്സുൽത്തൊ)**

ശുദ്ധിമതിയെ നിന്നുടെ പ്രാർത്ഥന ഞങ്ങടെകൂടെ
നിൻപ്രാർത്ഥനയെ നാഥൻ കേട്ടു പുണ്യം നൽകും.

പ്രാർത്ഥന മറിയാമർപ്പിക്കുമ്പോൾ വന്നാൻ ദൂതൻ
ദൈവനിയുക്തം സ്വസ്തിയവൾക്കായേകി ഭക്ത്യാ.
ശാന്തി, മറിയാം! കന്യാത്വത്തിൽ ഗർഭിണിയാകും
പുത്രനു ജന്മം നൽകീടും നീ, എന്നുര ചെയ്തു.

സുന്ദരരൂപി! ഭീതിയശേഷം വേണ്ട നിനക്ക്
തിരുസുത മാതാവാകാൻ നിന്നിൽ പ്രീതൻ നാഥൻ
അത്ഭുത പൂർണ്ണം ഗർഭിണിയാകുമീനിമിഷത്തിൽ
നിത്യനൃപനാം സൂനുവിനുദയം നൽകീടും നീ.

ഒമ്പതുമാസം നിന്നെ വഹിച്ച ജനനിയെയോർത്ത്
ക്രോധദണ്ഡി ഞങ്ങളിൽ നിന്നും നീക്കുക നാഥാ.

## രണ്ടാം കൌമാ

**(പരിശുദ്ധന്മാരുടെ)**

**കർത്താവിന്റെ ബഹുമാനം... (പേജ് 14)**

## എക്ബോ

**(ബ്രിക് ദാബദ്കൂൻ)**

ലോക-ർക്കെങ്ങും തു-ണയേകാൻ
നിർദ്ധരിയായ് നിങ്ങളെയാക്കി
തിരുശേഷിപ്പു-കളിൽ
ശക്തി വസിപ്പിച്ചോൻ
ധന്യ-ൻ നാഥനൊടായ് പ്രാർത്ഥി-
ക്കെങ്ങൾക്കായ് സഹദേർ നി-ങ്ങൾ.

**കുറിയേ... കുറിയേ... കുറിയേ...**
**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ സെദറാ

## കോലോകൾ

**(സാദീക്കെ ദർഹെം കുശ്ത്തോ)**

സത്യം സ്നേഹിച്ചും മിശിഹാ
സ്നേഹം മൂലം മൃതിപൂണ്ടാ-
സിദ്ധർ സ്മൃതിയെന്നും വാഴ്‌വിന്നായ് തീ-രും

അനുതാപിക്കഭയം നല്കും തുറമുഖമാം നി-ങ്ങൾ
തൻ മഹിമോദയനാളിങ്കൽ ദയചെയ്തീടാ-നും
സിംഹാസനമുമ്പിൽ ധൈര്യം
നൽകാനായും പ്രാർത്ഥിക്ക
നിങ്ങളുടസ്ഥിയിൽ നിവസിക്കും
മ്ശിഹായൊടു ഞങ്ങളുടൊപ്പം
തൻസ്തുതി കീർത്തിക്കും രാപകലെന്നേ-ക്കും.

ബാറെക്മോർ. ശുബഹോ...

വത്സലസിദ്ധർക്കായ് ഭാഗ്യം
നൽകിടുമാ സുവിശേഷത്തിൽ
കർത്തൃസ്വരമോർക്കിലതെത്ര മനോജ്ഞം-താൻ
ആത്മാവിൽ നിസ്വർധന്യർ, സ്വർഗ്ഗമവർപൂ-കും
ആർത്തർ ധന്യരവർക്കേകു-മാശ്വാസം ദൈ-വം
ധന്യ-ർ പീഡിത സഹദേന്മാർ
തൻ പ്രത്യാശയിൽ വധിതരവ-ർ
ഇവിടവരേറ്റാ ഘോരതരം
പീഡക്കെല്ലാം പ്രതിഫലമായ്
അക്ഷയജീവൻ മോക്ഷവുമവർ പ്രാപിക്കും നൂനം.

മൊറിയോ...

## മോർ അപ്രേമിന്റെ ബോവൂസോ

ഞങ്ങൾതൻ കർത്താവേ! നീ
കാരുണ്യം ചെയ്തെങ്ങൾ മേൽ
നിൻ ഭക്തരർപ്പിച്ചീടും
പ്രാർത്ഥനയാൽ നാഥാ ദേവാ!

നിന്നെമുൻചൊന്നാ നിബിയർ
നിന്നെ ഘോഷിച്ചാ ശ്ലീഹർ
വധിതർ സഹദേർ ഞങ്ങൾക്കായ്
പ്രാർത്ഥിപ്പൂ ദയചെയ്യേണം

പരിശുദ്ധന്മാരെ നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ.

ഞങ്ങൾതൻ കർത്താവേ! നീ
കാരുണ്യം ചെയ്തെങ്ങൾ മേൽ

നിൻ ഭക്തരർപ്പിച്ചീടും
പ്രാർത്ഥനയാൽ നാഥാ ദേവാ!

## മൂന്നാം കൌമാ

**(അനുതാപം)**

**കർത്താവിന്റെ ബഹുമാനം... (പേജ് 14)**

## എക്ബോ

**(ആനിഹ് മൊറിയോ)**

കർത്താവേ! നൽകാശ്വാസം
നിൻ സൽഭവനങ്ങൾക്കുള്ളിൽ
വാങ്ങിപ്പോയോർക്കായ്
കൃപയീ ഞങ്ങൾക്കും
അടിയാർക്കുമവർക്കും പറ്റും
കുറ്റങ്ങൾ മാറ്റീടേണം.

**കുറിയേ... കുറിയേ... കുറിയേ...**
**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ സെദറാ

## കോലോകൾ

**(അത്ത് മൊറിയോ ആനീഹ് എന്നൂൻ)**

*പെത്ഗോമൊ: കർത്താവെയാശ്വാസം നൽക*
ഉത്ഥാനത്തിൻ നാളോളം
താൽക്കാലികമാമിജ്ജീവൻ
വിട്ടപിതാക്കൾക്കും-ഭ്രാതൃ ജനങ്ങ-ൾക്കും
കാന്തിയെഴുന്നറകൾക്കുള്ളിൽ നൽകീടാശ്വാ-സം
അവരെയോർക്കുംനാൾ കബറുള്ളസ്ഥികളറിയേ-ണം
നിൻകൽപന-മണ്ണയരാമാ-
ദാമ്യ-ർക്കുയിരേകീടു-മ്പോൾ
കാന്തിയണിഞ്ഞിട്ടവർ നിന്നോ-
ടൊപ്പം മണവറയിൽ പൂകി
ഉയിരേകും നിന്നെ സ്തോത്രം ചെയ്യേണം.

**ബാറെക്മോർ. ശുബഹോ...**

ആർക്കായ്ക്കാഴ്ചകളിവിടെയണ
ക്കുന്നോ ഭാഗ്യമവന്നേറ്റം
മേൽ സ്വർഗ്ഗത്തിലവ-ന്നോർമ്മയതുണ്ടാ-കും
ഗോത്രപ്പേരുകളോർമ്മക്കായ് കർത്താവിൻ മു-ൻപിൽ

കാണ്മാൻ കല്ലുകളിൽ മൂശ കൊത്തിയതോർക്കു-മ്പോൾ
നിങ്ങൾ - തൻ മൃതർ പേരുകളെ
ഓർക്കാ-നും പള്ളിയിലിവിടെ
എഴുതാനും, മേൽ സ്വർഗ്ഗത്തിൽ,
മ്ശിഹാതൻ വരവിൽ തന്നോ-
ടവർ മോദിപ്പാനും ചേർപ്പിൻ പ്രിസ്തായിൽ.

**മൊറിയോ...**

## മോർ ബാലായിയുടെ ബോവൂസോ

കരുണ നിറഞ്ഞവനെ! പുനരുത്ഥാനത്തിൽ... (പേജ് 2)

**ഹാലേ... ഹാലേ... ഹാലേ... ദൈവമേ നിനക്കു സ്തുതി (3 പ്രാവശ്യം)**

**കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ...** **(പേജ് 27)**

**നാം ദൈവത്തിന്റെ മക്കളായി തീരുവാൻ...** **(പേജ് 27)**

**മറിയാം പറഞ്ഞതെന്തെന്നാൽ...** **(പേജ് 27)**

## മാവുർബോ ശീലുകൾ

ദൈവമാതാവായ കന്യകയെ! നിന്റെ ആത്മാവ് പരിശുദ്ധിയുടെ ഭണ്ഡാഗാരമായിരുന്നതിനാലും ഒതുങ്ങുവാൻ കഴിയാത്ത ദൈവത്തെ നിന്റെ ഉദരം അത്ഭുതകരമായി സംവഹിച്ചതിനാലും ശരീരത്തിൽ വെടിപ്പും വെണ്മയുമുള്ള നിന്നെ ഞങ്ങൾ എല്ലാവരും ശ്രേഷ്ഠത-പ്പെടുത്തുന്നു.

മോർ (.........) ഏറ്റം ഞെരുക്കം അനുഭവിക്കുന്ന ഞങ്ങൾ നിന്നെ വിളിക്കുന്നതിനാൽ വേഗം ഞങ്ങളോടുത്തരമരുളുകയും ഞങ്ങളുടെ യാചനകൾക്കു മറുപടി അരുളുകയും ചെയ്യണമെ. നിന്റെ നാഥൻ സകലത്തേക്കാളും നിന്നെ സ്നേഹിക്കുന്നതിനാൽ നിന്റെ പ്രാർത്ഥന ഞങ്ങൾക്കു സഹായകമാകണമെ.

ഞങ്ങളുടെ രക്ഷകാ! നിന്റെ തിരുശരീരരക്തങ്ങൾ കൈക്കൊള്ളു-കയാൽ മരണത്തിൽ നിന്ന് ജീവങ്കലേക്ക് വാങ്ങിപ്പോയിരിക്കുന്ന വിശ്വാസികൾക്ക് നവജീവന്റെ അച്ചാരം നീ നൽകിയിരിക്കുന്നു. നിന്നെ കൈക്കൊണ്ട പരേതർക്കു ഭാഗ്യം. എന്തെന്നാൽ നീ അവരെ ഉയിർപ്പിക്കുന്നവനാകുന്നു.

**ബാറെകമാർ. ശുബ്ഹൊ ... മെനഓലം...**

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സത്യേകദൈവമേ! മനോഹരവും ഇമ്പകരവുമായ സ്വരങ്ങളാൽ നിർമ്മലവും മാധുര്യപരവുമായ സ്തുതികളെ സഭ അതിന്റെ മക്കളോടുകൂടെ നിനക്കർപ്പിക്കുന്നു. നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത്... (പേജ് 28)
ഉറങ്ങിയവരെ നിങ്ങൾ... (പേജ് 30)
ത്രിത്വത്തിനു സ്തുതി... (പേജ് 32)

## കുക്കിലിയോൻ

നീതിമാൻ പനപോലെ...
ഒരുപോലിങ്ങും...

## കോലോകൾ

(ഏനോനൊ)

മോർ (.....) മകുടം ചൂടുമ്പോൾ
ഈറേരാഘോഷാലെത്തി
ധന്യൻ നീ ഉഗ്രതരം യുദ്ധം
ചെയ്തോനെന്നവരന്നോതി
ഈറേർ മോദിപ്പൂവാനിൽ
നിൻദർശനകാംക്ഷികളായി
പിതൃസുതരാൽ സ്വീകൃതനാം നീ
റൂഹ്കുദിശാ മുടിമുടയുന്നു
നിൻ ശിരസ്സിലർപ്പിക്കുന്നു

ബാറെക്മോർ. ശുബഹോ... മെനഓ...

നല്ലിടയാ-ഭരണസമർത്ഥാ, നീ
വന്നിടുക രമ്യാശയനായ്
കീപ്പാപോൽ-സഭയിന്നടിസ്ഥാനം
സർവ്വവിധം പൌലൂ-സ് തുല്യം
നിബിയർക്കുത്തമ സോദരനേ
ശ്ലീഹഗണത്തിൽ പെട്ടോനേ
ഏലിയാപോൽ വൈരാഗി
യൂഹാ-നോനിവ സ-ന്യാസി
നിന്നെ വരിച്ചൊരു സഭ ധന്യ.

മൊറിയോ...

## മോർ അപ്രേമിന്റെ ബോവൂസോ

ഞങ്ങൾതൻ കർത്താവേ! നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻ മാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ.

മറിയാമ്മിന്നായ് ശ്ലോമ്മോവ-
ന്നറിയിച്ചോരാമാലാഖാ

ദൈവം യോജിപ്പായെന്ന്
വന്നറിവിങ്ങേകീടേണം.

പനിനീർ ഹാനനിയാദ്യർമേൽ
വീഴ്ത്തിയൊരാ മാലാഖാതാൻ
മൃതർ തന്നസ്ഥിക്കൂട്ടത്തിൽ
കൃപയാം നീർ വീഴ്ത്തീടേണം.

പരിശുദ്ധന്മാരെ നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ.

ഞങ്ങൾതൻ കർത്താവേ! നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻ മാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ.

**അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാരും... (പേജ് 33)**
**മോറാനേശുമ്ശിഹാ! ... (പേജ് 10)**

**കൌമാ**

✠ ✠ ✠

# ബുധൻ പ്രഭാതം

**കൌമാ**

**പ്രാരംഭ പ്രാർഥന (പേജ് 35)**

**ദൈവമേ നിന്റെ കൃപയിൻപ്രകാരം... (പേജ് 35)**
**എന്റെ ദൈവമേ നീ എന്റെ ദൈവമാകുന്നു... (പേജ് 36)**

## എനിയോനോ

**(അംബ്സുൽത്തോ)**

വ്രതമൊടു നിന്നെ പ്രസവിച്ച - നിർമ്മല കന്യകയൊടു കൂടെ
നിൻ സ്തുതി പാടാൻ കർത്താവേ! ഞങ്ങൾക്കർഹതയേകേണമേ.

നിന്നാഗമനം പ്രവചിച്ച - സത്യപ്രവാചകരൊടുകൂടെ
നിൻ സ്തുതി പാടാൻ കർത്താവേ! ഞങ്ങൾക്കർഹതയേകേണമേ.

പീഡകളനവധിയേറ്റവരാം - സഹദേന്മാർ മൌദ്യാനന്മാ-
രെന്നിവർ സഹിതം സ്തുതി പാടാൻ, ഞങ്ങൾക്കർഹതയേകേണമേ.

ശ്രേഷ്ഠൻ മോർ ബസേലിയോസ് - ഗ്രീഗോറിയോസ് ഇവർസഹിതം
നിൻ സ്തുതി പാടാൻ കർത്താവേ! ഞങ്ങൾക്കർഹതയേകേണമേ.

ദീപവെളിച്ചമണയ്ക്കാത്തോ - രഞ്ചതിധീമതികൾ സഹിതം
നിൻ സ്തുതി പാടാൻ കർത്താവേ! ഞങ്ങൾക്കർഹതയേകേണമേ.

നിന്നിൽ വിശ്വാസം പൂണ്ട് - പറുദീസാ നൽകപ്പെട്ട
ചോരനൊടൊത്തു പുകഴ്ത്തീടാൻ ഞങ്ങൾക്കർഹതയേകേണമേ.

**ബാറെകമോർ. ശുബ്ഹോ... മെൻഓ...**

ഇടമുറിയാതെ സ്തുതിച്ചീടും - വാനവസേനകളൊടുകൂടെ
നിൻ സ്തുതി പാടാൻ കർത്താവേ! ഞങ്ങൾക്കർഹതയേകേണമേ.

**പ്രകാശത്തിന്റെ സൃഷ്ടാവിന്നു സ്തുതി... (പേജ് 38)**

## എക്ബോ

**(മറിയാം ദീലേത്തോക്)**

ജനനീമറിയാമിന്റെയും,
സ്നാപക യോഹന്നാന്റെയും,
പ്രാർത്ഥന കേട്ടീയർത്ഥികൾ മേൽ
കരളലിവാൽ കൃപ ചെയ്യണമേ.

**സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ

തന്റെ ജനനിയെ ഉയർത്തുകയും തന്റെ വാത്സല്യവാന്മാരെ ബഹുമാനിക്കുകയും അവരുടെ ഓർമ്മകളെ നാനാദേശത്തും ശ്രേഷ്ഠതപ്പെടുത്തുകയും തന്റെ ശരണത്തിന്മേൽ നിദ്രപ്രാപിച്ച പരേതരെ പുണ്യപ്പെടുത്തുകയും ചെയ്ത തനിക്കു സ്തുതി. തനിക്ക്... **ബ്കുലഹുൻ... ആമ്മീൻ.**

## സെദറാ

ഞങ്ങളുടെ ദൈവമായ കർത്താവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ശുദ്ധിമതിയായ നിന്റെ മാതാവു മുഖാന്തിരം ഞങ്ങളോടു കരുണചെയ്യണമെ. ശ്ലീഹന്മാരെപ്പോലെ തന്നെ ഞങ്ങളെയും സന്തോഷം ധരിപ്പിക്കണമെ. നിന്റെ സമാധാനം എപ്പോഴും ഞങ്ങളെ സമ്പാദിപ്പിക്കണമെ. ഈറേന്മാരുടേയും മാലാഖമാരുടേയും നാഥനായ സ്വർഗീയ മണവാളനായ ഞങ്ങളുടെ കർത്താവേശുമശിഹാ! നിന്റെ മണവറയ്ക്ക് ഞങ്ങളെ യോഗ്യരാക്കണമെ. ആ കള്ളനെപ്പോലെ ഞങ്ങളെയും ഞങ്ങളുടെ മരിച്ചുപോയവരെയും

സ്വർഗ്ഗരാജ്യം അവകാശിപ്പിക്കണമെ. അങ്ങനെ നിന്റെ തിരഞ്ഞെടുക്കപ്പെട്ടവരോടൊന്നിച്ചു ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. **ഹോശോ... ആമ്മീൻ.**

## കോലോകൾ

**(എത്രോദ്ബസ്മെ)**

*പെത്ഗോമോ: കൃപ ചെയ്യണമേ, നാഥാ കൃപ ചെയ്യണമേ*

നാഥാ ദേവാ!
തിരുമുമ്പിൽ ഞങ്ങൾ
അർപ്പിച്ചീ ധൂപാ-
ലെങ്ങടെ പിഴകൾ പൊറുക്കണമേ
പാപവിമോചനമേകണമേ
സ്ലീബാ മൂലം രക്ഷിച്ച
ജീവകുമാരാ ദയനാളിൽ
അടിയാരെ നിർത്തുക വലഭാഗേ.

**ബാറെക്മോർ. ശുബ്ഹോ... മെനഓ...**

പിതൃസഹിതം നിത്യാ!
എൻ കർത്താസ്തോത്രം
കാണാത്തുയരത്തിൽ
നിന്നാ ശ്രേഷ്ഠതയെ താഴ്ത്തി
ഇഷ്ടാൽ മാനുഷനായ്ത്തീർന്നു
ബലഹീനാദാമ്യർവംശ
വ്യാധികളെല്ലാം നീക്കിയ നീ
സ്തുത്യൻ, ബഹുമാനമനുഗ്രഹിതം.

### ദൈവമാതാവ്

ദൈ-വ ജനനീ!
ധന്യേ! കന്യകയേ
പരിമളധൂപത്തോ-
ടൊന്നിച്ചെന്നും നിന്നോർമ്മ
അമ്മേ, നിന്നുടെ പ്രാർത്ഥനയാൽ
ലോകവ്യാപകമാം ശാന്തി
തിരുസഭ തന്നിൽ സംപ്രീതി
ഇവയെല്ലാമുണ്ടായിടണമേ.

വാ-നവ ദൂതൻ
കന്യേ! നിന്നോടായ്
ശ്ലോമോ ചൊന്നേവം
നിന്നിൽ വസിക്കുന്നധിപനു നീ
അവിവാഹിതയാം ജനയിത്രി
സർവ്വ സൃഷട്യുദ്യോതകനാം
സൂര്യനു കന്യാമാതാവായ്
നീ തന്നെ ഭാഗ്യവതിയമ്മേ.

### പരിശുദ്ധന്മാർ

ഉത്തമ യൌസേഫി-
ന്നസ്ഥികളെ മോശ
ബഹുമാനിച്ചതുപോൽ
മ്ശിഹായുടെ വത്സലരാകും
വിശുദ്ധരെ നാം കൊണ്ടാടേണം
ക്രോധത്തിന്നുടെ കാലത്ത്
നീതിയിന്നടി നാമേൽക്കായ്‌വാൻ
ദൈവത്തോ-ടായവർ പ്രാർത്ഥിക്കും.

ഞ-ങ്ങടെ മകുടം
എന്നും നിലനിൽക്കും
മ്ശിഹാ സ്വർഗ്ഗത്തെ
പ്രതിഫലമായ് ഞങ്ങൾക്കേകും
വാളുകളാലും തീയാലും
പീഡകൾ ഞങ്ങൾ സഹിച്ചാലും
ആശ്വാസം പറുദീസായാ-
ലെന്നല്ലോ സഹദേർ ചൊല്ലുന്നു.

### അനുതാപം

മ്-ശീഹാ രാജാ!
നിൻ കരുണാവാതിൽ
മുട്ടുന്നനിശം ഞാൻ
ശ്രീഭണ്ഡാരത്തിൽ നിന്ന്
കൃപയും ദയയുമിരക്കുന്നു
നിന്നിൽ ഞാൻ ശരണപ്പെട്ടേ-
നെന്നെ ലജ്ജിപ്പിക്കരുതേ
നീയല്ലോ എൻ സർവ്വാശ്രയവും.

വാ-തിൽ ചെറുത്
വഴിയുമിടുങ്ങിയത്
സ്വർഗ്ഗപുരിക്കുള്ളാ
മാർഗ്ഗമതിൽ യാനം ചെയ്‌വോ-
നുത്സുകനായ് യാനം ചെയ്ക
അൽപാലസ്യം മൂലമിതാ
പിഴവഴിയവനെ നയിക്കുന്നു
സ്വേഷടത്താലാത്മവധം ചെയ്യും.

**പരേതർ**

ക്ലേ-ശസമ്പൂർണ്ണ-
മാമീലോകത്തിൽ
നിന്നുമകന്നവരേ
ദുരിതം തീണ്ടാലോകത്തിൽ
ദൂതരുമൊന്നിച്ചാക്കണമേ
രക്ഷകനായ മ്ശീഹായേ
അബ്രഹാമിൻ മടിയിലവ-
രെന്നേക്കും വിശ്രമമേൽക്കണമേ.

**മൊറിയോ...**

**എത്രോ** **(പേജ് 41)**

**കോലോകൾ**

**(ഏനോനോനുഹ്റോ)**

***പെത്ഗോമൊ:*** *പരമാർത്ഥികൾക്കിരുളിലുദിച്ചു പ്രകാശം*
കർത്താവേ-പ്രഭയുടെയു-ദയത്തി-
ലന്ധകാരം മാ-യുന്നു
വാനം ഭൂ-വെന്നീ സോദ-രികൾ
അനിശം നിന്നെ പ്രണമിക്കും
പന്തൽ വെള്ളത്തിന്മീതെ
തട്ടുകൾ വെള്ളത്തെ താങ്ങി
മദ്ധ്യേ ഓയാറിങ്ങനെയായ്
മിഴിയട-നേരത്തിൽ
മണിയറ നിർമ്മിച്ചോൻ സ്തുത്യൻ.

**ബാറെക്മോർ. ശുബ്ഹോ... മെനഓ...**

നിർമ്മലസൂ-നുവിനെയയച്ചോനാം
ആ താതൻ സ്തുത്യൻ-ശു-ദ്ധൻ
നിർമ്മലമാ-മുദരത്തിങ്കൽ താ-

നിറങ്ങിവസിച്ചു വിശുദ്ധമായ്
അവനൊടു തുല്യം നാമാകാൻ
നമ്മെപ്പോലെയവനായി
തിരുവിഷ്ടത്താൽ നരനായി
നമ്മെ തൻ പിതൃസുതരാക്കി
റൂഹായൊടു ബന്ധിച്ചീടാൻ.

ദൈവമാതാവ്

ജാഗരണേ-മറിയാം നി-ന്നുങ്കൊ-
ണ്ടുടയോനൊടു പ്രാ-ർത്ഥിക്കുമ്പോൾ
അഗ്നിമയൻ ദൂതൻ മ-റിയാമിൻ
സവിധേവന്നേവം ചൊന്നു.
"കൃപയുടെ നിധിയേ! സമാധാനം
ഭൂപാലയമേ! സമാധാനം
ദരിദ്രത നീക്കപ്പെട്ടവളേ,
ധനി, നിന്നുദരേ പാർക്കുന്നു
ജാതികളുടെ പശിമാ-റ്റീടാൻ".

ദൈവസുത-ന്നുത്തമമാതാവായ്
തീർന്ന മറിയാമേ! ഭാഗ്യം
ശ്രേഷ്ഠവണി-ക്കിറങ്ങി വസിച്ചുള്ളോ-
രലംകൃതപടവേ! തേ ശ്ലോമ്മോ
അരചാലയമേ തേ ഭാഗ്യം
വാനവശിലപിയെ നീ പേറി
നിൻ വ്രതഹാനി ഭവിച്ചില്ല
പുനരപി നിർമ്മല നീയമ്മേ
നിൻ സുതനോ വന്ദ്യൻ ത-ന്നെ.

പരിശുദ്ധന്മാർ

ചൊന്നേശു-ശിഷ്യഗണത്തോടായ്
സത്യപ്രകാശം ഞാൻ ത-ന്നെ
പ്രഭതന്നിൽ നടകൊള്ളുന്നോരെ
ഇരുളധികാരം ചെയ്യില്ല
കർത്ത്യപ്രഭയിൽ നടന്നോരാം
ശ്ലീഹഗണത്തിനഹോ ഭാ-ഗ്യം
ഭൂമിയിലെല്ലാ ഭാഗത്തും
അവരുടെ സ്മരണ മുഴങ്ങുന്നു
ആ പ്രാർത്ഥന ഞങ്ങൾക്കഭയം.

ജീവവഴി-മൃതിപന്ഥാവെന്നീ-
യിരുവഴികൾ സഹദേർ-കണ്ടു
നവജീവൻ-പ്രാപിച്ചീടാനാ-
യിടുങ്ങിയ വഴിയവർ കാംക്ഷിച്ചു
സാത്താനോടവരടരാടി
അവനെ ജയിച്ചവർ ചൊല്ലുന്നു
ദൈവനാമം ബഹുമാന്യം
ആരാധകർക്കതു മാർഗദർശി
അർത്ഥികൾ തന്നഭയസ്ഥാനം.

## ഏക പരിശുദ്ധൻ

നല്ലിടയാ-ഭരണസമർത്ഥാ, നീ
വന്നിടുക രമ്യാശയനായ്
കീപ്പാപോൽ-സഭയിന്നടിസ്ഥാനം
സർവ്വവിധം പൌലൂ-സ് തുല്യം
നിബിയർക്കുത്തമ സോദരനേ
ശ്ലീഹഗണത്തിൽ പെട്ടോനേ
ഏലിയാപോൽ വൈരാഗീ
യൂഹാ-നോനിവ സ-ന്യാസി
നിന്നെ വരിച്ചൊരു സഭ ധന്യ.

## അനുതാപം

*പെത്ഗോമോ: അലിവൊടു കൃപ ചെയ്യുക നാഥാ!*
അർഥികളാം-പാപികളിൽ നിന്നും
കരുണയെ വെടിയാത്തൊരു-നാ-ഥാ
അരിശവടി ശിക്ഷകളെല്ലാം നീ
മനസലിവാലെയകറ്റണമേ
ഹൃഷ്ടസമൃദ്ധ മാസങ്ങൾ,
വത്സരമിവയെ താ, നാഥാ
ശ്രേഷ്ഠ സ്ലീബാരൂപത്താൽ
മാറ്റീടേണം ദുഷ്ടനെ, നിൻ
കൃപയെ ഞങ്ങൾ സ്തുതിപ്പാനായ്.

നാഥാ നിൻ സ്തുതിയിൽ നിന്നെന്നെ
മുടക്കിയകറ്റീടല്ലേ നീ
നീതിയോടെ എന്നെ വിധിക്കല്ലേ
പാപിയിവനെന്നറിയുന്നേൻ
എൻകടമെല്ലാം ചോദിക്കി-

ലെന്നവകാശം തീയയ്യോ
ജീവവിഹീനനാക്കും ഞാൻ
നിന്നാഹവാനാ-നർഹാനാകും
കൃപയാലെൻ പിഴ പോക്കണമേ.

പരേതർ

വാങ്ങിപ്പോ-യപിതൃക്കൾക്കും ഭ്രാ-
താക്കൾക്കും നൽകാശ്വാസം
നിന്നാരാ-ധകരേ നിൻ പരിശു.-
ദ്ധന്മാർ സംഘത്തിൽ ചേർക്ക
നീ സിംഹാസനമേറിട്ടാ
ദുഷ്ടന്മാരെ നീക്കുമ്പോൾ
ഞങ്ങടെ മൃതർ ദയ കാണണമേ
നിൻ മാഹാത്മ്യമുദിക്കുമ്പോൾ
വലഭാഗത്തായിടേണം.

## കുക്കിലിയോൻ

ധനികർകാഴ്ച്ചകൾ സഹിതം നിൻ സന്നിധിപൂകും ഹാ- ഹാ-
നൃപസുത തൻ മഹിമാവകമെ.

കന്യകമാരെയവൾ പിന്നാലെ നയിക്കും ഹാ- ഹാ-
അവരെത്തുന്നാമോദത്തോടെ.

**ബാറെക്‌മോർ. ശുബഹോ... മെനഓ...**

## എക്ബൊ

**(ശ്ലോം ലേക്ക്)**

ഭാ-ഗ്യം-ശുദ്ധി വെടിപ്പെഴുമമ്മേ കറയില്ലാത്താ-
മുത്തെ ഭാഗ്യം നിന്നോടു കൂടെന്നും;
ഭാ-ഗ്യം സകല ചരാചര വാഹകനെപ്പെറ്റമ്പേതേ - യനിഭാ-ഗ്യം
അനുദിനമഖില കുലങ്ങളുമങ്ങേക്കോതുന്നുവികല ഗാനാ-ലാപം.

**സ്തൌമെൻ... കുറിയേ...**

## കോലോകൾ

**(തൂബൈക്ക് ഈത്തോ)**

*പെത്ഗോമോ: ലോകേശനെഞാനനുദിനവും വാഴ്ത്തിപ്പാടും*
ദാ-വീദ് പുത്രി
സകല കുലങ്ങളിലും നി-ന്ന്
തൻ ഗാത്രമെടുക്കാൻ മ്ശീഹാ
ചേർന്നവളായ് നിന്നെക്കണ്ടു
പരനുരു നിന്നിൽ നിന്നേന്തി

ഭേദം ലേശവുമേ-ശാ-തെ
മഹിമയിൽ നിന്നും ഞങ്ങൾക്കായ്
എ്വം താഴ്ന്നവനതി വന്ദ്യൻ
തവ ജനനീസ്മൃതി ദിശയഖിലം
കീർത്തിതമായിത്തീ-രേ-ണം.

**ബാറെക്മോർ. ശുബ്ഹോ... മെനഓ...**

ഈ-ശൻ തന്റെ
ജീവനെഴും വചനം സ്തു-ത്യൻ
തിരുവിഷ്ടത്താൽ പാവനയാം
കന്യക തന്നുദരെ നിന്നും
തൻ തനു ചേതനയാർന്നവനാം
ദൈവ തനൂജാ തേ-സ്തോ-ത്രം
തനുവിലുമതുപോൽ ജീവനിലും
അവളതി ലഘ്വി സമാർജ്ജിപ്പു
താനുരുവായി റൂഹായാൽ
തന്നെപ്പെറ്റവളാ-ശ്ചര്യം.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

മാത്യ വിശു-ദ്ധരുടോർമ്മയിൽ ഞങ്ങളെ ചേർത്തിടണമെ
തൽ പ്രാർത്ഥനയാൽ പുണ്യം ഞങ്ങൾക്കും വിഗതർക്കും.

സാദൃശ്യമായ് മോശ ചമച്ച പെട്ടകമമ്മേ
നിന്നുടെ രുപം കാട്ടീടുകയാൽ ഭാഗ്യം തായേ
പേടകത്തിലീശ്വരലിഖിത കൽപലകകൾ
സത്യമായി നിന്നിലല്ലോ ജീവാഹാരം.

തുഷ്ടിപൂർവം വാങ്ങിപ്പോയ-വർക്കു ഭാഗ്യം
നിരതാർത്ഥം പോൽ-പുത്രഗാത്രമവരിൽ ലീനം
പാതാളത്തിൻ കോട്ടകളെല്ലാമിടിക്കുന്നോന്റെ
ശബ്ദ ശ്രവണാൽ-വിഗതരുയിർക്കും എതിരേൽപ്പിന്നായ്.

ദാവീദിന്റെ മകളിൽ നിന്നും ജഡമേറ്റോനേ
നിൻദയ നിന്റെ ഇടവകയിന്മേൽ വർഷിച്ചാലും.

**കർത്താവേ! നിന്നെ സ്തുതിക്കുന്നതും... (പേജ് 44)**

**കൌമാ**

# ബുധൻ മൂന്നാം മണി നമസ്കാരം

**കൌമാ**

## കോലോകൾ

(ഏനോനോ നുഹറോ ശാറീറോ)

ദൈവത്തിൻ ജനനീ മറിയാമേ!
വാഴ്ത്തപ്പെട്ടവളേ! ഭാഗ്യം
ദൈവത്തിൻ കുഞ്ഞാടായോനേ
നീ മടിയിൽ താലോലിച്ചു!
തന്നുജ്ജ്വലമാം രശ്മികളാൽ
നിന്നിലുപദ്രവമേശാതെ
ശക്തൻ താങ്ങി ക്രൂബരഥേ
സംസ്ഥിതി ചെയ്തീടുന്നോനെ-
യേന്തിയ മാതാവല്ലോ നീ.

**ബാറെ ക്മോർ. ശുബഹോ... മെനഓ...**

അത്ഭുതമാ-യ് സൽഫലമേകിയൊരാ-
തരു മത്സ്യം തീക്കൽ പാറ
ത്രയരഹസ്യാൽ തിരുസഭ വിശ്വാസ-
ത്യാഗികളോടു വാദിക്കുന്നു
തരുവിൽ നിന്നജമുണ്ടായി
തോയം തീക്കല്ലിൽ നിന്നും
മത്സ്യമതേകി എസ്തീറാ
കന്യാപ്രസവെ വാദിപ്പോ-
ർക്കിവയേറ്റം വാട്ടം നൽകും.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

ശുദ്ധിമതിയെ നിന്നുടെ പ്രാർത്ഥന ഞങ്ങടെകൂടെ
നിൻപ്രാർത്ഥനയെ നാഥൻ കേട്ടു പുണ്യം നൽകും.

ആർദ്രത നിറവേ ദയനിധിയോടായ് ദയയർത്ഥിക്ക
ദയചോദിക്കുന്നാത്മാക്കൾമേൽ ദയവുണ്ടാകാൻ

വിസ്മയപൂർവ്വം മറിയാം ചരിതം ഞാനുരചെയ്യാം
ഏതൊരു മാന്യ സ്ഥാനത്തേറി മണ്മയപുത്രി.
അവളുടെ നികടെ കൃപയാസുതനെ വിട്ടോ അഥവാ
പരജനനീത്വം നൽകാനായി പ്രീതിപ്പെട്ടോ?

ശാന്തർ സഹിതമല്ലാതെവിടെയെന്നുടെ വാസം
ജാതരിലേറ്റം താഴ്ന്നവളിൽ താനിറങ്ങിപ്പാർത്തു.
ലോകരിലേവൻ മറിയാമേപ്പോൽ താഴ്ന്നിടുണ്ട്
അവളോടു തുല്യം ഉന്നത പദവിയുമാരാർജ്ജിച്ചു.

ഒമ്പത് മാസം നിന്നെ വഹിച്ച ജനനിയെയോർത്ത്
ക്രോധദണ്ഡി ഞങ്ങളിൽ നിന്നും നീക്കുക നാഥാ!

**കൌമാ**

✠ ✠ ✠

# ബുധൻ ആറാം മണി നമസ്കാരം

**കൌമാ**

## കോലോകൾ

**(മൽക്കൂസ് റൌമോ)**

മൂശ ചമച്ച-
സാക്ഷ്യപ്പെട്ടകമേ!
മറിയാമേ! ശ്ലോമോ!
ജീവജലത്തെ മുൻകുറിയായ്
കാട്ടിയ ശോശപ്പാ! ശ്ലോമോ
ഈശായ് നന്ദനനാം ദാവീ-
ദോതിയ പുണ്യപുരി! ശ്ലോമോ
നിന്മടിയിൽ-ദൈവമുദിച്ചല്ലോ.

**ബാറെക്മോർ. ശുബഹോ...**

ദുഷ്ടനൊടടരാടാൻ
സ്ലീബാ വാഹികളാം
സഹദേന്മാർ ചെന്നു
വാളാൽ ഛേദിതരായി ചിലർ
ചിലരഗ്നിയിലന്ത്യം കണ്ടു
ദുഷ്ടൻ ദർശിച്ചാർപ്പിട്ടു
മടിപൂണ്ടില്ലവരും പോരിൽ
പുണ്യം നൽകണമവർ യാചനയാൽ.

**മെനഓ...**

നീതിപരർക്കായ്
മേശയൊരുക്കിയതിൽ
നാഥാ! നിൻ ശുദ്ധ-

തനുരുധിരങ്ങളശിച്ചോരെ
യോഗ്യന്മാരാക്കീടണമേ
നിന്നെ ഏറ്റുപറഞ്ഞവരെ
താതസമീപം നീ തന്നെ-
യേൽക്കണമേ നിന്നിൽ മരിച്ചവരെ.

**മൊറിയോ...**

**മോർ ബാലായിയുടെ ബോവൂസോ**

മാതാ കാദീശന്മാർ തൻ പ്രാർത്ഥനയാൽ... **(പേജ് 47)**

**മോർ സേവേറിയോസ് പാത്രിയർക്കീസിന്റെ മാനീസൊ**

നിൻ മാതാവ് വിശുദ്ധന്മാർ **(പേജ് 47)**

**കൌമാ**

വിശ്വാസപ്രമാണം **(പേജ് 15)**

# ബുധൻ ഒമ്പതാം മണി നമസ്കാരം

**കൌമാ**

**കോലോകൾ**

**(ആനീദെ ദശ്ക്കൽ)**

രക്ഷകനേ! നിൻ ഗാത്രത്തെ ഭക്ഷിച്ചും
വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരെ നാ-ശം നീക്കി ജീവിപ്പി-
-ച്ചണിയേണം നിന്നെ നോക്കുന്നവരിൽ കാന്തി.

**ബാറെക്മോർ. ശുബഹോ... മെനഓ...**

മൃതരെ ജീവിപ്പിപ്പാനെഴുന്നെള്ളും രാജാ
മുകിലഴകിൻമേലാഘോഷിതനായീടുന്നു
നയവാൻമാർ തൻ മുൻകൊമ്പിൻ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേൽപ്പാനായ് പോയീടുന്നു.

**മൊറിയോ...**

**മോർ ബാലായിയുടെ ബോവൂസോ**

കരുണ നിറഞ്ഞവനെ, പുനരുത്ഥാനത്തിൽ... **(പേജ് 2)**

**കൌമാ**

# വ്യാഴം സന്ധ്യാ നമസ്കാരം

**കൌമാ**

## പ്രാരംഭ പ്രാർഥന

**കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ... (പേജ് 3)**

## എക്ബോ

**(ശ്മായോനെ ശുബ്ഹോ സൊമറിൻ)**

ആദിയുമന്തവുമില്ലാത്തോ-നഖിലാണ്ഡത്തിൻ സൃഷ്ടാവേ!
വാനവർ നിൻ സ്തുതി പാടുന്നു - മാനവര-ർപ്പിക്കും സ്തോത്രം.

**സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ

തന്റെ മനുഷ്യസ്നേഹത്താൽ ഞങ്ങളുടെ അടുക്കലേക്ക് ഇറങ്ങിവന്ന ഉന്നതനും തന്റെ ദാസനായ ആദാമിനും തന്റെ കല്പന ലംഘിക്കുന്ന പാപികളായ അവന്റെ മക്കൾക്കുവേണ്ടിയും ജഢത്തിൽ മരണം ആസ്വദിച്ച നല്ലവനായ തനിക്കു സ്തുതി. തനിക്ക്... **ബ്കുലഹുൻ... ആമ്മീൻ.**

## സെദറാ

ദൈവമായ കർത്താവേ! നിന്നോട് ഞങ്ങൾ അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിന്റെ മാലാഖമാരുടെ കൂട്ടങ്ങളു-ടെയും നിരകളുടെയും അപേക്ഷകളാലും നിന്റെ മാതാവായ പരിശു-ദ്ധ കന്യക മറിയാമിന്റെ പ്രാർത്ഥനകളാലും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും മൗദ്യാനന്മാരുടെയും യാചന-കളാലും, കർത്താവേ! ഞങ്ങളോടു നീ നിരപ്പാകണമേ. അവരുടെ ശരണത്തിൽ ഞങ്ങളെ ഉറപ്പിക്കുകയും അവരുടെ സൗന്ദര്യത്തിൽ ഞങ്ങ- അലങ്കരിക്കുകയും അവരുടെ സ്നേഹത്തിൽ ഞങ്ങളെ ബന്ധി-ക്കുകയും അവരുടെ നടപടികളിൽ ഞങ്ങളെ സമ്പന്നരാക്കുകയും ചെയ്യണമെ. അവരുടെ പിന്നടികളിൽ പ്രയാണം ചെയ്യുവാൻ ഞങ്ങളെ ശക്തീകരിക്കണമെ. അവരുടെ വിശ്വാസധീരതയിൽ സദൃശ്യ-മാക്കപ്പെടുവാൻ ഞങ്ങളെ സഹായിക്കുകയും അവരെപ്പോലെ നിന്നെ പ്രസാദിപ്പിക്കുവാൻ ഞങ്ങൾക്ക് കൃപനൽകുകയും ചെയ്യണമെ. അവരോടൊന്നിച്ച് ഇമ്പപ്പെടുവാൻ ഞങ്ങളെ ഒരുക്കുകയും അവരുടെ ഇടയിൽ നിന്നെ സ്തുതിപ്പാൻ ഞങ്ങളെ ഒരുക്കുകയും ചെയ്യണമെ. അങ്ങനെ അവരോടൊന്നിച്ച് നിന്നിൽ സന്തോഷിക്കുവാനും നിന്നെ പ്രാഭവപ്പെടുത്തുവാനും നിന്റെ ശ്രേഷ്ഠതയെ ആരാധിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമെ. വിശ്വാസികളായ ഞങ്ങളുടെ മരിച്ച-

വർക്ക് നല്ല ഓർമ്മ പ്രദാനം ചെയ്യണമെ. ഞങ്ങൾ നിനക്കും വാഴ്ത്തപ്പെട്ടവനായ നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. **ഹോശോ... മെൻ ആലോഹോ... ആമ്മീൻ.**

## കോലോകൾ

**(ദ്കോലെ ദമ് ലേൻ)**

*പെത്ഗോമോ: നാഥനൊടുന്നത നാദത്തിൽ പ്രാർത്ഥിച്ചു ഞാൻ*
സ്തുതി സമ്പൂർണ്ണശബ്ദത്താൽ പ്രീണി-പ്പിക്കുന്നേൻ
ഋണപാപങ്ങൾ മൂലം ഞാൻ കേഴുന്നേറ്റം, പ്രാർത്ഥിക്കുന്നേൻ
തിരുമുമ്പിൽ നിന്നിവനെ നീ തള്ളീടല്ലേ
അനുതാപം പാശ്ചാത്താപം; അർപ്പിക്കുന്നടിയാർ
മ്ശീ-ഹാ, ബഹുവിധകുറ്റം ചെയ്തോനിൽ ദയചെ-യ്യേ-ണം.

**ബാറെക്മോർ. ശുബഹോ...**

ദുരിതം നിറയും - കാലത്തിൽ യാചി-ക്കുന്നടിയാ-
രാഗതനാകുക തുണചെയ്യാനെൻ നാഥാ കരുണയെ നൽകാൻ
കെടുതികളതിരില്ലാതേറ്റം വളയുന്നയ്യോ
കോപത്താൽ ശിക്ഷിക്കരുതേ; ക്രോധത്താലും നീ
മ്ശീഹാ രാജാ കനിവേകി ദയ ചെ-യ്യേ-ണം.

**മെനഓ...**

### ദൈവമാതാവ്

വാനവ സൌധത്തിൽ നിന്നും ദൂത-ൻ ഗബ്രിയേൽ
ദാവീദുദഹിതാധന്യവതി മറിയാം സവിധമയയ്ക്കപ്പെട്ടാൻ
ശാന്തിദ ദൂതവനറിയിച്ചാൻ, ചൊന്നാനേവം
നിന്നിൽ നിന്നുദയം ചെയ്യും; താതാദ്യസുതൻ താൻ
അ-വളിന്നാഗതനീശൻ മ്ശീഹാ ദയചെ-യ്യേ-ണം.

മേലുയരത്തിൽ - മരുവീടുന്നഗ്ന്യാത്മീയന്മാ-ർ
ഭൂമിയിലെല്ലാത്തലമുറയും ഭാഗ്യം നൽകുന്നവൾ ചൊന്നതുപോൽ
അവളുടെയർത്ഥനയാലീശാ സർവ്വാധിപതേ!
അവളുടെയോർമ്മയെ മാനിച്ചങ്ങാഘോഷിച്ചോർക്കും
പാ-പക്കന്മഷമുക്തിയെ നീ നൽകീടേ-ണം.

### പരിശുദ്ധന്മാർ

നിബിയർ ശ്ലീഹ-ർ സഹദരുമേ ശ്ലോമ്മോ നിങ്ങൾക്കായ്
വിശ്വാസത്തിൻ ശിൽപ്പികളും സഭയുടെ സ്തംഭങ്ങളുമല്ലോ
മ്ശീഹായെപ്രതി കൂറോടെ പീഡസഹിച്ചോർ,

അവരാത്മാക്കൾ പിൻചെന്നാർ, ദാവീദോതിയപോൽ
അ-വർ പ്രാർത്ഥനയാൽ ദേവേശാ ദയ ചെ-യ്യേ-ണം.

കഴിവിൻ തികവാ-ൽ മിശിഹായെ സ്നേഹി-ച്ചാ സഹദേർ
മഹിമയെ വർണ്ണിപ്പാനിന്നാർക്കുണ്ടർഹത ഭുവനെ!
നശ്വരതാൽക്കാലിക, മഹിമാ, വിട്ടാരവരും
ഹൃത്തിൻ തികവൊടെ സ്നേഹിച്ചാർ; ഈശാരാധനയെ
മ്ശീ-ഹാ സഹദേരർത്ഥനയാൽ ദയചെ-യ്യേണം.

**അനുതാപം**

കരുണാവാതി-ൽ തുറിക്കണമെ ചോരനെന്നതുപോൽ
ചുങ്കക്കാരൻ, പാപിനിയെന്നിവരുടെ താപം കൈക്കൊണ്ടതുപോൽ
അടിയരുടനുതാപത്തേയും, കൈക്കൊള്ളണമെ,
തള്ളിയശീമോനെന്നതുപോൽ; പാപവിമോചനവും!
തേറു-ന്നോരിൽ, പ്രീതൻ നീ കരുണാ-പൂർണ്ണൻ.

കരുണാനിധിയെ ദയചെയ്യണമച്ചോര-നെന്നതുപോൽ
അർഹതയുണ്ടായിട്ടല്ല; നിൻകൃപയാധിക്യംമൂലം
കൃപയാൽ നരരുടെ മദ്ധ്യേ നീയാഗതനായി
പീഡകസാത്താൻ, മൃതിയിൽനി-ന്നിവരെ രക്ഷിപ്പാൻ;
ആത്മാ-ക്കൾ തൻ സൽവൈദ്യാ, ദയ ചെ-യ്യേ-ണം.

**പരേതർ**

വിശ്വാസികളാം വിഗതർക്കായ് നല്ലോർമ്മ നൽകണമെ
തിരുതനുരക്തമവർ ഭക്ത്യാ പ്രാപിച്ചല്ലോ
ദൂതർസഹിതം മഹിമയൊടെ, വന്നീടുമ്പോൾ
നിൻ വലഭാഗം നിൽക്കണമേ; മുഖതെളിവോടെയവർ
മ്ശീഹാ-ദേവേശാ സ്തുതി സതതം തെ-പാ-ട-ട്ടെ.

**മൊറിയോ...**

**എത്രോ** **(പേജ് 7)**

**കോലോകൾ**

**(ബ്റംശൊല് ബൈത്തൊക്)**

*പെത്ഗോമൊ: സാദരമെത്തും നിൻ ഭവനെ, എൻ നേർച്ച നിനക്കു കഴിക്കും ഞാൻ. ഹാലേലുയ്യാ.*

ദയയും പാപവിമോ-ചനവും യാചിപ്പാ-ൻ
അന്തിയിൽ നിന്നാലയമടിയാർ പൂകീടുന്നു,
പാപികളൊടു ദയചെ-യ്വോനെ പ്രഭാതത്തിൽ
വന്നു വണങ്ങാനീയടിയാർക്കിടയാകണമെ.

**ബാറെക്മോർ. ശുബഹോ... മെനഒാ...**

ഈറേന്മാർ സേവ-ചെയ്യുമുണർന്നോനെ!
ഭൌമികരുടെ പരിചരണത്തിൽ പ്രീതൻ നീയേ
താഴെ നിന്നടിയാർ ശബ്ദം കേൾക്കണമേ
വിളിചെയ്തൊരു യോനായൊടു നീയരുളിയപോലെ.

ദൈവമാതാവ്

വൈവാഹിക ബന്ധം കൂടാതമലയതായ്
ദൈവത്തെ പ്രസവിച്ചവളെ ധന്യേ കന്യേ!
ആശ്വാസം വിഗതർ-ക്കടിയർക്കോ ശരണം
നിൻ സ്മൃതി ദിനമാമിന്നേകാനർത്ഥിക്കണമേ.

മ്ശീഹായെ മറിയാം - മടിയിലിരുത്തീട്ട്
സർവ്വം പാലകനേകിയവൾ സ്തന്യം ശുദ്ധം
ദൈവത്വം മനുഷ്യ-ത്വത്തൊടു ചേർന്നവന്
കീറത്തുണിയിൽ പുൽക്കൂട്ടിൽ ശയ്യ വിരിച്ചാൾ.

പരിശുദ്ധന്മാർ

സിദ്ധന്മാർ നിങ്ങൾ - സംഘത്തിനു ശ്ലോമ്മോ
ജീവൻ മർത്യർക്കായ് പേറും വണിഗീശന്മാർ
അർത്ഥന ഭണ്ഡാരം; തുറക്കുകയഗതിക്കായ്
കെടുതിയിൽ നിന്നിലോകത്തെ സംരക്ഷിപ്പാൻ.

ജീവികളെ നോഹ - പ്രളയക്കാലത്തിൽ
പേടകമുള്ളിലതി ഭദ്രം - സൂക്ഷിച്ചതുപോൽ
സഹദേന്മാരെ എഴുന്നേറ്റീലോകത്തെ
കല്ലോലങ്ങളിൽ നിന്നെല്ലാം സംരക്ഷിപ്പിൻ.

ഏക പരിശുദ്ധൻ

വിസ്മിതരായ് വാനോ-രേറ്റം നിൻ പ്രഭയാൽ
നിൻ തിരുനാമം മോർ (......) ലോകേ ശ്രേഷ്ഠം
ഉത്തമമാം നിൻ വ്യ-ത്തികൾ കണ്ടിട്ടീശൻ
വിസ്മൃതമാക്കി നിന്നോർമ്മ; പ്രാർത്ഥിക്കണമെ.

അനുതാപം

നിഷ്കന്മഷരെ സ്നേ-ഹിക്കും നിർമ്മലനെ!
നിർമ്മലഹൃത്തം നൽകണമെ ഞങ്ങൾക്കെന്നും
അങ്ങേയ്ക്കപ്രിയമു-ളവാക്കും ചിന്തകളും
ദുർമ്മനനങ്ങളുമുന്മൂലം നീക്കിത്തരണേ!

നിനുവയരൊടു ദയചെ-യ്തോനെ! പാപികളാ-
മീയടിയാരിൽ നിന്നു മുഖം തിരിപ്പിക്കല്ലേ

കരുണാവാരിധി നി-ൻ വാതിലടച്ചീടിൽ
മറ്റാരുടെ വാതിൽക്കൽ പോയ് ഞങ്ങൾ മുട്ടും?

### പരേതർ

രക്ഷകനേ! നിൻ ഗാത്രത്തെ ഭക്ഷിച്ചും
വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരെ നാ-ശം നീക്കി ജീവിപ്പി-
ച്ചണിയേണം നിന്നെ നോക്കുന്നവരിൽ കാന്തി.

ബലി ഹാബേലർപ്പി-ച്ചാദാമിനു വേണ്ടി
വേദനയോടെ പ്രാർത്ഥിച്ചാൻ - യാചിച്ചേവം
മണ്ണിൽ നിന്നാദാ-മിനെ സൃഷ്ടിച്ചോനെ!
ഏദനിലുണ്ടായപരാധം നീയോർക്കരുതെ!

## കുക്കിലിയോൻ

നാഥാ! എന്നർത്ഥന കേൾക്കാ ഹാ-
എൻ നിലവിളി നിൻ സ-ന്നിധി പൂകും.

എൻ നാളുകൾ വേദനയാൽ തീർന്നു ഹാ-
എന്നസ്ഥികൾ വെണ്ണീറിനു തുല്യം.

**ബാറെക്മോർ. ശുബഹോ... മെനഓ...**

## എക്ബോ

**(കാബെൽ മോറാൻ തെശ്മെശ്താൻ)**

നാഥാ പ്രാർത്ഥന ശുശ്രൂഷകൾ നീ-കൈക്കൊൾക
മോശായുടെ-ലീയായുടെയും കഹനായഹറോന്റെയും പോൽ
നാഥാ അനവരതം സ്തുതി തേ! യോഗ്യം.

**സ്തൌമെൻ... കുറിയേ...**

## കോലോകൾ

**(മ്ശാലേം നുഹ്റെ ദീമോമെ)**

*പെത്ഗോമൊ: ബഹുമോഹനമതികമനീയം*

പകലിൻ പ്രഭ നീക്കുന്നോനെ!
നിൻകൃപയടിയർക്കേകണമെ
സതതം കെണിവച്ചീടുന്നാ
ദുഷ്ടനെ നീ മായിക്കണമേ
രാ-വും പകലും നിൻ സ്ലീബാ
സംരക്ഷകസങ്കേ-തമാ-ക.

**ബാറെക്മോർ. ശുബഹോ... മെനഓ...**

നിന്നെവിളിച്ചാനീയോബും,
കുഴിയീന്നും ദാനീയേലും
തീച്ചൂളയിലെ ബാലത്രയം
അഗ്നിയിൽ നിന്നവർ രക്ഷിതരായ്
പാ-പികളവശ-രടിയരിതാ, കേഴുന്നു
ദയചെയ്യേണം.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

നാഥാ നിന്നെ-ഞങ്ങൾ-വിളിക്കു-ന്നാഗതനായി
പ്രാർത്ഥ-നകേട്ടി-ട്ടാത്മാക്കൾമേൽ-ദയ ചെയ്യേണം

നിൻവലഭാഗം ജീവിപ്പാനായ് ദയചെയ്യേണം
നരകത്തീയിലാധനിയെപ്പോൽ കേഴരുതേ ഞാൻ
അഗ്നിസമുദ്രം തരണം ചെയ്യാനേകുക നൌക
അഗ്നിജ്വാല എന്മേൽകോയ്മ നടത്തീടല്ലേ.

ഹാനനിയാദ്യരുടൊപ്പം ഞാനും സ്തുതിപാടട്ടെ
ദാനിയേലെപ്പോലെൻ വദനം കീർത്തിക്കട്ടെ
ആധനിയേറ്റാ വേദനയീന്നും രക്ഷിക്കെന്നെ
ആശ്രയഹീനൻ ലാസറുടൊപ്പം സ്തുതിപാടട്ടെ.

സ്വർഗ്ഗം, നരകമിവമേൽ നാഥാ നീയധികാരി,
നരകത്തീന്നും രക്ഷിച്ചെന്മേൽ ദയ ചെയ്യേണം.

**മോറാനേശുമ്ശീഹ...** (പേജ് 10)

**കൌമാ**

✠ ✠ ✠

# വ്യാഴം സൂത്താറാ

**കൌമാ**

## കോലോകൾ

**(മൊർയോലോ ബ്റുഗ്സോക്)**

ശാസിക്ക-രുതെ കോ-പത്താൽ ശിക്ഷി-ക്കരുതെ
ക്രോധത്താലെ-ന്നർത്ഥി-ച്ചാൻ ദാ-വീ-ദ-രചൻ
സതതം കരുണാ-നിധിയീ-ശനു ദു-സ്സഹമ-ത്രെ
തൃക്കൈ നി-ർമ്മിത രൂ-പ-ത്തിൻ നാശം-തിരുമുമ്പിൽ.

**ബാറെക്മോർ. ശുബഹോ... മെനഓ...**

ദൈവാഗാ-രെ പ്രാർത്ഥിപ്പാ-നുൾ പൂ-കുന്നോ-ൻ
നിർമ്മലമാ-ക്കുക ഗാ-ത്രത്തോ-ടൊ-പ്പം ചി-ത്തത്തെ
അവനുടെ യാ-ചനയഭ്യർത്ഥന നാ-ഥൻ കേ-ൾക്കും
ന്യായത്തീ-ർപ്പിൻ നാ-ളിലവൻ ദയയും പ്രാ-പിക്കും.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

നാഥാ! നിന്നെ - ഞങ്ങൾ വിളിക്കു - ന്നാഗതനായി
പ്രാർത്ഥന കേട്ടി - ട്ടാത്മാക്കൾ മേൽ - ദയ ചെയ്യേണം.

ദൈ-വകുമാരൻ ചൊല്ലിത്തന്ന പ്രാർത്ഥന രമ്യം!
സ്മ-രണയിൽ വച്ചതു ധ്യാനിക്കുന്നോനേറ്റം ധന്യൻ!
പു-ണ്യം പൂർണ്ണതയിവയുടെ ഭംഗിയതെല്ലാമതിനെ
ഭ-ക്ത്യാ പ്രാർത്ഥിക്കുന്നോനെന്നും കാണും സ്പഷ്ടം.

ഋ-ണപാപങ്ങൾ മോചിക്കണമെന്നർത്ഥിപ്പാനായ്
നിജമർമ്മസ്ഥരെയുപദേശിച്ചോൻ നാഥ-ൻ സ്തുത്യൻ
കു-റ്റക്കാരുടെ പാപവിമുക്തിക്കേകി ധൈര്യം
മോചനമതിനായ് പ്രാർത്ഥിച്ചീടാനുപദേശിച്ചാൻ.

സർവ്വം കേട്ടിട്ടർത്ഥനയെല്ലാംകൈക്കൊൾവോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾ മേൽ ദയചെയ്യേണം.

**കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ**
**മസ്മൂറോകൾ, വിശ്വാസപ്രമാണം, ധൂപപ്രാർത്ഥന, ഹൂത്തോമോ (പേജ് 12...)**

# വ്യാഴം രാത്രി

**കൌമാ**

**ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ... (പേജ് 22)**
**രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ... (പേജ് 22)**
**ബാറെക്മോർ. ശുബ്ഹോ... മെനഓ...**

## എനിയോനോ

**(അൽമോനോ)**

ആത്മാവേ സ്തുതിയെക്കാളും നിദ്രയെയെന്തേ-സ്നേഹിച്ചു?
നിഷ്ഫല രാഗങ്ങളിലെന്തേ, സതതം മുഴുകി-കഴിയുന്നു?
ഉണരുക, സ്തോത്രംപാടിടുക; സർവ്വാധിപതേ സ്തോത്രം തേ!

അനുതാപത്തിന്നിടയില്ലാതായുസ്സന്ത്യ-ത്തിനു മുമ്പെ
തിന്മയിൽനിന്നും തിരിയുക നാം, അനുതാപത്തിൻ കാലമിതാ
പിഴയതിനൊത്തതുപോൽ നാഥാ, ശിക്ഷിക്കരുതേ! സ്തോത്രം തേ!

ഭൂമൌദൃഷ്ടിപതിച്ചുടയോൻ, തിന്മകൾ മൂല-മതിളകിപ്പോയ്
ദുഷ്ടത വർദ്ധിച്ചതിനാലെ ധരയിന്നടിസ്ഥാനവുമിളകി
പിഴയതിനൊത്തതുപോൽ നാഥാ, ശിക്ഷിക്കരുതേ! സ്തോത്രം തേ!

ദാവീദുപിഴചെയ്യുംമുമ്പു, ചൊന്നാൻ ദുഷ്ക്കർമ്മികൾ മുടിയും
പാപഃപ്പതനത്തിൻശേഷം, ചൊന്നാൻ 'ദേവാ ദയചെയ്ക'
പിഴയതിനൊത്തതുപോൽ നാഥാ, ശിക്ഷിക്കരുതേ! സ്തോത്രം തേ!

നിദ്രിതർ ഭ്രാതൃപിതൃക്കളുടെ, പാപം മോചിച്ചീടണമെ
ജീവഗ്രന്ഥത്തിൽ നാഥാ! അവരുടെ നാമം ചേർക്കണമെ
നിൻ ശ്രേഷ്ഠോദയനാളിലവർ - നിൻവലമായി നിൽ-ക്കേണം.

**ബാറെക്മോർ. ശുബാഹോ... മെനഓ...**

ഏകത്വത്തിൽ ത്രിത്വമതായ് ത്രീത്വത്തിലേകത്വവുമാം
പിതൃസുതപരിശുദ്ധാത്മാവാം സത്യേകപര-ന്നായ് സ്തോത്രം
സ്തോത്രം ദൈവത്തിന്നനിശം - തൻ ദയ ഞങ്ങൾക്കെന്നേക്കും.

**കുറിയേ... കുറിയേ... കുറിയേ...**

## ഒന്നാം കൌമാ

**(ദൈവമാതാവിന്റെ)**

### എ്ക്ബോ

**(റോസായ്ക്ക് ബസ്ദാവീദ്)**

നിയമപ്പേടകമോ-മറിയാം മുൻകുറിതാൻ
ദീർഘദർശികൾ നിൻ ചിത്രം കാണിച്ചു
വിജ്ഞാനിക്കായി-ഗ്രന്ഥത്തിൽ ചേർത്തു
ആ നവകുംഭം നിൻ ദൃഷ്ടാന്തം താൻ
വ്യർത്ഥർക്കുശിരേകും ലവണം നിൻ പുത്രൻ
ജീർണ്ണിച്ചൊരുലോക-മവനാൽ ജീവിച്ചു

**കുറിയേ... കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ! ...**

**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

### പ്രുമിയോൻ സെദറാ

## കോലോകൾ

**(മൊറിയോ മോറാൻ)**

നാഥാ ദേവാ-മാനുഷഗാത്രമെടുപ്പാൻ നീ
മനസ്സായപ്പോൾ ഗബ്രിയേലെത്തി
മറിയാം സവിധം-തന്നുടയോന്റെ-ശ്ലോമ്മോയവൻ
നൽകീട്ടേവം ചൊന്നാ-നാ-ദരവായ്
സൃ-ഷ്ടിക്കെല്ലാം രക്ഷകനായോൻ നിന്നിൽനി-
ന്നുദയം ചെയ്യും നാഥൻ നിൻ സഹിതം
ഹാലേലുയ്യാ ശാശ്വത രാജനവൻ, തന്റെ
വാഴ്ചയതെന്നു-മെന്നും നിലനിൽക്കും.

**ബാറെക്മോർ. ശുബഹോ...**

മ-റിയാം ചൊന്നാൾ, മ്ശീഹായോടെൻ മകനെ ഞാ-
നെന്തൊരു പേര് നിന്നെ വിളി-ച്ചീടും
'ശിശു' എന്നാലോ, അഖിലർക്കും നീ മുമ്പനഹോ
'വൃദ്ധ'നെന്നോ നീയൊരു ശി-ശുവ-ല്ലോ
അ-തിനാൽ സൃഷ്ടി-ക്കെല്ലാം ശോഭയതേകുന്ന
പിതൃപ്രഭയെന്നു നിന്നെ വിളിക്കു-ന്നേൻ
ഹാലേലുയ്യാ നിന്നുദയം നിൻ ശോഭയതും
സ്തുത്യം തന്നെ - താതനുമാരാദ്ധ്യൻ.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

ശുദ്ധിമതിയെ നിന്നുടെ പ്രാർത്ഥന ഞങ്ങടെകൂടെ
നിൻപ്രാർത്ഥനയെ നാഥൻ കേട്ടു പുണ്യം നൽകും.

സ്വസ്തിയൊടാഗതയാകുക നവമാം ജീവൻ നൌകേ!
നൃപപതിവാണ രാജഗൃഹമെ, മാതാ! സ്വസ്തി.
ശാന്തിയൊടാഗതയാകുക-നേർമുളമേവും തോട്ടം
രഹസ്യം സൂക്ഷി-ക്കും മന്ദിരമെ, മാതാ! സ്വസ്തി.

ശാന്തിയൊടാഗതയാകുക ബാലേ! സുന്ദരരൂപി
ഗരുഡനെയൂട്ടി വളർത്തിയ പ്രാവേ മാതാ! സ്വസ്തി.
ശാന്തിയൊടാഗതയാകുക-യവിവാഹിത വധു കന്യാ!
ലോകർക്കാശാ-സത്തുറമുഖമെ മാതാസ്വസ്തി.

ഒമ്പതുമാസം നിന്നെ വഹിച്ച ജനനിയെയോർത്ത്
ക്രോധദണ്ഡി ഞങ്ങളിൽ നിന്നും നീക്കുക നാഥാ.

## രണ്ടാം കൌമാ

**(പരിശുദ്ധന്മാരുടെ)**

**കർത്താവിന്റെ ബഹുമാനം... (പേജ് 14)**

## എ)ക്ബോ

**(പർദൈസൊ)**

ദ്വാദശ സ്തംഭങ്ങൾ താങ്ങുന്നിദ്ധരയെ
ദ്വാദശ മാസങ്ങൾ സംവത്സരമകുടം
ദ്വാദശ നിർദ്ധരിയ ശീമോൻ തന്നിൽ
ദ്വാദശ ശ്ലീഹർ പ്രസംഗകരും
മേലുയരെ, താഴെ എ)ല്ലാഭാഗത്തും
അവർ പ്രാർത്ഥന ഞങ്ങൾക്കഭയം കോട്ടയുമാം.

**കുറിയേ... കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ! ...**
**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ സെദറാ

## കോലോകൾ

**(മൊറിയോ മോറാൻ)**

നാഥാ ദേവാ! ശോഭിതദീപം പോൽ ലോകെ
വിമലർ ശ്ലീഹർ ശോഭിതരായ് വന്നു
ആ-കൽക്കറുസാ-യ്ക്കടിമകളാകും ജാതികളെ
ശിഷ്യരുമാക്കി നേർവഴിയിൽ ചേ-ർത്തു
വി-ശ്വാസികളാ-യവർ മാമ്മൂദീസായേറ്റാർ
പിതൃസുതപരിശുദ്ധാത്മാനാ-മത്തിൽ.

**ബാറെക്മോർ. ശുബഹോ...**

നാഥാ ദേവാ! പൊരുതും സഹദേർ വിധിയേൽക്കു-
ന്നെങ്ങനെയെന്നു സൂക്ഷ്മം വീ-ക്ഷി-ച്ചേൻ
എ)-രിയും ഗാത്രം, പ്രത്യഗം വിഛേദിതരായി,
ഹൃദയാനന്ദം മനസ്സിന്നാ-മോ-ദം
സഹദേർ പാടി, നിൻപേർക്കായി മരിക്കുന്നു
തുണയായ് വരിക; രക്ഷിക്കു-ക നാഥാ.

**മൊറിയോ...**

## മോർ അപ്രേമിന്റെ ബോവൂസോ

ഞങ്ങൾതൻ കർത്താവേ! നീ
കാരുണ്യം ചെയ്തെങ്ങൾ മേൽ
ശ്ലീഹർ പ്രാർത്ഥനയാൽ പുണ്യം
ഞങ്ങൾക്കും വിഗതന്മാർക്കും.

രക്ഷകനവരോടു ചെയ്താ
വാഗ്ദാനം പ്രാപിപ്പാനായ്
ശ്ലീഹർ, നിർമ്മലയജവൃന്ദം
സമ്മേളിച്ചാ സൌധത്തിൽ.

സഭചൊന്നാൾ ശ്ലീഹരോടായ്
ശോഭിപ്പിച്ചെന്നെ നിങ്ങൾ
നേതൃജനം കൂപ്പീടുന്ന
നൃപസുതതുല്യയുമായേൻ ഞാൻ.

ഞങ്ങൾതൻ കർത്താവേ! നീ
കാരുണ്യം ചെയ്തെങ്ങൾ മേൽ
ശ്ലീഹർ പ്രാർത്ഥനയാൽ പുണ്യം
ഞങ്ങൾക്കും വിഗതന്മാർക്കും.

## മൂന്നാം കൌമാ

**(അനുതാപം)**

**കർത്താവിന്റെ ബഹുമാനം...** **(പേജ് 14)**

## എക്ബോ

**(യേശുബ്രേദാബോ)**

യേശു പിതൃസുതനെ - ഞങ്ങളെ തുണയ്കണമെ
യേശു മറിയസുതാ - ഞങ്ങൾക്കഭയം നീ
യേശു ബലമേകി - യേശു സൂക്ഷിക്ക
യേശു ദുഷ്ടനെ - ഞങ്ങളിൽ നിന്നകറ്റണമെ
യേശു പാപങ്ങൾ - പിഴകൾ പോക്കണമെ
യേശു വിധി നേരം - കരുണ തോന്നണമെ.

**കുറിയേ... കുറിയേ... കുറിയേ...**
**ബാറെക്മോർ. സ്തെൌമെൻ... കുറിയേ...**

## പ്രുമിയോൻ സെദറാ

## കോലോകൾ

**(ബ് ലിലിയോ നഫക് ശെമഊൻ)**

കാരാഗാരത്തീന്നും ശെമഒാൻ രാവിലിറങ്ങി
ബന്ധിത പൌലൂസ് നിശയിലഹോ വിമോചിതനായി
പാപപ്പാശക്കെട്ടുകളെ ഞങ്ങളിൽ നിന്നും
വിഛേദിക്കുക നീ രാവിൽ.

**ബാറെക്മോർ. ശുബഹോ...**

നിശയിൽ യാക്കോബിനു താരം മരുവിലുദിച്ചു
രജനിയിലഗ്നിത്തൂണുണ്ടാ-യിസ്രായേല്യർക്കായ്
ആരാധകരുടെയകതാരിൽ രാവിൽ നാഥാ
നിൻ പ്ര-ഭയുദയം ചെയ്യേ-ണം.

**മൊറിയോ...**

## മോർ ബാലായിയുടെ ബോവൂസോ

ദുഷ്ടന്മാരിൽ കാരുണ്യം പൂണ്ടോനെ... **(പേജ് 27)**

**ഹാലേ... ഹാലേ... ഹാലേ... ദൈവമേ നിനക്കു സ്തുതി (3 പ്രാവശ്യം)**
**കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ... (പേജ് 27)**
**നാം ദൈവത്തിന്റെ മക്കളായി തീരുവാൻ... (പേജ് 27)**
**മറിയാം പറഞ്ഞതെന്തെന്നാൽ... (പേജ് 27)**

## മാവുർബോ

ദൈവമാതാവേ! നിന്റെ വചനം പോലെ സകലതലമുറകളും നിനക്കു ഭാഗ്യം തരുന്നു. എന്തുകൊണ്ടെന്നാൽ മേലുള്ള അത്യുന്നതങ്ങളിൽ നിത്യമായി വസിക്കുന്നവൻ നിന്റെ ഉദരത്തിൽ വസിച്ചു.
(വി. ലൂക്കോസ് 1:48-49)

ഹസ്കിയേൽ കണ്ട ഭയങ്കര രഥം വിശുദ്ധ കന്യകയേ! നിന്റെ ഭംഗിയോടുപമിക്കാവുന്നതാണ്. അതിന്റെ സാദൃശ്യത്തിൽ നീ അവനെ വഹിച്ചു. എന്തുകൊണ്ടെന്നാൽ ഈറേ മാലാഖമാരുടെ വൃന്ദം ശുശ്രൂഷിക്കുന്നവനെ യഥാർത്ഥത്തിൽ നീ പ്രസവിച്ചു.
(യെഹസ്കിയേൽ.10)

അത്യുന്നതനെ സ്നേഹിച്ച വിശുദ്ധ സഹദേന്മാരേ! ലോകം മുഴുവനുംവേണ്ടി നിങ്ങൾ അപേക്ഷ സമർപ്പിപ്പിൻ. നിങ്ങളുടെ പ്രാർത്ഥനകളാൽ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കുവാനും സന്തോഷങ്ങളുടെ മണവറയിൽ ഞങ്ങൾ പ്രവേശിപ്പാനും യോഗ്യരായിത്തീരട്ടെ.

കർത്താവേ! ജീവിപ്പിക്കുന്നതായ നിന്റെ പനിമഞ്ഞ് പാതാളത്തിലേക്കിറക്കി വിശ്വാസികളായ പരേതരുടെ അസ്ഥികളിൽ തളിക്കണമെ. എന്തെന്നാൽ അവർ നിന്റെ വിശുദ്ധ ശരീരം ഭക്ഷിക്കുകയും പുണ്യപ്പെടുത്തുന്ന തിരുരക്തം കുടിക്കുകയും ചെയ്തിരിക്കുന്നു. നിന്നോടുകൂടെ മണവറയിൽ അവർ ആനന്ദിക്കുമാറാകണമെ.

**ബാറെക്മോർ. ശുബഹോ ... മെനഓലം...**

പിതാവിന് സ്തുതി, പുത്രന് വന്ദനം, പരിശുദ്ധാത്മാവിന് സ്തോത്രം. അത്യുന്നതങ്ങളിൽ നിത്യമായി വസിക്കുന്ന സത്യേകദൈവത്തിന് ബഹുമാനവും ആരാധനയും ഉണ്ടായിരിക്കട്ടെ. **ആമ്മീൻ.**

**സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത്... (പേജ് 28)**
**ഉറങ്ങിയവരെ നിങ്ങൾ... (പേജ് 30)**
**ത്രിത്വത്തിനു സ്തുതി... (പേജ് 32)**

## കുക്കിലിയോൻ

നീതിമാൻ പനപോലെ...
ഒരുപോലിങ്ങും...

## കോലോകൾ

**( മോശാപ്പിർയും ദുക്റോനോക്)**

മോർ (.....) നിൻ സ്മരണയതെത്രമനോജ്ഞം
പുഷ്പസമൃദ്ധ നീസോൻമാസത്തി-ന്നതു തുല്യം
നീസോൻ കുസുമ-ത്താൽ മോദം ഭൂവിന്നേകും
നിൻ സ്മൃതിയഖിലർക്കാമോദം-നിൻപ്രാ-ർത്ഥന തുണയാം.

**ബാറെക്മോർ. ശുബഹോ... മെനഓ...**

ശ്രേഷ്ഠൻ, ധന്യൻ മോർ (.....) ആനന്ദിക്ക!
ഭൌമികർ വാനവരുടെ മദ്ധ്യേ നിൻനാമം ശ്രേഷ്ഠം
പള്ളികളാഘോഷിച്ചീടുന്നങ്ങേ സ്മരണ
മഹിമാവസനം മകുടംതേ! സ്വർഗ്ഗത്തിൽ ഭദ്രം.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

**(സ്ലൂസ്കൂൻ ആമാൻ)**

എപ്പിസ്കോപ്പർ, താതന്മാരെ പ്രാർത്ഥിക്കണമേ
നിങ്ങടെ പ്രാർത്ഥന നാഥൻ കേട്ടു പുണ്യം നൽകും

ശീമോൻ പഠിപ്പി-ച്ചൊരുവിശ്വാസം സംശയമെന്യേ
ഭൂവിതിലെങ്ങും ഘോഷിച്ചാരവ-രെപ്പിസ്കോപ്പർ
അവരുടെ ഗുരുവരകാലടി നോക്കിപ്പാദം വച്ചാർ
സംശയമെന്യേ ശ്ലൈഹികപാതയിലൂടെപ്പോയാർ

സഭകേഴുന്നാൾ-ഞാൻ പീഡിതയാണെവിടെനിന്നും
എന്നെ സഹായി-ക്കുക പ്രാർത്ഥനയാൽ ശ്ലീഹന്മാരെ
ദൈവകുമാരൻ പിതൃസവിധത്തിൽ പോയൊരുനേരം
ശക്തം കോട്ടകൾ, നിങ്ങളിലല്ലോ ഏൽപ്പിച്ചെന്നെ

വിശ്വാസത്തോടു നിങ്ങളിലഭയം ചേരുന്നോരിൽ
നിന്നും ശിക്ഷകൾ നീക്കീടണമവർ പ്രാർത്ഥനമൂലം.

**അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാരും... (പേജ് 33)**

**മോറാനേശുമ്ശിഹാ! ... (പേജ് 10)**

**കൌമാ**

# വ്യാഴം പ്രഭാതം

**കൌമാ**

## പ്രാരംഭ പ്രാർഥന **(പേജ് 35)**

**ദൈവമേ നിന്റെ കൃപയിൻപ്രകാരം... (പേജ് 35)**
**എന്റെ ദൈവമേ നീ എന്റെ ദൈവമാകുന്നു... (പേജ് 36)**

## എനിയോനോ

**(ല് വോസോക് മ്കാദെംനോ)**

തിരുമു-മ്പിൽ വന്നു, പാപവിമോചനമർത്ഥിപ്പേൻ
കരുണാ-നിധി നാഥാ, തെറ്റുകളെല്ലാം പോക്കണമെ,
പാപിയിവന്മേൽ ദ-യ ചെ-യ്ക.

എൻ വ-ൻ പാപങ്ങൾ, തീർത്തൊരു വൻ പാപക്കടലിൽ
താഴു-ന്നയ്യോ സർവ്വേശാ - ദയയാലെന്നെയേറ്റണമെ, പാപി...

ഉടയോ-ൻ നൽകിയൊരാ - താലന്തലസതയാൽ വെച്ച
ഭൃത്യ-ൻ പോലടിയാൻ, ഉത്തമഭൃത്യനാക്കണമെ, പാപി...

ചുങ്ക-ക്കാരൻപോൽ, ചോരൻ, പാപിനിയാൾ സഹിതം
വിളിചെ-യ്യുന്നീശാ! തെറ്റുകൾ പോക്കീട്ടരുളണമെ, പാപി...

പിഴകൾ വർദ്ധിച്ചു്, ശിരസ്സിന്നുപരിയൊഴുകുന്നു
കരുണാ-നിധി കൃപയാൽ, പാപം നിഖിലം മായിക്ക, പാപി...

സൃഷ്ടി-കളെല്ലാം നിൻ, മഹിമയെ വന്ദിച്ചീടുന്നു
കരുണാ-വാതിൽക്കൽ, കേഴുന്നുത്തരമരുളണമെ, പാപി...

**ബാറെക്മോർ... ശുബഹോ... മെനഓ...**

വാനോ-ർ ഗണമനിശം, നിൻ സ്തുതിപാടി കൂപ്പുന്നു
അവരൊ-ത്തീയടിയാർ, പാടീടുന്നു നിൻ സ്തുതികൾ. പാപി...

**പ്രകാശത്തിന്റെ സ്യഷ്ടാവിന്നു സ്തുതി.... (പേജ് 38)**

## എക്ബോ

**(ആലോഹോ ആദാറൈൻ)**

സർവ്വേശാ! തുണ ചെയ്ക; എൻ പാപ-ത്തിൻ ചുഴികൾ
എന്നെ ചു-റ്റു-ന്നു; ശാന്തിയതേ-കും
തുറമുഖമായ് നീ നിൽക്കണമെ - പാപാബ്ധിയിൽ ഞാൻ താഴാതെ,
അനുതാപത്തിനു കാം-ക്ഷിപ്പേൻ
തൃക്കൈ-നീട്ടി, ശീമോ-നെപ്പോലെന്നെയെടുക്കണമേ,
നാഥാ ദയ ചെ-യ്കെ-ന്മേൽ.

**സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ

പരിശുദ്ധന്മാരിൽ വസിക്കുന്ന പരിശുദ്ധനും തന്റെ സ്ഥിതിയിൽ അദൃശ്യനും തന്റെ പ്രകൃതിയിൽ നല്ലവനും തന്റെ ശക്തിയിൽ പൂർണനും തന്റെ പരാക്രമത്ത്വത്തിൽ അധികാരിയും തന്റെ സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നവനും തന്നെ പ്രസവിച്ച മാതാവിനെ ഉയർത്തുകയും തന്നെ സ്നേഹിച്ച പരിശുദ്ധന്മാരെ ശ്രേഷ്ഠരാക്കുകയും ചെയ്ത ബലവാനുമായ തനിക്ക് സ്തുതി. തനിക്ക്... **ബ്കുൽഹൂൻ... ആമ്മീൻ.**

## സെദറാ

കർത്താവേ! പാപികളായ ഞങ്ങൾക്ക് നിന്റെ ജനനിയുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനകൾ മുഖാന്തിരം, നീ പാപപരിഹാ-രകനായിരിക്കണമെ. ആത്മശരീരങ്ങളുടെ മാലിന്യങ്ങളിൽ നിന്ന് ഞങ്ങളെ വെടിപ്പാക്കണമെ. വെടിപ്പിലും വിശുദ്ധിയിലും ഉന്നതമായ നിന്റെ ദൈവത്വത്തെ പ്രസാദിപ്പിക്കുന്ന സകലതും നിറവുള്ളതാക്കാൻ ഞങ്ങളെ പഠിപ്പക്കണമെ. നിന്റെ പരിശുദ്ധന്മാരുടെ ഓഹരിയിൽ ഞങ്ങളെ ക്രമീകരിക്കണമെ. അവരോടൊന്നിച്ച് വിജയസ്തുതികൾ നിനക്കു പാടുവാനും നീതിയുടെ കിരീടങ്ങളാൽ പ്രതിപകരത്തിന്റെ ദിവസത്തിൽ അണിയപ്പെടുവാനും സംഗതിയാക്കണമെ. കുഞ്ഞാടു-കളെ നിന്റെ വലത്തുഭാഗത്തും പള്ളാടുകളെ നിന്റെ ഇടത്തുഭാഗത്തും നീ നിർത്തുമ്പോൾ എന്റെ കർത്താവേ! ഞങ്ങളുടെ മാതാപിതാ-ക്കൾക്കും, സഹോദരീസഹോദരങ്ങൾക്കും ഗുരുക്കന്മാർക്കും സകല വിശ്വാസികളായ മരിച്ചുപോയവർക്കും നല്ല സ്മരണ പ്രദാനം ചെയ്യുകയും ഞങ്ങളും അവരും നിന്റെ വലത്തുഭാഗത്ത് നിൽക്കു-

കയും നിന്റെ മനോഗുണം ദർശിക്കുകയും ചെയ്യുമാറാക-ണമെ. ഞങ്ങൾ നിനക്കും വാഴ്ത്തപ്പെട്ടവനായ നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. **ഹോശോ... ആമ്മീൻ**

## കോലോകൾ

**(ഫിർമെദ് കായോകാറെബ് വാവ്കീനെ)**

*പെത്ഗോമൊ: തൽ പ്രാർത്ഥന ഞങ്ങൾക്കഭയം*

കരുണാവാരിധി, പരിമളമർപ്പിച്ചാദി - മസിദ്ധന്മാർ
ഫിനഹാസ് പ്രാർത്ഥനയർപ്പിച്ചാൻ മരണം നീക്കി
അഹറോനുടെ ധൂപം മൂലം പുണ്യം വന്നു - ദൈവം പ്രീതനുമായ്.
**ബാറെക്മോർ... ശുബഹോ... മെനഓ...**

സൃഷ്ടിയെയാംഗ്യത്താലെഭരിച്ചീടുന്നോ-നു പ്രാത:സ്തുതി
ഭൂവാനങ്ങൾ നിറഞ്ഞവനോ തൻ സിദ്ധർ ഹൃദയം
ഏറ്റം വിസ്തീർണ്ണം തന്നെ - ധന്യർ നൂനം തന്നാരാധകരും.

### ദൈവമാതാവ്

സുന്ദരതരുണൻ ശ്ലേമ്മോനെ! നീ മാനിച്ചാ - ബന്ധിതമുദ്യാനം
പറുദീസായെ നിർമ്മിച്ചോ - രുടയോനുദയം
നൽകിയ വ്യതവതിമറിയാമ്മിൻ രൂപത്തിന്റെ - മുൻസൂചനയല്ലോ.

കൃപസമ്പൂർണ്ണേ, തേസ്ബസ്തി എന്നാദൂതൻ - കന്യകയൊടുരചെയ്തു
ശാശ്വതരാജ്യത്തിന്നുടയോൻ നിന്നിൽ നിന്ന്
പരിപാവനമുദയംചെയ്യും, നിർമ്മലമാതാ - നാഥൻ നിൻ സഹിതം.

### പരിശുദ്ധന്മാർ

തൻ താതൻ തോപ്പിൽവേലക്കാരെവിളിച്ചാൻ രാവിലെ രാജസുതൻ
ആദ്യം നിബിയർ ശ്ലീഹന്മാരെയുമവസാനത്തിൽ
ചോരനെയും വിളിചെയ്തവന് താക്കോലേകി പറുദീസിൽചേർത്തു.

വിമലന്മാരെ നിങ്ങളഹോ ധന്യന്മാരെ - ന്നരുളിച്ചെയ്തീശൻ
ലോകാമോദം സമ്പൂർണ്ണം വിട്ടാർ നിങ്ങൾ
ഉയരെ നിങ്ങൾക്കായ് ഭദ്രം മണിയറതോട്ടം, വാനവഭോജനവും.

### പ്രഭാതം

റാഹേൽ സുതനാം യൌസേഫിനെ പ്രാത:കാലം - കൂപത്തിന്നേറ്റി
മെദിയവണിക്കുകൾ വിറ്റവനെ മെസ്രേംദേശെ
അവനോ ദേശാധിപനായി വാണാനവിടെ - ചിരകാലത്തേക്ക്.

### അനുതാപം

നാഥാ! നിൻ വാതിൽ മുട്ടി നിന്നറയിന്ന് - കരുണയിരക്കുന്നേൻ,
പഴകിയ പാപിയാകും ഞാൻ നിൻ വഴിവിട്ടു
പാപങ്ങൾ ഏറ്റു പറഞ്ഞ്, നിൻ കൃപയാലെ - ജീവിപ്പാൻ നൽക.

പിതൃസുതപരിശുദ്ധാത്മാവേ! ദുഷ്ടനിൽനിന്നും - സേനയതിൽ നിന്നും
കോട്ടയുമഭയവുമാകണമെ, ചിറകിൻ കീഴെ
ചേർക്കണമെ, ദുഷ്ടരിൽ നിന്ന് ശിഷ്ടരെയന്ന് - നീ മാറ്റീടുമ്പോൾ.

### പരേതർ

നിന്നജവൃന്ദം പാലിച്ചോരാമിടയന്മാരെ - ഓർക്കണമെ നാഥാ
നിബിയർ, ശ്ലീഹർ, സഹദേർ, സിദ്ധർ, ആചാര്യന്മാർ
സഭയുടെ മക്കൾക്കെല്ലാർക്കും സ്മരണവരട്ടെ - എന്നാളത്തേക്കും.

**മൊറിയോ...**

### എത്രോ (പേജ് 41)

### കോലോകൾ

**(ബ്സപ്രോ ഹ്സാവുയ് തൽമീദെ)**

*പെത്ഗോമൊ: മോറാനേശുമിശിഹാ!*

ജലധിനാഥനെ ജലമുപരി:
പുലരിയിൽ ശിഷ്യന്മാർകണ്ടു
നിദ്രയൊരിക്കലുമില്ലാത്തോൻ പടകിൽ
നിദ്രിതനായ് തീർന്നു
സിദ്ധർ പ്രതിഫലമേൽപ്പാനായ്
പുലരിയിലാഹ്വാനം ചെയ്യും.

**ബാറെക്മോർ. ശുബഹോ...**

പള്ളികളുഷസ്സിൽ സ്തുതി പാടും
ദയറാകൾ കീർത്തനമാർക്കും
മൃഗവിഹഗങ്ങളുമുഷസ്സിങ്കൽ
സ്തുതിപാ - ടി സന്തോഷിക്കും
വാരിധി നിന്നെ സ്തുതി ചെയ്യും
ദ്വീപുകളും തൽ വാസികളും.

**മെനഓ...**

### ദൈവമാതാവ്

മുകിലിൽ നിന്നു പ്രവാഹത്തെ
ധരയിലയച്ചു നനയ്ക്കുന്നോൻ
കന്യാസ്തന്യം പാനം ചെയ്-
-തവളേ വിസ്മിതമാക്കിയവൻ

അവളവനെ സംവാഹം ചെയ്-
-താഘോഷിക്കുന്നാമോദം.

തലമുറ പൂർവ്വികനായവനൊ
ശിശുവേപ്പോൽ താലോലിതനായ്
യൂഹാനോനെതിരേറ്റവനൊ
ശിശുവേ - പ്പോൽ സന്തോഷിപ്പൂ
പൂർവ്വികവൃദ്ധൻ താനല്ലോ
കൈകളിലാഘോഷിതനായി.

**പരിശുദ്ധന്മാർ**

ശ്ലോമ്മോ തൻ നിബിയന്മാർക്കും
ശ്ലോമ്മോ തൻ ശ്ലീഹന്മാർക്കും
ശ്ലോമ്മോ ശ്ലോമ്മോ നാഥങ്കൽ
കൂറേറും സഹാദേന്മാർക്കും
ശ്ലോമ്മോ തൻ മക്കൾ വസിക്കും
പരിശുദ്ധ സഭയ്ക്കും ശ്ലോമ്മോ.

സഹദേന്മാരേ - രണഭൂവിൽ
നിന്നതു നിങ്ങൾ - തനിച്ചല്ല
നാഥൻ നിങ്ങളുമൊത്തെത്തി
ചിത്തേ ധീര - തയേകിയവൻ
നിർമ്മലസ്നേഹം - കണ്ടതിനാൽ:
നിങ്ങളുടോർമ്മയെ മാനിച്ചു.

**ഏക പരിശുദ്ധൻ**

വേഗതയേറും - പക്ഷങ്ങൾ
ആബൂൻ മോർ (......) നേടി
ചിറകാലുന്നത പദമേറി
പ്രതിഫലമേറ്റം - പ്രാപിച്ചാൻ
നിൻജീവിത മാ - ഹാത്മ്യത്താൽ:
നാഥനെയെതിരേൽപ്പാൻ പോകും.

**പ്രഭാതം**

പുലരിയിൽ വിശ്വാസിനി ശ്മൂനി:
ഈശനൊടർത്ഥിച്ചാളേവം
നൃപനന്ത്യാക്കോസിൽ നിന്നെ-ന്നേ
രക്ഷിച്ചീടണമെ
കുഞ്ഞാടുകൾ പോലെൻ സുതരെ:
കൊല്ലുന്നലറുന്നവനെന്മേൽ.

### അനുതാപം

കൃപനിധിയെ പതിവായതുപോൽ;
ഞങ്ങൾ മേൽ ചെയ്യണമേ
അനിശം ഞങ്ങളെ വീഴ്ത്തുന്ന
ദുഷ്ട - നകലെപ്പോകണമെ
നിൻ സ്ലീബാ ഞങ്ങൾക്കഭയം
അതിനുള്ളിൽ സംരക്ഷിക്ക.

പാപം ഞങ്ങൾ ചെയ്തതിനാ-
-ലിദ്ധര വേദനയേൽക്കരുതെ
നിബിയർ ശ്ലീഹർ സഹാദേന്മാ-
-രിവരെ - യോർത്തിട്ടെൻ നാഥാ
താതനൊടൊന്നായ് വാഴ്-വോനെ
കനിയുക നിന്നജവൃന്ദത്തിൽ.

### പരേതർ

രക്ഷകനെ നിൻതനുരക്തം
പ്രാപിച്ചും നിൻ പീഡകളെ
ഏറ്റുപറഞ്ഞവരേവരെയും ഓർത്തീ-
-ടുക നിൻ മദ്ബഹയിൽ
പുണ്യം വിഗതർക്കേകണമെ
അടിയാർക്കഭയം നിൻ സ്ലീബാ.

## കുക്കിലിയോൻ

(ല് വോസാക് മൊറിയോ)

എന്നാത്മാവിനെ നിങ്കലുയർത്തുന്നേൻ ഹാ- ഹാ-
നീയെൻ പ്രത്യാശ; ലജ്ജിക്കരുതടിയാൻ.

വ്യർത്ഥതയാൽ ദുഷ്ക്കർമ്മികൾ ലജ്ജിക്കും ഹാ- ഹാ-
കാട്ടുക നിൻ പാതകളെന്നെ നാഥാ.

**ബാറെക്മോർ. ശുബഹോ... മെനഓ...**

## എക്ബൊ

(സോഗെദ് ലോക്)

പ്രഭവന്ദിച്ചീ - ടും നിന്നെ -
സ്വർഗ്ഗീയ വൃന്ദം സ്തുതിപാടും
സൃഷ്ടികളഖിലം പ്രണമിക്കും -
നിൻ പ്രഭയുദയം ചെ - യ്യുമ്പോൾ.

**സ്തൌമെൻ... കുറിയേ...**

## കോലോകൾ

**(ബ്സഫ്റോ എത്ത് യിർ)**

പുലരിയിലുത്ഥിതനായ് യാക്കൂബ് - അത്ഭുത സ്തബ്ധ-നായ് നിന്നു
ഭൂവിൽ നിന്നൊരു ശ്രേണിയഹോ! ഗഗനം മുട്ടി നിൽക്കുന്നു!
വാനവദൂതർ ഗണമെല്ലാം - കയറിയിറങ്ങു-ന്നതിലൂടെ.

**ബാറെക്മോർ, ശുബഹോ... മെനഓ...**

ഉഷസ്സിൽ ശീമോനർത്ഥിച്ചു - നാഥാ! നിൻ സ-വിധം ചേരാൻ
കൽപി - ച്ചീടുക, ചൊന്നാൻ താൻ: നിർഭ-യമെത്തുക ജലമുപരി
നിർഭയനെന്നിൽ വിശ്വാസി - കടലിൽ കരയിലുമൊരുപോലെ.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

നാഥാ! നിൻ അൻപേറുന്നൊരു വാതിൽ തുറന്നീ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

യേശുബർനൂൻ സൂര്യനെഗഗനെനിലകൊള്ളിച്ചു
ഇരുദിവസങ്ങൾ പ്രാർത്ഥനമൂലമൊരുദിനമാക്കി
ആഴിത്താഴെ മത്സ്യോദരത്തിൽ പ്രാർത്ഥിച്ചതിനാൽ
അഖിലേശ്വരനെ, യൌനാനുയരെ പ്രീണിപ്പിച്ചാൻ.

കൂപ്പും സിദ്ധർക്കുത്തരമേകും താതൻ സ്തുത്യൻ
യാചനയെല്ലാം സാധിതമാക്കും പുത്രൻ വന്ദ്യൻ
ഗുപ്തം വസ്തുതയറിവാൻ പ്രാപ്തി നൽകിയറൂഹാ
വന്ദ്യൻ; മൂവരുമേകസ്വഭാവം സ്തോത്രം സ്തോത്രം.

*നിര്യാണം, ന്യായത്തിൻ പീഠം, നരകം മൂന്നും
ഭീയേറ്റീടുന്നേൻ കർത്താവേ! എന്നുള്ളത്തിൽ.

**കർത്താവേ! നിന്നെ സ്തുതിക്കുന്നതും...** **(പേജ് 44)**

**കൌമാ**

# വ്യാഴം മൂന്നാം മണി നമസ്കാരം

**കൌമാ**

## കോലോകൾ

**(മൊറിയോ മോറാൻ)**

നാഥാദേവാ! മഹിമയെഴും നിൻ തിരുമുമ്പിൽ
നിന്നെവിടെപ്പോയ് ഞാനൊളിവിൽ പാർക്കും?
ഉയരെപ്പോയാൽ, നിത്യൻ നീയവിടാണല്ലോ!
പാതാളത്തിൽ, അങ്ങും നിൻകോയ്മ
ദയചെയ്യണമേ; നിൻവലഭാഗം നിർത്തണമേ,
ജീവികളാരും നിർമ്മലരല്ലല്ലോ.

**ബാറെക്മോർ. ശുബഹോ... മെനഓ...**

അയ്യോദുരിതം; തിന്മകളേറ്റം ചെയ്തോരീ
കുറ്റക്കാരൻ, മൃതിയെയോർത്തില്ല!
നിയമം ലംഘിച്ചേൻ - കൽപനയൊന്നും കാത്തില്ല;
ദുഷ്ടതയേറും എന്നിഷ്ടം, നിയമം!
ശോഭാവസനം - നഷ്ടപ്പെട്ടൊരു നഗ്നനതായ്
നിലകൊള്ളുന്നൂ; ദുർഭഗനീ നിസ്വൻ
ദയചെയ്യണമേ - ഹാശാ, മരണം, സംസ്കാര-
മോർത്താ നരക-ത്തീന്നും രക്ഷിക്ക.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

നാഥാ നിന്നെ-ഞങ്ങൾ-വിളിക്കു-ന്നാഗതനായി
പ്രാർത്ഥ-നകേട്ടി-ട്ടാത്മാക്കൾമേൽ-ദയ ചെയ്യേണം.
പാപവിമോചനമെന്മേൽ വരുവാൻ കാംക്ഷിക്കുന്നേൻ
കരുണയ്ക്കായിട്ടനിശം കേഴാൻ ബാഷ്പം തരണേ.
നിൻ കനിവിന്നായ് കാംക്ഷിക്കുന്നേ-നതു കൂടാതെ
നിശനിൽപ്പില്ല; കരുണാവാരിധി കനിവേകണമെ.
വ്യർത്ഥതകൾക്കായ് വിടുപണി ചെയ്തെൻ കാലം പോയി
ജീവാന്ത്യത്തിൽ നിന്റേതാക്കി ചേർക്കണമെന്നെ.
എന്നെ വധിപ്പാൻ വഞ്ചനയധിപൻ എയ്താനസ്ത്രം
ബലശാലീ! നിന്നൌഷധലേപാൽ സൌഖ്യം കിട്ടും.
ഉത്തരമരുൾക - അരുൾക ദേവാ - കനിയണമെന്മേൽ
അനുതാപത്തിനു - മാനുഷഹൃദയം - തിരിപ്പിക്കണമെ.

**കൌമാ**

# വ്യാഴം ആറാം മണി നമസ്കാരം

**കൌമാ**

## കോലോകൾ

**(ദുക് റോനോ തോബോനെഹ് വെ)**

ദൈവപ്രസവിത്രി വിമല;
കന്യകമറിയാമ്മിൻ സ്മരണം
ഭൂവിതിലെങ്ങും സംപൂജ്യം,
തൻസ്മൃ-തി വിസ്തൃതമാക്കിയവൻ
അവളോർമ്മയെ ബഹുമാനിച്ചു;
തൻ പ്രാർത്ഥന ഞങ്ങൾക്കഭയം.

**ബാറെക്മോർ. ശുബഹോ...**

നിബിയർ, ശ്ലീഹർ, പ്രത്യാശ;
മൂലം വധിതർ സഹദേന്മാർ
താതന്മാരമലന്മാരാം മൽപാ-
ന്മാർ തൻ പ്രാർത്ഥനയാൽ
ശാന്തി സമാധാനം ഭൂവി-
ലെങ്ങും നൽകണമേ നാഥാ.

**മെനഓ...**

നാശം പ്രാപിച്ചെൻ നാഥാ,
പൂഴിയിൽ മൃതരായ് മേവുന്നോർ
നിൻ നാമത്താൽ കബറുകളി-
ന്നുദ്യാ-നത്തിൽ ചേരണമേ
സിദ്ധർ, വിമലരുമൊരുമിച്ചാ-
ശാശ്വതജീവൻ പൂകട്ടെ.

**മൊറിയോ...**

## മോർ ബാലായിയുടെ ബോവൂസോ

മാതാ കാദീശന്മാർ തൻ പ്രാർത്ഥനയാൽ... **(പേജ് 47)**

## മോർ സേവേറിയോസ് പാത്രിയർക്കീസിന്റെ മാനീസൊ

നിൻ മാതാവ് വിശുദ്ധന്മാർ... **(പേജ് 47)**

**കൌമാ**

**വിശ്വാസപ്രമാണം** **(പേജ് 15)**

# വ്യാഴം ഒമ്പതാം മണി നമസ്കാരം

**കൌമാ**

## കോലോകൾ

**(ആനീദാവ് ദബ്രോ)**

തിരുകൽപ്പന കാത്ത്, തിരുസുത വിശ്വാ-
സത്തോടെ വിഗതന്മാർ - പുനരാഗമന ദിനെ-
അക്ഷയജീവിതവും രാജ്യവുമേറീ-ടും
ഹാ- ഉ ഹാ- ആമോദിക്കുമവർ.

**ബാറെക്മോർ. ശുബഹോ... മെനഓ...**

ഭീകരമിന്നൽ പോൽ, ആഗതനായീടും
ദൈവ-സുതനന്നു - കബറുകൾ പൊട്ടീടും
മൃതരുയിരേറ്റവരുത്ഥാനകനായി
ഹാ- ഉ ഹാ- സ്തോത്രം പാടീടും.

**മൊറിയോ...**

## മോർ ബാലായിയുടെ ബോവൂസോ

കരുണ നിറഞ്ഞവനെ... **(പേജ് 2)**

**കൌമാ**

✠ ✠ ✠

# വെള്ളി സന്ധ്യാ നമസ്കാരം

**കൌമാ**

## പ്രാരംഭ പ്രാർഥന (പേജ് 3)

**കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ...** **(പേജ് 3)**

## എക്ക്ബൊ

**(ഹവ് ദത്തഌൻ)**

അഖിലാണ്ഡത്തെ വഹിപ്പോനെ, കരിശിന്നുടെ മാ-മരമേന്തി,
ജീവൻ, ജീവദായകനോ, മനസൊടുമരണം - രുചിനോക്കി
സൃഷ്ടി-ക്കുള്ളിലൊതുങ്ങാത്തോൻ: സീമാതീതൻ സർവ്വേശൻ
ലോകപരാക്രമി കബറുള്ളിൽ, മൃതമദ്ധ്യേ ശയനം ചെയ്തു.

**സ്തെഔമെൻ... കുറിയേ...**

## പ്രുമിയോൻ

തന്റെ മാതാവിന്റെയും പരിശുദ്ധന്മാരുടെയും ഓർമ്മയെ ശ്രേഷ്ഠതപ്പെടുത്തുകയും തന്നോട് അപേക്ഷിക്കുന്ന ജീവനുള്ളവരെ ദുഷ്ടനിൽനിന്ന് രക്ഷിച്ച് വീണ്ടെടുത്തു തന്റെ സ്ലീബായാൽ അവരെ

കാത്തുകൊള്ളുകയും, നിദ്രപ്രാപിച്ചു തന്റെ വെളിപാടിന്റെ ദിവസത്തെ കാത്തിരിക്കുകയും ചെയ്യുന്ന മരിച്ചുപോയവരെ ഉയർപ്പിക്കുകയും ചെയ്യുന്ന നല്ലവനായ തനിക്കു സ്തുതി. തനിക്ക്... **ബ്കുലഹുൻ... ആമ്മീൻ.**

## സെദറാ

ദൈവമായ മ്ശിഹാ തമ്പുരാനേ! നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ മാതാവിന്റെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ഞങ്ങളുടെ നിരൂപണങ്ങളെ നിന്റെ സ്വർഗ്ഗീയ മഹോന്നതത്തിലേക്ക് ആകർഷിക്കണമെ. നിന്നിൽ നിന്നുള്ള സന്തോഷം ഞങ്ങളെ ധരിപ്പിക്കണമെ. ഞങ്ങളിൽ നിന്ന് വിഷാദത്തേയും ദുഃഖത്തേയും നീക്കേണമെ. നിന്നോടുള്ള ഭക്തിയാൽ ഞങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കുകയും വിശുദ്ധിയാൽ ഞങ്ങളുടെ ചിന്തകളെ വെടിപ്പാക്കുകയും ചെയ്യണമെ. നിന്റെ കൂദാശകളിൽനിന്ന് ഞങ്ങളെ അന്യരാക്കരുതേ. എന്നാലോ പുണ്യപ്രവർത്തികളാൽ ഞങ്ങളെ പൂർണരാക്കണമെ. നിന്റെ കൃപയാൽ ഒരുക്കപ്പെട്ടിരിക്കുന്ന നിന്റെ വാസസ്ഥലത്തിൽ വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരെ പാർപ്പിക്കണമെ. നരകത്തിന്റെ ഭയാനകത്വത്തിൽനിന്ന് അവരെ വീണ്ടെടുക്കണമെ. എന്തുകൊണ്ടെന്നാൽ നീ പരിശുദ്ധനും പരിശുദ്ധന്മാരിൽ വസിക്കുന്നവനുമായ കർത്താവാകുന്നുവല്ലോ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. **ഹോശോ... മെൻ ആലോഹോ... ആമ്മീൻ.**

## കോലോകൾ

**(ബ്സുൽത്തോമറിയം)**

*പെത്ഗോമൊ: നിൻ പ്രാർത്ഥന ഞങ്ങൾക്കഭയം*

സ-ർവ്വ വംശ ശ്രേഷ്ഠയതാകും കന്യകമറിയാം
ദൈവാംബികയെ, പ്രാർത്ഥിക്ക
നി-ൻ യാചനയാലെങ്ങാൾമേൽ ദയ ചെയ്തീടാൻ
നിന്നാത്മജനോടായെന്നും

**ബാറെക്മോർ. ശുബഹോ...**

സ്തു-ത്യം ത്രിത്വം, സ്തുതിതാതന്നും വന്ദന സുതനും
സ്തോത്രം പാവന റൂഹായ്ക്കും
ക്നൂ-മ്മാ മൂന്ന്, നാമം മൂന്ന് ഏകൻ ദൈവം
എന്നന്നേക്കും സ്തുത്യനഹോ.

**മെനഗൊ...**

### ദൈവമാതാവ്

ചൊ-ന്നാൾ മറിയാം ഭാഗ്യവതി ഞാ-നരചർ കൂപ്പും
ഭൂപാലകനുടെ ജനയിത്രി
കേ-വലമാംഗ്യം മുലം ലോകം വാഴുന്നവനെ
പോറ്റിവളർത്തിയ ധാത്രി ഞാൻ.

നി-ന്നെപ്പെറ്റാകന്യകമാതാ സ്തുതിസുദിനത്തിൽ
അരുളടിയാർക്കായ് സൽബന്ധം
ത-ൻ പ്രാർത്ഥനയാൽ ദുഷ്ക്കാലങ്ങൾ, ശിക്ഷകളെല്ലാം
നീക്കുക നാഥാ! നിൻകൃപയാൽ.

### പരിശുദ്ധന്മാർ

നി-ബിയർ, ശ്ലീഹർ, സഹദേർക്കെല്ലാം സൽ സൗഭാഗ്യം
ഉത്ഥാനത്തിൻ വൻ നാളിൽ
കേ-ൾക്കും, കാണും താതാത്മജരെ മുടിമുടയുന്ന
റൂഹായേയും; ധന്യരവർ!

പീ-ഡകരോടായുരചെയ്യുന്നു സഹദേരേവം
ഭയമില്ലഗ്നിയെ, വാളിനെയും
ഗാ-ത്രം നാശം പ്രാപിച്ചാലും ആത്മാവെന്നും
ജീവിക്കും, സ്തുതിപാടീടും.

### അനുതാപം

കാ-ഞ്ചനരത്നത്തേക്കാളധികം നാഥാ! നിന്നെ
സ്നേഹിച്ചോനതി ധന്യൻതാൻ!
ഈ-ലോകത്തിലേറ്റം മാന്യനവൻ പരലോകെ
ശാശ്വതജീവൻ പ്രാപിക്കും.

ലോ-കം മുഴുവൻ നേടീട്ടാത്മനാശമതെങ്കിൽ
അവനുടെ നേട്ടം ശൂന്യമഹോ
ലോ-കത്യാ-ഗം ചെയ്തിട്ടാത്മലാഭം, ജീവൻ
നേടാൻ നാഥാ കൃപചെയ്ക.

### പരേതർ

ശാശ്വതരാജ്യെ നൽകാശ്വാസം നിന്നടിയാർക്കാ-
യെഴുതണമവരുടെ നാമങ്ങൾ
സ്വ-ർലോകത്തിലൂറിശ്‌ലേമിൽ നാഥാ! ദേവാ,
ജീവഗ്രന്ഥത്താളുകളിൽ.

**മൊറിയോ...**

**എത്രോ (പേജ് 7)**

## കോലോകൾ

**(ബാറുബ് തോബ്റീശീസ്)**

*പെത്ഗോമൊ: സൃഷ്ടിച്ചെന്മേൽ നിൻ കൈവച്ചു*

വെള്ളി-യാഴചയതിൽ, - സൃഷ്ടിച്ചാദത്തെ-
പ്പൂഴി-യിൽ നിന്നുടയോൻ - ആത്മാവിനെയൂതി:
സ്തോത്രം സ്തുതിയെന്നും - സൃഷ്ടാവിനു പാടാൻ
ഹാ- ഉ ഹാ- വാചാലത നൽകി.

**ബാറെക്മോർ. ശുബഹോ... മെനഓ...**

വാനിൽ നിന്നെത്തി - ശാപത്തിൽനിന്നും
സ്ലീബാ-യാൽരക്ഷ - സ്വാതന്ത്ര്യം നൽകി
ക്രൂശെവന്ദിപ്പാനുപദേശിച്ചോനെ
ഹാ- ഉ ഹാ- വീണുവണങ്ങിടാം.

### ദൈവമാതാവ്

ധന്യേപുണ്യവതീ, ദൈവത്തിൻജനനി
കൃപ നീ-പ്രാപിച്ചു - ഈശനെ നീപേറി;
നിൻ സ്മൃതിയെങ്ങും - വിസ്തൃതമാക്കി-യവൻ
ഹാ- ഉ ഹാ- വാനിലുമൂഴിയിലും.

മറിയാം, ഏലിശ്ബാ; തുറമുഖമെത്തിയൊരാ
മോഹ-ന നൌകകൾ താൻ - ഏലിശ്ബാ പെറ്റാൾ;
പ്രസംഗകനെ, - മറിയാം ത്രാതാ-വെ
ഹാ- ഉ ഹാ- അവർ പ്രാർത്ഥന തുണയാം.

### പരിശുദ്ധന്മാർ

ഭാഗ്യം നിബിയർക്കും, ഭാഗ്യം ശ്ലീഹർക്കും,
ഭാഗ്യം-സഹദേർക്കും - കർത്തൃമാർഗ്ഗമതിൽ,
നിർമ്മലരായ് മേവിക്കൽപ്പന - കാത്തോ-രും
ഹാ- ഉ ഹാ- ധന്യന്മാർ തന്നെ.

കരുണയ്ക്കർത്ഥിപ്പിൻ, പാപികളടിയാർക്കായ്
സഹദേർ ഞങ്ങളഹോ - സംരക്ഷിതരാകും,
സാത്താൻ ലജ്ജിക്കും - വീഴുമവൻ സേ-ന
ഹാ- ഉ ഹാ- നിങ്ങളുടർത്ഥനയാൽ.

### ഏക പരിശുദ്ധൻ

പണ്ടേശുബർനൂൻ, സുര്യചന്ദ്രഗതിഗഗനെ
വിലക്കിയപോൽ - തിരുസഭയിൽനിന്നും,

നീക്കുകശിക്ഷകളെ; മോർ (.........)
ഹാ- ഉ ഹാ- സഖികളുമർത്ഥിക്കും.

### വെള്ളിയാഴ്ച

വെള്ളിയാഴ്ചയതിൽ, സ്യഷ്ടാവിൻ
കരമാ സ്കീപ്പാ-യിൽചേർത്തു - ആദാംഭക്ഷിച്ച,
കനിയിനുപകരം താൻമരണം - രുചിനോ-ക്കി
ഹാ- ഉ ഹാ- പുനരേകി സ്വസ്ഥാനം.

### അനുതാപം

ഓരോദിനമതിലും - അനുതാപം
നാളേ-ന്നെന്നും ചൊല്ലുന്നേൻ - ദിവസങ്ങൾ പോയി!
നിൽക്കുന്നെൻ പിഴകൾ - ദയചൊരിയുക നാ-ഥാ!
ഹാ- ഉ ഹാ- മേവട്ടെ ഞാൻ ക്യപയാൽ.

നിൻക്യപദാനങ്ങൾ, വർഷിക്കുക
നാഥാ! ലോകം മുഴുവനിലും - അധിപർക്കോശാന്തി,
സ്വസ്ഥി സഭകൾക്കും - ആചാര്യർക്കൈക്യം
ഹാ- ഉ ഹാ- മോചനമടിയാർക്കും.

### പരേതർ

തിരുകൽപ്പന കാത്ത്, തിരുസുത വിശ്വാ-
സത്തോടെ വിഗതൻമാർ - പുനരാഗമന ദിനെ-
അക്ഷയജീവിതവും രാജ്യവുമേറീ-ടും
ഹാ- ഉ ഹാ- ആമോദിക്കുമവർ.

രക്ഷകതനുരക്തം, കൈക്കൊണ്ടൊരു
വിഗതർ കേൾക്കണമെ നിനദം - പിത്യവത്സലരെ വ-
ന്നവകാശിച്ചിടുവിൻ - സ്വർപ്പുരി എന്നെന്നും
ഹാ- ഉ ഹാ- അക്ഷയ ജീവിതവും.

## കുക്കിലിയോൻ

**(മെത്തൂലോസോക്)**

നിന്നെപ്രതിയെന്നും വധിതർ ഞങ്ങൾ ഹാ- ഉ ഹാ-
വധവേദിക്കജവ്യന്ദം - പോലടിയാർ.

മറയ്ക്കല്ലെ തിരുമുഖമടിയാരിൽനിന്നും ഹാ- ഉ ഹാ-
മറക്കരുതടിയാർ വീഴ്ച, ഞെരുക്കങ്ങൾ.

**ബാറെക്മോർ. ശുബഹോ... മെനഓ...**

## എക്ബോ

**(ഓസൊാഹ്ദെ കാദീശെ)**

*വിമലന്മാർ സഹദേരേ!
ദുഷ്ടവിധീശന്മാരിന്നും കഷ്ടപ്പാടുകളേറ്റോരെ!
പ്രതിദാനം സംരക്ഷിതമാണക്ഷയ ഭാസുരഗേഹത്തിൽ
ഞങ്ങൾക്കെന്നും നിങ്ങടെ പ്രാർത്ഥന സങ്കേതം.

**സ്തൌമെൻ... കുറിയേ...**

## കോലോകൾ

**(സൊാഹദൌ ആത്തൂൻ)**

അ-ത്യുന്നതനു-ടാ-ദ്യജാതനേകസുത-ന്റെ
സഹദേന്മാർ നി-ങ്ങൾ
അ-വനെ പ്രതിവ-ധിതർ നിങ്ങൾ സ്നേഹം മൂ-ലം
പീഡകളേ-റ്റവരും.
ത-ൻപേർക്കായി, ബലിയായർപ്പിതരായ് നിങ്ങ-
ളോർമ്മ-യെയേറ്റിയവ-ൻ ധ-ന്യൻ.

**ബാറെക്മോർ. ശുബഹോ... മെനഓ...**

ത-ലമുറതോറും നി-ൻ നാമസ്തുതിചെയ്യും ധന്യ-
രുള്ളവനേ! സ്തുതി തേ!
മു-ൻകാലത്തിൽ, നോഹ, ബ്രാഹാ, മിസഹക്, യാക്കൂബ്,
മോശ, ഏലിയാ
ഇ-ക്കാലത്തോ-ഗളരുധിരമൊഴുക്കിയ സഹദേ-ന്മാരും
പ്രാ-ർത്ഥി-ക്കും.

**മൊറിയോറാഹേൻ...**

## മോർ യാക്കോബിന്റെ ബോവൂസോ

**(ശൌത്തെഫ് ലാൻ)**

മാതൃവിശുദ്ധരുടോർമ്മയിൽ ഞങ്ങളെ ചേർത്തീടണമേ
തൽ പ്രാർത്ഥനയാൽ പുണ്യം ഞങ്ങൾക്കും വിഗതർക്കും

ദൈവസുതനെ - പെറ്റോളാകും - കന്യകമറിയാം
ധന്യയുടോർമ്മ - എത്ര വിശിഷ്ടം, കാമ്യം, രമ്യം!
വിശ്വാസത്തോ-ടോർമ്മ നടത്തു-മിടത്തിൽനിന്നും
തൻ പ്രാത്ഥനയാൽ-നാഥൻ നീക്കും-ക്രോധം, ശിക്ഷ.

ദയയാൽ മർത്യ പുത്രിയിൽനിന്നും നരനായ് തീർന്നു
സഹദേർ സ്മൃതിയെ മാനിച്ചോനെ! സ്തോത്രം നിത്യം

നിൻതാതന്നും, റൂഹ്കുദ്ശായ്ക്കും വന്ദനസതതം
വിഗതർക്കോർമ്മ, കനിവടിയാർക്കുമുണ്ടാകട്ടെ.

മേൽസ്വർഗ്ഗത്തിൽ ഭൌമിക സഭയിൽ മാതാവിന്നും
ശുദ്ധന്മാർക്കും വിഗതർക്കും നൽ സ്മൃതി വളരട്ടെ.

**മോറാനേശു മ്ശീഹ... (പേജ് 10)**

**കൌമാ**

✠ ✠ ✠

# വെള്ളി സൂത്താറാ

**കൌമാ**

## കോലോകൾ

**(ഒയാദ് ഈനൻ മോർ)**

പാ-പം ചെയ്തും മ-ലിനതയാലുമേറ്റം നി-ന്നെ
കോപിപ്പി-ച്ചടിയാർ
നീ-തിയൂരും വാ-ളിനുനേരെ ഞങ്ങൾ മു-മ്പിൽ
നിൻ ദയനി-ൽക്കേണം
കാലാന്ത്യമിതാ-യെങ്കിൽ ഞങ്ങളുടന്ത്യം നിൻ
കരുണ-യിലാകേണം നാഥാ!

**ബാറെക്മോർ. ശുബഹോ... മെനഓ...**

ദാ-സൻ കുറ്റം ചെ-യ്കിലുടയോൻ സ്നേഹിതസവിധം
അഭയം പ്രാപിക്കും
യാ-ചനമൂലം ദാസൻ കുറ്റമുടയോൻ പോ-ക്കും
നാഥാ സ്ലീ-ബായിൽ
ശ-രണാഗതരാ, മടിയർമേൽ നിൻ വൻ കരുണ
വന്നാ-വാസം ചെയ്യേണം.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

**(മാലെഫ് വൊലഹൂൻ)**

നാഥാ! നിന്നെ - ഞങ്ങൾ വിളിക്കു-ന്നാഗതനായി
പ്രാർത്ഥന കേട്ടി-ട്ടാത്മാക്കൾ മേൽ - ദയ ചെയ്യേണം.

പറുദീസിൽ നിന്നന്യനതാകാൻ കാരണമെന്തെ-
ന്നാദാം മക്കളെയുൽ ബോധിപ്പിച്ചേറ്റം സ്പഷ്ടം

ആദിയിലവനുടെ സ്ഥാനം മാനം, പാപം മൂലം
വന്നൊരു പതനമെന്നിവയെല്ലാം വർണ്ണിച്ചാദാം.

തരുവിൻ സവിധമണഞ്ഞാപ്പാദം നിർമ്മലമല്ല
പൌരോഹിത്യസ്ഥാനെ നിൽപ്പാനർഹതയില്ല
ഏദനിലക്കനി ചേർത്തുപിടിച്ചോരക്കൈ ദിവ്യ
കാഴ്ച്ചയതിന്മേലാഘോഷിപ്പാനർഹതയില്ല.

മ്ശീഹാ ഭൂവിൽ വന്നുചരിച്ചാമുള്ളുകൾ നീക്കി
തന്നാലാദാം പറുദീസായിൽ പുനരാഗതനായി.

**കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ**
**മസ്മൂറോകൾ, വിശ്വാസപ്രമാണം, ധൂപപ്രാർത്ഥന*, ഹൂത്തോമോ (പേജ് 12...)**

## *വി .സ്ലീബായുടെ കുക്കിലിയോൻ

വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ ഹാ-
ദ്വേഷികളെ മെതിച്ചീടും നിൻ നാമത്തിൽ
വൈരികളിൽ നിന്നും കാത്തെങ്ങളെ നീ ഹാ-
ശത്രുക്കളെ ലജ്ജിപ്പിച്ചു.

**ബാറെക്മോർ. ശുബഹോ... മെനഓ...**

## എക്ബോ

സ്ലീബാ വെന്നു; വെല്ലുന്നു
സ്ലീബാ വിദ്വേഷിയെ വെന്നു
സ്ലീബായേ സാക്ഷിച്ചോർക്കായ്
സ്ലീബായാകട്ടേ കോട്ട.

**സ്തൌമെൻ...കുറിയേ ...**

## കോലോകൾ

മൂന്നാം മണിയിലുമെന്നേരത്തും
വന്ദിക്കുന്നു ജീവസ്ലീയെ-ബാ-
നെറ്റിയിലതിനെ റൂശ്മാ ചെയ്യു-
ന്നതു താൻ ഞങ്ങൾ-ക്കഭയം സങ്കേതം
രാവും - പകലും, ദുഷ്ടനെയും സൈന്യത്തെയും
പായി-ച്ചതു കാത്തീടുന്നു

**ബാറെകമോർ ...ശുബഹോ .**

വിഭജിച്ചാഴിയെ സൈന്യസമക്ഷം
വടിയാൽ മൂശാ-ഗതരായി-സ്രായേൽ

## വെള്ളി സൂത്താറാ

കർത്താവേശു സ്ലീബായാലേ ശീയോളു തുറ-
ന്നാ മൃതരേയേറ്റി.
കബറിൽനിന്നും പറുദീസ്സേറും ജീവിതമാം-
വഴികാട്ടിയ മിശിഹാ ധന്യൻ.

**മൊറിയോ...**

**(അല്ലെങ്കിൽ)**

സ്ലീബായേ വന്ദിപ്പാനായ് ഹേലേനി രാജ്ഞി
നൃപ പട്ടണമാം റോമായിൽ നിന്നേറുശലേമാർന്നു
യൂദന്മാരെ: കൂട്ടിച്ചൊന്നേവം
കാണിച്ചീടുവിൻ സ്ലീബാ വച്ചൊരിടം
ഞങ്ങൾക്കുണ്ടാരു പ്രമുഖൻ, നീയവനോടാരാഞ്ഞാൽ-
മ്ശിഹാതൻ സ്ലീബായമരും സ്ഥാനം കാണിക്കും
ഹാലേലുയ്യാ എന്നവരുര ചെയ്തു.

**ബാറെക്മോർ. ശുബഹോ...**

അമ്മാനുവേൽ ദേവേശൻ തരുവിന്മേൽ തൂങ്ങി
ഈൽശാദായ് തനയൻ വീരൻ തലതാഴ്ത്തി മരിച്ചു
ആത്മം മാത്രം തരുവിൽ കൈവിട്ടു
നിജ സാരാംശം മേനിയിൽ നിവസിച്ചു
വേർപെട്ടാൻ നിസ്സാരമതാം മാനുഷമാം ജീവൻ
വിലപിച്ചീടട്ടുന്നതനെ കുശിച്ചോർ യൂദർ;
ഹാലേലുയ്യാ കഷ്ടമവർക്കെന്നും.

**മൊറിയോ...**

**(അല്ലെങ്കിൽ)**

നാഥൻ കൂട്ടായുള്ളതിനാൽ-
ദുഷ്ടനെ നാം പേടിക്കില്ല.
തൻ ദിവ്യായുധ ധാരികളാം-
നമ്മൾക്കുന്നതിയുണ്ടാകും.

**ബാറെക്മോർ. ശുബഹോ...**

സ്ലീബായെ തോളിൽ താങ്ങി-
സീയോനിൽ നിന്നും പോയോൻ
മൃതർ തന്നസ്ഥികളിൻ മീതെ-
ചൊരിയട്ടേ കരുണപ്പനിനീർ.

**മൊറിയോ...**

## ബോവൂസോ

യേരുശലേം ഗോഗുൽത്തായിൽ
ക്രൂശിതനാമീശോ സ്തോത്രം
പാറ പിളർന്നു തൻ ധ്വനിയാൽ
മൃതരേറി സ്തോത്രം പാടി.

(അല്ലെങ്കിൽ)

സ്ലീബാ! വാഴുക സ്വർഗ്ഗത്തിൽ
സ്ലീബാ! വാഴുക ഭൂമിയിലും
സ്ലീബാ! പള്ളികൾ ദയറാകൾ
-ക്കെല്ലാമാകട്ടേ കോട്ട.

# വെള്ളി രാത്രി

**കൌമാ**

**ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ... (പേജ് 22)**
**രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ... (പേജ് 22)**

**ബാറെക്മോർ. ശുബ്ഹോ... മെനഓ...**

## എനിയോനോ

**(എത്തയിർ കംബ്നായ്നുഹറൊ)**

പ്രഭയിൻ സുതരെയുത്ഥാനം-ചെയ്‌വിനർപ്പിപ്പി-ൻ സ്തോത്രം
സൃഷ്ടിയെ രക്ഷിപ്പാനായി-കഷ്ടതയേറ്റൊരു നാ-ഥന്ന്

മാതാകന്യകമറിയാമി-ന്നഭ്യർത്ഥനമൂലം,
സ്ലീബായാൽ രക്ഷിതമാകും-തിരുസഭമേൽ നീ ദ-യചെയ്ക.

നിബിയർ ശ്ലീഹർ, സഹദേന്മാർ, പ്രാ-ർത്ഥനകൾ മൂലം
സ്ലീബായാൽ...

നിൻ സ്നേഹാൽ, വധിതർ സഹദേർ, പ്രാ-ർത്ഥനകൾ മൂലം
സ്ലീബായാൽ...

സുന്ദര ശ്രേഷ്ഠൻ, മോർ (.....) പ്രാർത്ഥനയാൽ നാഥാ!
സ്ലീബായാൽ...

**ബാറെക്മോർ. ശുബാഹോ... മെനഓ...**

രക്ഷകനേ സ്തുതിയങ്ങേക്കു-താ-തന്നു മഹത്വം
പാവന റൂഹായ്ക്കായ് സ്തോത്രം-ആ-രാധന നിത്യം.

**കുറിയേ... കുറിയേ... കുറിയേ...**

## ഒന്നാം കൌമാ

**(ദൈവമാതാവിന്റെ)**

## എക്ബോ

**(ത് ലോസൊ സ്ലീബെ)**

സാമ്യമില്ലാത്ത - സ്ലീബാകൾ മൂന്ന്
വലതു സജീവം താൻ - മൃതമല്ലതുതെല്ലും
ഇടതു നിർജീവം - മൃതമാണതുപൂർണ്ണം
മദ്ധ്യസ്ഥിതമത്യത്ഭുതമാം
ഉണർന്നോൻ നിദ്രിതനായ് - സജീവൻ മൃതനും
മർത്യനുതുല്യനവൻ - സാക്ഷാൽ ദൈവം താൻ.

**കുറിയേ... കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ! ...**
**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

### പ്രുമിയോൻ സെദറാ

## കോലോകൾ

**(മെൻറൂമിമ്ദീനാസ്)**

നൃപപുരിറോമ്മായിൽനിന്നും ഊറിശലേംതന്നിൽ
വന്നാളേലേനീ രാജ്ഞി, സ്ലീബായെ നമിപ്പാൻ
യൂദരെയെല്ലാം ഒരുമിച്ചവൾകൂട്ടി
സ്ലീബാസ്ഥാനം കാണിപ്പാനരുളി
ഒന്നിച്ചുത്തരമവർ ചൊന്നാർ ഉണ്ടിങ്ങൊരുവൃദ്ധൻ
ക്രൂശുമറച്ചീടുംസ്ഥാനം കാണിപ്പാൻ കഴിവോൻ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ.

**ബാറെക്മോർ. ശുബഹോ...**

അമ്മാനൂവേൽ ദൈവമഹോ ക്രൂശിന്മേൽ തൂങ്ങി
ശക്ത-നിൽശാദായി സുതൻ തലചായ്ച്ചു മരിച്ചു
റൂഹാമാത്രം, വിട്ടല്ലോ ക്രൂശിൽ
തനുവിൽനിന്നും, നിത്യതപോയില്ല
നിത്യത ജീവനെയല്ലപ്പോൾ, മാനുഷജീവൻ പോയ്
ഉന്നതനെക്രൂശിച്ചോരാം യൂദർവിലപിക്കും
ഹാലേലുയ്യാ - ദുരിതം പ്രാപിക്കും.

**മൊറിയോ...**

### മോർ യാക്കോബിന്റെ ബോവൂസോ

തെറ്റിൽനിന്നുംക്രൂശാൽസഭയെ വീണ്ടോൻ പുത്രാ
പ്രജകൾക്കെല്ലാം ശൈനോ നൽകി കാക്കുക ക്രൂശാൽ

യൂദാവന്നുകിളച്ചു കഴിച്ചുൽസാഹത്തോടെ
കണ്ടാനവിടെ ഗുപ്തമതായിസ്ലീബാമൂന്നും!
ദൈവാത്മജനുടെ സ്ലീബായേതെന്നറിയാത്തതിനാൽ
നൃപജനയിത്രി ഹെലനിരാജ്ഞി വേദിച്ചേറ്റം.

മൃതനുടെമേലവയോരോന്നായി സ്പർശിച്ചപ്പോൾ
'ജീവസ്ലീബാ കാട്ടുകശക്തി' ആർത്താരേവം.
പ്രഭയിൻ സ്ലീബാകണ്ടാവിഗതനുത്ഥിതനായി
കാണികളഖിലരുമുത്ഥാനകനായ് സ്തുതിയർപ്പിച്ചു.

വലതു വശത്തെ മോഷ്ടാവൊടു നീ ദയചെയ്തതുപോൽ
ദൈവകുമാരാ! കരളലിയണമെ, ദയചെയ്യണമെ.

## രണ്ടാം കൌമാ

**(പരിശുദ്ധന്മാരുടെ)**

**കർത്താവിന്റെ ബഹുമാനം...** **(പേജ് 14)**

## എ്ക്ബോ

**(നെസ്കാനാശ് ആഹായ്)**

സോദരരെ ചേരാം - പരിശുദ്ധർ സ്മൃതിയിൽ
വിമലർതൻ നാഥ-ന്നർപ്പിക്കാം സ്തോത്രം
ലോകത്തിൻ ശാന്തി-ദയയാലേകട്ടെ
അവരൊരുമിച്ച് ചേർക്കട്ടെ നമ്മെ
തൻ ശ്രേഷ്ഠപതാക വെളിവാകും നാളിൽ
വിമലന്മാർ സഹിതം സ്തുതിപാടാമനിശം.

**കുറിയേ... കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ! ...**

**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ സെദറാ

## കോലോകൾ

**(സ്ലേക്എത്രോ)**

സഹദരുടസ്ഥികളിന്നും നൽ സുഗന്ധമുയർന്നു
മേലുയരത്തിൽ നൃപപതിതാൻ സംപ്രീ-തനുമായി
വാനവരവരുടെ ധീരതകണ്ടാനന്ദിച്ചു
സഭയും മക്കളുമവരോർമ്മ ഘോഷിക്കുന്നു.

**ബാറെക്മോർ. ശുബഹോ...**

ധന്യർ സഹദരുടസ്ഥികളിന്നാനന്ദിക്കും
അവരുടെ സ്മരണയെ ഘോഷിക്കും സഭ മോ-ദിക്കും
മ്ശിഹാരാജൻ മഹിമയൊടാഗതനാകുമ്പോൾ
മണിയറസാമോദം പൂകുന്നവർ തന്നോടൊപ്പം.

**മൊറിയോ...**

## മോർ അപ്രേമിന്റെ ബോവൂസോ

ഞങ്ങൾതൻ കർത്താവേ! നീ
കാരുണ്യം ചെയ്-ഞങ്ങൾ മേൽ
നിൻപ്രീയർ സഹദേരർപ്പി-
ച്ചീടും സൽ പ്രാർത്ഥനമൂലം.

പ്രത്യംഗം വിഛേദിതരായ്
സഹദേർ വധിതരായെവിടെ
പരിശുദ്ധാത്മാവാസംചെ-
യ്തുളവാക്കി ശാന്തിയവിടെ!

പീഡകളിൽ വേദനഗാനം
സുതനായിപ്പാടീ സഹദേർ
തൽപെരുന്നാളിൽ തിരുസഭയും
സുതരും സ്തോത്രം പാടുന്നു.

ഞങ്ങൾതൻ കർത്താവേ! നീ
കാരുണ്യം ചെയ്തെങ്ങൾ മേൽ
നിൻപ്രീയർ സഹദേരർപ്പി-
ച്ചീടും സൽ പ്രാർത്ഥനമൂലം.

## മൂന്നാം കൗമാ

**(അനുതാപം)**

**കർത്താവിന്റെ ബഹുമാനം...** **(പേജ് 14)**

## എക്ബോ

**(യേശു ബ്രോദാബോ)**

പറുദീസാ പരിശു-ദ്ധന്മാർക്കാസ്ഥാനം
പറുദീസാ നീതി-ഷ്ഠന്മാർ തൻ ഗേഹം
പറുദീസാ ഭവനം - ഒനുവായരുടേത്
പറുദീസായക്ഷയ - മാം ജീവൻ തന്നെ
പറുദീസാ നിത്യ-മോഹനമണിയറതാൻ
അതിനവകാശിയഹോ ധന്യനതിധന്യൻ.

**കുറിയേ... കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ! ...**
**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ സെദറാ

## കോലോകൾ

**(കും ആദാറൈൻ)**

*പെത്ഗോമൊ: രക്ഷകനെ രക്ഷിക്കെന്നെ*

തുണചെയ്തെന്നെ രക്ഷിക്കെന്നുരചെയ്താദാം
ഏദനിലെന്നെ തോൽപ്പിച്ചാർസർപ്പം, ഹാവായും
അക്കനിഭോജനം മൂലമിവൻ ദുർഭഗനായി
മഹിമാ-ഭൂഷണമെല്ലാം പോയ്.

**ബാറെക്മോർ. ശുബഹോ...**

ദുഷ്ടനനീതിച്ചങ്ങലയാൽ ബന്ധിച്ചെന്നെ
ഏറിയനാളായ് പാപത്തിൻ ദാസൻ ഞാനയ്യോ
പാപച്ചങ്ങല പാശങ്ങളെയെല്ലാം നാഥാ!
വിഛേ-ദിക്കുക നിൻ ദ-യവാൽ.

**മൊറിയോ...**

## മോർ ബാലായിയുടെ ബോവൂസോ

ദുഷ്ടന്മാരിൽ കാരുണ്യം പൂണ്ടോനെ... **(പേജ് 27)**

**ഹാലേ... ഹാലേ... ഹാലേ... ദൈവമേ നിനക്കു സ്തുതി (3 പ്രാവശ്യം)**

**കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ... (പേജ് 27)**
**നാം ദൈവത്തിന്റെ മക്കളായി തീരുവാൻ... (പേജ് 27)**
**മറിയാം പറഞ്ഞതെന്തെന്നാൽ... (പേജ് 27)**

## മാവുർബോ ശീലുകൾ

കർത്താവായ വചനത്തെ പ്രസവിച്ചവളേ! വിശ്വാസികളായ ഞങ്ങൾ നിന്നെ മാത്രമേ ദൈവമാതാവായ കന്യക എന്ന് അറിയുന്നുള്ളു.

മഹത്വമുള്ളവനായ ഏശായ നിന്നെക്കുറിച്ച് മുൻകൂട്ടി പ്രവചിച്ച് പറഞ്ഞിരിക്കുന്നു: "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ അത്ഭുതമാകുന്നു'. (ഏശാ.7:14)

പരിശുദ്ധാത്മാവിന്റെ തെരഞ്ഞെടുക്കപ്പെട്ട ഉപകരണങ്ങളായ പരിശുദ്ധന്മാരേ! നിങ്ങൾക്കു ഭാഗ്യം. നിങ്ങൾ മുടി ധരിക്കപ്പെടുകയും നിങ്ങളുടെ സ്മരണ ശ്രേഷ്ഠമാക്കപ്പെടുകയും ചെയ്തിരിക്കുന്നതിനാൽ നിങ്ങൾക്കു ഭാഗ്യം.

മ്ശിഹാ രാജാവേ! നിന്റെ പരിശുദ്ധ ശരീരം ഭക്ഷിക്കുകയും പുണ്യപ്പെടുത്തുന്ന നിന്റെ രക്തം കുടിക്കകയും ചെയ്ത പരേതർക്ക് നിന്റെ കരുണയാൽ ആശ്വാസവും ഓർമ്മയും ഉണ്ടാക്കണമെ.

**ബാറെക്മോർ. ശുബ്ഹൊ ... മെനഓലം...**

ഏകപിതാവിന് സ്തോത്രം അയയ്ക്കപ്പെട്ട പുത്രന് ആരാധന പരിശുദ്ധാത്മാവിന് മഹത്വം എന്ന് നാം ഏകമായി ഉദ്ഘോഷി-ക്കണം. **ആമ്മീൻ.**

**സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത്... (പേജ് 28)**
**ഉറങ്ങിയവരെ നിങ്ങൾ... (പേജ് 30)**
**ത്രിത്വത്തിനു സ്തുതി... (പേജ് 32)**

## കുക്കിലിയോൻ

നീതിമാൻ പനപോലെ...
ഒരുപോലിങ്ങും...
പ്രാർത്ഥനയിൻ സമയമിതല്ലോ മോർ (....)
നിന്നെവരിച്ചോരു താതനും മോർ (.....)

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

മാതൃവിശുദ്ധരുടോർമ്മയിൽ ഞങ്ങളെ ചേർക്കുക നാഥാ!
തൽപ്രാർത്ഥനയാൽ പുണ്യം ഞങ്ങൾക്കും വിഗതർക്കും

തൻ രാജ്യത്തിന്നന്ത്യമതില്ലെന്നാമറിയാമോ-
ടാമാലാഖ-പ്രമുഖൻ മൂലം നാഥൻ ചൊന്നാൻ
മറിയാം, ദൂതനെന്നിവർ മദ്ധ്യേ വാണൊരുമർമ്മം
ക്രൂശിന്മേലാരൂഢിതനായി കാണപ്പെട്ടു.

അരചൻ ക്രൂശിതനായപ്പോൾ നാം രക്ഷിതരായി
നിദ്രിതദാസരെ തൻ ശബ്ദത്താൽ തട്ടിയുണർത്തി
കബറിൽ നിന്നുത്ഥാനം ചെയ്തെൻ രക്ഷവഹിപ്പിൻ
നിങ്ങൾ ജീവൻ പ്രാപിപ്പാൻ ഞാൻ മൃത്യുവരിച്ചു.

മേൽസ്വർഗ്ഗത്തിൽ ഭൌമിക സഭയിൽ മാതാവിന്നും
ശുദ്ധന്മാർക്കും വിഗതർക്കുംനൽ സ്മൃതി വളരട്ടെ.

**അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാരും... (പേജ് 33)**
**മോറാനേശുമ്ശിഹാ! ... (പേജ് 10)**

**കൌമാ**

# വെള്ളി പ്രഭാതം

**കൌമാ**

## പ്രാരംഭ പ്രാർഥന **(പേജ് 35)**

**ദൈവമേ നിന്റെ കൃപയിൻപ്രകാരം... (പേജ് 35)**
**എന്റെ ദൈവമേ നീ എന്റെ ദൈവമാകുന്നു... (പേജ് 36)**

## എനിയോനോ

**(സ്ലീബോ ഓസോദ്ശൈനോ)**

സ്ലീബാ ശാന്തിയതിൻചിഹ്നം - സ്ലീബാ വിജയപതാക താൻ
സ്ലീബായാൽ രക്ഷിതർ ഞങ്ങൾ - സ്ലീബായിൽ പുകഴുന്നേറ്റം

മോറാനേശു കുരിശും നിൻ - മാതൃജന പ്രാർത്ഥനയിവയാൽ
അടികളെയും നിൻ കോപത്തിൻ - വടികളെയും മായ്ച്ചീടേണം

ആദാമ്യർക്കായ് സ്ലീബായെ - ശ്രേണിയതാക്കിയവൻ സ്തുത്യൻ
നിബിയർ ശ്ലീഹർ സഹാദേന്മാ - രതിനാലുന്നത പദമേറി.

സ്ലീബാ സ്വർഗ്ഗത്തിൽ വാണു - സ്ലീബായവനിയിലും വാണു
സ്ലീബാ പള്ളികൾ ദയറാകൾ - ക്കെല്ലാം കോട്ടയതാകട്ടെ.

ദുഷ്ടനെയീഷൽ ഭയമില്ല - കർത്തൻ ഞങ്ങളുമൊരുമിച്ച്
ശ്രേഷ്ഠായുധധാരികൾ ഞങ്ങൾ - അവനിൽ പുകഴുന്നെല്ലാരും.

സ്ലീബാതോളിൽ വഹിച്ചന്നു - സെഹിയോനിൽ നിന്നും പോയോൻ
മൃതരുടെയസ്ഥികൾമേൽകനിവിൻ - പനിനീർ വീശട്ടെന്നെന്നും.

**ബാറെക്മോർ. ശുബഹോ... മെനഓ...**

ഊർശ്ലേം ഗോഗുൽത്താഗിരിമേൽ - ക്രൂശിതനേശു സംപൂജ്യൻ
പാറകൾ പൊട്ടി തൻ നിനദാൽ - മൃതരുത്ഥിതരായ് സ്തുതി പാടി.

**ആമ്മീൻ.**

**പ്രകാശത്തിന്റെ സൃഷ്ടാവിന്നു സ്തുതി... (പേജ് 38)**

## എക്ബോ

**(പ്സകത്ബസ് ലീബോക്)**

സർവ്വേശാനിൻസ്ലീബായാൽ രിപുവിൻ ശിരസ്സു തകർത്തു
ഭീകരമൃതിതന്നധികാരം നീ മായിച്ചു.
അതിനാലാർക്കുന്നു ഞങ്ങൾ; നിത്യൻ സർവ്വേശാ സ്തുതിതേ.

**സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ

നാനാദേശത്തും തന്റെ ജനനിയെ ഉയർത്തുന്നവനും, തന്റെ പരിശുദ്ധന്മാരെ മഹിമപ്പെടുത്തുന്നവനും തന്റെ ഭടന്മാരെ ശ്രേഷ്ഠരാക്കുന്നവനും തന്റെ വാത്സല്യവാന്മാരെ പരിപൂർണ്ണമാക്കുന്നവനും ആയ തനിക്ക് സ്തുതി. തനിക്ക്... **ബ്കുൽഹൂൻ.**

## സെദറാ

പരിശുദ്ധനായ ദൈവമായ കർത്താവേ നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. നീ പരിശുദ്ധന്മാരാൽ സ്തുത്യനാകുന്നു. ശുദ്ധിമതിയും മഹത്വമുള്ളവളും സൗഭാഗ്യവതിയും നിന്റെ മാതാവുമായ മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുകയും നാശകരമായ ഞങ്ങളുടെ ചിന്തകളെ ഒന്നിപ്പിക്കുകയും ചെയ്യണമേ. അങ്ങനെ നിന്റെ സഭയിൽ വിശുദ്ധികൊണ്ട് നിന്റെ ജനമായി ഞങ്ങൾ ഭവിക്കുകയും ഭക്തിയോടെ നിന്നെ സ്തുതിക്കുകയും ചെയ്യുമാറാകണമെ. സ്രോപ്പേന്മാരുടെ കൂട്ടങ്ങളോടൊന്നിച്ചു നിനക്ക് ഞങ്ങൾ കാദീശ് പാടുമാറാകണമെ. കർത്താവേ! ഞങ്ങളുടെ പ്രാർത്ഥനകൾക്ക് നിന്റെ കരുണയുടെ വാതിൽ തുറന്നു തരണമെ. നിന്റെ കൃപയാൽ നിന്റെ ശരീരരക്തങ്ങളെ അനുഭവിപ്പാൻ ഞങ്ങളെ നീ യോഗ്യരാക്കിയതുപോലെ കുറ്റക്കാരായ ഞങ്ങളുടെ വംശത്തിന്മേൽ നിന്റെ കരുണകൾ വർഷിക്കണമേ. നിന്റെ കരുണയാൽ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും ഞങ്ങളെ യോഗ്യരാക്കണമെ. എന്റെ കർത്താവേ പരിശുദ്ധ സഭയുടെ മക്കളായ മരിച്ചവർക്ക് നല്ല ഓർമ്മ പ്രദാനം ചെയ്യണമെ. ഞങ്ങളും അവരും നിന്റെ വലത്തുഭാഗത്തു നിൽക്കുകയും നിന്റെ കരുണ ദർശിക്കുകയും ചെയ്യുമാറാകണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. **ഹോശോ... മെൻ ആലോഹോ... ആമ്മീൻ.**

## കോലോകൾ

**(ബ്ഗാവ് മശ്കൻ സബ്നോ)**

*പെത്ഗോമൊ: സ്തോത്രത്തിൻ ബലിയർപ്പിപ്പിൻ*

സഭയിൻ കൂടാരം - തന്നിൽ മോശ പ്രാർത്ഥിച്ചു,
ധൂപം പ്രാർത്ഥന സ്വീകൃതമായ്; തിരുസ-ഭയിൽ നാഥാ
അഹറോൻ ധൂപസമാനം നിൻ - ദാസരുടേതും കൈക്കൊൾക
ഹാ- ഇരുലോകത്തിന്നുടയോനേ, ശുശ്രൂശിക്കുന്നവർ നിന്നെ.

**ബാറെക്മോർ... ശുബഹോ... മെനഓ...**

ക്രൂബ-കൾ, സ്രോപ്പേന്മാ - രിവരെ വിട്ടാക്കന്യകയി-ൽ
വാസം ചെയ്തോനതി സ്തുത്യൻ; ദൈവ-മുൾപ്പൂകി
ദൈവം മനുജനുമായ് ജാതൻ; ജാതികളവനെ വന്ദി - പ്പിൻ
ഹാ- ദൈവം മാനുഷനായ് നമ്മെ പിഴയിൽ നിന്നും രക്ഷി-ച്ചു.

### ദൈവമാതാവ്

സ്മൃതയാം ധന്യവതി, ഏദൻ പൂകിയ ശുശ്രൂഷ
എന്നെന്നേയ്ക്കും സ്മരണീയം; സ്മൃതരാം പരിശുദ്ധർ,
ചൊല്ലുന്നുടയോൻ മാതാവെ സ്വസ്തിയൊടാഗതയാകേണം
ഹാ- യാചിക്കേകാത്മജനോടായ് ലോകരിലെന്നും ദയ ചൊ-രിയാൻ.

വിമലേ-കന്യകയെ! ഉന്നതശക്ത്യാവാസത്താൽ
രക്ഷകനേകി, ജനനം നീ; നിൻ സ്മരണാ ദിവസം
യാചിക്കുകാത്മജനോടായി ലോകരിലെന്നും ദയചൊ-രിയാൻ
ഹാ- നിന്നർത്ഥനയാൽ കനിവേകും ലോകരിലെന്നും നിൻ പുത്രൻ.

### സ്ലീബാ

സ്ലീബാ-മേൽ യൂദർ, വന്ദ്യം ദ്രാക്ഷാക്കുലയാട്ടി
ദ്രാക്ഷാ രസമവരുളവാ-ക്കി; രുചിനോക്കിയുമില്ല,
തിരുസഭയതിനെ പ്രാപിച്ച് പ്രതിദിനമാനന്ദിക്കു-ന്നു
ഹാ- സഭയും മക്കളുമതു പാനം ചെയ്തെന്നേക്കും മോദി-ക്കും.

### പരിശുദ്ധന്മാർ

വിശ്വാ - സോൽഘോഷം, ചെയ്യും ശ്ലീഹർ കർഷകർ പോൽ
ഭൂവിതിലെങ്ങും പണി ചെ-യ്തു; പ്രാർത്ഥി-പ്പിൻ നിങ്ങൾ,
ഉത്തമ വിത്തുനശിപ്പിക്കും കളകൾ സമൂലം പോകാ-നായ്
ഹാ- ഭൂവിതിലെങ്ങും സുവിശേഷം വിതചെയ്തൊരു കർത്തൻ സ്തുത്യൻ.

സഹദേ-ന്മാർ നിങ്ങൾ, പരിമളമിയലും ധൂപമതായ്
നാഥനെ പ്രീണിപ്പിച്ചേറ്റം; പാപത്താൽ കോപം,
വന്നിട്ടും തൻ രുധിരത്തെയോർത്തവനേറ്റം ദയചെയ്തു
ഹാ- അവനിയിലവനിഷ്ടം ചെയ്തവരിഷ്ടമവൻ ചെയ്യും.

### ഏക പരിശുദ്ധൻ

ശ്രേഷ്ഠൻ മോർ ......, നാഥാ നിന്നജവൃന്ദത്തെ
സന്ദർശിക്ക സദയം നീ; ചെന്നായ്ക്കൾ ചീന്തി
ജാതികളിടയിൽ ചിതറിപ്പോയ് ചേർക്കാനിടയനുമില്ല-ല്ലോ
ഹാ- പാലകരുടയോൻ മിശിഹായെ! ചിതറിയ നിന്നജവൃന്ദം ചേ-ർക്ക.

**അനുതാപം**

ഉന്ന-തനുടെവലമായ് - തൂങ്ങിയചോരനാർത്തല്ലോ,
ധന്യൻ ഞാനതിധന്യ-ൻ ഞാൻ; ആദാം - പിഴചെയ്ത
പൂട്ടിയ വാതിൽ തുറപ്പാനായർഹതയേകണമേ - നാഥാ
ഹാ- മുഖതെളിവോടെ കടന്നവിടെ, സ്തുതി പാടട്ടിവനെന്നെന്നും.

ദൈവാത്മജനാമം, ഏറ്റവർ ലജ്ജിക്കില്ലൊട്ടും
രാജ്യേ ശ്രേഷ്ഠന്മാരാ-കും; വാഗ്ദാനം ചെയ്താൻ
എന്നെ ഏൽക്കുന്നവനെ ഞാനേൽക്കും രാജ്യത്തിൽ ചേർക്കും
ഹാ- നിന്നെ ഏറ്റൊരു ഞങ്ങളെ നീ ഏൽക്കുക രക്ഷകനാമേ-ശു!

**പരേതർ**

ധന്യ-രുടാത്മാക്കൾ, വാസം ചെയ്യും പറുദീസിൻ,
മോഹന സുന്ദരഗേഹത്തിൽ; നിൻത-നുരക്തങ്ങൾ,
പ്രാപിച്ചോരാം വിഗതർക്കായ് നൽകണമാശ്വാസം നാഥാ
ഹാ- സ്വർഗ്ഗേആദ്യജാതർതൻസഭയിൽ സ്മരണയവർക്കേകെ.

**മൊറിയോ...**

**എത്രോ (പേജ് 41)**

**കോലോകൾ**

**(ബ്ഹാവ് സപ്രോറാബോ)**

*പെത്ഗോമൊ: പുലരിയിലെൻ നാദം കേൾക്കണമേ ഹാലേലുയ്യാ*
നാഥാ നിൻ വരവിൻ സുപ്ര - ഭാതത്തിൽ
നിങ്ങളെയറിയില്ലെന്നരുളിച്ചെയ്യരുതെ
തിരുമെയ് ഞങ്ങൾക്കായച്ചാരം നൽകി
നിഷ്കന്മഷരക്തം പുണ്യത്തിനുമേകി - ഹാ-
ജാതികൾ സാമോദം സ്തോത്രം പാടുന്നു.

**ബാറെക്മോർ... ശുബഹോ...**

സ്തുതി ബഹുമാനങ്ങൾ ആരാധന സ്തോത്രം
കന്യാതനയന്നു; വാഴ്വിന്നവളോർമ്മ
പെറ്റാളെന്നിട്ടും സംരക്ഷിതമു-ദ്ര
ലോകത്രാതാവിന്നവളേകി സ്തന്യം - ഹാ-
ലോകപരിത്രാതാവവനത്രെ സ-ത്യം.

**ദൈവമാതാവ്**

ഗൂഢൻമറവായോൻ ജനനാർത്ഥം വ-ന്നു
കന്യാജനനിയിൽ നി-ന്നുളവായിഗാ-ത്രം
ഭീകരകെരുബുരഥം പരിവർജ്ജിച്ചി-ട്ട്

മറിയാമ്മിൻ മടിയിൽനി - ന്നുളവായി ഗാ-ത്രം - ഹാ-
ശാപം തീർത്തവനാം കർത്തൻ സ്തു-ത്യൻ താൻ.

മറിയാമ്മിൻ സ്മരണം വരദായകമാ-ക
തൽ പ്രാർത്ഥന ഞങ്ങൾക്കാത്മാവിനു കോ-ട്ട
നിബിയന്മാർ, ശ്ലീഹാർ, സഹദേരുടെ നാ-ഥൻ
അവളിന്നാഗതനായ്, ലോകരക്ഷാ-ർത്ഥം - ഹാ-
ലോക പരിത്രാതാവവനത്രെ സത്യം.

സ്ലീബാ

സ്ലീബാ, സംശുദ്ധി ആത്മാക്കൾക്കേകി
സ്ലീബാ ഞങ്ങളുടെ കടമെല്ലാം പോക്കി
സ്ലീബാ ദുഷ്ടനെയും സേനയെയും വീഴ്ത്തി
ആരാധകർ വിജയിച്ചാമോദിക്കു-ന്നു - ഹാ-
നാഥാ സ്ലീബായാൽ സംരക്ഷണ ന-ൽക.

പരിശുദ്ധന്മാർ

സഭയേ, വാതിൽക്കൽ കാവൽക്കാർ നിൽപ്പൂ
രാപകൽ ദുഷ്ടനിൽ നിന്നവർ സൂക്ഷിക്കു-ന്നു
ശെമവോനടിസ്ഥാനം, പൌലോസ് ശിൽപ്പിയു-മാം
യൂഹാനോൻ തോഴൻ, ആപ്തസുഹൃത്തും താൻ - ഹാ-
ദാവീദ് റൂഹായിൻ മോഹനമാം വീണ!

അത്യുന്നത ദാസർ ന്യായാസന മു - മ്പിൽ
നിന്നാർ; സ്വർഗത്തിൽ നോക്കി-യുരചെയ്താർ
സ്നേഹിച്ചിവരങ്ങേ, ലോകമുപേക്ഷി-ച്ചു
ജയമേകുകഞങ്ങൾ, ക്കതിദുഷ്ടനുലജ്ജ - ഹാ-
ജാതികൾ പറയരുതെ, നിന്നുടയോനെവിടെ?

വെള്ളിയാഴ്ച്ച

ആറാം ദിനമാകും വെള്ളിയാഴ്ച്ചയതിൽ
ഉന്നതനുടെ ക്രൂശാഭോഷന്മാർ നാ-ട്ടി
ചവളത്താൽ ചങ്കിൽ കുത്തിയതിൽ നി-ന്നും
ജീവജലം രുധിരം ഞങ്ങൾക്കായൊ-ഴുകി - ഹാ-
വിശ്വസ്തത കാക്കും ജാതിക്കതു പു-ണ്യം.

പ്രഭാതം

നാഥാഗമാനത്തിൻ പുലരി ഭീക-രമാം
ഗർജ്ജന സിംഹംപോൽ, ജാതികൾ വിറകൊള്ളും

## വെള്ളി പ്രഭാതം

വിധിയാളനിരുന്നാ-ഗ്രന്ഥങ്ങൾ തുറ-ക്കും
ഗുപ്തം സർവ്വവുമന്നവിടെ വെളിവാകും - ഹാ-
സർവ്വവുമറിവോനെ, ദയചെയ്യണമെ-ന്മേൽ.

**അനുതാപം**

നിൻവിധി ഭീകരമാണെൻ കടമോ ബ-ഹുലം
നീതികോപിഷ്ഠൻ, മറയാനുമസാ-ദ്ധ്യം
വിധിയേൽക്കാൻ സ്നേഹാൽ, നീ വന്നതിനാ-ലെ
വിധിയിൽ ചേർക്കരുതെൻ, പാപവുമോർക്ക-രുതെ - ഹാ-
നീതിഷ്ഠൻ ന്യായേശാ, ദയ ചെയ്യുകയെ-ന്മേൽ.

ദുഷ്ടൻ ഫറവോനിസറായേൽക്കാ-രെ
പീഡിപ്പിച്ചതിനാൽ വാരിധിയിൽ താ-ണു
തുണയേകാനാരുമില്ലാത്തതു ക-ണ്ട്
ചൊന്നാൻ: ദൈവത്തൊട് പൊരുതുന്നത് കഷ്ടം! ഹാ-
കർത്തനിലാശ്രയമായ് മേവുന്നോൻ ധ-ന്യൻ.

**പരേതർ**

പുനരുത്ഥാനദിനം കാംഷിച്ചീടു-ന്ന
മൃതരെ - വിസ്മൃതിയിൽ ചേർക്കരുതേ നാഥാ
കരുണാമയനേശു! ഉത്ഥാനം നൽകി
ആശ്വാസമവർക്കായരുളുക സതതം നീ - ഹാലേലുയ്യാ
അവരുത്ഥാനകനാം നിന്നെ സ്തുതി ചെയ്യും.

## കുക്കിലിയോൻ

**(ബോക്ന് ദാക്കർ)**

നിന്നാൽ കുത്തും വൈരികളെ ഞങ്ങൾ ഹാ-
നിൻ നാമത്താൽ കീഴാക്കും രിപുകളെയും

ശത്രുവിൽ നിന്നെങ്ങളെ വീണ്ടോൻ നീ ഹാ-
വൈരികളെ നീ ലജ്ജിപ്പിച്ചു

**ബാറെക്മോർ. ശുബഹോ... മെനഓ...**

## എക്ബൊ

**(അത് ബസ് ലീബോക്)**

മർത്യരെയെല്ലാം വീഴ്ത്തിയൊരാകൽക്കറുസായെ
നിൻ സ്ലീബായാൽ വീഴ്ത്തി വിജയിച്ചവനെ നീ
അതിനാൽ ഞങ്ങൾ വന്ദിക്കും; ജീവദമാകും സ്ലീ-ബാ-യെ.

**സ്തൌമെൻ... കുറിയേ...**

## കോലോകൾ

*പെത്ഗോമൊ: ക്രൂശിൻ മറവിൽ കാക്കുക നീ ഹാലേലുയ്യാ*

ഉ-ഷസിൽ ജീവസ്ലീബായും - ദയ ചെയ്യും
തൻവിജയം പ്രഖ്യാപിക്കും ഭൂമൌ - സർവ്വത്ര
വി - മതന്മാർവിമുഖതയോടെ വണ - ങ്ങാറാകും
സഹദേരാമോദാലണിയും രമ്യം - മകുടങ്ങൾ
നിൻ മൃതിയാൽ പുനരുത്ഥാനത്താൽ
രക്ഷിതരാം ഞങ്ങൾ വന്ദിക്കും
കോട്ടയതായി സ്ലീബായെ തന്നോൻ പുകഴുടയോൻ.

**ബാറെക്മോർ, ശുബഹോ... മെനഓ...**

കു-സ്തന്തീനോസരചൻ ഗ-ഗനെകണ്ടാൻ
അത്ഭുതമേറുന്നൊരു ചിഹ്നം, സ്ലീബായിൻരൂപം
ത-ദ്ദർശന ചിന്തയിലപ്പോൾ നാ-ദം കേട്ടാൻ
ഈയൊരു ചിഹ്നത്താലണിയും വിജയം നീയെന്നും
തള്ളുക നീ - പ്രതിമകളെയെല്ലാം
സ്ലീബായെ മാത്രം വന്ദിക്ക,'
സ്തുത്യൻ, സ്ലീബായാത്മാക്കൾ സങ്കേ - തമാക്കിയവൻ.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

തെറ്റി-ൽ നി-ന്നും ക്രൂശാൽ സഭയെ - വീണ്ടോൻ പുത്രാ
പ്രജകൾക്കെല്ലാം ശൈനോ നൽകി, കാക്കുക ക്രൂശാൽ.

നാഥ-ൻ സകീപ്പാ, ഊറീശലേമിൽനിന്നു തിരിച്ചു
തരണം - ചെയ്താദിശകളിലെല്ലാ-മാഘോഷിതമായ്
സ്ലീബാ വന്നെന്നറിവായുടനെ, നൃപപതിയാകും
കുസ്തന്തീനോസ്, സേനയുമൊത്ത് വന്നെതിരേൽപ്പാൻ

കണ്ടാൻ സ്ലീ-ബാ വീണു വണങ്ങി കൈകൾ നീട്ടി
ശബ്ദമുയർത്തി സ്തുതിഗാനത്താൽ സ്തോത്രം - പാടി
'രിപുവി-ന്നെതിരെ പൊരുതാനായി സ്ലീബാ ത-ന്ന
ദൈവാത്മ-ജനെ അങ്ങേക്കെന്നും സ്തോത്രം സ്തോത്രം'

വലതുവശത്തെ മോഷ്ടാവൊടു നീ ദയചെയ്തതുപോൽ
ദൈവകുമാരാ, കരളലിയണമേ ദയചെയ്യേണമെ.

**കർത്താവേ! നിന്നെ സ്തുതിക്കുന്നതും... (പേജ് 44)**

**കൌമാ**

# വെള്ളി മൂന്നാം മണി നമസ്കാരം

**കൌമാ**

## കോലോകൾ

**(ബത് ലൊസ് ശോയിൻ)**

മൂന്നാം മണിയിലുമെപ്പോഴും
ജീവസ്ലീബായെ-വന്ദിക്കു-ന്നെങ്ങൾ.
നെറ്റിയിലതിന്നുടെ റൂശ്മായും നിൻസ്ലീബാതാൻ ശരണം ഞങ്ങൾക്ക്,
അ-തുരക്ഷിക്കും-ദുഷ്ടൻ തന്നുടെ സേനയിൽ നിന്നിരവും
പ-കലും എന്നുമെന്നേക്കും.

**ബാറെക്മോർ. ശുബഹോ... മെനഓ...**

വാരിധിവടിയാൽ വിഭജിച്ചാ-
നിസ്രായേല്യർ-ക്കായ് മോശാനബിതാൻ
മോറാനേശു ശോഭാകുരിശാൽ ശ്യൂലുതുറന്നാൻ, മൃതരുത്ഥിതരായി
ക-ബറിൽനിന്നു-മേദനുമാർഗ്ഗം കാണിച്ചോൻ
മ്ശീഹാ സംപൂജ്യൻ.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

**(സ്ലീബൊദ്ഹാവിഹൈലെത് മീഹെ)**

തെറ്റി-ൽ നി-ന്നും ക്രൂശാൽ സഭയെ - വീണ്ടോൻ പുത്രാ
പ്രജകൾക്കെല്ലാം ശൈനോ നൽകി, കാക്കുക ക്രൂശാൽ.

മനുജർക്കത്ഭുത ശക്തികൾ കാട്ടിയ സ്ലീബാമൂലം
സഭയുടെ ശൃംഗമതെന്നെന്നേക്കുമുയരും നൂനം.
സ്ലീബാപ്രഭയാണാരാധകരെ പ്രഭയണിയിക്കും
നിൻ പ്രഭകാണാനെൻ മനഃനയനം വെളിവാക്കണമേ.

പാഷാണ്ഡതയിൽ നിന്നും സഭയെ രക്ഷിച്ചോനേ!
വിധിയുടെ നാളിൽ ദുർഭഗനെന്നെ രക്ഷിക്കണമേ.
സ്കീപ്പൂസായിൻ വൻദിനമതിനായാഗതരെങ്ങൾ
നിത്യ ദിനത്തിൽ നിൻ ദയ കണ്ടു സ്തോത്രം പാടും.

വലതുവശത്തെ മോഷ്ടാവൊടു നീ ദയചെയ്തതുപോൽ
ദൈവകുമാരാ, കരളലിയണമേ ദയചെയ്യേണമെ.

**കൌമാ**

✠ ✠ ✠

# വെള്ളി ആറാം മണി നമസ്കാരം

**കൌമാ**

**കോലോകൾ**

ധന്യേമറിയാം, ബാല്യം മുതൽ നീ ദൈവത്താലെ സ്വീകൃതമാ-
നിതയായ്
ദൈവാഗാരെ കാഴ്ചപ്പൂപം ഭുജിച്ചു വളർന്നോ-ളാചാര്യ-ന്മാരാൽ
ബഹുമാനിതയായ്,
മാലാഖാ സ്വസ്തിയുരച്ചു, ദൈവം, നിന്നിൽ വസി-ച്ചല്ലോ.

**ബാറെക്മോർ. ശുബഹോ...**

അണിയണിയായി സഹദേന്മാർ ന്യായസ്ഥാന-ത്തെത്തി സാ-ക്ഷിച്ചു
വാളാൽ വധിതരായവർ തൻ രക്തമതപ്പോൾ-പാതകർ മേൽ-വീണു
നാഥൻ കണ്ടോ;
ധീരരെ മകുടംചാർത്തിയവൻ, അവൻ പ്രാ-ർത്ഥന ഞങ്ങൾക്ക-ഭയം.

**മെനഓ...**

പുനരുത്ഥാനത്തെപ്രതി താൻ ധൈര്യം നല്കി പ്രത്യാശ-യുമേകി
തന്നുടെ ശബ്ദശ്രവണത്താൽ മൃതരെഴുന്നേൽക്കു-മെന്നുരചെ-യ്തല്ലോ.
സത്ത-മന്മാർ
നവജീവൻ പ്രാപിച്ചീടും, ദുഷ്ട-ന്മാർ ശിക്ഷാവി-ധിയും.

**മൊറിയോ...**

**മോർ ബാലായിയുടെ ബോവൂസോ**

മാതാ കാദീശന്മാർ തൻ പ്രാർത്ഥനയാൽ... **(പേജ് 47)**

**മോർ സേവേറിയോസ് പാത്രിയർക്കീസിന്റെ മാനീസൊ**

നിൻ മാതാവ് വിശുദ്ധന്മാർ **(പേജ് 47)**

**കൌമാ**

വിശ്വാസപ്രമാണം **(പേജ് 15)**

# വെള്ളി ഒമ്പതാം മണി നമസ്കാരം

**കൌമാ**

**കോലോകൾ**

മൺവി-ണ്ണുലകുകൾ നിന്റേത്;
ഇവിടെയുമങ്ങും നിൻകോയ്മ
കാക്കണമടിയരെ സ്ലീബായാൽ;
അൻപൊടു മൃതരിൽ കൃപചെയ്ക.

**ബാറെക്മോർ. ശുബഹോ... മെനഓ...**

മൃതർക്കുയിരേകിയുണർത്തീടും
നാഥാ! തേ! സ്തുതി എന്നേയ്ക്കും
പിതൃസുത പരിശുദ്ധാത്മാവേ!
ഹാലേലുയ്യാ കീർത്തനവും.

**മൊറിയോ...**

## മോർ ബാലായിയുടെ ബോവൂസോ

കരുണ നിറഞ്ഞവനെ, പുനരുത്ഥാനത്തിൽ... **(പേജ് 2)**

**കൌമാ**

✠ ✠ ✠

# ശനി സന്ധ്യ

**കൌമാ**

## പ്രാരംഭ പ്രാർഥന

**കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ...** **(പേജ് 3)**

## എക്ബോ

**(ല് കൂൻ തൂബൈക്കൂൻ)**

*മൃതിയാർന്നോരേ - സൌഭാഗ്യം
നിങ്ങൾക്കുത്ഥാന - ത്തിൻ നാളിൽ
ഉൾക്കോണ്ടോരുയിരിൻ തിരുമെയ്യും
മോചനമേകും തിരുരക്തമതും
നിങ്ങളെ നിർത്തീടും - വലഭാഗേ

**സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ

തന്റെ അടുക്കലേക്ക് പാപികളെ വിളിക്കുന്ന അവർണനീയ മഹത്വ-പ്രകാശവും വലിയ തേജസ്സും പരിശുദ്ധന്മാരോടൊന്നിച്ച് തന്റെ സ്വർഗീയരാജ്യം അവർക്കു വാഗ്ദാനം ചെയ്യുകയും ചെയ്ത തനിക്കു സ്തുതി... **ബ്കുലഹുൻ... ആമ്മീൻ.**

## സെദറാ

അദൃശ്യ പിതാവിന്റെ മടിയിൽനിന്ന് ജനിക്കുകയും ദാവീദുപുത്രി-യിൽനിന്ന് ജഡമെടുത്തു ദുഷ്ടനാൽ അടിമയാക്കപ്പെട്ട ആടുകൾക്കു വേണ്ടി കഷ്ടതയനുഭവിച്ചു മരിക്കുകയും, തന്റെ അനാദ്യന്ത സ്നേഹത്താൽ അടിമയിൽനിന്ന് അതിനെ രക്ഷിച്ച ആത്മീയ കുഞ്ഞാടായ കർത്താവേ! നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. കണ്ടാലും

സഭ നാനാദേശത്തും അവളുടെ മക്കളുടെ നിരകളിൽ അവനു സ്തുതി പാടുന്നു. എന്റെ കർത്താവേ! പാപികളായ ഞങ്ങളെ നിബി-യന്മാരുടെ എണ്ണത്തിൽ എണ്ണണമെ. ശ്ലീഹന്മാരോടും സഹദേന്മാരോ-ടും ഒന്നിച്ചു ഞങ്ങളെ കലർത്തണമെ. പാപത്തിന്റെ പ്രതിപകരത്തിൽ നിന്നും ദണ്ഡിപ്പിക്കുന്ന വഴികളിൽനിന്നും ലോകത്തിന്റെ മുഴകലുക-ളിൽ നിന്നും സാത്താനെയും അവന്റെ സൈന്യത്തെയും ജയിക്കുവാൻ തക്കവണ്ണം കൊല്ലുന്നതായ പൈശൂന്യത്തിൽ നിന്നും ഞങ്ങളെ കാത്തു മറച്ചുകൊള്ളണമെ. തിരുമുമ്പാകെ ഞങ്ങളുടെ ധൂപം സ്വീകരിക്ക-പ്പെടണമെ. സമ്പന്നമായ നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് ഞങ്ങളുടെ യാചനകൾക്കു മറുപടി ലഭിക്കണമെ. രോഗികൾക്ക് സൗഖ്യം അയ-ച്ചു തരുകയും ദുഃഖിതർക്ക് ആഹ്ളാദവും ഞെരുങ്ങിയിരിക്കുന്ന-വർക്ക് ആശ്വാസവും അടിമകൾക്കു രക്ഷയും ജീവനോടെയിരിക്കുന്ന-വർക്ക് കാവലും നൽകണമെ. നിന്റെ സമധാനവും നിരപ്പും സ്നേഹ-വും ലോകത്തിന്റെ നാനാഭാഗങ്ങളിലും വാഴുമാറാകണമെ. വിശ്വാസി-കളായ മരിച്ചുപോയവരെ ആശ്വസിപ്പിക്കണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹാ... **ഹോശോ... ആമ്മീൻ.**

## കോലോകൾ

*പെത്ഗോമൊ: കർത്തനെ വാഴ്ത്തുകയെ-ന്നാത്മാവേ;*

മരണം കഷ്ടതയാതങ്കം
ചേരാത്തൊരു ശാശ്വതജീവൻ
വാഴും - സ്ഥാനേ പരിശുദ്ധർ
സഹിതം ശാന്തിയിൽ നിന്നടിയാ-
-രാത്മാക്കൾക്കായാശ്വാസം
നൽകീ-ടുക മിശിഹാ നൃപതേ.

**ബാറെക്മോർ. ശുബഹോ... മെനഓ...**

പ്രതിദിനമങ്ങയൊടർത്ഥിച്ചേൻ
കൈകൾ നിൻ പക്കൽ നീട്ടി
വിഗത-ർക്കത്ഭുതമേകി നീ.
മൃതരെയുയർപ്പിക്കുന്നോനാം
നിൻകൃപ വർണ്ണിച്ചാ-പ്രബലർ
നിന്നേ - സ്തോത്രം ചെയ്തീടും.

### ദൈവമാതാവ്

മൺമയനാദാമിനെയേറ്റാൻ
ഉന്നതനെളിയവനായ്ത്തീർന്നു
നിന്നിൽ - നിന്നുദയംചെയ്തു

മേൽ സ്വർഗത്തിലുമവനിയിലും
നിൻസ്മരണയവൻമാനിച്ചു
നിൻപ്രാ-ർത്ഥനങ്ങൾക്കഭയം.

മുൾമരമെരിയാതെരിതീയെ
ഗിരിയിൽ മോശാ നിബികണ്ടു;
മറിയാ-മിന്നതു സാദൃശ്യം
ദൈവതനൂജൻ പാർത്തവളിൽ
അവനുടെയുജ്വല ജ്വാലയതി-
-ലെരിയാ-തായവൾ നിലകൊണ്ടു.

പരിശുദ്ധന്മാർ

ശ്ലോമ്മോ തൻ നിബിയന്മാർക്കും
ശ്ലോമ്മോ തൻ ശ്ലീഹന്മാർക്കും
ശ്ലോമ്മോ, ശ്ലോമ്മോ നാഥങ്കൽ
കൂറേറും സഹദേന്മാർക്കും
ശ്ലോമ്മോ തൻ മക്കൾവസിക്കും,
പരിശു-ദ്ധസഭയ്ക്കും ശ്ലോമ്മോ.

ഉത്തമവൈദ്യന്മാർ നിങ്ങൾ
ശ്രേഷ്ഠനിബിയർ ശ്ലീഹന്മാർ,
സഹദേ-ന്മാരെ നിങ്ങളുടെ
പ്രാർത്ഥന ഭാണ്ടാരത്തിന്ന്
തുണയാചിക്കുന്നാർത്തർക്കായ്
തുണയേ-കണമേ സർവ്വത്ര.

അനുതാപം

പാപിനിതൃപ്പാദം പൂശി
കരുണാവാരിധി നാഥാ നീ
നൽകീ - പാപവിമോചനവും
ചുങ്കക്കാരൻപോലടിയാൻ
നിന്നെവിളിക്കുന്നേൻ നാഥാ,
അൻപോ - ടെന്മേൽ ദയചെയ്ക.

കശ്മലരിപുവിൻ ശക്തികളെ
വീഴ്ത്തിയ മിശിഹാനൃപതേ നീ
ഞങ്ങ-ളെയേറ്റമലട്ടുന്ന
ചിന്തകൾ ദുഷ്ചായ്വ്വുകളെല്ലാം
നീക്കണമെങ്ങൾ പ്രാർത്ഥനക-
-ളെത്തീടട്ടെ തിരുമുമ്പിൽ.

**പരേതർ**

കബറുകൾ പരിശോധിച്ചീടാം
സുന്ദരരൂപികൾ പ്രബലന്മാർ
നാശം പ്രാപിച്ചാരവിടെ
നിപതിച്ചവർ പാതാളത്തിൽ
പൊടിയായ് തീർന്നൊരു നിൻരൂപം
മേൽകൃ-പ ചെയ്യണമേ നാഥാ.

നാം ദൈവസുതന്മാരാവാൻ
ആയുഷ്ക്കാലത്തിൽ ചൊല്ലി-
-ത്തന്ന - താതരെയോർക്കേണം
അഴിവില്ലാത്തൊരു മോക്ഷത്തിൽ
നയവാന്മാരമലന്മാരൊത്താശ്വാ-
-സമവർക്കരുളും പുത്രൻ.

**മൊറിയോ...**

**എത്രോ (പേജ് 7)**

**കോലോകൾ**

*പെത്ഗോമൊ: ദൈവം നമ്മോട് കൃപചെയ്യും*

സിദ്ധർ ജോലികൾ നിറവേറ്റി
പ്രതിഭലമേകും സന്ധ്യയതിൽ
നിൻകൃപ ഞങ്ങളിൽ നിറവായി
ദുഷ്ടനെ മായിച്ചീടണമേ.

**ബാറെക്മോർ. ശുബഹോ... മെനഓ...**

സന്ധ്യാരാധന പ്രാർത്ഥനകൾ
ചെയ്യുംനേരം ദയ ചെയ്ക
തിരുന്യായാസന സന്നിധിയിൽ
വലമായ് നിരത്തണമടിയാരെ.

**ദൈവമാതാവ്**

ഭക്തർ പുകഴ്ച്ചാ ഭാജനമേ
നിന്നിലുദിച്ചോരെക സുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷ അണയ്ക്കേണം

ആദ്യഫലമാം കന്യകയെ
ജീവന്നുറവയായവളെ
തൃക്കരൾ ഞങ്ങളിലലിവാൻ നിൻ
പുത്രനൊടർത്ഥന ചെയ്യണമേ.

### പരിശുദ്ധന്മാർ

റൂഹായാലോതിയ നിബിയർ
വെളിപാടറിയിച്ചാ ശ്ലീഹർ
സ്നേഹാൽ മൃതരാം സഹാദേന്മാർ
പ്രാർത്ഥിക്കും ദയ ചെയ്യണമേ.

പരിശുദ്ധന്മാരെ നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ.

### ഏക പരിശുദ്ധൻ

ഒരുപോലിങ്ങും മോർ .........
ഉണ്ടേമേലും നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോർക്കായ്.

ശ്രേഷ്ഠോത്തമനാം മോർ .......
തിരുശേഷിപ്പുകൾ സ്ഥിതിചെയ്യു-
-ന്നിടമതിൽ ശാന്തി സമാധാനം
മങ്ങാതെങ്ങും വാഴണമേ.

### അനുതാപം

അൻപുടയോനെ നിൻ വാതിൽ
മുട്ടുന്നു ദാസർ നാദം
ആവശ്യത്താൽ യാചിക്കും
അടിയാരെ തള്ളീടരുതെ.

നിന്നെ വിളിക്കുന്നേ നാഥാ
നിന്നുതവിക്കായ് ബലഹീനർ
നല്ലവനെ കാരുണ്യത്താൽ
നൽകണമേ യാചിപ്പുകളെ.

### പരേതർ

മാമോദീസ സലിലത്തിൽ
നിന്നും നിന്നെ ധരിച്ചോരാം
മൃതരേയക്ഷയ രാജ്യത്തിൽ
അണിയിക്കുക മഹിമാവസനം.

ഇന്നടിയാരാൽ സ്മൃതരാമാ-
മൃതരുടെ നാമങ്ങൾ നാഥാ

ജീവഗ്രന്ഥത്താളുകളിൽ
എഴുതണമക്ഷയ രാജ്യത്തിൽ.

## കുക്കിലിയോൻ

മക്കളിലപ്പൻ കൃപചെയ്‌വതുപോലെ ഹാ- ഹാ-
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും.

പുല്ലിനുതുല്യം നരനുടെ നാൾകളഹോ ഹാ- ഹാ-
പൂക്കുന്നിത് വയലിൽ പൂച്ചെടി പോലെ.

**ബാറെക്മോർ. ശുബഹോ... മെനഓലം...**

## എക്ബോ

ഉയിർപ്പി-ന്നിടിനിനദം
പാതാളത്തിൽ മുഴങ്ങീടും മൃതിയതു കേട്ടു- ഞെട്ടി വിറച്ചീടും
തെളിയും പഴകിയ രൂപങ്ങൾ, നിന്നടിയാരെ-
നവമാക്കുക നാഥാ.

**സ്തൌമെൻ... കുറിയേ...**

## കോലോകൾ

പരിമളമ-ർപ്പിച്ചബ്രാഹാം
കാഴ്ച്ച സമർപ്പിച്ചാൻ നോഹ
ഇന്നടിയാർ ധൂപമണച്ചാ
ദാസർക്കേകണമാശ്വാസം

**ബാറെക്മോർ. ശുബഹോ... മെനഓ...**

വിത്തിനു തുല്ല്യമതായ് മണ്ണിൽ
നിദ്രിതർമേൽ കനിയുക നാഥാ
വിഗതർക്കുത്ഥാനം നൽകി
വിലപിപ്പോർക്കേകുക ശാന്തി.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

അ... ക്ഷയരാജ്യേ ദൈവകുമാരാ സി-ദ്ധർ മദ്ധ്യേ
നൽകാശ്വാസം നി-ന്നടിയാർക്കായ് ശുദ്ധ-രുടൊപ്പം...

ലോ... കമാർഗ്ഗേ തലമുറയോരോന്നോ-രോന്നായി
വന്നീടുന്നു; പോകാനായും ധൃതി കൂട്ടുന്നൂ...
മ... ഹതാം പാലം കടന്നീടാനായ് നിര നീ-ളുന്നു
അന്ത്യത്തിങ്കൽ, ചെന്നീടാനായ് മു-ന്നേറുന്നു...

മർത്യൻ ജീവിത കാലത്താജ്ഞ ദൈ-വത്തെപ്പോൽ
ജീവാന്ത്യത്തിൽ മൃഗമൊടു തുല്യം മൃ-തി നുകരുന്നു.
ഇന്നലെയുന്നതശോഭിതരരചർ പ്ര-ബലന്മാരും
ഇന്നോ ദുർഭഗപതിതർ, നിഷിദ്ധർ, മൃ-തരായോരും.

മൃതിയിൻ കാസാ നീങ്ങിപ്പോകാൻ പ്രാ-ർത്ഥിച്ചവനേ
രണ്ടാം മരണക്കാസാ ഞങ്ങളിൽ നി-ന്നും നീക്ക.

**മോറാനേശുമ്ശീഹ...** **(പേജ് 10)**

**കൌമാ**

# ശനി സൂത്താറാ

**കൌമാ**

## കോലോകൾ

**(ആലേപ്പൈൻ മൊറിയോ)**

നി-ൻ കൽപ്പനമാർഗ്ഗം, നാഥാ കാ-ണിക്കെന്നെ
ഞാനതുപാലിക്കും നിൻകൃപയി-ൽ മേവും
നി-ൻവരഭണ്ഡാരം, അപഹൃതമാ-കായ് വാനെന്നവയവ
വാതിൽക്കൽ നിർത്തുക പാലകരെ.

**ബാറെക്മോർ. ശുബഹോ... മെനഓ...**

പ-രിശുദ്ധന്മാരാൽ, കീർത്തിതനാം പരി-പാവനനെ,
ഞങ്ങടെ മനനങ്ങൾ പാവനമാ-ക്കേ-ണം
പ-രിശുദ്ധൻ നീയെ-ന്നാർക്കും സ്രാ-പ്പികൾസഹിതം
നിൻ തിരുനാമത്തെ ഘോഷിക്കും - ഞങ്ങൾ.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

**(വോയ് ലോ ലർഓമുൻമോത്തെലൊ)**

നാഥാ നിന്നെ ഞങ്ങൾ വിളിക്കു - ന്നാഗതനായി
തുണയേകണമെ, പ്രാർത്ഥന കേട്ട് - ദയചൊരിയണമെ

അയ്യോ കഷ്ടം, കാലാന്ത്യത്തിൽ ലോകസ്ഥിതികൾ!
മ്ലേച്ഛത, ദുഷ്ടത, ധാർമ്മികപതനമിവയാൽ നാശം
പ്രസവിച്ചീടും നാരിക്കൊപ്പം കേഴും ഭൂമി
ശണ്ഠകൾ, യുദ്ധം വർദ്ധിക്കുമ്പോളന്ത്യം പ്രാപ്തം!

ആരാധനകൾ ബലികളുമെല്ലാമില്ലാതാകും
വഞ്ചന, ചതിയും, ദ്രവ്യാഗ്രഹവും വർദ്ധിച്ചീടും
ജനമന്യോന്യം എതിരാളികളായ് വർത്തിച്ചീടും
ഗ്രാമം വീഴും നഗരംതോറും സംഭ്രമമാകും

ദൈവ മഹിമാവവയിൽനിന്നും നീങ്ങാറായ
ദയറാ, പള്ളികളോർത്തെൻ നാഥാ മനസ്സലിയേണം.

**കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ**
**മസ്മൂറോകൾ, വിശ്വാസപ്രമാണം, ധൂപപ്രാർത്ഥന, ഹൂത്തോമോ (പേജ് 12...)**

# ശനി രാത്രി

**കൌമാ**

**ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ... (പേജ് 22)**
**രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ... (പേജ് 22)**
**ബാറെക്മോർ. ശുബ്ഹോ... മെനഓ...**

## എനിയോനോ

**(ലിക്കോറൊ വൽ തെശ്ബുഹത്തോ)**

നിൻകരുണാമഹിമക്കായും, മാ-നത്തിന്നായും
പാടാനുത്ഥിതരായെങ്ങൾ - സർവ്വേശാ സ്തുതിതേ!

ജനനീകന്യകമറിയാമ്മിൻ - സ്മരണയെ നിൻ ദയയാൽ
ശോഭിതമാക്കുക, തുണചെയ്ക-തൽപ്രാർത്ഥനമൂലം.

നിബിയർ ശ്ലീഹർ സഹദേന്മാർ - സ്മരണയെ ...

സത്യപിതാക്കൾ മല്പാന്മാർ - സ്മരണയെ ...

മഹിമാശ്രേഷ്ഠൻ മോർ (....) - സ്മരണയെ ...

മൃതരാം ഭ്രാതൃപിതാക്കൾക്ക് - ക്ഷമായേകുക ദയവാൽ
പാപവിമോചനമാശ്വാസ-മേകണമേ നാഥാ!

**ബാറെക്മോർ. ശുബഹോ... മെനഓ...**

നിൻ സ്മരണയ്ക്കായ് സ്തുതി നവമായ് - പാടുന്നു ഞങ്ങൾ
പാവന വന്ദ്യ നാമത്തി-ന്നെന്നെന്നും സ്തോത്രം.

**കുറിയേ... കുറിയേ... കുറിയേ...**

## ഒന്നാം കൌമാ

**(ദൈവമാതാവിന്റെ)**

### എക്ബോ

**(ലവ്ഹാദ് യീലെദ് വൊ ആബോ)**

താത-നൊരുവനെയും മറിയാ-
മപരനെയല്ല ജനിപ്പിച്ചു
താതൻ ജനിപ്പിച്ചോ-നെമറിയാം പെറ്റാൾ
താതൻ-ജനിപ്പിച്ചാത്മീകന് - ജഡജന്മം കന്യകയേകി.

**കുറിയേ... കുറിയേ... കുറിയേ... ഞങ്ങളുടെ കർത്താവേ! ...**
**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

### പ്രുമിയോൻ സെദറാ

### കോലോകൾ

**(അക് എത്രോദ്ബെസ്മെ)**

പരിമളധൂപം പോൽ നാഥാ! ഇമ്പപ്പെടണേ, നിൻ ജനനീ സ്മരണ
കന്യാത്വത്തിൽ നിർമ്മലയായ്; പ്രസവിച്ചാൾ പരിപാവനയായ്
സഭയിലുമുയരെ സ്വർഗ്ഗത്തിലുമുണ്ടാകട്ടെ - നിൻ ജനനി-ക്കോർമ്മ.

**ബാറെക്മോർ. ശുബഹോ...**

പാവനകന്യേ ആദിയിലെ നിന്നെ വരിച്ചാ-താതൻ സം-സ്തുത്യൻ
നിന്നിൽ നിന്നും തനുപൂപൂണ്ട:പുത്ര-ന്നനവരതം സ്തോത്രം
നിന്നെ മന്ദിരമാക്കിയതിൽ-വന്നുവസിച്ചാ-റൂഹായ്ക്കും സ്തോത്രം.

**മൊറിയോ...**

### മോർ യാക്കോബിന്റെ ബോവൂസോ

ശുദ്ധിമതിയെ നിന്നുടെ പ്രാർത്ഥന ഞങ്ങടെകൂടെ
നിൻപ്രാർത്ഥനയെ നാഥൻ കേട്ടു പുണ്യം നൽകും.

മഹതാം സ്നേഹം, വിശ്വാസത്തൊടു വരുവിൻ ബുധരെ,
ധന്യാ, കന്യകമറിയാം തിരുനാൾ ഘോഷിച്ചീടാം.
അവളെ മാനിപ്പോരുടെയർത്ഥന ജാഗരണങ്ങൾ-
ക്കായതമാകും പ്രതിഫലമേറ്റം വർദ്ധിതമായി.

നിന്നെ ശക്തയതാക്കിയ ബലവാൻ നിൻസ്തുതിപാടാൻ
ശക്തിതരട്ടെ മണിയറപൂകാൻ ക്ഷണമേകട്ടെ.
നിന്നർത്ഥനയിലഭയം തേടി നിൻ സ്മൃതിഘോഷി-
ച്ചുയിരവർ, മൃതരെ, ഈറേരോപ്പം ചേർക്കും നാഥൻ.

ഒമ്പതുമാസം നിന്നെ വഹിച്ച ജനനിയെയോർത്ത്
ക്രോധദണ്ഡ് ഞങ്ങളിൽ നിന്നും നീക്കുക നാഥാ.

## രണ്ടാം കൌമാ

**(പരിശുദ്ധന്മാരുടെ)**

**കർത്താവിന്റെ ബഹുമാനം... (പേജ് 14)**

### എക്ബോ

**(ല്കുൻ തൂബൈക്കൂൻ കാദീശെ)**

സിദ്ധർധന്യന്മാർ നിങ്ങൾ: സുതസുവിശേഷത്തിൽ ധന്യർ
ജീവഗ്രന്ഥത്തിൽ; പേരെഴുതപ്പെട്ടോർ
നിങ്ങളെ മാനിച്ചും സ്മരണാ-സംബന്ധികളായോർ ധന്യർ.

**കുറിയേ... കുറിയേ... കുറിയേ...**

**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

### പ്രുമിയോൻ സെദറാ

### കോലോകൾ

**(മൊററ്ഹീമ്മിൻ)**

സിദ്ധർ, നിങ്ങൾ സ്മൃതിദിവസമതെത്രമനോജ്ഞം, മഹനീയം
തിരുനാൾ
സ്ലീബാപ്പാലത്തിൽകൂടി: ജീവന്നാസ്ഥാനം നേടി!
നിങ്ങളിലേറ്റം സംപ്രീതൻ പാവനറൂഹാ, മകുടങ്ങൾ ചാർത്തും.

**ബാറെക്മോർ. ശുബഹോ...**

വിശ്വാസത്തോടണയുന്നോർക്കുത്തമ വൈദ്യർ, സഹദേന്മാർ നിങ്ങൾ
നിങ്ങളെ മാനിച്ചോർ ധന്യർ; സ്മൃതിയാഘോഷിച്ചോർ ധന്യർ;
തിരുനിവഹത്തിൽ തോഴരുമായ് നിങ്ങളുടൊപ്പം, പ്രാപിക്കും
ജീവൻ.

**മൊറിയോ...**

### മോർ അപ്രേമിന്റെ ബോവൂസോ

ഞങ്ങൾതൻ കർത്താവേ! നീ... **(പേജ് 80)**

## മൂന്നാം കൌമാ

**(അനുതാപം)**

**കർത്താവിന്റെ ബഹുമാനം... (പേജ് 14)**

### എക്ബോ

**(ബേസ് ഈലോനെ)**

ഏദൻ, തരുനികരമദ്ധ്യേ - സുഖനിദ്രയിലാനന്ദിച്ചേൻ
മന്ദാനിലനൂതി: ഇളകിതരുവൃന്ദം
മധുരനിനദം കേട്ടേൻ ഞാൻ, എൻ പാപക്ഷമയെന്നോർത്തേൻ.

**കുറിയേ... കുറിയേ... കുറിയേ...**

**ബാറെക്മോർ. സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ സെദറാ

## കോലോകൾ

**(മ്ശിഹോ ലൊതഹ് മെ)**

മ്ശീഹാ, മറക്കരുതകലരുതെ, നിന്നാരാധകരിൽ നിന്നും
ഞങ്ങൾക്കാശ്രയമങ്ങല്ലോ; ജീവദ്ധ്വാവിൽ നടത്തണമെ
രാവും പകലും നിൻസ്തുതികൾ, പാടാൻ നാഥാ കൃപനൽക.

**ബാറെക്മോർ. ശുബഹോ...**

വാനിൽ കാഹളധ്വനിയേറ്റം, ഘോഷത്തോടെ മുഴങ്ങുമ്പോൾ
കബറും, പാറകളും പിളരും; ഉത്ഥാനം ചെയ്യും മൃതരും
നാഥാ-കനിയണമാസമയം - നിർത്തണമടിയരെ വലഭാഗം.

**മൊറിയോ...**

## മോർ ബാലായിയുടെ ബോവൂസോ

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ... **(പേജ് 2)**

**ഹാലേ... ഹാലേ... ഹാലേ... ദൈവമേ നിനക്കു സ്തുതി (3 പ്രാവശ്യം)**

**കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ... (പേജ് 27)**
**നാം ദൈവത്തിന്റെ മക്കളായി തീരുവാൻ... (പേജ് 27)**
**മറിയാം പറഞ്ഞതെന്തെന്നാൽ... (പേജ് 27)**

## മാവുർബോ ശീലുകൾ

വരുവിൻ, വൈവാഹിക സമ്പർക്കംകൂടാതെ കന്യകയിൽനിന്ന് സ്പഷ്ടമായി ജനിച്ചവനെ നമുക്കു സ്തുതിക്കാം. കന്യാത്വമടിയിൽ പ്രകാശിച്ച നീതിസൂര്യനെ നാമെല്ലാവരും ആരാധിച്ചു മുടക്കം കൂടാതെ എന്നന്നേക്കും സ്തുതിക്കണം.

വരുവിൻ, ദുഷ്ടന് എതിരായി യുദ്ധത്തിൽ പടയാളികളെ ശക്തിപ്പെടു-ത്തിയവനെ നമുക്കു സ്തുതിക്കാം. അവർ യുദ്ധം ചെയ്ത് ജയിച്ച് പ്രകീർത്തിതരായി വിജയമുടി കരസ്ഥമാക്കി. അവനെ നാമെല്ലാവരും ആരാധിച്ച് മുടക്കം കൂടാതെ എന്നന്നേക്കും മഹത്വപ്പെടുത്തണം.

**ബാറെക്മോർ. ശുബ്ഹൊ... മെനഓലം...**

വരുവിൻ, ത്രിത്വരഹസ്യമായ പിതാവിനു സ്തുതിയും തന്നിൽ നിന്നുള്ള പുത്രന് തോത്രവും പരിശുദ്ധാത്മാവിന് മഹത്വവും സമർപ്പിച്ചു തന്നെ നമുക്കു സ്തുതിക്കാം. നാം എല്ലാവരും തന്നെ ആരാധിച്ച് മുടക്കം കൂടാതെ എന്നന്നേക്കും മഹത്വപ്പെടുത്തണം. **ആമ്മീൻ.**

**സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത്... (പേജ് 28)**
**ഉറങ്ങിയവരെ നിങ്ങൾ... (പേജ് 30)**
**ത്രിത്വത്തിനു സ്തുതി... (പേജ് 32)**

## കുക്കിലിയോൻ

നീതിമാൻ പനപോലെ...
ഒരുപോലിങ്ങും...

## കോലോകൾ

മോർ (.....) യിൻ പ്രാർത്ഥനയാൽ ലോകത്തിന്നും കോപം നീക്കട്ടെ
ഐക്യം ശാന്തി നൽകട്ടെ; സഭയിലുമെല്ലാഭാഗത്തും
തൻ സ്മൃതി ഘോഷിച്ചോരെല്ലാക്കെടുതിയിൽ നിന്നും
സംരക്ഷിതരാകും.

**ബാറെക്മോർ. ശുബഹോ... മെനഓ...**

ഭൂസ്വർഗ്ഗങ്ങളിൽ വിമലന്മാർ സ്തുതിയർപ്പിക്കും പരിശുദ്ധൻനാഥാ!
മോർ (......) നൽകി; പരിശുദ്ധാത്മവരങ്ങൾ നീ
തൽ പ്രാർത്ഥനയാലേകണമെ രോഗവിമുക്തി
പാപവിമോചനവും.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

ഞങ്ങൾതൻ കർത്താവേ! നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻ മാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ.

ആത്മികമായ് താതനിൽനിന്ന്
ദൈവമായ് ജാതൻ സുതനെ
കന്യകമറിയാം നിർമ്മലമായ്
പ്രസവിച്ചാൾ ശാരീരികമായ്.

ഗൂഢമതായ് പാർത്താനുദരെ
തെളിവായുദയം ചെയ്തുതാൻ
സതതം തൻ മാതൃസ്മരണ
മഹിമയൊടാഘോഷിക്കുന്നു.

നാഥാ! നിൻ മെയ്-രക്തങ്ങൾ
നിർമ്മലമായ് പ്രാപിച്ചോരാം
മൃതർ നിന്നാജ്ഞാശ്രവണത്താ-
ലുത്ഥാനം ചെയ്യും വേഗം.

നിഷ്പക്ഷം വിധിചെയ്‌വാൻ നീ
ഭീകരനായാഗതനാകും

നേരത്താമോദത്തോടെ
മണിയറയുള്ളിൽ പൂകേണം.

ഞങ്ങൾതൻ കർത്താവേ! നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻ മാതാവും കാദീശ-
ന്മാരും ചെയ്യും യാചിപ്പാൽ.

**അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാരും... (പേജ് 33)**
**മോറാനേശുമ്ശിഹാ! ... (പേജ് 10)**

**കൌമാ**

✠ ✠ ✠

# ശനി പ്രഭാതം

**കൌമാ**

**പ്രാരംഭ പ്രാർഥന (പേജ് 35)**
**ദൈവമേ നിന്റെ കൃപയിൻപ്രകാരം... (പേജ് 35)**
**എന്റെ ദൈവമേ നീ എന്റെ ദൈവമാകുന്നു... (പേജ് 36)**

## എനിയോനോ

നിൻമെയ് രക്തങ്ങൾ, അച്ചാര-മായി
നൽകിയ ദാസരെ നീ, വിധി ചെയ്തീടരുതെ.

മറിയാമിന്നോർമ്മ വാഴ്വിന്നാകണമേ,
തൽപ്രാർത്ഥന ഞങ്ങൾ-ക്കാത്മാവിനുകോട്ട.

നിബിയന്മാർ ശ്ലീഹ-ന്മാർ സഹദേന്മാരെ
കനിവടിയാർക്കേകാനർത്ഥിച്ചീടണമെ.

സഹദേർ ഞങ്ങൾക്കായ് നിന്നോടർത്ഥിപ്പാ-
നടിയാരവരോടായ് നാഥാ കേഴുന്നു.

ഉത്തമന്യായേശാ കനിവടിയാർക്കേകെ,
കൃപയാധിക്യത്താൽ പോക്കുക പാപങ്ങൾ.

വത്സലർ മിത്രങ്ങൾ, ഇല്ലാതാകുമ്പോൾ
നാഥാ മദ്ധ്യസ്ഥൻ, നീ എൻ സങ്കേതം.

**ബാറെക്മോർ, ശുബഹോ... മെനഓ...**

മാതൃസ്മൃതിയേറ്റി, സിദ്ധരെ മാനിച്ച്
മൃതരെയുയർപ്പിക്കും, നാഥാ സ്തോത്രം തെ. ആമ്മീൻ.

**പ്രകാശത്തിന്റെ സൃഷ്ടാവിന്നു സ്തുതി.... (പേജ് 38)**

## എക്ബോ

**(അശ് വൊൻ)**

നീതിഷ്ഠർ മോദി,ക്കും സഹദേർ കൂലി
പ്രാപിക്കുന്നുഷസ്സി - ന്നർഹതയേകേണമെ.

**സ്തൌമെൻ... കുറിയേ...**

## പ്രുമിയോൻ

അനാദ്യന്ത പിതാവിൽനിന്നു ഗ്രാഹ്യമല്ലാത്തവണ്ണം ജാതനായ അദൃശ്യപ്രകൃതിയും അത്യുന്നതനും ഭാഗ്യതരമായ ശോഭിത സൗന്ദര്യ-വും ആയ നീ ശുദ്ധിമതിയായ കന്യകയിൽ നിന്നു മനുഷ്യനായിട്ടു ജനിച്ചു. നീ നിബിയന്മാരെയും ശ്ലീഹന്മാരെയും തന്റെ സ്നേഹത്തെ-പ്രതി മരിച്ച സഹദേന്മാരേയും കിരീടം ധരിപ്പിച്ചവനാകുന്നു. മല്പാന്മാരേയും തന്റെ ശക്തിയാൽ മൗദ്യാനന്മാരേയും വിജ്ഞാനി-കളാക്കിയ തനിക്ക് സ്തുതി. തനിക്ക്... **ബ്കുലഹുൻ... ആമ്മീൻ.**

## സെദറാ

ഞങ്ങളുടെ ദൈവമായ കർത്താവേ! നിന്റെ അടുക്കലേക്കുള്ള ഞങ്ങളുടെ പ്രാർത്ഥനകളാൽ ഞങ്ങൾ ഓർക്കപ്പെടുവാൻ ഭരമേറ്റിട്ടുള്ളവരോടൊന്നിച്ച് നിന്റെ കരുണയ്ക്ക് പ്രതീക്ഷിക്കുന്നവ-രായി സകല വ്യാകുല ആത്മാക്കളെയും ഈ സമയത്തു നിന്റെ കരുണയാൽ നീ ഓർക്കണമെ. രക്ഷയ്ക്കു നിദാനമാകുന്ന അവന-വന്റെ യാചനകൾക്ക് വരമേകണമേ. ആത്മീയരും ജഢികരുമായി ഞങ്ങളുടെ പിതാക്കന്മാരായി മരിച്ചുപോയിട്ടുള്ളവരെ പാപമോചന-ത്തിനും നിന്റെ കരുണയ്ക്കും അർഹരാക്കണമെ. ദൈവമാതാവായ മറിയാമിന്റെയും എല്ലാ പരിശുദ്ധന്മാരുടേയും പ്രാർത്ഥനകളാൽ നിന്റെ അടുക്കലേക്ക് ഞങ്ങളുടെ ചിന്തകളെ ആകർഷിക്കണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നിന്നിൽ നിന്നുള്ള സന്തോഷം ഞങ്ങളെ ധരിപ്പിക്കുകയും നിന്നോടുള്ള ഭക്തി ഞങ്ങളുടെ ഹൃദയങ്ങളിൽ നിറയ്ക്കുകയും വിശുദ്ധികൊണ്ട് ഞങ്ങളുടെ വിചാരങ്ങളെ വെടിപ്പാക്കുകയും ചെയ്യണമെ. വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരെ നിന്റെ വാസസ്ഥലത്ത് വസിപ്പിക്കു-കയും വിശ്രമിപ്പിക്കുകയും ചെയ്യേണമെ. അവിടെ ഞങ്ങളും അവ-രും നിന്റെ പരിശുദ്ധന്മാരോടൊന്നിച്ച് നിനക്കും വാഴ്ത്തപ്പെട്ടവനായ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്ര-വും കരേറ്റുകയും ചെയ്യുമാറാകണമമെ. **ഹോശോ... ആമ്മീൻ.**

## കോലോകൾ

*പെത്ഗോമൊ: ധീരന്മാരെഴുന്നേറ്റങ്ങേ സ്തോത്രം ചെയ്യും ഹാ-*
വിശ്വാ-സിനിയാം സഭ തന്റെ - മൃതരുടെയോർമ്മ
ആചാ-ര്യന്മാരർപ്പിക്കും ധൂപാൽ ഘോഷിക്കും
താത-ൻ ശാന്തിയതിൽ വാഴും, ദുഷ്ടൻ വീഴും
ഉത്ഥാ-നകനാം നിന്നെ സഭാ-മക്കൾ സ്തുതി ചെയും.

**ബാറെക്മോർ... ശുബഹോ... മെനഓ...**

മാർത്താ-മറിയാം സോദരനാം ലാസറഴു-കി
ത്തീർന്ന - ശേഷം തൻ വിളിയാ-ലുയർപ്പിച്ചോൻ വന്ദ്യൻ
യായീ-റോസ്സുതനിൻവരവാൽ - ഉത്ഥിതയായീ
മൃതരു-ത്ഥാനം ചെയ്തിടുമന്ത്യേ-നിൻ ശബ്ദത്താൽ.

### ദൈവമാതാവ്

പേനാ - മഷിയും കൂടാതെ - നിർമ്മിതമായ-
ശൈനോ-നിർഭരലിഖിതവുമായ് ഗബ്രീ-യേലെത്തി,
ചൊന്നാൻ - സ്വസ്തിമറിയാമേ - സൃഷ്ടിക്കെല്ലാം
രക്ഷ-കനായോൻ നിന്നിൽ നിന്നുദയം ചെയ്തീടും.

മരുവിൽ ശിലയീന്നൊഴുകിയൊരാ - നദികൾ നിന്റെ
ദൃഷ്ടാന്തത്തെ സ്പഷ്ടമതായ് കന്യേ! കാണിച്ചു
നിന്നിൽ - നിന്നുദയം ചെയ്ത - ദൈവകുമാ-രൻ
സത്യം! പാറയവൻ തന്നെ പൌലൂ-സു ചൊന്നതുപോൽ.

### പരിശുദ്ധന്മാർ

ശ്ലീഹർ തലവൻ ശെമവോനാം - പാറയതിന്മേൽ
പണിചെ-യ്യപ്പെട്ടോൾ ഞാനും - ചൊന്നാൾ തിരുസഭയും
ഓളം - കാറ്റുകളേറ്റിട്ടും - ഇളകിയതില്ല
ശപ്തൻ - നെസ്തോറെന്നോടു - പൊരുതി-യവൻ വീണു.

നദികൾ - ഉറവകൾ സ്ഥാനത്തേ-ക്കജവൃന്ദത്തെ
ജലപാ-നത്തിനു നീക്കുന്നങ്ങജപാ-ലന്മാരും
ശുദ്ധർ സിദ്ധർ ത-ൻ കബറു-കളീന്നും
തുണനേടീടാനെത്തുന്നു ദീന-ന്മാരെല്ലാം.

മനുജർ - മോഹിച്ചീടുന്നീ - നശ്വരലോ-കം
എന്തേ? ദ്വേഷിച്ചാർ നിങ്ങൾ സഹദേ-ന്മാർ ഗണമേ?
ലോകാമോദം മിഥ്യയതെ-ന്നറിയുന്നെങ്ങൾ
മുമ്പും പിമ്പും ചെന്നവരെ നിരസിച്ചാൾ! കഷ്ടം!

**അനുതാപം**

പിഴ ഞാൻ - ചെയ്തതുപോലാരുംചെയ്തിട്ടില്ല
എല്ലാ - കശ്മലരേക്കാളും, കോപിപ്പിച്ചേൻ ഞാൻ
ആയുർ-ദൈർഘ്യം കുറയുന്നു - മൃതിയണയുന്നു?
എന്താ-ണെൻ ഗതിയെൻ നാഥാ? സ്നേഹാൽ ക്ഷമനൽക.

ന്യായാ-സന മുമ്പിൽ പാപി - വിലപിച്ചീടും
അവിടെ - ചെയ്തികളെല്ലാം താൻ പരിശോ-ധിച്ചീടും
ന്യായാധിപനോ നിഷ്കരുണം വിധി ചെയ്തീടും
ഇല്ലാ - തെല്ലും മുഖപക്ഷം - കൈക്കൂലിയുമവിടെ.

**പരേതർ**

മരണ - നുകത്തിൻ കീഴായി - ഭൂതലമെല്ലാം
ജ്ഞാനത്തികവാൽ പൂട്ടിയഹോ - വിജ്ഞൻ സൃഷ്ടാവും
നീക്കും - മരണം നൃപരവരെ-ദർഗ്ഗയിൽ നിന്നും
ഉഗ്ര-ന്യായാദ്ധ്യന്മാരെ, സ്ഥാന-ങ്ങളിൽ നിന്നും.

തിരുത-നു രുധിരം കൈക്കൊണ്ടോ - വിശ്വാസി-കളാം
മൃതരീധൂപം മൂലമഹോ പ്രാപി-ക്കും പുണ്യം
അവർ നി-ൻ വലഭാഗെ നിന്നുംകൊ-ണ്ടു
അവർക്കു-യിരേകും മ്ശീഹായ്ക്കായ് സ്തുതിപാ - ടട്ടെന്നും.

**മൊറിയോ...**

**എത്രോ (പേജ് 41)**

**കോലോകൾ**

***പെത്ഗോമൊ:*** *നാഥന്നിഷ്ടം നിറവേറ്റും ശുശ്രൂഷക സംഘം*
തോപ്പിൽ പണിചെയ്തൊരു ദാസർ
പുലരിയിലുടമയോടർത്ഥി-ക്കും.
പ്രതിഫലമേകണമടിയാർക്കായ്:
ഉദയാസ്തമനം പണിചെയ്തോർ;
ഉത്തരമരുളീടുന്നുടയോൻ.
വാഗ്ദത്തംപോൽ നൽകീടും - വർദ്ധിതമാക്കും ഞാൻ
ഉത്ഥാനത്തിൽ മുഖകാന്തി.

**ബാറെക്മോർ. ശുബഹോ... മെനഓ...**

മൃത്യുവിനെ പാതാളത്തിൽ
വിജയിച്ചാദ്യസുതാ - സ്തോത്രം
ദർശിച്ചാനാദാമവനെ,
വീണുവണങ്ങി പ്രാർത്ഥിച്ചു.

പോക്കണമെൻ കുറ്റം നാഥാ.
ഈ-വിടേന്നേറ്റി പറുദീസിൽ - ചേർക്കണമേ നാഥാ
എന്നെയുമെന്നാത്മജരേയും.

### ദൈവമാതാവ്

അഗ്നിജ്വാലകളെച്ചീന്തീ-
ട്ടായാറിനെ ഭേദിച്ചെ-ത്തി
അഗ്നിമയൻ മറിയാം സവിധം
ചൊന്നാൻ ശ്ലോമോ നിൻ കൂടെ
ധന്യേ നാഥൻ നിൻസഹിതം
നി-ന്നുദരഫലം - നീക്കീടും, ആദാമ്യരിൽ നിന്നും
ആദിയിലുളവായൊരു ശാപം.

പാവനകന്യക മറിയാമിൻ
പ്രാർത്ഥനയാൽ നീക്കുക നാ-ഥാ
ശിക്ഷകൾ കോപത്തിൻ വടികൾ
നൽകുക ഹൃഷ്ടസമൃദ്ധമതാം
മാസങ്ങൾ, സംവത്സരവും.
നി-ൻ പ്രീതിക്കായ് തീരണമെ,
അടിയാർ പ്രാർത്ഥനയും
സർവ്വാരാധനയും നാഥാ.

### പരിശുദ്ധന്മാർ

ശ്ലീഹരിലഭയം തേടീടാം,
പീഡകളാലെമിശിഹാ-യെ
പ്രീണിപ്പിച്ചവർ റൂഹായും,
ഇരുലോകങ്ങളിലധികാരം
പ്രാപിച്ചവർ; പ്രാസംഗികരായ്
നി-യമിതരായി, പൂജ്യരുമാ-
-യവരുടെയോർമ്മയിതാ,
സൃഷ്ടിയിലാകെപ്പുകഴുന്നു.

സഹദേർ ന്യായാധിപരോടായ്,
ചെന്നാറുയരെ ഞങ്ങൾക്കു-ടയോൻ
ആയിരവും പതിനായിരമാം
മാലാഖകളാൽ സേവിതനായ്;
തൻസത്യം വിടുകില്ലെങ്ങൾ
അ-വനല്ലാതെ ഇല്ലുടയോൻ, രക്ഷിച്ചീടുമവൻ
പീഡിതരെ പീഡകരിന്നും.

## ഏക പരിശുദ്ധൻ

ഉത്തമഭടനാം മോർ (......)
ധീരതയോടെ പ്രവർത്തി-ച്ചാൻ
നഷ്ടപ്പെട്ടൊരു ജാതികളെ
സത്യസുവിശ്വാസികളാക്കി
നിർമ്മലമായ് നീ സ്നേഹിച്ച
നാ-ഥനൊടായി പ്രാർത്ഥിക്ക,
തിരുസഭയിൽ നിന്നും
ഭിന്നത ശണ്ഠ ശമിച്ചീടാൻ.

## അനുതാപം

അനുതാപി സുതൻ പ്രാർത്ഥിച്ചാൻ,
കരുണാവാതിൽ തുറക്കുക നാ-ഥാ
സ്വർഗ്ഗത്തോടും നിന്നോടും
പാപം ചെയ്തീടുകമൂലം
പുത്രത്വത്തിനയോഗ്യൻ ഞാൻ
ഭൃ-ത്യനുതുല്യം കരുതണമേ,
പോക്കണമെൻ കുറ്റം
കരുണാവാരിധിയല്ലോ നീ!

നമ്മുടെ തലമുറയുടെകാലം
നമ്മൊടു തുല്യം താന-ത്രെ
ധനികർക്കതിമോഹം തന്നെ
നിസ്വരസത്യത്തിൽ ലീനർ
സർപ്പത്തൊടുതുല്യം മനുജർ
വിഴുങ്ങീടുന്നു - അന്യോന്യം;
ദൈവവിധിക്കീഷൽ
മാന്യതയവർ നൽകുന്നില്ല.

## പരേതർ

പുനരുത്ഥാന പ്രത്യാശ,
വർദ്ധിതമാക്കിയവൻ ധ-ന്യൻ
സംശയവാദികളെ പൌലൂസ്
ഖണ്ഡിച്ചേവം ചൊല്ലുന്നു
ഭോഷാ വിതചെയ്യും വിത്ത്
വളരുന്നില്ല, അഴുകാതെ;
ആദാമിൻ വംശം
മഹിമയൊടുത്ഥാനം ചെയ്യും.

തിരുതനുരുധിരം കൈക്കൊണ്ട്
പുണ്യപ്പെട്ടവരാം വി-ഗതർ
ക്കേകുക നാഥാ സൽസ്മരണ
സ്വർഗ്ഗീയേറുശലേം പുരിയിൽ
നീ ന്യായാസനമേറീട്ട്
ദു-ഷ്ടന്മാരെ നീക്കുമ്പോൾ,
മുഖതെളിവോടെയവർ
വലമതിൽ നിലകൊണ്ടീടേണം.

## കുക്കിലിയോൻ

ചാർത്തും നീതിയെ നിന്നാചാര്യന്മാരും മഹിമയെ നിൻ
നയവാന്മാരും ഹാ-
നിന്നഭിഷിക്തമുഖം തിരിപ്പിക്കല്ലേ നിൻ ദാസൻ ദാവീദിൻമൂലം.

നിൻ പുത്രന്മാർ കാത്തിടുമെങ്കിൽ ഹാ-
എൻ നിയമത്തേയും ഞാനുപദേശിച്ചിടുമീ സാക്ഷിയെയും

**ബാറെക്മോർ. ശുബഹോ... മെനഓ...**

## എക്ബോ

ശുചിയോടു ശുദ്ധ്യാ ബെസ്കുദിശാ
സ്പർശിച്ചുള്ള പാദങ്ങൾ
പുക്കുദ്യാന ദ്വാരങ്ങൾ
വാനവരൊത്തു വസിക്കേണം.

**സ്തൌമെൻ... കുറിയേ...**

## കോലോകൾ

ദൈവം സൃഷ്ടിച്ചാദത്തെ
സൃഷ്ടാവൊടു തുല്യം സൃഷ്ടി-
യായ് മണ്മയനുദ്യാനത്തിൽ
തരുനിരയിൽ പോയ് വന്നീടു-
ന്നതു കാണ്മാനുള്ളാനന്ദം
സൂക്ഷിച്ചും കൊണ്ടേ മേവി
കൂറുന്നീറേന്മാർ മണ്ണിനുയർച്ചയിലാശ്ചര്യം.

**ബാറെക്മോർ, ശുബഹോ... മെനഓ...**

ആദ്യാചാര്യത്വം കൈക്കൊ-
ണ്ടഹറോൻ മൂശയൊടൊന്നിച്ച്
സ്കറിയായ്ക്കതു നല്കി മൂശ
സ്കറിയ യോഹന്നാനേകി
യോഹന്നാൻ കർത്താവിന്നും

കർത്താ തൻ ശ്ലീഹന്മാർക്കും
നാനാ-സൃഷ്ടി വിഭാ-
ഗങ്ങൾക്കേകി ശ്ലീഹന്മാർ.

**മൊറിയോ...**

**മോർ യാക്കോബിന്റെ ബോവൂസോ**

ദൈവാത്മജനെ നൽകുക ശാന്തി സിദ്ധർ മദ്ധ്യേ
അക്ഷയരാജ്യെ ആചാര്യർക്കായ്, ശുദ്ധരുടൊപ്പം.

മ്ശീഹാ മണാളാ, കബറിൻനാശ - ത്തിങ്കൽനിന്ന്
ശുശ്രൂഷകരെ, ആചാര്യരെയും, എഴുന്നേൽപ്പിക്ക
നശ്വരമോഹ,ങ്ങളിലവരൊട്ടുൾ - പെട്ടില്ലല്ലോ
ക്ലേശങ്ങൾക്കായ്, നൽകുകസ്നേഹാൽ, സൽസമ്മാനം.

ക്ഷണികം ഗാത്ര, മോഹങ്ങളവർ, വർജ്ജിച്ചല്ലോ
പ്രഭമണിയറയിൽ വിശ്രമമേൽക്ക - ട്ടവരാമോദം
യൌവന മോഹ, മോഹനമകുടം, പരിവർജ്ജിച്ചാർ
നിൻ സ്നേഹത്താൽ, സ്വയമവർ മൃതരായ്, മോഹങ്ങൾക്ക്.

ആശഹനിക്കും നിനദം നാഥാ, കേൾക്കരുതെങ്ങൾ
ഏറ്റുപറഞ്ഞോ, രിവരെയേറ്റു ദയചെയ്യേണം.

**കർത്താവേ! നിന്നെ സ്തുതിക്കുന്നതും...** **(പേജ് 44)**

**കൌമാ**

❈ ☩ ❈ ☩ ❈ ☩ ❈

# ശനി മൂന്നാം മണി നമസ്കാരം

**കൌമാ**

**കോലോകൾ**

*പെത്ഗോമൊ: ആചാര്യർക്കേകുക പുണ്യം ഹാലേലൂയ്യാ*
ദയറാകൾ പള്ളികളിലായുഷ്കാലം
പരികർമ്മിച്ചാ-ക്കഹനേന്മാർ, ശെമ്മാശന്മാരും
നിൻ ശുദ്ധ മദ്ബഹായിൽ തനുരുധിരങ്ങൾ
പാപവിമുക്തിക്കായ് കയ്യിലാഘോഷിച്ചല്ലോ
കടമഖിലം നിൻ ഗാത്രത്താലും
പാപങ്ങൾ നീക്കുക രുധിരാലും
നാഥാ! തേ! സ്തുതിയെന്നെന്നും പാടട്ടവരനിശം.

**ബാറെക്മോർ. ശുബഹോ... മെനഓ...**

ശ്ലീഹർ തൻ തലവൻ ശീമോനോടായ് നാഥൻ
കഹനൂസായെ പ്രതിചൊന്നാവചനമതിരമ്യം
നിന്നെ ഞാനെൻ കാര്യസ്ഥസ്ഥാനത്താക്കി
ബന്ധനമോചന താക്കോൽകൾ നിൻ കയ്യിൽ നൽകി
നീ ബന്ധിച്ചാൽ ബന്ധിക്കും ഞാൻ
നീ മോചിച്ചാൽ മോചിക്കും ഞാനും
പാപികളെപ്രതിയർത്ഥിച്ചാൽ നിൻ പ്രാർത്ഥന കേൾപ്പേൻ.

**മൊറിയോ...**

## മോർ യാക്കോബിന്റെ ബോവൂസോ

ദൈവാത്മാജനെ നൽകുക ശാന്തി സിദ്ധർ മദ്ധ്യേ
അക്ഷയരാജ്യെ ആചാര്യർക്കായ്, ശുദ്ധരുടൊപ്പം.

ആചാര്യന്മാർ ശെമ്മാശന്മാർ ഭൂഷണകാന്തി
പാതാളത്തിൽ ജീർണ്ണമാതാക്കി മൃതിയവയെല്ലാം
സഭയുടെ തോഴർ പാതാളത്തി-ലിന്നോ പൂഴി!
അവരുടെ വീണാ ഗാനാനിനദം മൂകവുമായി!

ദൈവാത്മാജനെ മൃതരായ് തീർന്നോരാചാര്യന്മാർ
മോദിക്കേണം നിൻ വരവിങ്കൽ നിന്നോടൊപ്പം
വേർപെട്ടോരാം ഭ്രാതൃ-ഗുരുക്കൻമാരെയെല്ലാം
നിൻ രാജ്യത്തിൽ പന്തിയിരുത്തുക വിമലരുടൊപ്പം.

ശ്രേഷ്ഠാചാര്യാ! നിൻ രഹസ്യങ്ങൾ, ശുശ്രൂഷിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം; മിശിഹാ സ്തോത്രം!

**കൌമാ**

# ശനി ആറാം മണി നമസ്കാരം

**കൌമാ**

## കോലോകൾ

ഭൂമൌ-നവമാം ഗഗനമതായ് ദൃശ്യ-യായ് കന്യ-ക മറിയാം
ലോക-ങ്ങൾക്കും പൂർവ്വികനാം നീതിക്കതിരോനവളിന്നായ്
ഭൂമൌ കാന്തിപ്രസരത്താൽ
തെറ്റിൻ കൂരിരുൾ നീക്കിയവൻ
അവളിന്നുദയം ചെയ്തിട്ടും തൽ സ്മൃ-തിയേറ്റിയവ-ൻ ധന്യൻ.

**ബാറെക്മോർ. ശുബഹോ...**

വിശ്വാസ-ശിൽപ്പികളാം നിബിയന്മാർക്കുണ്ടാ-കട്ടെ സമാധാനം
വി-മലസഭ പണിചെയ്തോരാം ശ്ലീഹ-ർക്കുണ്ടാക സ്വസ്തി
ശാന്തിനാഥനെ സ്നേഹിച്ച
സഹദേന്മാർക്കു സമാധാനം
അവർ തൻ സ്മൃതിയാഘോഷിക്കും, ശുദ്ധ-സഭക്കെന്നും ശാന്തി.

**മെനഗാ...**

നാഥാ! മാതാമറിയാമിൻ സ്മൃതിയോപ്പം നിബിയർ ശ്ലീഹർ
സ-ഹദേർ സിദ്ധന്മാരുടെയും സ്മൃതിയേ വിസ്തൃതമാക്കേണമേ.
നിൻ തിരുഗാത്രം ഭക്ഷിച്ചും
നിൻ രുധിരം പാനം ചെയ്തും
നി-ൻ ശരണത്തിൽ നിദ്രിതരാം, വിഗത-ർക്കും സ്മൃതിയേകേണമേ.

**മൊറിയോ...**

**മോർ ബാലായിയുടെ ബോവൂസോ**

മാതാ കാദീശന്മാർ തൻ പ്രാർത്ഥനയാൽ... **(പേജ് 47)**

**മോർ സേവേറിയോസ് പാത്രിയർക്കീസിന്റെ മാനീസൊ**

നിൻ മാതാവ് വിശുദ്ധന്മാർ **(പേജ് 47)**

**കൌമാ**

**വിശ്വാസപ്രമാണം** **(പേജ് 15)**

✠ ✠ ✠

# ശനി ഒമ്പതാം മണി നമസ്കാരം

**കൌമാ**

**കോലോകൾ**

**(ഓതോബോവമ് ലെ തയ്ബൂസോ)**

ഉത്തമനെ കൃപയിൻ സാഗരമെ,
ആരാധകർ വിധിയേൽക്കരുതെ
നിൻശരണേ നിദ്രിതരായോരെ
വിധിചെയ്‌വാൻ നീ പൂകരുതേ
അവരുടെ കടമെല്ലാം പോക്കി
പാപക്ഷമ നീ നൽകണമേ
മണിയറയുള്ളിൽ ചേർക്കണമേ
ആമോദത്താൽ സ്തുതിപാടി
നിൻ വലമതിലവർ നിൽക്കേണം.

**ബാറെക്മോർ. ശുബഹോ... മെനഗാ...**

വിഗതർതൻ, പ്രത്യാശയാതാകും
സ്വർഗ്ഗീയരചാ തേ! സ്തോത്രം
കാലാന്ത്യെ, ചെയ്തിക്കൊത്തഫലം
ഏകാനാഗതനാകുമ്പോൾ
ദുഷ്ടന്മാർ തീയിൽ പൊരിയും
ശിഷ്ടന്മാർ രാജ്യം നേടും
ദയചെയ്യടിയാർ മേലപ്പോൾ!
നിൻശ്രേഷ്ഠോദയ തിരുദിവസം
നിർത്തണമടിയരെ വലഭാഗം.

**മൊറിയോ...**

**മോർ ബാലായിയുടെ ബോവൂസോ**

കരുണ നിറഞ്ഞവനെ, പുനരുത്ഥാനത്തിൽ... **(പേജ് 2)**

**കൌമാ**

ദൈവത്തിനു സ്തുതി

Hymonutho
OUR ONE TRUE FAITH